
MYTHRI

# വി.ഐ. ലെനിൻ

# കാറൽ മാർക്സും അദ്ദേഹത്തിന്റെ സിദ്ധാന്തവും



Scanned by CamScanner

# ഉള്ളടക്കം


1 കാറൽ മാർക്സ് (മാർക്സിസത്തെക്കുറിച്ചുള്ള വിവരണത്തോടു കൂടിയ ഒരു ലഘുജീവചരിത്രം) 8
(1) മാർക്സിന്റെ അനുശാസനങ്ങൾ 13
തത്വശാസ്ത്രപരമായ ഭൗതികവാദം 14
വൈരുദ്ധ്യവാദം 18
ചരിത്രത്തെക്കുറിച്ചുള്ള ഭൗതികവാദപരമായ ധാരണ 21
വർഗസമരം 27
(2) മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം 28
മൂല്യം 31
മിച്ചമൂല്യം 42
(3)സോഷ്യലിസം 46
(4)തൊഴിലാളിവർഗസമരത്തിന്റെ അടവുകൾ 52
2 ഫ്രെഡറിക് എംഗൽസ് 63
3 മാർക്സിസത്തിന്റെ മൂന്ന് ഉറവിടങ്ങളും മൂന്ന് ഘടകങ്ങളും 70
4 മാർക്സിസത്തിന്റെ ചരിത്രപരമായ വികാസത്തിന്റെ ചില സവിശേഷതകൾ 77
5 കാറൽ മാർക്സിന്റെ സിദ്ധാന്തത്തിന്റെ ചരിത്രപരമായ ഭാഗധേയം 82
6 മാർക്സിസവും റിവിഷനിസവും 93

കുറിപ്പുകൾ 93
നാമസൂചിക 108


Scanned by CamScanner

# കാറൽ മാർക്സ്
## (മാർക്സിസത്തെക്കുറിച്ചുള്ള വിവരണത്തോടുകൂടിയ ഒരു ലഘുജീവചരിത്രം)

കാറൽ മാർക്സ് 1818 മേയ് 5–ന് (പുതിയ കലണ്ടറനുസരിച്ച്)റൈനിഷ് പ്രഷ്യയിലുള്ള ട്രീർ എന്ന നഗരത്തിൽ ജനിച്ചു.അച്ഛൻ ഒരു അഭിഭാഷകനായിരുന്നു. 1824–ൽ പ്രൊട്ടസ്റ്റന്റ് മതം സ്വീകരിച്ച ഒരു യഹൂദനായിരുന്നു അദ്ദേഹം.കുടുംബത്തിന് ധനശേഷിയും സംസ്ക്കാരസമ്പത്തുമുണ്ടായിരുന്നെങ്കിലും വിപ്ളവപാരമ്പര്യമുണ്ടായിരുന്നില്ല.ട്രീറിലുള്ള "ഗിംനാസിയ"ത്തിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മാർക്സ് ആദ്യം ബോണിലും പിന്നീട് ബർലിനിലുമുള്ള സർവകലാശാലകളിൽ ചേർന്ന് നിയമശാസ്ത്രവും മുഖ്യമായി ചരിത്രവും തത്വശാസ്ത്രവും പഠിച്ചു. 1841–ൽ അദ്ദേഹം കോഴ്സ് പൂർത്തിയാക്കുകയും എപ്പിക്യൂറസ്സിന്റെ തത്വശാസ്ത്രത്തെ സംബന്ധിച്ച് ഒരു തീസിസ്സെഴുതി ഡോക്ടർബിരുദമെടുക്കുകയും ചെയ്തു. അക്കാലത്ത് മാർക്സ് ഒരു ഹെഗലിയൻ ആശയവാദിയായിരുന്നു. ബർലിനിൽവച്ച് അദ്ദേഹം,ഹെഗലിയൻ തത്വശാസ്ത്രത്തിൽനിന്ന് നിരീശ്വരവാദപരവും വിപ്ലവകരവുമായ നിഗമനങ്ങളിലെത്താൻ തുനിഞ്ഞ "ഇടതുപക്ഷ ഹെഗലിയന്മാരുടെ" (ബ്രൂണോ ബൗവറുടെയും മറ്റും) വൃത്തത്തിലെ ഒരു അംഗമായിരുന്നു.

സർവകലാശാലാപഠനം പൂർത്തിയാക്കിയശേഷം മാർക്സ് ഒരു പ്രൊഫസറാകാമെന്ന പ്രതീക്ഷയിൽ ബോണിലേക്ക് താമസം മാറ്റി. എന്നാൽ 1832–ൽ ലുദ്വിഗ് ഫോയർബാഹിനെ സർവകലാശാല ജോലിയിൽ നിന്ന് പറഞ്ഞയ്ക്കുകയും 1836–ൽ അവിടെ മടങ്ങിച്ചെല്ലാൻ അദ്ദേഹത്തിന് അനുമതി നിരോധിക്കുകയും 1841–ൽ യുവപ്രൊഫസറായ ബ്രൂണോ ബൗവറെ ബോണിൽ പഠിപ്പിക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്ത ഗവൺമെന്റിന്റെ പിന്തിരിപ്പൻ നയം മൂലം സർവകലാശാലയിൽ ജോലി നോക്കാമെന്ന ഉദ്ദേശ്യം ഉപേക്ഷിക്കാൻ മാർക്സ് നിർബന്ധിതനായി. അക്കാലത്ത് ഇടതുഹെഗലിയൻ ചിന്താഗതികൾ ജർമ്മനിയിൽ അതിവേഗം വളർന്നുവരുന്നുണ്ടായിരുന്നു. ലുദ്വിഗ് ഫോയർബാഹ്, പ്രത്യേകിച്ചും 1836–ന് ശേഷം, മതതത്വശാസ്തത്തെ വിമർശിക്കാനും ഭൗതികവാദത്തിലേക്ക് തിരിയാനും തുടങ്ങി. 1841–ൽ അതിന് അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിൽ മുൻതൂക്കം ലഭിക്കുകയും ചെയ്തു("ക്രിസ്തുമതത്തിന്റെ സാരാംശം");1843 ൽ അദ്ദേഹത്തിന്റെ "ഭാവിതത്വശാസ്ത്രത്തിന്റെ പ്രമാണങ്ങൾ" എന്ന

Scanned by CamScanner

കൃതി പുറത്തു വന്നു. "സ്വതന്ത്രചിന്തയെ കെട്ടഴിച്ചു വിടുന്നതിൽ ഈ പുസ്തകങ്ങൾ വഹിച്ച പങ്ക് സ്വയം അനുഭവിച്ചവർക്കേ അറിയൂ" എന്ന് ഫോയർബാഹിന്റെ ഈ കൃതികളെക്കുറിച്ച് എംഗൽസ് പിന്നീടെഴുതി."ഞങ്ങൾ" (അതായത്, മാർക്സ് ഉൾപ്പെടെയുള്ള ഇടതുപക്ഷ ഹെഗലിയന്മാർ)"എല്ലാവരും തൽക്ഷണം ഫോയർബാഹ് പക്ഷ'ക്കാരായി." അക്കാലത്ത് ഇടതുപക്ഷ ഹെഗലിയന്മാരുമായി ചില കാര്യങ്ങളിൽ അടുപ്പമുണ്ടായിരുന്ന റൈൻലൻഡിലെ ഏതാനും ബൂർഷ്വാ തീവ്രവാദികൾ "റൈനിഷെ ത് സൈറ്റുംഗ്" എന്ന പേരിൽ കൊളോണിൽ നിന്ന് ഒരു പ്രതിപക്ഷപത്രം തുടങ്ങുകയുണ്ടായി. (പ്രഥമലക്കം 1842 ജനുവരി 1 ന് ഇറങ്ങി.) മാർക്സിനെയും ബ്രൂണോ ബൗവറേയും പ്രധാനലേഖകരാകാൻ ക്ഷണിച്ചു. 1842 ഒക്ടോബറിൽ മാർക്സ് മുഖ്യപത്രാധിപരാവുകയും ബോണിൽ നിന്ന് കൊളോണിലേക്ക് താമസം മാറ്റുകയും ചെയ്തു. മാർക്സിന്റെ പത്രാധിപത്യത്തിൻകീഴിൽ പത്രത്തിന്റെ വിപ്ലവജനാധിപത്യ പ്രവണത അധികമധികം പ്രകടമാവാൻ തുടങ്ങി. ഗവൺമെന്റ് ആദ്യമാദ്യം പത്രത്തെ കർശനമായി സെൻസർഷിപ്പിന് വിധേയമാക്കുകയും പിന്നീട് 1843 ജനുവരി 1-ന് പത്രം അമർച്ച ചെയ്യാൻ തന്നെ തീരുമാനിക്കുകയും ചെയ്തു. ആ തീയതിക്കുമുമ്പ് മാർക്സിന് പത്രാധിപസ്ഥാനം രാജിവയ്ക്കേണ്ടി വന്നു. പക്ഷേ, അദ്ദേഹത്തിന്റെ രാജി ആ പത്രത്തെ രക്ഷിക്കാൻ പര്യാപ്തമായില്ല. 1843 മാർച്ചിൽ അത് അടച്ചുപൂട്ടപ്പെട്ടു. "റൈനിഷെ ത് സൈറ്റുംഗി"ൽ മാർക്സ് എഴുതിയ കൂടുതൽ പ്രധാനപ്പെട്ട ലേഖനങ്ങളുടെ കൂട്ടത്തിൽ, താഴെ കൊടുത്തിട്ടുള്ളവയ്ക്ക് പുറമെ (ഗ്രന്ഥസൂചിക നോക്കുക[2])മോസെൽ താഴ്വരയിലെ മുന്തിരിക്കൃഷിക്കാരുടെ സ്ഥിതിയെക്കുറിച്ചുള്ള ഒരു ലേഖനം[3] എംഗൽസ് എടുത്തുപറയുന്നുണ്ട്. താൻ അർത്ഥശാസ്ത്രം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലെന്ന് മാർക്സിന് അദ്ദേഹത്തിന്റെ പത്രപ്രവർത്തനത്തിനിടയിൽ ബോദ്ധ്യമായി. അദ്ദേഹം ഉത്സാഹപൂർവം അതു പഠിക്കാൻ തുടങ്ങി.

1843 ൽ ക്രൊയ്ത്സനക്കിൽവച്ച് മാർക്സ് തന്റെ ബാല്യകാലസഖിയായിരുന്ന ജെന്നി ഫൊൺ വെസ്റ്റ്ഫാലെനെ വിവാഹം ചെയ്തു. പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അവരുടെ വിവാഹനിശ്ചയം കഴിഞ്ഞിരുന്നു. പ്രഷ്യൻ പ്രഭുവർഗത്തിൽ പെട്ട ഒരു പിന്തിരിപ്പൻ കുടുംബമായിരുന്നു അവരുടേത്. അങ്ങേയറ്റം പ്രതിലോമഘട്ടമായിരുന്ന 1850-58 വർഷങ്ങളിലെ പ്രഷ്യൻ ആഭ്യന്തരവകുപ്പ് മന്ത്രിയായിരുന്നു അവരുടെ ജ്യേഷ്ഠൻ. അർനോൾഡ് റൂഗെയൊന്നിച്ച് (1802-ൽ ജനിച്ചു. 1880-ൽ പരേതനായി: ഒരു ഇടതുപക്ഷ ഹെഗലിയൻ; 1825- 30-ൽ കാരാഗൃഹത്തിൽ; 1848 ന് ശേഷം ഒരു രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ നാടുകടത്തപ്പെട്ടു; 1866-70 നു ശേഷം ഒരു ബിസ്മാർക്കനുയായി) വിദേശത്തു നിന്ന് ഒരു തീവ്രവാദിപത്രം പ്രസിദ്ധീകരിക്കാൻ വേണ്ടി 1843 ശരൽക്കാലത്ത് മാർക്സ് പാരീസിലേക്കു പോയി, "ദൊയ്ച്-ഫ്രൻത്സേസിഷെയാർബുക്കർ" എന്ന പേരിലുള്ള ആ പത്രത്തിന്റെ ഒരു ലക്കമേ പുറത്തിറങ്ങിയുള്ളു. ജർമ്മനിയിൽ അത് രഹസ്യമായി വിതരണം ചെയ്യാനുള്ള ബുദ്ധിമുട്ടും റൂഗെയുമായുള്ള അഭിപ്രായവ്യത്യാ

Scanned by CamScanner

സങ്ങളും കാരണമാണ് പത്രം മുടങ്ങിയത്. "നിലവിലുള്ള സർവതിനെയും നിർദ്ദാക്ഷിണ്യമായി വിമർശിക്കണ[4]" മെന്നും പ്രത്യേകിച്ച് "ആയുധമെടുത്ത് വിമർശിക്കണ"മെന്നും വാദിച്ച, *ബഹുജനങ്ങളെയും തൊഴിലാളിവർഗത്തെയും* അഭിസംബോധന ചെയ്യുന്ന വിപ്ലവകാരിയായി ഈ പത്രലേഖനങ്ങളിലൂടെതന്നെ മാർക്സ് രംഗത്തു വരുന്നുണ്ട്.

1844 സെപ്തംബറിൽ എംഗൽസ് ഏതാനും ദിവസത്തേക്ക് പാരീസിൽ വരികയും അന്നുമുതൽ മാർക്സിന്റെ ഉറ്റ സുഹൃത്തായിത്തീരുകയും ചെയ്തു. പാരീസിലെ വിപ്ലവകാരി ഗ്രൂപ്പുകളുടെ തിളച്ചുമറിയുന്ന ജീവിതത്തിൽ അവർ ഇരുവരും അങ്ങേയറ്റം സജീവമായി പങ്കെടുത്തു(അക്കാലത്ത് സവിശേഷപ്രാധാന്യം വഹിച്ചിരുന്ന ഒന്നായിരുന്നു പ്രൂദോനിന്റെ സിദ്ധാന്തം[5]. 1847 ലെഴുതിയ "തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം" എന്ന കൃതിയിൽ മാർക്സ് അതിനെ നിലം പരിശാക്കി). വിവിധ പെറ്റിബുർഷ്വാ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളോട് വീറോടെ പടവെട്ടിക്കൊണ്ട് അവർ വിപ്ലവകരമായ തൊഴിലാളിവർഗ സോഷ്യലിസത്തിന്റെ അഥവാ കമ്മ്യൂണിസത്തിന്റെ (മാർക്സിസ ത്തിന്റെ) സിദ്ധാന്തവും അടവുകളും ആവിഷ്ക്കരിച്ചു. ഈ കാലഘട്ടത്തിലെ(1844-48 മാർക്സിന്റെ കൃതികൾ ഗ്രന്ഥസൂചികയിൽ നോക്കുക. 1845 ൽ പ്രഷ്യൻ ഗവൺമെന്റിന്റെ നിർബന്ധപൂർവമായ ആവശ്യപ്രകാരം മാർക്സിനെ അപകടകാരിയായ ഒരു വിപ്ലവകാരിയെന്ന നിലയിൽ പാരീസിൽ നിന്നും പുറത്താക്കി. അദ്ദേഹം ബ്രസൽസിലേക്ക് താമസം മാറ്റി.1847 വസന്തത്തിൽ മാർക്സും എംഗൽസും കമ്മ്യൂണിസ്റ്റ് ലീഗ് എന്ന പേരിലുള്ള ഒരു രഹസ്യപ്രചരണസംഘത്തിൽ ചേർന്നു. അവർ ലീഗിന്റെ രണ്ടാം കോൺഗ്രസ്സിൽ (ലണ്ടൻ, നവംബർ 1847) പ്രധാനപങ്കു വഹിക്കുകയും അതിന്റെ അഭ്യർത്ഥനപ്രകാരം സുപ്രസിദ്ധമായ "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" തയ്യാറാക്കുകയും ചെയ്തു.1848 ഫെബ്രുവരിയിലാണ് അത് പുറത്തുവന്നത്. സാമൂഹ്യജീവിത രംഗത്തെക്കൂടി ഉൾക്കൊള്ളുന്ന പുതിയ ലോകവീക്ഷണഗതിയായ അടിയുറച്ച ഭൗതികവാദം, ഏറ്റവും സമഗ്രവും ഗാഢവുമായ വികാസ സിദ്ധാന്തമായ വൈരുദ്ധ്യവാദം, വർഗസമരത്തെയും പുതിയ കമ്മ്യൂണിസ്റ്റ് സമൂഹത്തിന്റെ സ്രഷ്ടാവായ തൊഴിലാളിവർഗത്തിന്റെ ലോക ചരിത്രപ്രധാനവും വിപ്ലവകരവുമായ പങ്കിനെയും സംബന്ധിച്ച സിദ്ധാന്തം—എന്നിവയെ ഒരു പ്രതിഭാശാലിയുടെ തെളിച്ചത്തോടും തിളക്കത്തോടും കൂടി ഈ കൃതിയിൽ വരച്ചുകാട്ടിയിരിക്കുന്നു.

1848 ഫെബ്രുവരിയിലെ വിപ്ലവം[6] പൊട്ടിപ്പുറപ്പെട്ടപ്പോൾ മാർക്സിനെ ബൽജിയത്തിൽനിന്നു പുറത്താക്കി. അദ്ദേഹം പാരീസിലേക്കു മടങ്ങുകയും മാർച്ച് വിപ്ലവ[7]ത്തെത്തുടർന്ന് അവിടെനിന്ന് ജർമ്മനിയിലുള്ള കൊളോണിലേക്ക് പോവുകയും ചെയ്തു. അവിടെനിന്നാണ് 1848 ജൂൺ 1 മുതൽ 1849 മേയ് 19 വരെ "നൊയെ റൈനീഷ് സൈറ്റുംഗ്" എന്ന പത്രം പുറത്തുവന്നത്. മാർക്സായിരുന്നു മുഖ്യപത്രാധിപർ.1848-49ലെ വിപ്ലവസംഭവഗതികൾ പുതിയ സിദ്ധാന്തത്തിന് ഉജ്ജ്വലമായ ഒരു സ്ഥിരീകരണമായി

Scanned by CamScanner

രുന്നു. തുടർന്നിങ്ങോട്ട് സർവരാജ്യങ്ങളിലും നടന്നിട്ടുള്ള എല്ലാ തൊഴിലാളി - ജനാധിപത്യപ്രസ്ഥാനങ്ങളും അതുപോലെതന്നെ അതു സ്ഥിരീകരിച്ചിട്ടുണ്ട്. വിജയം വരിച്ച പ്രതിവിപ്ലവം ആദ്യം മാർക്സിനെതിരെ കോടതിനടപടികളെടുക്കുകയും (1849 ഫെബ്രുവരി 9 ന് അദ്ദേഹത്തെ വെറുതെ വിട്ടു) പിന്നീട് ജർമ്മനിയിൽനിന്ന് നാടുകടത്തുകയും ചെയ്തു.(മേയ് പതിനാറ്, 1849).മാർക്സ് ആദ്യം പോയത് പാരിസിലേക്കാണ്. 1849 ജൂൺ 13-ാംതീയതിയിലെ പ്രകടന[8]ത്തെത്തുടർന്ന് അദ്ദേഹം വീണ്ടും ബഹിഷ്കൃതനായി.പിന്നീടദ്ദേഹം ലണ്ടനിലേക്ക് പോയി. ശേഷകാലം മുഴുവൻ അദ്ദേഹം അവിടെയാണ് താമസിച്ചത്.

ഒരു രാഷ്ട്രീയപ്രവാസിയെന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ ജീവിതം അത്യന്തം ക്ലേശകരമായിരുന്നു. മാർക്സും എംഗൽസും തമ്മിലുള്ള കത്തിടപാടുകൾ (1913-ൽ പ്രസിദ്ധപ്പെടുത്തിയത്[9]) അക്കാര്യം വ്യക്തമായി വെളിപ്പെടുത്തുന്നുണ്ട്. മാർക്സിനും കുടുംബത്തിനും കൊടും ദാരിദ്ര്യം അനുഭവിക്കേണ്ടിവന്നു. എംഗൽസിന്റെ നിരന്തരവും ത്യാഗനിരതവുമായ സാമ്പത്തിക സഹായമില്ലായിരുന്നുവെങ്കിൽ മാർക്സിന് "മുലധനം" എഴുതി പൂർത്തിയാക്കാൻ സാധിക്കുമായിരുന്നില്ലെന്നു മാത്രമല്ല ദാരിദ്ര്യം മുലം അദ്ദേഹം അനിവര്യമായും തകരുമായിരുന്നു. തന്നെയല്ല, പെറ്റിബുർഷ്വാ സോഷ്യലിസത്തിന്റേയും പൊതുവിൽ തൊഴിലാളിവർഗത്തിന്റേതല്ലാത്ത സോഷ്യലിസത്തിന്റേയും നിലവിലുള്ള സിദ്ധാന്തങ്ങൾക്കും പ്രവണതകൾക്കുമെതിരായി നിരന്തരവും നിർദ്ദാക്ഷിണ്യവുമായ സമരം നടത്താനും ചിലപ്പോൾ വ്യക്തിപരമായി തനിക്കെതിരെ തൊടുത്തുവിട്ട അങ്ങേയറ്റം നിഷ്ഠുരവും ബീഭത്സവുമായ ആക്രമണങ്ങളെ ചെറുക്കാനും ("ഹെർ ഫോഗ്ത്"[10]) മാർക്സ് നിർബന്ധിതനായി. രാഷ്ട്രീയ പ്രവാസിവൃത്തങ്ങളിൽനിന്നും അകന്നുനിന്നുകൊണ്ട് മാർക്സ് ചരിത്രപ്രധാനമായ ഒട്ടേറെ കൃതികളിൽ (ഗ്രന്ഥസൂചിക നോക്കുക) തന്റെ ഭൗതികവാദപരമായ സിദ്ധാന്തം വികസിപ്പിച്ചു. അർത്ഥശാസ്ത്രത്തിന്റെ പഠനത്തിലാണ് അദ്ദേഹം ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിച്ചത്. "അർത്ഥശാസ്ത്രത്തിന്റെ സൂക്ഷ്മനിരൂപണത്തിന് ഒരു സംഭാവന" (1859), "മുലധനം" (വാള്യം 1,1867) എന്നീ കൃതികളിൽ മാർക്സ് പ്രസ്തുത ശാസ്ത്രത്തെ വിപ്ലവകരമായ വിധത്തിൽ വികസിപ്പിച്ചു.

50 കളുടെയും 60'കളുടെയും അവസാനത്തിൽ ജനാധിപത്യ പ്രസ്ഥാനങ്ങളിലുണ്ടായ പുനരുജ്ജീവനം വീണ്ടും പ്രായോഗിക പ്രവർത്തനത്തിലേക്ക് തിരിയുവാൻ മാർക്സിനെ പ്രേരിപ്പിച്ചു.1864-ൽ (സെപ്തംബർ 28 ന് ) ലണ്ടനിൽവച്ച് ഇന്റർനാഷണൽവർക്കിംഗ് മെൻസ് അസോസിയേഷൻ-ചരിത്രപ്രസിദ്ധമായ ഒന്നാം ഇന്റർനാഷണൽ സ്ഥാപിതമായി. മാർക്സായിരുന്നു ആ സംഘടനയുടെ ജീവൻ. അതിന്റെ ആദ്യത്തെ"അഭ്യർത്ഥന"[11]യും ഒട്ടനവധി പ്രമേയങ്ങളും പ്രഖ്യാപനങ്ങളും പ്രകടനപത്രികകളും എഴുതിയത് അദ്ദേഹമാണ്, വിവിധ രാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനത്തെ യോജിപ്പിക്കുകയും, തൊഴിലാളിവർഗേതരവും മാർക്സിസത്തിനുമുമ്പുണ്ടായിരുന്നുതുമായ സോഷ്യലിസത്തിന്റെ വിവിധരൂപങ്ങളെ (മദ്സീനി, പ്രൂദോൻ,

Scanned by CamScanner

ബക്കുനിൻ, ഇംഗ്ലണ്ടിലെ ലിബറൽ ട്രേഡ് യൂണിയനിസം, ജർമ്മനിയിലെ വലതുപക്ഷത്തേയ്ക്കുള്ള ലസ്സാലിയൻ ചാഞ്ചാട്ടങ്ങൾ തുടങ്ങിയവ) യോജിച്ച പ്രവർത്തനത്തിന്റെ മാർഗത്തിലേക്ക് നയിക്കുകയും, ഈ വിഭാഗങ്ങളുടെയും ചിന്താഗതിക്കാരുടെയുമെല്ലാം സിദ്ധാന്തങ്ങളെ എതിർക്കുകയും ചെയ്തു കൊണ്ട് മാർക്സ് വിവിധരാജ്യങ്ങളിലെ തൊഴിലാളിവർഗസമരത്തിന് ഏകീകൃതമായ ഒരു അടവ് വാർത്തെടുത്തു. പാരീസ് കമ്മ്യൂണി[12]ന്റെ (1871) പതനത്തിനും-അതേപ്പറ്റി അവഗാഢവും സുവ്യക്തവും ഉജ്ജ്വലവും ഫലപ്രദവും വിപ്ലവകരവുമായ ഒരു വിശകലനം മാർക്സ് നൽകുകയുണ്ടായി. ("ഫ്രാൻസിലെ ആഭ്യന്തരയുദ്ധം, 1871")-- ബക്കുനിനിസ്റ്റുകൾ[13] ഇന്റർനാഷണലിനെ ഭിന്നിപ്പിച്ചതിനും ശേഷം യൂറോപ്പിൽ ആ സംഘടനയ്ക്കു നിലനിൽക്കാൻ സാധ്യമല്ലെന്നു വന്നു. ഇന്റർനാഷണലിന്റെ ഹേഗ് കോൺഗ്രസിനെ തുടർന്ന് (1872) ഇന്റർനാഷണലിന്റെ ജനറൽകൗൺസിലിന്റെ ആസ്ഥാനം ന്യൂയോർക്കിലേക്ക് മാറ്റാൻ മാർക്സ് മുൻകൈയ്യെടുത്തു. ഒന്നാം ഇന്റർനാഷണൽ ചരിത്രപരമായ അതിന്റെ പങ്കു നിർവഹിച്ചുകഴിഞ്ഞിരുന്നു. ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും തൊഴിലാളിപ്രസ്ഥാനം പൂർവാധികം മഹത്തരമായ തോതിൽ വളർന്നുവന്ന ഒരു കാലഘട്ടത്തിന് അത് വഴിമാറിക്കൊടുത്തു. ഈ കാലഘട്ടത്തിൽ പ്രസ്ഥാനത്തിന്റെ വൈപുല്യം വർദ്ധിക്കുകയും ഓരോരോ ദേശീയ രാഷ്ട്രങ്ങളിലും ബഹുജനാടിസ്ഥാനമുള്ള സോഷ്യലിസ്റ്റ് തൊഴിലാളിപ്പാർടികൾ രൂപം കൊള്ളുകയും ചെയ്തു.

ഇന്റർനാഷണലിലെ ആയാസകരമായ പ്രവർത്തനവും അതിലുപരി താത്വികപ്രവർത്തനങ്ങളും മാർക്സിന്റെ ആരോഗ്യം തകർത്തു. അർത്ഥശാസ്ത്രത്തിനു പുതുരൂപം നൽകുകയും "മൂലധനം" പൂർത്തിയാക്കുകയും ചെയ്യുന്ന പ്രവർത്തനം അദ്ദേഹം തുടർന്നുവന്നു. അതിനു വേണ്ടി അദ്ദേഹം പുതുതതായി ഒട്ടേറെ വിവരങ്ങൾ ശേഖരിക്കുകയും പലഭാഷകളും (ഉദാഹരണത്തിന് റഷ്യൻഭാഷ) പഠിക്കുകയും ചെയ്തു. പക്ഷേ അനാരോഗ്യം മൂലം അദ്ദേഹത്തിന് "മൂലധനം" പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

1881 ഡിസംബർ 2 ന് അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു.1883 മാർച്ച് 14 ന് മാർക്സ് ചാരുകസേരയിൽ കിടക്കവെ സമാധാനമായി മരണമടഞ്ഞു. ലണ്ടനിലുള്ള ഹൈഗേറ്റ് സിമിത്തേരിയിലാണ് അദ്ദേഹത്തേയും ഭാര്യയേയും അടക്കം ചെയ്തിട്ടുള്ളത്.മാർക്സിന്റെ കുടുംബം ലണ്ടനിൽ കൊടുംപട്ടിണിയിൽ കഴിഞ്ഞിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കുട്ടികളിൽ ചിലർ ശൈശവത്തിൽത്തന്നെ മരിച്ചു. മൂന്ന് പുത്രിമാർ-എലിയനോർ ആവലിംഗ്, ലൗറ ലഫാർഗ്, ജെന്നി ലോങ്കെ-ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും സോഷ്യലിസ്റ്റുകാരെ വിവാഹം ചെയ്തു. ജെന്നി ലോങ്കെയുടെ മകൻ ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർടിയിലെ അംഗമാണ്.

Scanned by CamScanner

# മാർക്സിന്റെ അനുശാസനങ്ങൾ

മാർക്സിന്റെ വീക്ഷണങ്ങളുടെയും അനുശാസനങ്ങളുടേയും ആകെത്തുകയാണ് മാർക്സിസം. മാനവസമുദായത്തിൽ ഏറ്റവും മുൻപന്തിയിൽനിന്നിരുന്ന മൂന്ന് രാജ്യങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന മൂന്ന് പ്രധാന ആശയധാരകളെ തുടർന്നുകൊണ്ടു പോവുകയും പൂർത്തിയാക്കുകയും ചെയ്ത പ്രതിഭാശാലിയാണ് മാർക്സ്—ജർമ്മൻ ക്ലാസിക്കൽ തത്വശാസ്ത്രം, ഇംഗ്ലീഷ് ക്ലാസിക്കൽ അർത്ഥശാസ്ത്രം, ഫ്രഞ്ച് സോഷ്യലിസവും അതോടൊപ്പം പൊതുവിൽ ഫ്രഞ്ച് വിപ്ലവസിദ്ധാന്തങ്ങളും എന്നിവയായിരുന്നു അവ. മാർക്സിന്റെ വീക്ഷണങ്ങളുടെ അന്യാദൃശ്യമായ സ്ഥിരതയും അവിച്ഛിന്നതയും അദ്ദേഹത്തിന്റെ എതിരാളികൾപോലും അംഗീകരിച്ചിട്ടുള്ളതാണ്. ലോകത്തിലെ എല്ലാ പരിഷ്കൃതരാഷ്ട്രങ്ങളിലുമുള്ള തൊഴിലാളിപ്രസ്ഥാനത്തിന്റെ സിദ്ധാന്തവും പരിപാടിയുമെന്ന നിലയ്ക്ക് ആധുനികഭൗതികവാദവും ആധുനികശാസ്ത്രീയ സോഷ്യലിസവും പ്രസ്തുതവീക്ഷണങ്ങളുടെ ആകെത്തുകയാൽ മാർക്സിന്റെ പ്രധാനപൊരുളായ മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം വിശദീകരിക്കുന്നതിനുമുമ്പ് പൊതുവിൽ അദ്ദേഹത്തിന്റെ ലോകവീക്ഷണത്തിന്റെ സംക്ഷിപ്തമായ ഒരു രൂപരേഖ നൽകേണ്ടിയിരിക്കുന്നു.

Scanned by CamScanner

# തത്വശസ്ത്രപരമായ ഭൗതികവാദം

മാർക്സിന്റെ വീക്ഷണങ്ങൾ രൂപംകൊണ്ടത് 1844–45 ഓടുകൂടിയാണ്. അന്നുതൊട്ട് അദ്ദേഹം ഒരു ഭൗതികവാദിയും വിശേഷിച്ച് എൽ.ഫോയർബാഹിന്റെ അനുയായിയുമായിരുന്നു. ഫോയർബാഹിന്റെ ഏകദൗർബ്ബല്യം അദ്ദേഹത്തിന്റെ ഭൗതികവാദം വേണ്ടത്ര ഉറച്ചതോ സമഗ്രമോ ആയിരുന്നില്ല എന്നതു മാത്രമാണെന്ന് പിൽക്കാലത്തുപോലും മാർക്സ് കരുതിപ്പോന്നു.ഹെഗലിയൻ ആശയവാദത്തിൽ നിന്ന് നിർണായകമായി വിട്ടുപോന്നുകൊണ്ട് ഭൗതികവാദവും പ്രഖ്യാപിച്ചുവെന്നതിലാണ് ഫോയർബാഹിന്റെ ചരിത്രപ്രധാനവും "യുഗനിർണ്ണായക"വുമായ സംഭാവന സ്ഥിതിചെയ്യുന്നതെന്ന് മാർക്സ് കരുതി. ഭൗതികവാദം, "പ്രത്യേകിച്ച് ഫ്രഞ്ച് ഭൗതികവാദം, പതിനെട്ടാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന രാഷ്ട്രീയസ്ഥാപനങ്ങൾക്കും..... മതത്തിനും മതവിജ്ഞാനങ്ങൾ ക്കുമെതിരായി മാത്രമല്ല.... എല്ലാത്തരം അതിഭൗതികവാദത്തിനും എതിരായ ഒരു സമരമായി കഴിഞ്ഞിരുന്നു." (ഒടുവിൽപ്പറഞ്ഞതിനെ "സമചിത്തതയുള്ള തത്വശാസ്ത്ര"ത്തിൽ നിന്ന് വ്യതിരിക്തമായി,''മത്തുപിടിച്ചഭാവനാവിലാസ''മെന്ന് "ലിറ്ററാറിഷെർ നഹ്ലസ്സി"ൽ വന്ന "വിശുദ്ധകുടുംബം" എന്ന കൃതിയിൽ മാർക്സ് വിശേഷിപ്പിച്ചിട്ടുണ്ട്.) "ഹെഗലിന്റെ ദൃഷ്ടിയിൽ ചിന്തയെന്ന പ്രക്രിയയാണ് യഥാർത്ഥപ്രപഞ്ചത്തിന്റെ ജനയിതാവ്," മാർക്സ് എഴുതി. " 'ആശയം എന്ന പേർ നൽകിക്കൊണ്ട് അദ്ദേഹം അതിനെ ഒരു സ്വതന്ത്രവിഷയമായി മാറ്റുകപോലും ചെയ്യുന്നു. നേരെ മറിച്ച് എന്റെ ദൃഷ്ടിയിൽ ആശയമെന്നത് മനുഷ്യന്റെ മനസ്സ് പ്രതിഫലിപ്പിക്കുകയും ചിന്താരൂപങ്ങളായി പകർത്തുകയും ചെയ്യുന്ന ഭൗതികലോകമല്ലാതെ മറ്റൊന്നുമല്ല"(''മൂലധനം'', വാല്യം 1, രണ്ടാംപതിപ്പിനുള്ള മുഖവുര). മാർക്സിന്റെ ഭൗതികവാദപരമായ ഈ തത്വശാസ്ത്രത്തിന് തികച്ചും അനുരൂപമായി, അത് വിശദീകരിച്ചുകൊണ്ട്, ഫ്രെഡറിക് എംഗൽസ് "ആന്റിഡ്യൂറിംഗ്" എന്ന പുസ്കത്തിൽ ഇങ്ങനെ എഴുതി (മാർക്സ് അതിന്റെ കയ്യെഴുത്തുപ്രതി വായിച്ചിരുന്നു): "പ്രപഞ്ചത്തിന്റെ ഐക്യം സ്ഥിതിചെയ്യുന്നത് അതിന്റെ അസ്തിത്വത്തിലല്ല,അതിന്റെ ഭൗതികത്വത്തിലാണ്..... തത്വശാസ്ത്രത്തിന്റേയും പ്രകൃതിശാസ്ത്ര

Scanned by CamScanner

ത്തിന്റേയും സുദീർഘവും ക്ലേശകരവുമായ വികാസം ഈ ഭൗതികത്വം തെളിയിക്കുന്നു...." "പദാർത്ഥം നിലനിൽക്കുന്ന രൂപം ചലനമാണ്. ചലനമില്ലാതെ പദാർത്ഥമോ പദാർത്ഥമില്ലാതെ ചലനമോ ഒരിക്കലും ഒരിടത്തും ഉണ്ടായിട്ടില്ല, ഉണ്ടാകാൻ നിർവാഹവുമില്ല... പക്ഷേ ചിന്തയും ബോധവും യഥാർത്ഥത്തിൽ എന്താണ്, അവ എവിടെനിന്ന് വരുന്നു, എന്ന ചോദ്യം ഉന്നയിക്കുന്നപക്ഷം അവ മനുഷ്യമസ്തിഷ്കത്തിന്റെ സൃഷ്ടികളാണെന്നും മനുഷ്യൻതന്നെ പ്രകൃതിയുടെ സൃഷ്ടിയാണെന്നും അവൻ വളർന്നുവന്നിട്ടുള്ളത് അതിന്റെ ചുറ്റുപാടുകളിലും ചുറ്റുപാടുകളോടൊപ്പവുമാണെന്നും വ്യക്തമാവും. അപ്പോൾ, മനുഷ്യമസ്തിഷ്കത്തിന്റെ സൃഷ്ടികൾ അവസാനവിശകലനത്തിൽ പ്രകൃതിയുടെ സൃഷ്ടികൾകു ടിയാകയാൽ അവ പ്രകൃതിയിലുള്ള മറ്റു പരസ്പരബന്ധങ്ങൾക്കു വിരുദ്ധമല്ല, പ്രത്യുത അവയുമായി പൊരുത്തപ്പെട്ടുപോകുന്നു എന്നത് സ്വയംസിദ്ധമാണ്." "ഹെഗൽ ഒരു ആശയവാദിയായിരുന്നു. അതായത്, തന്റെ മനസ്സിലുള്ള ചിന്തകളെ യഥാർത്ഥവസ്തുക്കളുടേയും പ്രക്രിയകളുടേയും ഏറെക്കുറേ അമൂർത്തമായ പ്രതിരൂപങ്ങൾ (Abbilder,പ്രതിഫലനങ്ങൾ, എംഗൽസ് ചിലപ്പോൾ 'മുദ്രണങ്ങൾ'എന്നും പറയുന്നുണ്ട്) ആയിട്ടല്ല അദ്ദേഹം കാണുന്നത്. നേരേമറിച്ച് ലോകമുണ്ടാകുന്നതിനുമുമ്പുതന്നെ എവിടെയോ സ്ഥിതിചെയ്തിരുന്ന 'ആശയത്തിന്റെ പ്രതിരൂപങ്ങൾ യഥാർത്ഥവൽകൃതമാവുന്നുവെന്ന അർത്ഥത്തിൽ മാത്രമാണ് അദ്ദേഹം പദാർത്ഥങ്ങളേയും അവയുടെ വികാസത്തേയും കരുതുന്നത്."[4] "ല്യുദ്‌വിഗ് ഫോയർബാഹ്'എന്ന കൃതിയിൽ ഫ്രെഡറിക് എംഗൽസ് എഴുതുന്നു (ഫോയർബാഹിന്റെ തത്വശാസ്ത്രത്തെക്കുറിച്ചുള്ള തന്റേയും മാർക്സിന്റേയും അഭിപ്രായങ്ങൾ അദ്ദേഹംഅതിൽ വിശദീകരിക്കുന്നുണ്ട്. ഹെഗലിനേയും ഫോയർബാഹിനേയും ചരിത്രത്തെക്കുറിച്ചുള്ള ഭൗതികവാദപരമായ ധാരണയേയും സംബന്ധിച്ച് മാർക്സും താനും കുടി 1844–45 ൽ എഴുതിയ ഒരു പഴയ കയ്യെഴുത്തുപ്രതി വീണ്ടും വായിച്ചശേഷമാണ് അദ്ദേഹം അത് പ്രസ്സിലേക്കയച്ചത്): "ചിന്തയും അസ്തിത്വവും തമ്മിലുള്ള ബന്ധം, ആത്മാവും പ്രകൃതിയും തമ്മിലുള്ള ബന്ധം.... ആത്മാവാണോ പ്രകൃതിയാണോ പ്രാഥമികമായിട്ടുള്ളത്, ഇതാണ് എല്ലാ തത്വചിന്തയിലും, പ്രത്യേകിച്ച് ഈയടുത്തകാലത്തെ തത്വചിന്തയിൽ, ഉന്നയിക്കപ്പെട്ടിട്ടുള്ള മൗലികമായ ചോദ്യം. ഈ ചോദ്യത്തിന് തത്വചിന്തകർ നൽകിയ മറുപടികൾ അവരെ രണ്ടു വൻചേരികളായി തരംതിരിച്ചിരിക്കുന്നു. ആത്മാവാണ് പ്രകൃതിയേക്കാൾ മുമ്പുണ്ടായതെന്നു ശഠിക്കുകയും അങ്ങനെ അവസാനവിശകലനത്തിൽ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്ന് ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അനുമാനിക്കുകയും ചെയ്തവർ... ആശയവാദികളുടെ ചേരിയിൽ പെടുന്നു. പ്രകൃതിയാണ് ആദ്യമുണ്ടായതെന്ന് കരുതുന്നവർ വിവിധവിഭാഗങ്ങളിൽപ്പെട്ട ഭൗതികവാദത്തിന്റെ ചേരിയിൽ പെടുന്നു." (തത്വശാസ്ത്രപരമായ) ആശയവാദത്തിന്റേയും ഭൗതികവാദത്തിന്റേയും ധാരണകളെ മറ്റേതുവിധത്തിൽ പ്രയോഗിക്കുന്നതും ആശയക്കുഴപ്പത്തിലേക്കു മാത്രമേ നയിക്കൂ. ഒരു തരത്തിലല്ലെ

Scanned by CamScanner

ങ്കിൽ മറ്റൊരു തരത്തിൽ മതവുമായി എപ്പോഴും ബന്ധപ്പെട്ടുനിൽക്കുന്ന ആശയവാദത്തെ മാത്രമല്ല, പ്രത്യേകിച്ച് ഇക്കാലത്ത് വളരെയേറെ പ്രചാരമുള്ള ഹ്യൂമിന്റേയും കാന്റിന്റേയും അജ്ഞേയവാദം, വിമർശനവാദം പോസിറ്റിവിസം[5] എന്നീ വിവിധരൂപങ്ങളിലുള്ള വീക്ഷണഗതികളെയും മാർക്സ് നിർണായകമായി നിരാകരിച്ചു. അത്തരത്തിലുള്ള തത്വചിന്തയെ ആശയവാദത്തോടുള്ള "പിന്തിരിപ്പൻ" വിട്ടുവീഴ്ചയായിട്ടും ഏറിവന്നാൽ "ഭൗതികവാദത്തെ രഹസ്യമായി അംഗീകരിക്കുകയും അതേസമയം ലോകസമക്ഷം അതിനെ നിഷേധിക്കുകയും ചെയ്യുന്ന ലജ്ജാകരമായ വഴി [6] യായിട്ടുമാണ് അദ്ദേഹം കരുതിയത്. ഈ പ്രശ്നത്തിൽ മുകളിൽ പരാമർശിച്ചിട്ടുള്ള മാർക്സിന്റേയും എംഗൽസിന്റേയും കൃതികൾക്ക് പുറമേ 1886 ഡിസംബർ 12 ന് മാർക്സ് എംഗൽസിനെഴുതിയ ഒരു കത്തുകൂടി നോക്കുക. അതിൽ, പ്രസിദ്ധ പ്രകൃതിശാസ്ത്രജ്ഞനായ തോമസ് ഹക്സലിയുടെ " പതിവിലേറെ ഭൗതികവാദപരമായ'' ഒരു പ്രസ്താവനയെ മാർക്സ് പരാമർശിക്കുന്നു. "നാം യഥാർത്ഥത്തിൽ നിരീക്ഷിക്കുകയും ചിന്തിക്കുകയും ചെയ്യുന്നിടത്തോളം കാലം നമുക്ക് ഭൗതികവാദത്തിൽ നിന്ന് രക്ഷപ്പെടാൻ പറ്റുമെന്ന് തോന്നുന്നില്ലെന്ന"വസ്തുത ഹക്സലി അംഗീകരിച്ചിട്ടുള്ളതിനെ പരാമർശിച്ചുകൊണ്ട്, അജ്ഞേയവാദത്തിന്, ഹ്യൂമിസത്തിന്, ഒരു "പഴുത്" ഇട്ടതിന് അദ്ദേഹത്തെ മാർക്സ് വിമർശിച്ചിരിക്കുന്നു. സ്വാതന്ത്ര്യവും നിയതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള മാർക്സിന്റെ അഭിപ്രായം അറിയേണ്ടത് പ്രത്യേകിച്ചും പ്രധാനമാണ്: " മനസ്സിലാക്കലാണ് സ്വാതന്ത്ര്യം. നിയതിയെ നാം മനസ്സിലാക്കാത്തിടത്തോളം കാലം മാത്രമേ അത് അന്ധമായിരിക്കുകയുള്ളു."("ആന്റിഡ്യൂറിംഗ്" എന്ന കൃതിയിൽ എംഗൽസ്). പ്രകൃതിയിലുള്ള വസ്തുനിഷ്ഠമായ നിയമങ്ങളുടെ വാഴ്ചയും വൈരുദ്ധ്യങ്ങളിലൂടെ നിയതി എങ്ങിനെ സ്വാതന്ത്ര്യമായി രൂപാന്തരപ്പെടുന്നുവെന്നതും(അജ്ഞാതമെങ്കിലും ജ്ഞേയമായ "സാക്ഷാദ് വസ്തു " "നമുക്കുവേണ്ടിയുള്ള വസ്തുവായും" "വസ്തുക്കളുടെ സാരാംശം" "പ്രതിഭാസങ്ങളായും" രൂപാന്തരപ്പെടുന്നതു പോലെതന്നെയാണ് ഇതും സംഭവിക്കുന്നത്) അംഗീകരിക്കപ്പെടുന്നുവെന്നാണ് ഇതിനർത്ഥം.ഫോയർബാഹിന്റെ ഭൗതികവാദവും(അതിലുപരി ബ്യൂഹനറുടെയും ഫോഗ്തിന്റേയും മൊലെഷോട്ടിന്റേയും "ഗ്രാമ്യ"ഭൗതികവാദവും) ഉൾപ്പെടെയുള്ള പഴയ ഭൗതികവാദത്തിന്റെ മൗലികമായ ന്യൂനതകളായി മാർക്സും എംഗൽസും കരുതിയത് ഇവയാണ്:(1) ആ ഭൗതികവാദം "ഏറിയകുറും യാന്ത്രിക" മായിരുന്നു; രസതന്ത്രത്തിലും ജീവശാസ്ത്രത്തിലും (ഇക്കാലത്ത് പദാർത്ഥത്തെ സംബന്ധിച്ച വൈദ്യുതസിദ്ധാന്തവും കൂടി ഇതിന്റെ കൂടെ ചേർക്കണം) വന്നിട്ടുള്ള വികാസം അത് കണക്കിലെടുത്തില്ല;(2)പഴയഭൗതികവാദം ചരിത്രാധിഷ്ഠിതമായിരുന്നില്ല, വൈരുദ്ധ്യാധിഷ്ഠിതമായിരുന്നില്ല (എന്നുവച്ചാൽ അത് അതിഭൗതികവാദത്തിൽ അധിഷ്ഠിതവും വൈരുദ്ധ്യവാദത്തിനെതിരുമായിരുന്നു, വികാസത്തിന്റെ നിലപാടിൽ നീക്കുപോക്കില്ലാതെയും സമഗ്രമായും ഉറച്ചു നിന്നില്ല;(3) അത് "മനുഷ്യസത്ത"അമൂർത്തമായിട്ടാണ്, (മൂർത്തമായി

Scanned by CamScanner

നിർവചിച്ചിട്ടുള്ള ചരിത്രപരമായ) എല്ലാ "സാമൂഹ്യബന്ധങ്ങളുടേയും" "സങ്കീർണമായ ഒരാകത്തുക" യായിട്ടല്ല കണ്ടത്. അതുകൊണ്ട് അത് ലോകത്തെ "വ്യാഖ്യാനിക്കുക" മാത്രമേ ചെയ്തുള്ളൂ. എന്നാൽ അതിനെ "മാറ്റുക" യാണാവശ്യം. അതായത്, "വിപ്ലവകരമായ പ്രായോഗിക പ്രവർത്തനത്തിന്റെ" ആവശ്യകത അതു കണ്ടില്ല.

Scanned by CamScanner

# വൈരുദ്ധ്യവാദം

അങ്ങേയറ്റം സമഗ്രവും സമ്പുഷ്ടവും അഗാധവുമായ വികാസസിദ്ധാന്തമെന്ന നിലയ്ക്ക് ഹെഗലിയൻ വൈരുദ്ധ്യവാദത്തെ ക്ലാസിക്കൽ ജർമ്മൻ തത്വചിന്തയുടെ ഏറ്റവും മഹത്തായ നേട്ടമായിട്ടാണ് മാർക്സും എംഗൽസും പരിഗണിച്ചത്. വികാസതത്വത്തെ, പരിണാമതത്വത്തെ, സംബന്ധിച്ച മറ്റെല്ലാ നിർവചനങ്ങളും ഏകപക്ഷീയവും, ഉള്ളടക്കത്തിൽ ദരിദ്രവും, പ്രകൃതിയിലും സമൂഹത്തിലും (പലപ്പോഴും എടുത്തുചാട്ടങ്ങളിലൂടെയും വിക്ഷോഭങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയും മുന്നോട്ടു നീങ്ങുന്ന) വികാസത്തിന്റെ യഥാർത്ഥ ഗതിയെ വികൃതപ്പെടുത്തുകയും വെട്ടിമുറിക്കുകയും ചെയ്യുന്നതുമാണെന്ന് അവർ കരുതി. "മാർക്സും ഞാനും മാത്രമാണ് ബോധപൂർവമായ വൈരുദ്ധ്യവാദത്തെ" (ഹെഗലിന്റേതടക്കമുള്ള എല്ലാത്തരം ആശയവാദവും വരുത്തിവയ്ക്കുമായിരുന്ന വിനാശത്തിൽ നിന്ന്) "രക്ഷിച്ചെടുക്കുകയും പ്രകൃതിയെസംബന്ധിച്ച ഭൗതികവാദവീക്ഷണമായി അതിനെ രൂപാന്തരപ്പെടുത്തുകയെന്ന കടമ സ്വയം മുന്നോട്ടു വയ്ക്കുകയും ചെയ്തതെന്നു പറയാവുന്നതാണ്... പ്രകൃതി തന്നെ വൈരുദ്ധ്യവാദത്തിനുള്ള തെളിവാണ്. ഈ തെളിവ് സാധുകരിക്കാൻ പ്രകൃതിശാസ്ത്രം അങ്ങേയറ്റം വിലപ്പെട്ട സാമഗ്രികൾ ദിവസം തോറും അധികമധികം നൽകുന്നുണ്ടെന്നു" (റേഡിയം, ഇലക്ട്രോണുകൾ, മൂലകപരിണാമം തുടങ്ങിയവ കണ്ടുപിടിക്കുന്നതിനുമുമ്പാണ് ഇതെഴുതിയത്!) "അങ്ങനെ അവസാനവിശകലനത്തിൽപ്രകൃതിയുടെപ്രക്രിയ അതിഭൗതികവാദപരമല്ല, വൈരുദ്ധ്യാത്മകമാണ് എന്ന് തെളിയിക്കുന്നുണ്ടെന്നും സമ്മതിച്ചേ തീരൂ."[17]

"മുൻകൂട്ടി തയ്യാർചെയ്തുവച്ചിട്ടുള്ള വസ്തുക്കളുടെ ഒരു സങ്കീർണസമാഹാരമായിട്ടല്ല, പ്രക്രിയകളുടെ ഒരു സങ്കരമായിട്ടാണ് നാം ലോകത്തെഗ്രഹിക്കേണ്ടതെന്നും, പ്രത്യക്ഷത്തിൽ ശാശ്വതമായി ത്തോന്നുന്ന വസ്തുക്കളും, അത്ര തന്നെ നമ്മുടെ തലച്ചോറിലുള്ള അവയുടെ മാനസികപ്രതിബിംബങ്ങളായ ആശയങ്ങളും, സദാ ഉത്ഭവിക്കുകയും നാശമടയുകയുമെന്ന അവിരാമമായ ഒരു പരിണാമത്തിൽ ക്കൂടി കടന്നുപോവുകയാണ് ചെയ്യുന്നതെന്നുമുള്ള മഹത്തായ മൗലികചിന്ത, പ്രത്യേകിച്ച് ഹെഗലിന്റെ കാലത്തിനു ശേഷം, സാമാന്യബോധത്തിൽ ഉടനീളം ആണ്ടിറങ്ങിയിട്ടുള്ളതിനാൽ പൊതുവിൽ അതിനെ ദുർലഭമായിട്ടു മാത്രമേ ഇപ്പോൾ ചോദ്യം ചെയ്യുന്നുള്ളു. എന്നാൽ

Scanned by CamScanner

ഈ മൗലികചിന്തയെ വാക്കിൽ അംഗീകരിക്കുന്നതും യഥാർത്ഥത്തിൽ ഓരോ പരിശോധനാരംഗത്തും വിശദമായി പ്രയോഗിക്കുന്നതും രണ്ടും രണ്ടാണ്. "വൈരുദ്ധ്യാത്മകമായ തത്വശാസ്ത്രത്തെസംബന്ധിച്ചിടത്തോളം യാതൊന്നും തന്നെ അന്തിമമോ കേവലമോ പാവനമോ അല്ല. എല്ലാറ്റിലുമുള്ള എല്ലാറ്റിന്റേയും പരിവർത്തകസ്വഭാവം അത് വെളിപ്പെടുത്തുന്നു; രൂപംകൊള്ളുകയും തിരോഭവിക്കുകയും ചെയ്യുകയെന്ന, അടിയിൽ നിന്ന് മുകളിലോട്ട് അവിരാമമായി കയറുകയെന്ന, അനുസ്യൂതമായ പ്രക്രിയയൊഴികെ മറ്റ് യാതൊന്നിനും അതിന്റെ മുമ്പിൽ നില നില്പില്ല. വൈരുദ്ധ്യാത്മകമായ തത്വശാസ്ത്രം തന്നെ ഈ പ്രക്രിയയുടെ, ചിന്തിക്കുന്ന മസ്തിഷ്ക്കത്തിലുള്ള പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല.'' ഇങ്ങനെ, മാർക്സിന്റെ അഭിപ്രായത്തിൽ "ബാഹ്യലോകത്തിലെന്നപോലെ മാനുഷികചിന്താമണ്ഡലത്തിലുമുള്ള ചലനത്തെ സംബന്ധിക്കുന്ന പൊതുനിയമങ്ങളുടെ ശാസ്ത്ര"[18] മാണ് വൈരുദ്ധ്യവാദം.

ഹെഗലിന്റെ തത്വശാസ്ത്രത്തിന്റെ വിപ്ലവാത്മകമായ ഈ വശം മാർക്സ് സ്വീകരിക്കുകയും വികസിപ്പിക്കുകയും ചെയ്തു. വൈരുദ്ധ്യാത്മകഭൗതികവാദത്തിന് "മറ്റു ശാസ്ത്രങ്ങളേക്കാൾ ഉയർന്നുനിൽക്കുന്ന ഒരു തത്വശാസ്ത്രം ആവശ്യമില്ല." മുൻകാലത്തെ തത്വശാസ്ത്രത്തിൽ നിന്ന് അവശേഷിക്കുന്നത് "ചിന്തയുടേയും അതിന്റെ നിയമങ്ങളുടേയും ശാസ്ത്രമായിരിക്കും–പരമ്പരാഗതമായ യുക്തിവാദവും വൈരുദ്ധ്യവാദവും."[19] മാർക്സിന്റെ ധാരണയനുസരിച്ചും ഹെഗലിന്റെ സിദ്ധാന്തപ്രകാരവും വൈരുദ്ധ്യവാദത്തിൽ ജ്ഞാനദർശനമെന്ന് ഇപ്പോൾ വിളിക്കപ്പെടുന്ന അറിവിന്റെ സിദ്ധാന്തം കൂടി ഉൾപ്പെടുന്നുണ്ട്. അറിവിന്റെ ഉത്ഭവത്തേയും വളർച്ചയേയും അറിവില്ലായ്മയിൽ നിന്ന് അറിവിലേക്കുള്ള പരിണാമത്തേയും പഠിക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്തുകൊണ്ട് പ്രസ്തുതശാസ്ത്രവും അത് കൈകാര്യം ചെയ്യുന്ന വിഷയത്തെ ചരിത്രപരമായി പരിഗണിച്ചേ തീരു.

ഇക്കാലത്ത് വികാസമെന്ന ആശയം, പരിണാമമെന്ന ആശയം, ഏതാണ്ട് പൂർണമായിത്തന്നെ സാമൂഹ്യബോധത്തിൽ ആണ്ടിറങ്ങിയിട്ടുണ്ട്; ഹെഗലിയൻ തത്വശാസ്ത്രം മുഖേനയല്ല, മറ്റു വഴികളിലൂടെയാണെന്നുമാത്രം. എന്നാൽ ഹെഗലിന്റെ തത്വചിന്തയുടെ അടിസ്ഥാനത്തിൽ മാർക്സും എംഗൽസും ആവിഷ്ക്കരിച്ച രൂപത്തിലുള്ള ഈ ആശയം പരിണാമത്തെക്കുറിച്ച് ഇന്നുള്ള ആശയത്തേക്കാൾ വളരെയേറെ സമഗ്രവും സമ്പുഷ്ടവുമാണ്. പിന്നിട്ടുകഴിഞ്ഞ ഘട്ടങ്ങളെ ആവർത്തിക്കുന്നുണ്ടെന്ന പ്രതീതി ഉളവാക്കുന്നുണ്ടെങ്കിലും വ്യത്യസ്തമായി, കൂടുതലുയർന്ന അടിസ്ഥാനത്തിൽ, ആവർത്തിച്ചുകൊണ്ടുള്ള വികാസം ("നിഷേധത്തിന്റെ നിഷേധം"), നേർവരയിലൂടെ പോകുന്നതിനു പകരം ഒരു ചുറ്റുകോണിയിലൂടെ മേലോട്ടു പോകുന്നതെന്ന് പറയാവുന്ന വിധത്തിലുള്ള വികാസം;– എടുത്തുചാട്ടങ്ങളിലൂടെയും വിക്ഷോഭങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയുമുള്ളവികാസം;– "അനുസ്യൂതചലനത്തിനിടയിലുള്ള വിഘ്ന

ങ്ങൾ"; അളവ് ഗുണമായി മാറുന്നത്;– ഒരു വസ്തുവിലോ പ്രതിഭാസത്തിലോ ഒരു സമൂഹത്തിലോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധശക്തികളും പ്രവണതകളും തമ്മിലുള്ള വൈരുദ്ധ്യത്തിന്റേയും സംഘട്ടനത്തിന്റേയും ഫലമായി വികാസത്തിന് സിദ്ധിക്കുന്ന ആന്തരിക പ്രചോദനങ്ങൾ ഓരോ പ്രതിഭാസത്തിന്റേയും എല്ലാ വശങ്ങളും (ചരിത്രമാകട്ടെ, പുതിയ പുതിയ വശങ്ങൾ നിരന്തരം വെളിപ്പെടുത്തുന്നുണ്ട്) തമ്മിലുള്ള പരസ്പരാശ്രിതത്വവും അങ്ങേയറ്റം അടുത്ത, അഭേദ്യമായ ബന്ധവും (ഒരേ തരത്തിലുള്ളതും ക്ലിപ്തമായ നിയമങ്ങളെ അനുസരിക്കുന്നതുമായ ഒരു സാർവത്രികചലനപ്രക്രിയയ്ക്ക് നിദാനമായിട്ടുള്ള ബന്ധമാണിത്)–ഇവയാണ് (പരമ്പരാഗതമായ വികാസസിദ്ധാന്തത്തേക്കാൾ) കുടുതൽ സമ്പുഷ്ടമായ ഒരു വികാസസിദ്ധാന്തമെന്ന നിലയ്ക്ക് വൈരുദ്ധ്യവാദത്തിനുള്ള ചില സവിശേഷതകൾ. (ഷ്ടെയിന്റെ "നിർജ്ജീവമായ ത്രിശാഖാസിദ്ധാന്തങ്ങളെ" — ഭൗതികവാദപരമായ വൈരുദ്ധ്യവാദവുമായി അവയെ കൂട്ടിക്കുഴയ്ക്കുന്നത് അസംബന്ധമായിരിക്കും–കളിയാക്കിക്കൊണ്ട് 1868 ജനുവരി 8–ന് മാർക്സ് എംഗൽസിനെഴുതിയ കത്തു നോക്കുക)

Scanned by CamScanner

# ചരിത്രത്തെക്കുറിച്ചുള്ള ഭൗതികവാദപരമായ ധാരണ

പഴയ ഭൗതികവാദത്തിന്റെ അസ്ഥിരതയും അപൂർണതയും ഏകപക്ഷീയതയും മനസ്സിലാക്കിയ മാർക്സിന് "സാമൂഹ്യശാസ്ത്രത്തെ ഭൗതികവാദപരമായ അടിത്തറയുമായി പൊരുത്തപ്പെടുത്തുകയും അതിന്മേൽ അത് പുതുക്കിപ്പണിയുകയും"[20] ചെയ്യേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമായി.പൊതുവിൽ ഭൗതികവാദം ബോധത്തെ അസ്തിത്വത്തിന്റെ സന്തതിയായി വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്, തിരിച്ചല്ല. അതുകൊണ്ട് മനുഷ്യസമൂഹത്തിന്റെ സാമൂഹ്യ ജീവിതത്തിൽ പ്രയോഗിക്കുമ്പോൾ ഭൗതികവാദം സാമൂഹ്യബോധത്തെ വിശദീകരിക്കേണ്ടത് സാമൂഹ്യ അസ്തിത്വത്തി ന്റെ സന്തതിയായിട്ടാണ്. "സാങ്കേതികജ്ഞാനം പ്രകൃതിയുമായി മനുഷ്യൻ ഇടപെടുന്ന വിധവും തന്റെ ജീവൻ നിലനിർത്തിക്കൊണ്ടു പോകാനുള്ള അവന്റെ ഉൽപാദന പ്രക്രിയയും വെളിപ്പെടുത്തുന്നു. അങ്ങനെ അവന്റെ സാമൂഹ്യബന്ധങ്ങളും അവയിൽ നിന്ന് ഉൽഭൂതമാകുന്ന മനോധാരണകളും രൂപം കൊള്ളുന്ന വിധം കൂടി അത് വെളിപ്പെടുത്തുന്നു", മാർക്സ് എഴുതുന്നു("മൂലധനം", വാള്യം 1)[21] "അർത്ഥശാസ്ത്രത്തിന്റെ സൂക്ഷ്മനിരൂപണത്തിന് ഒരു സംഭാവന" എന്ന തന്റെ കൃതിക്കുള്ള മുഖവുരയിൽ മാർക്സ് മനുഷ്യസമൂഹത്തിനും അതിന്റെ ചരിത്രത്തിനും ഭൗതികവാദത്തെ ബാധകമാക്കുമ്പോൾ അതിന്റെ അടിസ്ഥാനതത്വങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് താഴെ കൊടുക്കുന്ന വാക്കുകളിൽ സമഗ്രമായി നിർവചിച്ചിട്ടുണ്ട്

"തങ്ങളുടെ ജീവിതത്തിലെ സാമൂഹ്യോല്പാദനത്തിനിടയിൽ മനുഷ്യർ അനുപേക്ഷണീയവും തങ്ങളുടെ ഇച്ഛയ്ക്കതീതവുമായ ചില വ്യക്തമായ ബന്ധങ്ങളിൽ ഏർപ്പെടുന്നു. അവരുടെ ഭൗതികമായ ഉൽപാദനശക്തികളുടെ ഒരു നിശ്ചിതഘട്ടത്തിന് അനുരൂപമായ ഉൽപാദനബന്ധങ്ങളായിരിക്കും അവ.

"ഈ ഉൽപാദനബന്ധങ്ങളുടെ ആകത്തുകയാണ് സമൂഹത്തിന്റെ സാമൂഹ്യഘടനയും യഥാർത്ഥത്തിലുള്ള അടിത്തറയും. ഈ അടിത്തറയിന്മേൽ നീതിന്യായപരവും രാഷ്ട്രീയവുമായ ഉപരിഹർമ്മ്യം പടുത്തുയർത്തപ്പെടുന്നു. സാമൂഹ്യബോധത്തിന്റെ നിശ്ചിതരൂപങ്ങൾ ഈ അടിത്തറയ്ക്ക് അനുരൂപമാണ്. ഭൗതികജീവിതത്തിലെ

Scanned by CamScanner

ഉൽപാദനരീതി മൊത്തത്തിൽ സാമൂഹ്യവും രാഷ്ട്രീയവും ബുദ്ധിപരവുമായ ജീവിതപ്രക്രിയയെ രൂപപ്പെടുത്തുന്നു. മനുഷ്യരുടെ ബോധം അവരുടെ അസ്തിത്വത്തെ നിർണയിക്കുകയല്ല, നേരേമറിച്ച് അവരുടെ സാമൂഹ്യാസ്തിത്വം അവരുടെ ബോധത്തെ നിർണയിക്കുകയാണ് ചെയ്യുന്നത്. സമൂഹത്തിലെ ഭൗതികോല്പാദനശക്തികൾ അവയുടെ വളർച്ചയുടെ ഒരു നിശ്ചിതഘട്ടത്തിൽ നിലവിലുള്ള ഉൽപാദനബന്ധങ്ങളുമായി–നിയമഭാഷയിൽ പറഞ്ഞാൽ,അതേവരെ ഏത് സ്വത്തുടമാബന്ധങ്ങൾക്കുള്ളിലാണോ അവ പ്രവർത്തിച്ചുപോന്നിരുന്നത്, അവയുമായി–ഏറ്റുമുട്ടുന്നു. ഈ ബന്ധങ്ങൾ ഉൽപാദനശക്തികളെ വളർത്തുന്ന രൂപങ്ങളെന്ന നിലയിൽനിന്ന് അവയുടെ ചങ്ങലക്കെട്ടുകളായി പരിണമിക്കുന്നു. സാമൂഹ്യവിപ്ലവത്തിന്റെ യുഗം തുടങ്ങുന്നത് അപ്പോഴാണ്. സാമ്പത്തികാടിത്തറ മാറുന്നതോടെ ബൃഹത്തായ ഉപരിഹർമ്മ്യമാകെ ഏറെക്കുറേ അതിവേഗം മാറുന്നു. ഈ പരിവർത്തനങ്ങൾ പരിഗണിക്കുമ്പോൾ രണ്ട് സംഗതികൾ എപ്പോഴും വേർതിരിച്ച് കാണേണ്ടതുണ്ട്, ഒന്ന് ഉൽപാദനത്തിന്റെ സാമ്പത്തിക പരിഃതസ്ഥിതികളിലുണ്ടാകുന്ന ഭൗതികപരിവർത്തനമാണ്. പ്രകൃതിശാസ്ത്രത്തിന്റെ സൂക്ഷ്മതയോടെ അത് തിട്ടപ്പെടുത്താവുന്നതാണ്. നീതിന്യായപരമോ രാഷ്ട്രീയമോ മതപരമോ കലാപരമോ തത്വശാസ്ത്രപരമോ ആയ–ചുരുക്കത്തിൽ ആശയപരമായ–രൂപങ്ങളാണ് മറ്റേത്. ഇവയിൽ മനുഷ്യർ സംഘട്ടനത്തെക്കുറിച്ച് ബോധവാന്മാരാവുകയും അതിനെ ചെറുക്കുകയും ചെയ്യും.

"ഒരു വ്യക്തിയെപ്പറ്റി നാം അഭിപ്രായം രൂപീകരിക്കുന്നത് അയാൾ തന്നെപ്പറ്റി എന്തു വിചാരിക്കുന്നുവെന്നതിനെ അടിസ്ഥാനമാക്കിയല്ലല്ലോ. അതുപോലെതന്നെ, ഇത്തരത്തിലുള്ള ഒരു പരിവർത്തനഘട്ടത്തെ അതിന്റെതന്നെ ബോധം വച്ചുകൊണ്ട് വിലയിരുത്താൻ സാദ്ധ്യമല്ല.നേരേമറിച്ച്, ഭൗതികജീവിതത്തിലെ വൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ,സമൂഹത്തിലെ ഉൽപാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിൽ നിലവിലുള്ള സംഘട്ടനത്തിന്റെ അടിസ്ഥാനത്തിൽ, ആ ബോധത്തെ മനസ്സിലാക്കുകയാണ് വേണ്ടത്"......"മൊത്തത്തിൽ ഏഷ്യാറ്റിക്കും പ്രാചീനവും ഫ്യൂഡലും ആധുനികബൂർഷ്വായുമായിട്ടുള്ള ഉൽപാദനരീതികളെ സമൂഹത്തിന്റെ സാമ്പത്തികഘടനയുടെ പുരോഗമനാത്മകമായ കാലഘട്ടങ്ങളായി ഗണിക്കാവുന്നതാണ്."(1866 ജൂലൈ 7 ന് എംഗൽസിനെഴുതിയ കത്തിൽ മാർക്സ് നൽകിയ സംക്ഷിപ്തമായ നിർവചനം നോക്കുക: "അധ്വാനത്തിന്റെ സംഘടനയെ നിർണയിക്കുന്നത് ഉൽപാദനോപാധികളാണെന്ന നമ്മുടെ സിദ്ധാന്തം.")

ചരിത്രത്തെ സംബന്ധിച്ച ഭൗതികവാദപരമായ ധാരണ ആവിഷ്ക്കരിക്കപ്പെട്ടതോടെ, അഥവാ ഭൗതികവാദത്തെ നീക്കുപോക്കില്ലാതെ മുന്നോട്ട് കൊണ്ടുപോവുകയും സാമൂഹ്യപ്രതിഭാസങ്ങളുടെ തുറയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തതോടെ, മുമ്പുണ്ടായിരുന്ന ചരിത്രസിദ്ധാന്തങ്ങളുടെ രണ്ടു പ്രധാനന്യൂനതകൾ നീക്കം ചെയ്യപ്പെട്ടു. ഒന്നാമത് അവ ഏറിവന്നാൽ ചരിത്രപരമായ സംഭവങ്ങ

Scanned b

ളിൽ പങ്കെടുക്കുന്ന വ്യക്തികളുടെ ആശയപരമായ ഉദ്ദേശങ്ങൾ പരിശോധിക്കുക മാത്രമേ ചെയ്തുള്ളു. അവ ആ ഉദ്ദേശങ്ങളുളവായതെങ്ങിനെയെന്ന് പരിശോധിക്കുകയോ സാമൂഹ്യബന്ധങ്ങളുടെ വ്യവസ്ഥാപിതമായ ചട്ടക്കൂടിന്റെ വികാസത്തെ നിയന്ത്രിക്കുന്ന വസ്തുനിഷ്ഠനിയമങ്ങൾ ഗ്രഹിക്കുകയോ ഭൗതികോല്പാദനത്തിന്റെ വികാസതോതിൽ ആ ബന്ധങ്ങളുടെ വേരുകൾ കാണുകയോ ചെയ്തില്ല. രണ്ടാമത്, മുൻ സിദ്ധാന്തങ്ങൾ ബഹുജനങ്ങളുടെ പ്രവർത്തനങ്ങളെ ഉൾക്കൊണ്ടിരുന്നില്ല. ചരിത്രപരമായ ഭൗതികവാദമാകട്ടെ ആദ്യമായി ബഹുജനങ്ങളുടെ ജീവിതത്തിന്റെ സാമുഹ്യസാഹചര്യങ്ങളേയും അവയിലുണ്ടാകുന്ന മാറ്റങ്ങളെയും പ്രക്രൃതിശാസ്ത്രത്തിന്റെ സൂക്ഷ്മതയോടെ പഠിക്കാനുള്ള സാദ്ധ്യതയുളവാക്കി. മാർക്സിസത്തിനുമുമ്പുണ്ടായിരുന്ന "സാമൂഹ്യശാസ്ത്ര"വും ചരിത്രശാസ്ത്രവും *ഏറിവന്നാൽ* അവിടവിടെ ശേഖരിച്ച അസംസ്കൃതവസ്തുതകളെ ഒന്നിച്ചുകുട്ടുകയും ചരിത്രപ്രക്രിയകളുടെ ഒറ്റയ്ക്കൊറ്റയ്ക്കുള്ള ചിലവശങ്ങൾ വെളിപ്പെടുത്തുകയും മാത്രമാണ് ചെയ്തത്. വിരുദ്ധപ്രവണതകളുടെ *സങ്കീർണമായ ആകത്തുക* പരിശോധിക്കുകയും, അവയെ സമൂഹത്തിലെ *വിവിധവർഗങ്ങളുടെ* സൂക്ഷ്മമായി നിർവചിക്കാവുന്ന ജീവിത-ഉൽപാദനസാഹചര്യങ്ങളുടെ രുപത്തിൽ നിർണയിക്കുകയും, മേധാവിത്വമുള്ള" ആശയഗതികൾ തിരഞ്ഞെടുക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്നതിൽ ആത്മനിഷ്ഠതയും തന്നിഷ്ടവും ഉപേക്ഷിക്കുകയും വിവിധപ്രവണതകളെല്ലാം തന്നെ ഒന്നൊഴിയാതെ ഭൗതികോല്പാദനശക്തികളിൽ നിന്നാണ് *ഉടലെടുക്കുന്നതെന്ന്* വെളിപ്പെടുത്തുകയും ചെയ്തുകൊണ്ട് മാർക്സിസം സാമുഹ്യ-സാമ്പത്തികസംവിധാനങ്ങളുടെ ഉത്ഭവത്തേയും വികാസത്തേയും അധ:പതനത്തേയുംകുറിച്ചുള്ള സർവതോമുഖവും സമഗ്രവുമായ പഠനത്തിന് വഴിതെളിച്ചു. ജനങ്ങൾ അവരുടെ സ്വന്തം ചരിത്രം സൃഷ്ടിക്കുന്നു. എന്നാൽ ജനങ്ങളുടെ, അതായത് ബഹുജനങ്ങളുടെ, ഉദ്ദേശങ്ങളെ നിർണയിക്കുന്നതെന്ത്; വിരുദ്ധങ്ങളായ ആശയഗതികളുടേയും അഭിലാഷങ്ങളുടേയും സംഘട്ടനത്തിലേക്ക് നയിക്കുന്നതെന്ത്; മനുഷ്യസമൂഹങ്ങളിലെല്ലാം തന്നെ നടക്കുന്ന ഈ സംഘട്ടനങ്ങളുടെ ആകത്തുകയെന്ത്; ചരിത്രപരമായി മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആധാരമായ ഭൗതികജീവിതോല്പാദനത്തിന്റെ വസ്തുനിഷ്ഠമായ സാഹചര്യങ്ങളേവ; ഈ സാഹചര്യങ്ങളുടെ വികാസ നിയമമെന്ത്-ഇവയിലേക്കെല്ലാം മാർക്സ് ശ്രദ്ധക്ഷണിക്കുകയും ചരിത്രത്തെ അതിന്റെ എല്ലാ വൈവിധ്യത്തോടും വൈരുദ്ധ്യത്തോടും കുടി വ്യക്തമായ നിയമങ്ങൾക്ക് വിധേയമായ ഒരൊറ്റ പ്രക്രിയയെന്ന നിലയ്ക്ക് ശാസ്ത്രീയമായി പഠിക്കാനുള്ള വഴി ചൂണ്ടിക്കാട്ടുകയും ചെയ്തു.

Scanned by CamScanner

# വർഗസമരം

ഏത് സമൂഹത്തിലും അതിലെ ചില അംഗങ്ങളുടെ അഭിലാഷങ്ങൾ മറ്റുള്ളവരുടേതുമായി ഏറ്റുമുട്ടുന്നു; സാമൂഹ്യജീവിതം വൈരുദ്ധ്യ ജടിലമാണ്; ജനവിഭാഗങ്ങളും സമൂഹങ്ങളും തമ്മിൽത്തമ്മിലും ജനവിഭാഗങ്ങൾക്കും സമൂഹങ്ങൾക്കുമുള്ളിലും സമരം നടക്കുന്നതായി ചരിത്രം വെളിപ്പെടുത്തുന്നു, അതിനുപുറമേ വിപ്ലവത്തിന്റേയും പിന്തിരിപ്പത്തത്തിന്റേയും സമാധാനത്തിന്റേയും യുദ്ധത്തിന്റേയുംവളർച്ചമുട്ടിനിൽക്കലിന്റേയും ത്വരിതപുരോഗതി യുടേയും (അല്ലെങ്കിൽ അധോഗതിയുടേയും) കാലഘട്ടങ്ങൾ മാറിമാറി വരുന്നതായും ചരിത്രം വെളിപ്പെടുത്തുന്നു- ഇതെല്ലാം പൊതുവിൽ അറിയാവുന്ന വസ്തുതകളാണ്. പ്രത്യക്ഷത്തിൽ കുഴഞ്ഞുമറി ഞ്ഞതും അരാജകത്വമയവുമായിത്തോന്നുന്ന ഇതിനെയെല്ലാം നിയന്ത്രിക്കുന്ന നിയമങ്ങൾ കണ്ടുപിടിക്കുന്നതിന് മാർക്സിസം നമുക്ക് നൽകിയിട്ടുള്ള മാർഗദർശനമാണ് വർഗസമരസിദ്ധാന്തം. ഒരു സമൂഹത്തിലേയോ ഏതാനും സമൂഹങ്ങളിലേയോ എല്ലാ അംഗങ്ങളു ടേയും അഭിലാഷങ്ങളുടെ സങ്കീർണമായ ആകെത്തുക പഠിച്ചാൽ മാത്രമേ ആ അഭിലാഷങ്ങളുടെ പരിണതഫലത്തെ ശാസ്ത്രീയമായി നിർവചിക്കാൻ കഴിയു. ഒരോ സമൂഹത്തിനകത്തും വേർതിരിഞ്ഞു നിൽക്കുന്ന വർഗങ്ങളുടെ നിലപാടിലും ജീവിതസാഹചര്യങ്ങളിലു മുള്ള വ്യത്യാസമാണ് വിരുദ്ധാഭിലാഷങ്ങളുടെ ഉറവിടമായി സ്ഥിതി ചെയ്യുന്നത്. "നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമൂഹങ്ങളുടേയും ചരിത്രം വർഗസമരത്തിന്റെ ചരിത്രമാണ്, " "കമ്മ്യൂണിസ്റ്റ് മാനി ഫെസ്റ്റോ"യിൽ മാർക്സ് എഴുതി (ആദിമ സമൂഹത്തിന്റെ ചരിത്രമൊ ഴികെ എന്ന് എംഗൽസ് പിന്നീട് കൂട്ടിച്ചേർക്കുകയുമുണ്ടായി) . "സ്വതന്ത്രനും അടിമയും, കുലീനനും ഹീനനും, ജന്മിയും അടിയാനും, ഗിൽഡ് മാസ്റ്ററും വേലക്കാരനും-ചുരുക്കിപ്പറഞ്ഞാൽ മർദ്ദകനും മർദ്ദിതനും- തീരാവൈരികളായിനിന്ന്, ചിലപ്പോൾ ഒളിഞ്ഞും ചിലപ്പോൾ തെളിഞ്ഞും ഇടതടവില്ലാതെ പോരാട്ടം നടത്തിയിട്ടുണ്ട്. സമൂഹത്തിന്റേയാകെയുള്ള വിപ്ലവകരമായ പുനസ്സംഘടനയിലോ മത്സരിക്കുന്ന വർഗങ്ങളുടെ പൊതുനാശത്തിലോ ആണ് ഈ പോരാട്ടം ഒരോ അവസരത്തിലും ചെന്നെത്തിയിട്ടുള്ളത്...... ചീഞ്ഞു നശിച്ച നാടുവാഴിത്തസമൂഹത്തിൽ നിന്ന് മുളയെടുത്ത ഇന്നത്തെ ബൂർഷ്വാസമൂഹം വർഗവൈരുദ്ധ്യങ്ങൾ ഇല്ലായ്മ ചെയ്തിട്ടില്ല. പഴയ

Scanned by CamScanner

വർഗങ്ങളുടേയും മർദ്ദനസമ്പ്രദായങ്ങളുടേയും സമരരീതികളുടേയും സ്ഥാനത്ത് പുതിയ വർഗങ്ങളും പുതിയ മർദ്ദനസമ്പ്രദായങ്ങളും പുതിയ സമരരീതികളും സൃഷ്ടിക്കുക മാത്രമാണ് അത് ചെയ്തിട്ടുള്ളത്. എന്നാൽ നമ്മുടെ കാലഘട്ടത്തിന് – ബൂർഷ്വാകാലഘട്ടത്തിന്– ഈയൊരു സവിശേഷസ്വഭാവമുണ്ട്: അത് വർഗവൈരുദ്ധ്യങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. സമൂഹമാകെത്തന്നെ രണ്ടു ഗംഭീരശത്രുപാളയങ്ങളായി, പരസ്പരം അഭിമുഖമായി നിൽക്കുന്ന രണ്ട് വൻവർഗങ്ങളായി– ബൂർഷ്വാസിയും തൊഴിലാളിവർ ഗവുമായി–കൂടുതൽകൂടുതൽ ചേരിതിരിഞ്ഞുകൊ ണ്ടിരിക്കുകയാണ്.'' മഹത്തായ ഫ്രഞ്ചുവിപ്ലവത്തിനു ശേഷമിങ്ങോട്ടുള്ള യുറോപ്യൻ ചരിത്രം സംഭവഗതികൾക്കിടയിലുള്ള ഈ അന്തർധാരയെ–അതായത് വർഗങ്ങളുടെ സമരത്തെ– പല രാജ്യങ്ങളിലും വളരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ഫ്രഞ്ചു ചരിത്രമാകെ ഗ്രഹിക്കാനുതകുന്ന ഘടകം വർഗസമരമാണെന്ന് സംഭവങ്ങളെ സാമാന്യവൽക്കരിച്ചുകൊണ്ട് അംഗീകരിക്കാൻ നിർബ്ബന്ധിതരായ ഒട്ടേറെ ചരിത്രകാരന്മാരെ (ത്യെറി,ഗിസോ,മിന്യെത്യേർ) ഫ്രാൻസിലെ രാജാധികാരപുനഃസ്ഥാപനഘട്ടം[22]തന്നെ സംഭാവനചെയ്തിട്ടുണ്ട്, ബൂർഷ്വാസിയുടെ പരിപൂർണവിജയത്തിന്റേയും പ്രതിനിധിസ്ഥാപനങ്ങളുടേയും വിപുലമായ (സാർവത്രികമല്ലെങ്കിൽക്കൂടി) സമ്മതിദാനത്തിന്റേയും ചുരുങ്ങിയ വിലയും വിപുലമായ പ്രചാരവുമുള്ള ദിനപ്പത്രങ്ങളുടേയും മറ്റും ഇന്നത്തെ കാലഘട്ടത്തിൽ, സുശക്തവും നിരന്തരം വിപുലമായികൊണ്ടിരിക്കുന്നതുമായ തൊഴിലാളിയുണിയ നുകളുടേയും മുതലാളിസംഘടനകളുടേയും മറ്റും ഈ കാലഘട്ടത്തിൽ, വർഗസമരമാണ് സംഭവഗതികളുടെ നീരുറവയെന്ന്പൂർവാധികം പ്രകടമായി (ചിലപ്പോൾ വളരെ ഏകപക്ഷീയവും ''സമാധാനപരവും" "വ്യവസ്ഥാപിതവു"മായ രൂപത്തിലാണെങ്കിലും) വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആധുനിക സമൂഹത്തിലെ ഒരോ വർഗത്തിന്റേയും വളർച്ചയുടെ സാഹചര്യങ്ങളെക്കുറിച്ചുള്ള അപഗ്രഥനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് സാമൂഹ്യശാസ്ത്രം എങ്ങിനെയാണ് ഒരോ വർഗത്തിന്റേയും നിലപാടിനെ വസ്തുനിഷ്ഠമായി അപഗ്രഥിക്കേണ്ടതെന്ന് മാർക്സിന്റെ "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യിൽ നിന്ന് താഴെക്കൊടുക്കുന്ന ഉദ്ധരണി നമുക്ക് കാട്ടിത്തരുന്നതാണ്;''ഇന്ന് ബൂർഷ്വാസിക്ക് അഭിമുഖമായി നിൽക്കുന്ന എല്ലാവർഗങ്ങളിലും വച്ച് യഥാർത്ഥ വിപ്ലവകാരിയായ ഒരേയൊരു വർഗം തൊഴിലാളിവർഗമാണ്. ആധുനിക വൻകിടവ്യവസായത്തിന്റെ മുമ്പിൽ മറ്റുവർഗങ്ങളെല്ലാം ക്ഷയിച്ചുപോകുന്നു, അവസാനം അപ്രത്യക്ഷമാകുന്നു. തൊഴിലാളിവർഗമാകട്ടെ, അതിന്റെ പ്രത്യേകസന്തതിയാണ്, അതിന്റെ സവിശേഷസൃഷ്ടിയാണ്. ഇടത്തരത്തിൽപ്പെട്ട വിഭാഗങ്ങളെന്ന നിലയ്ക്ക് തങ്ങളുടെ നിലനിൽപ് നാശമടയാതെ കഴിക്കാൻവേണ്ടി കീഴേക്കിടയിലുള്ള ഇടത്തരക്കാർ, ചെറുകിടവ്യാവസായികൾ, ഷാപ്പുടമകൾ, കൈവേലക്കാർ, കൃഷിക്കാർ മുതാലായവരെല്ലാം ബൂർഷ്വാസിയുമായി പോരാടുന്നു. അതുകൊണ്ട് അവർ വിപ്ലവകാരികളാകുന്നില്ല. അവർ യഥാസ്ഥിതികന്മാരാണ്, പോരാ,

Scanned by CamScanner

പിന്തിരിപ്പന്മാരാണ്. കാരണം അവർ ചരിത്രത്തിന്റെ ഗതി പുറകോട്ടു തിരിക്കാനാണ് ശ്രമിക്കുന്നത്. ഇനി സംഗതിവശാൽ അവർ വിപ്ലവകാരികളാണെങ്കിൽ അതിനുള്ള കാരണം അവർ താമസിയാതെ തൊഴിലാളിവർഗത്തിലേക്ക് മാറ്റം ചെയ്യപ്പെടുമെന്ന വസ്തുത മാത്രമാണ്. അപ്പോൾ തങ്ങളുടെ ഭാവി താൽപര്യങ്ങളെയാണ്, ഇന്നത്തെ താൽപര്യങ്ങളെയല്ല അവർ സംരക്ഷിക്കുന്നത്. തൊഴിലാളി വർഗത്തിന്റെ നിലപാട് സ്വീകരിക്കാൻവേണ്ടി അവർ സ്വന്തം നിലപാട് ഉപേക്ഷിക്കുന്നു," ഭൗതികവാദപരമായ ചരിത്രശാസ്ത്രത്തിന്റേയും "ഒരോ വർഗസമരവും രാഷ്ട്രീയസമരമാകുന്നത് "[23] എന്തുകൊണ്ട്, എങ്ങിനെ എന്ന് വ്യക്തമായി കാണിച്ചുകൊണ്ട് *ഒരോ* വർഗത്തിന്റെയും ചിലപ്പോൾ ഒരു വർഗത്തിനകത്തെ വിവിധഗ്രൂപ്പുകളുടെയും അല്ലെങ്കിൽ വിഭാഗങ്ങളുടെയും നിലപാടിനെക്കുറിച്ചുള്ള അപഗ്രഥനത്തിന്റെയും ഉജ്ജ്വലവും അവഗാഢവുമായ ദൃഷ്ടാന്തങ്ങൾ ചരിത്രപ്രധാനമായ ഒട്ടേറെ കൃതികളിൽ മാർക്സ് നൽകുന്നുണ്ട്. (ഗ്രന്ഥസൂചിക നോക്കുക) സാമുഹ്യബന്ധങ്ങളുടേയും രണ്ട് വർഗങ്ങൾക്കിടയ്ക്കുള്ളതും ഭൂതകാലത്തിനും ഭാവിക്കുമിടയ്ക്കുള്ളതുമായ *പരിവർത്തനഘട്ട*ങ്ങളുടേയും എത്ര സങ്കീർണമായ ശ്രേണിയെയാണ് ചരിത്രവികാസത്തിന്റെ പരിണതഫലം നിർണയിക്കാൻവേണ്ടി മാർക്സ് വിശകലനം ചെയ്യുന്നതെന്ന് മുകളിൽ ഉദ്ധരിച്ച ഭാഗം തെളിയിക്കുന്നു.

മാർക്സിന്റെ സിദ്ധാന്തത്തിന്റെ ഏറ്റവും അഗാധവും സമഗ്രവും സവിസ്തരവുമായ സാധുകരണവും പ്രയോഗവും അദ്ദേഹത്തിന്റെ സാമ്പത്തിക സിദ്ധാന്തമാണ്.

Scanned by CamScanner

# മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം

“ആധുനികസമൂഹത്തിന്റെ”(അതായത്, മുതലാളിത്തസമൂഹത്തിന്റെ, ബൂർഷ്വാസമൂഹത്തിന്റെ)“ചലനത്തെ നിയന്ത്രിക്കുന്ന സാമ്പത്തികനിയമം വെളിപ്പെടുത്തുകയെന്നതാണ് ഈ കൃതിയുടെ പരമമായ ലക്ഷ്യം”, എന്ന് മാർക്സ് “മുലധന”ത്തിനുള്ള മുഖവുരയിൽ പറയുന്നു. ചരിത്രപരമായി നിർവചിക്കപ്പെട്ടിട്ടുള്ള ഒരു സമൂഹത്തിലെ ഉൽപാദനബന്ധങ്ങളെ—അവയുടെ ഉത്ഭവം, വളർച്ച, നാശം എന്നിവയെ—പരിശോധിക്കുകയെന്നതാണ് മാർക്സിന്റെ സാമ്പത്തിക സിദ്ധാന്തത്തിന്റെ പൊരുൾ. മുതലാളിത്ത സമൂഹത്തിൽ ചരക്കുകളുടെ ഉൽപാദനമാണ് മുന്തിനിൽക്കുന്നത്. അതുകൊണ്ട് ചരക്കുകളെക്കുറിച്ചുള്ള വിശകലനത്തോടുകുടിയാണ് മാർക്സിന്റെ വിശകലനം തുടങ്ങുന്നത്.

Scanned by CamScanner

# മൂല്യം

ഒരു ചരക്ക് ഒന്നാമത് മനുഷ്യന്റെ ഒരാവശ്യം നിറവേറ്റുന്ന സാധനമാണ്.രണ്ടാമത് മറ്റൊന്നിനുവേണ്ടി കൈമാറാവുന്ന സാധനമാണ്. ഒരു സാധനത്തിന്റെ ഉപയോഗയോഗ്യത അതിനെ ഒരു *ഉപയോഗമൂല്യമാക്കുന്നു*. വിനിമയമൂല്യം (അല്ലെങ്കിൽ വെറും മൂല്യം) ഒന്നാമതായി ഒരു തരത്തിലുള്ള കുറേ ഉപയോഗമൂല്യങ്ങൾ മറ്റൊരു തരത്തിലുള്ള കുറേ ഉപയോഗമൂല്യങ്ങളായി കൈമാറ്റം ചെയ്യുന്ന അംശബന്ധത്തിന്റെ, അനുപാതത്തിന്റെ, രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. ഇത്തരത്തിലുള്ള ലക്ഷോപലക്ഷം കൈമാറ്റങ്ങൾ എല്ലാത്തരം ഉപയോഗമൂല്യങ്ങളേയും, അങ്ങേയറ്റം വിഭിന്നവും അന്യോന്യം താരതമ്യപ്പെടുത്താൻ കഴിയാത്തതുമായവപോലും, നിരന്തരമായി സമാനമാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്ന് ദൈനംദിനാനുഭവം നമുക്ക് കാട്ടിത്തരുന്നു. ഈ വിവിധസാധനങ്ങൾക്ക്, സാമൂഹ്യബന്ധങ്ങളുടെ ഒരു നിശ്ചിതവ്യവസ്ഥയ്ക്കുള്ളിൽ നിരന്തരമായി പരസ്പരം സമാനമാക്കപ്പെടുന്ന ഈ സാധനങ്ങൾക്ക്, പൊതുവായിട്ടെന്താണുള്ളത്? അവ അദ്ധ്വാനത്തിന്റെ ഉൽപന്നങ്ങളാണെന്നതാണ് അവയ്ക്ക് പൊതുവായിട്ടുള്ളത്. ഉൽപന്നങ്ങൾ കൈമാറുമ്പോൾ ആളുകൾ അദ്ധ്വാനത്തിന്റെ അങ്ങേയറ്റം വൈവിധ്യമാർന്ന രൂപഭേദങ്ങളെ സമാനമാക്കുകയാണ് ചെയ്യുന്നത്. വ്യക്തികളായ ഉല്പാദകർ പലതരം ഉൽപന്നങ്ങൾ സൃഷ്ടിക്കുകയും(സാമൂഹ്യമായ തൊഴിൽവിഭജനം)ആ ഉൽപന്നങ്ങളെയെല്ലാം വിനിമയത്തിലൂടെ സമാനമാക്കുകയും ചെയ്യുന്ന സാമൂഹ്യബന്ധങ്ങളുടെ ഒരു വ്യവസ്ഥയാണ് ചരക്കുല്പാദനം. അങ്ങനെ എല്ലാ ചരക്കുകൾക്കും പൊതുവായിട്ടുള്ളത് ഒരു പ്രത്യേക ഉൽപാദന ശാഖയിലെ സമൂർത്തമായ അദ്ധ്വാനമല്ല. ഒരു പ്രത്യേകതരത്തിലുള്ള അദ്ധ്വാനമല്ല, നേരെമറിച്ച് മൂർത്തമായ മാനുഷികാദ്ധ്വാനമാണ്. പൊതുവിലുള്ള മാനുഷ്യകാദ്ധ്വാനമാണ്. എല്ലാ ചരക്കുകളുടെയും മൂല്യങ്ങളുടെ ആകെത്തുകയായിട്ടുള്ള, ഒരു സമൂഹത്തിലെ അദ്ധ്വാനശക്തിയാകെത്തന്നെ ഒരേയൊരു മാനുഷ്യകാദ്ധ്വാനശക്തിയാണ്: ലക്ഷോപലക്ഷം വനിമയനടപടികൾ ഇതു തെളിയിക്കുന്നു. തൽഫലമായി ഒരോ പ്രത്യേകചരക്കും സാമൂഹ്യമായി ആവശ്യമായിട്ടുള്ള അദ്ധ്വാനസമയത്തിന്റെ ഒരോഹരിയെ മാത്രമേ കുറിക്കുന്നുള്ളൂ. സാമൂഹ്യമായി ആവശ്യമായിട്ടുള്ള അദ്ധ്വാനമാണ്, അഥവാ ഒരു നിശ്ചിത ചരക്കിന്റെ,

Scanned by CamScanner

ഉപയോഗമൂല്യത്തിന്റെ, ഉൽപാദനത്തിന് സാമൂഹ്യമായി ആവശ്യമായിട്ടുള്ള അദ്ധ്വാനസമയമാണ്, മൂല്യത്തിന്റെ അളവ് നിർണയിക്കുന്നത്. "വിനിമയത്തിലൂടെ നാം നമ്മുടെ വ്യത്യസ്ത ഉല്പന്നങ്ങളെ മൂല്യങ്ങളെന്ന നിലയ്ക്ക് സമാനമാക്കുമ്പോഴെല്ലാം ആ പ്രവൃത്തിയിലൂടെ നാം അവയ്ക്കുവേണ്ടി ചെലവഴിച്ച അദ്ധ്വാനത്തിന്റെ രൂപഭേദങ്ങളെ മാനുഷികാദ്ധ്വാനമെന്ന നിലയ്ക്ക് സമാനമാക്കുക കൂടി ചെയ്യുന്നു. നാം ഇതറിയുന്നില്ല. എങ്കിൽക്കൂടി അതാണ് നാം ചെയ്യുന്നത്."[24] മുമ്പുള്ള ധനശാസ്ത്രജ്ഞന്മാരിലൊരാൾ പറഞ്ഞതുപോലെ മൂല്യമെന്നത് രണ്ടാളുകൾ തമ്മിലുള്ള ഒരു ബന്ധമാണ്; പദാർത്ഥങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ മൂടുപടമിട്ട ബന്ധമെന്നുകൂടി അദ്ദേഹം പറയേണ്ടതായിരുന്നുവെന്നുമാത്രം. ചരിത്രപരമായ ഒരു പ്രത്യേകസാമൂഹ്യസംവിധാനത്തിലെ സാമൂഹ്യോല്പാദന ബന്ധങ്ങളുടെ വൻതോതിൽ നടക്കുന്നതും ലക്ഷോപലക്ഷം തവണ ആവർത്തിക്കപ്പെടുന്നതുമായ വിനിമയപ്രക്രിയയിൽ പ്രകടമാവുന്ന പ്രസ്തുത ബന്ധങ്ങളുടെ, നിലപാടിൽനിന്ന് പരിഗണിക്കുമ്പോൾ മാത്രമേ മൂല്യമെന്നാൽ എന്താണെന്ന് നമുക്ക് മനസ്സിലാക്കാനൊക്കൂ. "മൂല്യങ്ങളെന്ന നിലയ്ക്ക് എല്ലാ ചരക്കുകളും ഘനീഭവിച്ച അദ്ധ്വാനസമയത്തിന്റെ നിശ്ചിതമായ അംശങ്ങൾ മാത്രമാണ്."[25] ചരക്കുകളിൽ ഉൾക്കൊണ്ടിട്ടുള്ള അദ്ധ്വാനത്തിന്റെ ദ്വിമുഖസ്വഭാവത്തെ വിശദമായി വിശകലനം ചെയ്ത ശേഷം മാർക്സ് തുടർന്ന് മൂല്യരൂപങ്ങളേയും പണത്തേയും വിശകലനം ചെയ്യുന്നു. പണത്തിന്റെ രൂപത്തിലുള്ള മൂല്യത്തിന്റെ ഉത്ഭവം പഠിക്കുകയെന്നതാണ്, ഒറ്റതിരിഞ്ഞ, യാദൃച്ഛികമായ വിനിമയങ്ങളിൽനിന്ന് (ഒരു ചരക്കിന്റെ ഒരു നിശ്ചിത അളവ് മറ്റൊരു ചരക്കിന്റെ നിശ്ചിത അളവുമായി കൈമാറ്റം ചെയ്യപ്പെടുന്ന "പ്രാഥമികമോ യാദൃച്ഛികമോ ആയ മൂല്യരൂപം") വ്യത്യസ്തങ്ങളുമായ അനേകം ചരക്കുകൾ ഒരേയൊരു പ്രത്യേകചരക്കുമായി കൈമാറ്റം ചെയ്തുകൊണ്ടുള്ള സാർവത്രികമായ മൂല്യരൂപത്തിലേക്കും സ്വർണംം ഒരു പ്രത്യേക ചരക്കായി സാർവത്രികമായ സമമൂല്യമായിത്തീർന്നുകൊണ്ടുള്ള, പണത്തിന്റെ രൂപത്തിലുള്ള മൂല്യത്തിലേക്കും വിനിമയം വളർന്നുവരുന്നതിന്റെ ചരിത്രപരമായ പ്രക്രിയ പഠിക്കുകയെന്നതാണ്, ഇവിടെ മാർക്സിന്റെ പ്രധാനകടമ. വിനിമയത്തിന്റേയും ചരക്കുല്പദാനത്തിന്റേയും വളർച്ചയുടെ ഏറ്റവുമുയർന്ന ഫലമെന്ന നിലയക്ക് പണം വ്യക്തിപരമായ എല്ലാ അദ്ധ്വാനത്തിന്റേയും സാമൂഹ്യസ്വഭാവത്തെ, കമ്പോളത്താൽ ഏകീകരിക്കപ്പെടുന്ന ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഉൽപാദകർ തമ്മിലുള്ള സാമൂഹ്യബന്ധങ്ങളെ,മൂടിവയ്ക്കുകയും ഒളിച്ചുവയ്ക്കുകയും ചെയ്യുന്നു. പണത്തിന്റെ വിവിധധർമ്മങ്ങളെ മാർക്സ് വളരെ വിശദമായി വിശകലനം ചെയ്യുന്നുണ്ട്. അമൂർത്തവും പ്രത്യക്ഷത്തിൽ ചിലപ്പോൾ തികച്ചും അനുമാനരീതിയിലുള്ളതുമാണെന്ന് തോന്നാവുന്ന പ്രതിപാദനരീതി സ്വീകരിച്ചുകൊണ്ട് വിനിമയത്തിന്റേയും ചരക്കുല്പാദാനത്തിന്റേയും വളർച്ചയുടെ ചരിത്രത്തെ സ്സംബന്ധിച്ച വസ്തുക്കളുടെ ഒരു കുറ്റൻ കൂമ്പാരത്തെ യഥാർത്ഥത്തിൽ അദ്ദേഹം കൈകാര്യം ചെയ്യുന്നുണ്ടെന്ന വസ്തുത ഇവിടെ

Scanned by CamScanner

("മൂലധന"ത്തിന്റെ ആദ്യത്തെ അദ്ധ്യായങ്ങളിൽ പൊതുവിലെന്നപോലെ) പ്രത്യേകിച്ചും ഓർക്കേണ്ടതുണ്ട്. "നാം പണത്തെക്കുറിച്ച് പരിഗണിക്കുകയാണെങ്കിൽ, ചരക്കുവിനിമയത്തിലെ ഒരു പ്രത്യേകഘട്ടത്തെയാണ് അത് സൂചിപ്പിക്കുന്നത്. ചരക്കുകളുടെ വെറുമൊരു സമമൂല്യം, പരിക്രമണോപാധി, പ്രതിഫലം നൽകാനുള്ള ഉപാധി, പൂഴ്ത്തിവച്ചിട്ടുള്ള ധനം, സാർവത്രികമായ പണം എന്നിങ്ങനെ പല രീതികളിലായി പണം നിർവഹിക്കുന്ന പ്രത്യേകധർമ്മങ്ങൾ അവയിലേതിന്റെയെങ്കിലും വ്യാപ്തിയും താരതമ്യേനയുള്ള പ്രാബല്യവുമനുസരിച്ച് സാമൂഹ്യോല്പാദനപ്രക്രിയയിലെ വളരെ വ്യത്യസ്തമായ ഘട്ടങ്ങളെ കുറിക്കുന്നു" ("മൂല്യധനം",വാള്യം1).[26]

Scanned by CamScanner

# മിച്ചമൂല്യം

ചരക്കുല്പാദനത്തിന്റെ വളർച്ചയുടെ ഒരു പ്രത്യേകഘട്ടത്തിൽ പണം മൂലധനമായി മാറുന്നു.ച-പ-ച (ചരക്ക്-പണം-ചരക്ക് ) എന്നതായിരുന്നു ചരക്കുകളുടെ പരിക്രമണത്തിന്റെ ഫോർമുല. അതായത്, മറ്റൊരു ചരക്ക് വാങ്ങാൻ വേണ്ടി ഒരു ചരക്ക് വിൽക്കുക. നേരെമറിച്ച്, മൂലധനത്തിന്റെ പൊതുഫോർമുല പ-ച-പ ആണ്. അതായത് (ലാഭത്തിൽ)വിൽക്കാൻവേണ്ടി വാങ്ങുക. പരിക്രമണ രംഗത്തിറക്കിയ പണത്തിന്റെ ആദ്യത്തെ മൂല്യത്തിന് സംഭവിക്കുന്ന വർദ്ധനവിനെ മാർക്സ് മിച്ചമൂല്യമെന്ന് വിളിക്കുന്നു. മുതലാളിത്തപരിക്രമണത്തിൽ പണം ഇങ്ങനെ "വളരുന്നു"വെന്ന വസ്തുത സുവിദിതമാണ്. ഈ "വളർച്ച"യാണ് പണത്തെ സവിശേഷവും ചരിത്രപരമായി നിർവചിക്കപ്പെട്ടിട്ടുള്ളതുമായ ഒരു സാമൂഹ്യോല്പാദനബന്ധമെന്ന നിലയ്ക്ക് *മൂലധനമായി* മാറ്റുന്നത്.ചരക്കുകളുടെ പരിക്രമണത്തിൽ സമമൂല്യങ്ങൾ മാത്രമേ വിനിമയം ചെയ്യപ്പെടുന്നുള്ളു. വിലവർദ്ധ നവിൽനിന്നുംഅതുണ്ടാവാൻസാദ്ധ്യമല്ല.കാരണം, വാങ്ങുന്നവരുടെയും വിൽക്കുന്നവരുടെയും ലാഭനഷ്ടങ്ങൾ അന്യോന്യം സമീകരിക്കപ്പെടുന്നു. എന്നാൽ ഇവിടെ നാം കാണുന്നത് ഒരു ഒറ്റതിരിഞ്ഞ പ്രതിഭാസമല്ല, വ്യാപകമായി, ശരാശരിക്കണക്കിൽ നടക്കുന്ന ഒരു സാമൂഹ്യപ്രതിഭാസമാണ്. മിച്ചമൂല്യം ലഭിക്കുന്നതിന് പണത്തിന്റെ ഉടമ "മൂല്യത്തിന്റെ ഉറവിടമെന്ന പ്രത്യേകസവിശേഷതയുള്ള ഒരു ചരക്ക് കമ്പോളത്തിൽ കണ്ടുപിടിക്കണം." [27] ഉപഭോഗപ്രക്രിയ നടക്കുമ്പോൾ തന്നെ മൂല്യരൂപീകരണപ്രക്രിയകൂടി നടക്കുന്ന ഒരു ചരക്കായിരിക്കണമത്. അത്തരമൊരു ചരക്ക് നിലവിലുണ്ട്. മാനുഷികാദ്ധ്വാനശക്തിയാണത്. അതിന്റെ ഉപഭോഗം അദ്ധ്വാനമാണ്. അദ്ധ്വാനം മൂല്യം സൃഷ്ടിക്കുകയും ചെയ്യുന്നു. പണമുടമ അധ്വാനശക്തിയെ അതിന്റെ മൂല്യത്തിനു വാങ്ങുന്നു. മറ്റേതൊരു ചരക്കിന്റേയും മൂല്യംപോലെ അത് നിർണയിക്കുന്നത് അതിന്റെ ഉൽപാദത്തിനുവേണ്ടി വരുന്ന, സാമൂഹ്യമായി ആവശ്യമായ അദ്ധ്വാനമാണ്. (അതായത്, തൊഴിലാളിയേയും അവന്റെ കുടുംബത്തേയും നിലനിറുത്താനാ വശ്യമായ ചെലവ്). അദ്ധ്വാനശക്തി വാങ്ങിക്കഴിഞ്ഞശേഷം പണമുടമയ്ക്ക് അതുപയോഗിക്കാൻ, അതായത്, ദിവസം മുഴുവൻ—പന്ത്രണ്ട് മണിക്കൂറെന്ന വിചാരിക്കാം—അതിനെക്കൊണ്ട് പ്രവർത്തിപ്പിക്കാൻ, അവകാശമുണ്ട്. എന്നാൽ

Scanned by CamScanner

ആറുമണിക്കൂർ കൊണ്ട് ("ആവശ്യമായ" അദ്ധ്വാനസമയം) തൊഴിലാളി അവന്റെ സ്വന്തം നിലനിൽപിനുള്ള ചെലവിനാവശ്യമായ ഉൽപന്നമുണ്ടാക്കുന്നു. അടുത്ത ആറുമണിക്കൂറിൽ ("മിച്ചമായ" അദ്ധ്വാനസമയം) അവൻ "മിച്ചോ"ല്പന്നം അഥവാ മിച്ചമൂല്യമാണുണ്ടാക്കുന്നത്. അതിനു മുതലാളി യാതൊന്നും നൽകുന്നില്ല. അതുകൊണ്ട് ഉൽപാദനപ്രക്രിയയുടെ നിലപാടിൽനിന്ന് നോക്കുമ്പോൾ മൂലധനത്തിൽ രണ്ടു ഭാഗങ്ങളെ വേർതിരിച്ചു കാണേണ്ടതുണ്ട്: ഉൽപാദനോപാധികൾക്കുവേണ്ടി (യന്ത്രസാമഗ്രഗികൾ, ഉപകരണങ്ങൾ, അസംസ്കൃതപദാർത്ഥങ്ങൾ മുതലായവ) വിനിയോഗിക്കുന്ന സ്ഥിരമൂലധനമാണൊന്ന്. അതിലടങ്ങിയ മൂല്യം യാതൊരു മാറ്റവും കൂടാതെ (ഒന്നിച്ചോ ഭാഗംഭാഗമായോ) സംസ്കൃതോല് പാദനത്തിലേക്ക് പകരുന്നു. അദ്ധ്വാനശക്തിയ്ക്കുവേണ്ടി വിനിയോഗിക്കുന്ന അസ്ഥിരമൂലധനമാണ് മറ്റേത്. ഇതിന്റെ മൂല്യം സ്ഥിരമല്ല. ഉൽപാദനപ്രക്രിയയ്ക്കിടയിൽ അത് വളരുകയും മിച്ചമൂല്യമുണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് മൂലധനം അദ്ധ്വാനശക്തിയുടെമേൽ നടത്തുന്ന ചൂഷണത്തിന്റെ തോത് പ്രകടിപ്പിക്കുവാൻ മിച്ചമൂല്യത്തെ, മുഴുവൻ മൂലധനവുമായിട്ടല്ല അസ്ഥിരമൂലധനവുമായി മാത്രമാണ് താരതമ്യപ്പെടുത്തേണ്ടത്. അങ്ങനെ, മുകളിൽക്കൊടുത്ത ഉദാഹരണത്തിൽ, മിച്ചമൂല്യത്തിന്റെ നിരക്ക് —അങ്ങനെയാണ് മാർക്സ് ഈ അംശബന്ധത്തെ വിളിക്കുന്നത്—6:6, അതായത്,100 ശതമാനം, ആയിരിക്കും

മൂലധനത്തിന്റെ ഉത്ഭവത്തിനുള്ള ചരിത്രപരമായ പൂർവോപാധികൾ ഇവയാണ്: ഒന്നാമത് വ്യക്തികളുടെ കൈകളിൽ കുറേ പണം സഞ്ചയിക്കുകയും പൊതുവിൽ ചരക്കുല്പാദനത്തിന്റെ വളർച്ച താരതമ്യേന ഉയർന്ന നിലവാരത്തിലായിരിക്കുകയും ചെയ്യുക; രണ്ടാമത്, രണ്ടർത്ഥത്തിൽ "സ്വതന്ത്ര"നായിട്ടുള്ള തൊഴിലാളിയുണ്ടായിരിക്കുക: തന്റെ അദ്ധ്വാനശക്തി വിൽക്കുന്ന കാര്യത്തിൽ അവൻ എല്ലാ നിയന്ത്രണങ്ങളിൽനിന്നും തടസ്സങ്ങളിൽ നിന്നും സ്വതന്ത്രനായിരിക്കണം; അവൻ ഭൂമിയിൽ നിന്നും പൊതുവിൽ എല്ലാ ഉൽപാദനോപാധികളിൽനിന്നും സ്വതന്ത്രനായിരിക്കണം. തന്റെ അദ്ധ്വാനശക്തി വിൽക്കാതെ നിലനിൽക്കാൻ കഴിയാത്ത, തികച്ചും ബന്ധമോചനം സിദ്ധിച്ച "സ്വതന്ത്ര"നായ ഒരു വേലക്കാരൻ, ഒരു "പ്രോലിറ്റേറിയൻ", ആയിരിക്കണം അവൻ

മിച്ചമൂല്യം വർദ്ധിപ്പിക്കാൻ രണ്ട് പ്രധാനമാർഗങ്ങളുണ്ട്: തൊഴിൽ ദിവസം ദീർഘിപ്പിക്കുക ("നിരപേക്ഷമിച്ചമൂല്യം"); ആവശ്യമായ തൊഴിൽദിവസത്തിന്റെ ദൈർഘ്യം കുറയ്ക്കുക("സാപേക്ഷമിച്ചമൂല്യം"). ആദ്യത്തെ മാർഗം വിശകലനം ചെയ്തുകൊണ്ട് മാർക്സ് തൊഴിൽദിവസത്തിന്റെ ദൈർഘ്യം കുറയ്ക്കാനുള്ള തൊഴിലാളി വർഗസമരത്തിന്റേയും തൊഴിൽദിവസം ദീർഘിപ്പിക്കുവാനും (പതിന്നാലാം നൂറ്റാണ്ടു മുതൽ പതിനേഴാം നൂറ്റാണ്ടു വരെ) തൊഴിൽദിവസത്തിന്റെ ദൈർഘ്യംകുറയ്ക്കാനും (പത്തൊമ്പതാംശതകത്തിലെ ഫാക്ടറിനിയമനിർമ്മാണങ്ങൾ) ഉള്ള

Scanned by CamScanner

ഗവൺമെന്റിടപെടലിന്റേയും അത്യന്തം ആകർഷകമായ ഒരു ചിത്രം വരച്ചുകാട്ടുന്നുണ്ട്. "മൂലധന"ത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം ലോകത്തെങ്ങുമുള്ള പരിഷ്കൃതരാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനത്തിന്റെ ചരിത്രം ഈ ചിത്രത്തിന് മാറ്റുകൂട്ടുന്ന നിരവധി പുതിയ വസ്തുതകൾ പ്രദാനം ചെയ്തിട്ടുണ്ട്.

സാപേക്ഷമിച്ചമൂല്യത്തിന്റെഉൽപാദനത്തെ അപഗ്രഥിച്ചു കൊണ്ട് മാർക്സ്, മുതലാളിത്തം അദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിച്ചിട്ടുള്ളതിന്റെ മൂന്ന് പ്രധാന ചരിത്രഘട്ടങ്ങൾ പരിശോധിക്കുന്നു: 1) സാധാരണസഹകരണം;2) തൊഴിൽവിഭജനവും നിർമ്മാണവും ;3) യന്ത്രസാമഗ്രഹികളും വൻകിടവ്യവസായും. റഷ്യയിലെ കൈത്തൊഴിൽ വ്യവസായമെന്ന് രണ്ട് ഘട്ടങ്ങളെ ദൃഷ്ടാന്തീകരിക്കുന്ന ഒട്ടേറെ വിവരങ്ങൾ നൽകുന്നുവെന്ന വസ്തുത, മുതലാളിത്തവളർച്ചയുടെ മൗലികവും സവിശേഷവുമായ സ്വഭാവവിശേഷങ്ങളെ എത്ര അഗാധമായിട്ടാണ് മാർക്സ് വെളിപ്പെടുത്തിയിട്ടുള്ളതെന്ന് കാണിക്കുന്നുണ്ടെന്നുകൂടി കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ. 1867 ൽ മാർക്സ് വിവരിച്ച, വൻകിടയന്ത്രവ്യവസായത്തിന്റെ വിപ്ലവകരമായ ഫലം തുടർന്നുള്ള അരനൂറ്റാണ്ടിനിടയ്ക്ക് അനേകം 'പുതിയ' രാജ്യങ്ങളിൽ (റഷ്യ, ജപ്പാൻ തുടങ്ങിയവ) വെളിപ്പെട്ടിരിക്കുന്നു.

നമുക്ക് തുടരാം. മൂലധനസഞ്ചയത്തെക്കുറിച്ച്, അതായത്, മിച്ചമൂല്യത്തിന്റെ ഒരു ഭാഗം മൂലധനമായി രൂപാന്തരപ്പെടുന്നതിനെക്കുറിച്ച്, മുതലാളിയുടെ വ്യക്തിപരമായ ആവശ്യങ്ങളോ അഭീഷ്ടങ്ങളോ നിറവേറ്റുന്നതിനുപകരം പുതിയ ഉൽപാദനത്തിനുവേണ്ടി അത് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച്, മാർക്സ് നടത്തിയിട്ടുള്ള വിശകലനം പുതുതും പരമപ്രധാനവു മാണ്.മൂലധനവുമായി രൂപാന്തരപ്പെടുന്ന മിച്ചമൂല്യമാകെ അസ്ഥിരമൂലധന മായിത്തീരുന്നുവെന്ന് ധരിച്ച മുൻകാലങ്ങളിലെ എല്ലാ ക്ലാസ്സിക്കൽ ധനശാസ്ത്രജ്ഞന്മാരുടേയും (ആഡംസ്മിത്ത് തൊട്ടുള്ളവരുടെ) തെറ്റ് മാർക്സ് വെളിപ്പെടുത്തി. യഥാർത്ഥത്തിൽ അത് ഉൽപാദനോപാധികളും അസ്ഥിര മൂലധനവുമായി വിഭജിക്കപ്പെടുകയാണ് ചെയ്യുന്നത്. (മൊത്തം മൂലധനത്തിൽ) സ്ഥിരമൂലധനത്തിനുള്ള ഓഹരി അസ്ഥിരമൂലധനത്തിന്റെ ഓഹരിയെ അപേക്ഷിച്ച് കൂടുതൽ വേഗം വളരുന്നുവെന്ന് വസ്തുത മുതലാളിത്തത്തിന്റെ വികാസപ്രക്രിയയേയും സോഷ്യലിസമായുള്ള അതിന്റെ പരിവർത്തനത്തേയും സംബന്ധിച്ചിടത്തോളം അത്യന്തം പ്രാധാന്യമുള്ളതാണ്.

തൊഴിലാളികൾക്ക് പകരം യന്ത്രോപയോഗം ത്വരിതപ്പെടുത്തിക്കൊണ്ടും ഒരറ്റത്ത് സമ്പത്തും മറ്റേ അറ്റത്ത് ദാരിദ്ര്യവും സൃഷ്ടിച്ചു കൊണ്ട് നടക്കുന്ന മൂലധനസഞ്ചയം"കരുതൽ തൊഴിൽസേന"എന്നു വിളിക്കുന്നതിനെ, തൊഴിലാളികൾ "താരതമ്യേന അധികപ്പറ്റാവുന്ന" ഒരു സ്ഥിതി അഥവാ "മുതലാളിത്ത ജനപ്പെരുപ്പം," സൃഷ്ടിക്കുന്നു. ഇത് അങ്ങേയറ്റം വൈവിധ്യം പൂണ്ട രൂപങ്ങൾ കൈക്കൊള്ളുകയും ഉൽപാദനം അങ്ങേയറ്റം ത്വരിതമായി വികസി പ്പിക്കാൻ മൂലധനത്തെ പ്രാപ്തമാക്കുകയും ചെയ്യുന്നു. കടമെടുക്കാനുള്ള സൗകര്യങ്ങളോടും ഉൽപാദനോപാധികളിലുള്ള മൂലധനസഞ്ചയത്തോടുമൊപ്പം ഇത്

Scanned by CamScanner

മുതലാളിത്തലോകത്തിൽ കാലാകാലമായി–ആദ്യം ശരാശരി പത്തു വർഷത്തിലൊരിക്കലും പിന്നീട് കൂടുതൽ ദീർഘവും താരതമ്യേന സുനിശ്ചിതമല്ലാത്തതുമായ ഇടവേളകളിലും–സംഭവിക്കുന്ന അമിതോല്പാദനക്കുഴപ്പങ്ങൾക്കുള്ള തുമ്പ് നൽകുന്നുവെന്നുകൂടി കൂട്ടത്തിൽ മനസ്സിലാക്കണം. മുതലാളിത്തത്തിൻകീഴിലുള്ള മൂലധനസഞ്ചയത്തെ ആദിമസഞ്ചയമെന്നറിയപ്പെടുന്നതിൽ നിന്ന് വേർതിരിച്ച് കാണണം. തൊഴിലാളിയെ ഉൽപാദനോപാധികളിൽ നിന്ന് ബലം പ്രയോഗിച്ച് മാറ്റിനിർത്തുക, കർഷകരെ ഭൂമിയിൽനിന്ന് ആട്ടിയോടിക്കുക, പൊതുഭൂമികൾ അപഹരിക്കുക, കോളനിവ്യവസ്ഥ, ദേശീയപൊതുകടങ്ങൾ, സംരക്ഷണച്ചുങ്കങ്ങൾ തുടങ്ങിയവയാണ് ഇതിൽപെടുന്നത്. "ആദിമസഞ്ചയം" ഒരറ്റത്ത് "സ്വതന്ത്ര" തൊഴിലാളിയേയും മറ്റേ അറ്റത്ത് പണമുടമയെ അല്ലെങ്കിൽ മുതലാളിയേയും സൃഷ്ടിക്കുന്നു.

'മുതലാളിത്തസഞ്ചയത്തിന്റെ ചരിത്രപരമായ പ്രവണത"യെ ഈ വിശ്രുതവാക്കുകളിൽ മാർക്സ് വിവരിക്കുന്നു: "നിർദ്ദാക്ഷിണ്യമായ നിഷ്ഠുരതയോടും അങ്ങേയറ്റം ദുഷിച്ചതും കുത്സിതവും നീചവും നിന്ദ്യമാംവിധം ഹീനവുമായ വികാരങ്ങളുടെ പ്രേരണയിൻ കീഴിലും നേരിട്ടുള്ള ഉൽപാദകരുടെ സ്വത്ത് പിടിച്ചുപറിക്കുന്നു. ഒറ്റതിരിഞ്ഞ് സ്വതന്ത്രമായി അദ്ധ്വാനിക്കുന്ന ഒരു വ്യക്തി ഒരു തരത്തിൽ പറഞ്ഞാൽ തന്റെ അദ്ധ്വാനോപകരണ ങ്ങളിലും ഉപാധികളിലും ലയിച്ചുചേരുന്നതിന്റെ അടിസ്ഥാനത്തിൽ സ്വയം സമ്പാദിച്ച സ്വകാര്യസ്വത്തിന്റെ (കർഷകരുടെയും കൈത്തൊഴിൽ കാരുടെയും സ്വകാര്യസ്വത്തിന്റെ) സ്ഥാനത്ത് മറ്റുള്ളവരുടെ, പേരിനുമാത്രം സ്വതന്ത്രമായ അദ്ധ്വാനത്തെ ചൂഷണം ചെയ്യുന്നതിൽ അധിഷ്ഠിതമായ മുതലാളിത്തപരമായ സ്വകാര്യസ്വത്ത് സ്ഥാപിതമാകുന്നു.... തനിക്കുവേണ്ടി പണിയെടുക്കുന്ന തൊഴിലാളിയിൽ നിന്നല്ല, അനേകം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന മുതലാളിയിൽ നിന്നാണ് ഇപ്പോൾ ഉടമാവകാശം പിടിച്ചെടുക്കേണ്ടത്. മുതലാളിത്തോല്പാദനത്തിന് സഹജമായിട്ടുള്ള നിയമങ്ങളുടെതന്നെ പ്രവർത്തനഫലമായി, മൂലധനകേന്ദ്രീകരണത്തിലൂടെ, ഈ പിടിച്ചെടുക്കൽ നടക്കുന്നുണ്ട്. ഒരു മുതലാളി എപ്പോഴും പലരെയും നിഗ്രഹിക്കുന്നു. ഈ കേന്ദ്രീകരണത്തോടൊപ്പം, അഥവാ കുറച്ച് മുതലാളിമാർ അനേകം മുതലാളിമാരുടെ സ്വത്ത് പിടിച്ചെടുക്കുന്നതോടൊപ്പം, അദ്ധ്വാനപ്രക്രിയയുടെ സഹകരണരൂപം, ശാസ്ത്രത്തിന്റെ ബോധപൂർവമായ സാങ്കേതികപ്രയോഗം, ഭൂമിയിൽ ചിട്ടയായി കൃഷിചെയ്യൽ, അദ്ധ്വാനോപകരണങ്ങളെ പൊതുവായി മാത്രം ഉപയോഗിക്കാവുന്ന അദ്ധ്വാനോപകരണങ്ങളായി മാറ്റൽ, ഏകീകൃതവും സമൂഹവൽക്കരിക്കപ്പെട്ടതുമായ ഉൽപാദനോപാധികളായി ഉപയോഗിച്ചുകൊണ്ട് എല്ലാ ഉൽപാദനോപാദികളും ചുരുക്കി ചെലവുചെയ്യൽ, ലോകകമ്പോളത്തിൽ എല്ലാ ജനവിഭാഗങ്ങളും അകപ്പെട്ടുപോകൽ, അതോടൊപ്പം മുതലാളിത്തഭരണക്രമത്തിന്റെ സാർവത്രികസ്വഭാവം–ഇവയെല്ലാം പൂർവാധികം വിപുലമായ തോതിൽ വളർന്നു വരുന്നു. ഈ പരിവർത്തനപ്രക്രിയയുടെ എല്ലാ മെച്ചങ്ങളും തട്ടിയെടുക്കുകയും കുത്തകയാക്കിവയ്ക്കുകയും ചെയ്യുന്ന മൂലധനപ്രഭുക്കളുടെ എണ്ണം നിരന്തരം

Scanned by CamScanner

ചുരുങ്ങിവരുന്നതോടൊപ്പം ദാരിദ്ര്യവും മർദ്ദനവും അടിമത്തവും അധഃപതനവും ചൂഷണവും വർദ്ധിച്ചുവരുന്നു; എന്നാൽ അതോടൊപ്പം തൊഴിലാളിവർഗത്തിന്റെ കലാപവും വളരുന്നു. മുതലാളിത്തോൽപാദനപ്രക്രിയയുടെ പ്രവർത്തനം കൊണ്ടുതന്നെ സുശിക്ഷിതവും ഏകീകൃതവും സുസംഘടിതവുമായിത്തീരുന്ന ഒരു വർഗമാണത്. മൂലധനത്തിന്റെ കുത്തക അതോടൊപ്പവും അതിൻ കീഴിലും മുളയെടുത്ത് പുഷ്ടിപ്രാപിച്ച ഉൽപാദനരീതിയുടെ മേലുള്ള ചങ്ങലക്കെട്ടായിത്തീരുന്നു. ഉൽപാദനോപാധികളുടെ കേന്ദ്രീകരണവും അദ്ധ്വാനത്തിന്റെ സമൂഹവൽക്കരണവും അവയുടെ മുതലാളിത്താവരണവുമായി പൊരുത്തപ്പെടാത്ത ഒരു സ്ഥിതിയിൽ അവസാനമെത്തുന്നു. ആ ആവരണം പൊട്ടിച്ചിതറുന്നു. മുതലാളിത്തപരമായ സ്വകാര്യസ്വത്തിന്റെ മരണമണി മുഴങ്ങുന്നു. സ്വത്ത് പിടിച്ചെടുത്തവരുടെ സ്വത്ത് പിടിച്ചെടുക്കപ്പെടുന്നു" ("മൂലധനം", വാള്യം1)[28]

കൂടാതെ, ഒട്ടാകെയുള്ള സാമൂഹ്യമൂലധനത്തിന്റെ പ്രത്യുല്പാദനത്തെ സംബന്ധിച്ച് "മൂലധന" ത്തിന്റെ രണ്ടാംവാള്യത്തിൽ മാർക്സ് നൽകുന്ന വിശകലനവും പുതുതും പരമപ്രധാനവുമാണ്. ഇവിടെയും മാർക്സ് കൈകാര്യം ചെയ്യുന്നത് ഒരു ഒറ്റതിരിഞ്ഞ പ്രതിഭാസത്തെയല്ല, വ്യാപകമായ പ്രതിഭാസത്തെയാണ്; സമുഹത്തിന്റെ സമ്പദ്വ്യവസ്ഥയുടെ ഒരു ഭാഗത്തെയല്ല സമ്പദ്വ്യവസ്ഥയെ മൊത്തത്തിലാണ്. മുമ്പ് പരാമർശിച്ച ക്ലാസിക്കൽ ധനശാസ്ത്രജ്ഞന്മാരുടെ തെറ്റു തിരുത്തിക്കൊണ്ട്, മാർക്സ് സാമൂഹ്യോൽപാദനത്തെയാകെ രണ്ട് വലിയ വകുപ്പുകളായി തിരിക്കുന്നു: (I) ഉൽപാദനോപാധികളുടെ ഉൽപാദനം:(II) ഉപഭോഗവസ്തുക്കളുടെ ഉൽപാദനം. കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുള്ള ദൃഷ്ടാന്തങ്ങളോടെ അദ്ദേഹം ഒട്ടാകെയുള്ള സാമുഹ്യമുലധനത്തിന്റെ പരിക്രമണത്തെ അതിന്റെ മുൻതോതിലുള്ള പ്രത്യുലപാദനത്തിന്റെ കാര്യത്തിലും സഞ്ചയത്തിന്റെ കാര്യത്തിലും വിശദമായി പരിശോധിക്കുന്നു. "മൂലധന"ത്തിന്റെ മൂന്നാം വാള്യത്തിൽ മൂല്യനിയമത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി ലാഭനിരക്ക് രൂപംകൊള്ളുന്നതെങ്ങിനെയെന്ന പ്രശ്നത്തിന് പരിഹാരം കണ്ടിട്ടുണ്ട്. വ്യാപകമായ സാമ്പത്തികപ്രതിഭാസങ്ങളുടെ, സാമുഹ്യസമ്പദ്വ്യവസ്ഥയുടെയാകെ, നിലപാടിൽ നിന്നുകൊണ്ടാണ്, പ്രാകൃത അർത്ഥശാസ്ത്രവും "മാർജിനൽ ഉപയോഗിത"യെ സംബന്ധിച്ച ആധുനികസിദ്ധാന്തവും[29] മിക്കപ്പോഴും ചെയ്യുന്നതുപോലെ ഒറ്റപ്പെട്ട ദൃഷ്ടാന്തങ്ങളുടേയും മത്സരത്തിന്റെ ബാഹ്യവും ഉപരിപ്ലവവുമായ വശങ്ങളുടേയും നിലപാടിൽ നിന്നുകൊണ്ടല്ല, മാർക്സ് തന്റെ വിശകലനം നടത്തുന്നത്. ധനശാസ്ത്രത്തിൽ മാർക്സ് കൈവരുത്തിയ വമ്പിച്ച മുന്നേറ്റം സ്ഥിതിചെയ്യുന്നത് ഇതിലാണ്. അദ്ദേഹം ആദ്യം മിച്ചമൂല്യത്തിന്റെ ഉത്ഭവം അപഗ്രഥിക്കുകയും തുടർന്ന് ലാഭമായും പലിശയായും തറപ്പാട്ടമായും അത് വിഭജിക്കപ്പെടുന്നതിനെ പരിശോധിക്കുകയും ചെയ്യുന്നു. മിച്ചമൂല്യവും ഒരു സംരംഭത്തിൽ മുടക്കിയിട്ടുള്ള മൊത്തം മൂലധനവും തമ്മിലുള്ള അംശബന്ധമാണ് ലാഭം. " ഉയർന്ന ജൈവഘടന" യുള്ള (അതായത്, അസ്ഥിരമൂലധനത്തെ അപേക്ഷിച്ച്

Scanned by CamScanner

സ്ഥിരമൂലധനത്തിനുള്ള മുൻതൂക്കം സാമൂഹ്യശരാശരിയേക്കാൾ കവിഞ്ഞു നിൽക്കുന്നു.) മൂലധനം ശരാശരിയിൽ കുറഞ്ഞ ലാഭനിരക്ക് ഉളവാക്കുന്നു; "താണ ജൈവഘടന"യുള്ള മൂലധനം ശരാശരിയിൽ കവിഞ്ഞ ലാഭനിരക്ക് ഉളവാക്കുന്നു. രണ്ടായാലും, മൂലധനങ്ങൾ തമ്മിലുള്ള മത്സരവും ഒരു ശാഖയിൽനിന്ന് മറ്റൊരു ശാഖയിലേക്കുള്ള അവയുടെ യഥേഷ്ടമായ മാറ്റവും ലാഭനിരക്കിനെ ശരാശരിയോട് തുല്യമാക്കുന്നു. ഒരു സമൂഹത്തിലെ എല്ലാ ചരക്കുകളുടേയും മൂല്യങ്ങളുടെ ആകെത്തുകയും ചരക്കുകളുടെ വിലകളുടെ ആകെത്തുകയും ഒന്നാകുന്നു. എന്നാൽ, മത്സരം മൂലം വ്യത്യസ്ത സ്ഥാപനങ്ങളിലും ഉൽപാദനശാഖകളിലും ചരക്കുകൾ വിൽക്കുന്നത് അവയുടെ മൂല്യത്തിനല്ല, ഉൽപാദനവിലയ്ക്കാണ്. ചെലവഴിച്ച മൂലധനവും ശരാശരി ലാഭവും കൂടിയതാണ് ഈ വില.

ഇങ്ങനെയാണ് വിലയും മൂല്യവും തമ്മിൽ അന്തരമുണ്ടെന്നും ലാഭം സമാനമാക്കപ്പെടുന്നുവെന്നുമുള്ള സുവിദിതവും അസന്ദിഗ്ദ്ധവുമായ വസ്തുതയെ മൂല്യനിയമത്തിന്റെ അടിസ്ഥാനത്തിൽ മാർക്സ് പൂർണമായി വിശദീകരിക്കുന്നത്. കാരണം, എല്ലാ ചരക്കുകളുടേയും മൂല്യങ്ങളുടെ ആകെത്തുകയും വിലകളുടെ ആകെത്തുകയും ഒന്നാകുന്നു. എന്നാൽ (സാമൂഹ്യമായ) മൂല്യവും (ഒറ്റയ്ക്കൊറ്റയ്ക്കുള്ള) വിലകളും തമ്മിലുള്ള സമീകരണം ലളിതമായും നേരിട്ടും നടക്കുന്നില്ല. വളരെ സങ്കീർണമായ വഴിക്കാണ് അത് നടക്കുന്നത്. കമ്പോളത്തിൽ മാത്രം ഏകോപിക്കപ്പെടുന്ന പ്രത്യേകംപ്രത്യേകം ചരക്കുല്പാദകരുടേതായ ഒരു സമൂഹത്തിൽ ശരാശരിയായിട്ടുള്ളതും സാമൂഹ്യമായിട്ടുള്ളതും വ്യാപകമായിട്ടുള്ള തുമായ ഒരു നിയമത്തിന്റെ രൂപത്തിൽ മാത്രമേ ഒരു നിയമത്തിന് സ്വയം പ്രകടമാകാൻ കഴിയൂ എന്നത് തികച്ചും സ്വാഭാവികമാണ്. അങ്ങോട്ടോ ഇങ്ങോട്ടോ ഉള്ള ഒറ്റതിരിഞ്ഞ വ്യതിയാനങ്ങൾ പരസ്പരം തട്ടിക്കഴിഞ്ഞുപോവുന്നതാണ്

അസ്ഥിരമൂലധനത്തെ അപേക്ഷിച്ച് സ്ഥിരമൂലധനത്തിനുണ്ടാകുന്ന കൂടുതൽ ത്വരിതമായ വളർച്ചയെയാണ് അദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമതയിലുള്ള വർദ്ധനവ് കുറിക്കുന്നത്. മിച്ചമൂല്യം അസ്ഥിരമൂലധനത്തിന്റെ മാത്രം ധർമ്മമായതുകൊണ്ട് ലാഭനിരക്ക് (മുഴുവൻ മൂലധനത്തോട്, അതിന്റെ അസ്ഥിരഭാഗത്തോട് മാത്രമല്ല, മിച്ചമൂല്യത്തിനുള്ള അംശബന്ധം)കുറയാൻ തുടങ്ങുന്നു. ഈ പ്രവണതയേയും അതിനെ മൂടിവയ്ക്കുകയോ അതിനെതിരായി പ്രവർത്തിക്കുകയോ ചെയ്യുന്ന അനവധി ഘടകങ്ങളേയും മാർക്സ് വിശദമായി വിശകലനം ചെയ്യുന്നുണ്ട്. ഹുണ്ടികമൂലധനത്തേയും വ്യാപാരമൂലധനത്തേയും പണമൂലധനത്തേയും സംബന്ധിച്ച് "മൂലധന"ത്തിന്റെ മൂന്നാംവാല്യത്തിലുള്ള അത്യന്തം രസകരമായ വകുപ്പുകളെപ്പറ്റി പ്രതിപാദിക്കാതെ നാം തറപ്പാട്ടസിദ്ധാന്തത്തെക്കുറിച്ചുള്ള അതിപ്രധാനമായ വകുപ്പിലേക്ക് കടക്കുകയാണ്. ഭൂമിയുടെ വിസ്തീർണം പരിമിതമായതുകൊണ്ടും മുതലാളിത്തരാജ്യങ്ങളിൽ അത് മുഴുവനും ഒറ്റയ്ക്കൊറ്റയ്ക്കുള്ള സ്വകാര്യഉടമകളുടെ കൈവശത്തിലിരിക്കുന്നതുകൊണ്ടും കാർഷികോൽപന്നങ്ങളുടെ

Scanned by CamScanner

ഉൽപാദനവില നിർണയിക്കുന്നത് ശരാശരിഗുണമുള്ള ഭൂമിയിലും ഉൽപന്നങ്ങൾ കമ്പോളത്തിലെത്തിക്കുന്നതിനുള്ള ശരാശരി സാഹചര്യങ്ങളിലും വരുന്ന ഉൽപാദന ചെലവ് നോക്കിയാണ് ഏറ്റവും മോശപ്പെട്ട ഭൂമിയിലും ഏറ്റവും മോശപ്പെട്ട സാഹചര്യങ്ങളിലും വരുന്ന ഉൽപാദനച്ചെലവ് നേക്കിയല്ല, ഈ വിലയും കൂടുതൽ നല്ല ഭൂമിയിൽ (അല്ലെങ്കിൽ കൂടുതൽ നല്ല സാഹചര്യങ്ങളിൽ) ഉള്ള ഉൽപാദനവിലയും തമ്മിലുള്ള വ്യത്യാസമാണ് വ്യാവർത്തകപ്പാട്ടം. ഇത് വിശദമായി അപഗ്രഥിച്ചുകൊണ്ടും പലതരം നിലങ്ങളുടെ ഫലപുഷ്ടിയിലുള്ള വ്യത്യാസത്തിൽനിന്നും ഭൂമിയിൽ മുടക്കുന്ന മൂലധനത്തിലുള്ള വ്യത്യാസത്തിൽനിന്നും ഇതെങ്ങിനെ ഉൽഭൂതമാവുന്നുവെന്ന് കാണിച്ചുകൊണ്ടും("മിച്ചമുല്യസിദ്ധാന്തങ്ങൾ" എന്ന കൃതി കൂടി നോക്കുക. അതിൽ റോഡ് ബെർട്ടുസിനെക്കുറിച്ചുള്ള വിമർശനം പ്രത്യേകം ശ്രദ്ധാർഹമാണ്) മാർക്സ്, കൂടുതൽ നല്ല ഭൂമിയിൽനിന്നും മോശപ്പെട്ട ഭൂമിയിലേക്ക് പടിപടിയായി മാറുമ്പോൾ മാത്രമേ വ്യാവർത്തകപ്പാട്ടം ലഭിക്കു എന്നു കരുതിയ റിക്കാർഡൊയുടെ തെറ്റ് പൂർണമായി തുറന്നുകാട്ടുന്നുണ്ട്.മറിച്ച്, നേരെ തിരിച്ചുള്ള മാറ്റങ്ങളുണ്ടാകാം (കാർഷികരംഗത്ത് വന്നിട്ടുള്ള സാങ്കേതികപുരോഗതിയും പട്ടണങ്ങളുടെ വളർച്ചയും മറ്റും കാരണം) ഭൂമി ഒരു തരത്തിൽനിന്ന് മറ്റൊരു തരത്തിലേക്ക് മാറ്റാവുന്നതാണ്. മുതലാളിത്തത്തിന്റെ കുറ്റങ്ങൾക്കും കുറവുകൾക്കും വൈരുദ്ധ്യങ്ങൾക്കും പ്രകൃതിയെ ഉത്തരവാദിയാക്കുന്ന ഗൗരവമായൊരു തെറ്റാണ് കുപ്രസിദ്ധമായ "ഭൂമിയിൽനിന്ന് ആദായം കുറഞ്ഞുവരികയാണെന്ന നിയമം". മാത്രവുമല്ല വ്യവസായത്തിന്റേയും പൊതുവിൽ ദേശീയസമ്പദ്‌വ്യവസ്ഥയുടേയും എല്ലാ ശാഖകളിലും ലാഭം സമീകരിക്കപ്പെടണമെങ്കിൽ മത്സരത്തിനുള്ള പരിപൂർണസ്വാതന്ത്ര്യവും ഒരു ശാഖയിൽനിന്ന് മറ്റൊന്നിലേക്കുള്ള മുലധനത്തിന്റെ പ്രവാഹവും ഉണ്ടായിരിക്കണം. എന്നാൽ ഭുമിയുടെ മേലുള്ള സ്വകാര്യ ഉടമസ്ഥതകുത്തക സൃഷ്ടിക്കുകയും യഥേഷ്ടമായ ഈ പ്രവാഹത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. മുലധനത്തിന്റെ ജൈവഘടന താരതമ്യേന കുറവായിട്ടുള്ളതും തൽഫലമായി ഒറ്റയ്ക്കൊറ്റയ്ക്കുള്ള ലാഭനിരക്ക് കുടുതലുയർന്നരിക്കുന്നതുമായ കൃഷിയിലെ ഉൽപന്നങ്ങൾ ഈ കുത്തക നിമിത്തം ലാഭനിരക്കിന്റെ സമീകരണമെന്ന തികച്ചും സ്വതന്ത്രമായ പ്രക്രിയയിൽ ഭാഗഭാക്കാവുന്നില്ല; കുത്തകക്കാരെന്നനിലയ്ക്ക് ഭുവുടമയ്ക്ക് വില ശരാശരിക്ക് മേൽ നിർത്താം. ഈ കുത്തകവിലയാണ് കേവലപ്പാട്ടം ഉളവാക്കുന്നത്.മുതലാളിത്തത്തിൻകീഴിൽ വ്യാവർത്തകപ്പാട്ടത്തെ ഇല്ലായ്മചെയ്യാൻ സാദ്ധ്യമല്ല. എന്നാൽ, ഉദാഹരണത്തിന് ഭൂമി ദേശസാൽക്കരിച്ചുകൊണ്ട്, അത് രാഷ്ട്രത്തിന്റെ സ്വത്താക്കിക്കൊണ്ട് കേവലപ്പാട്ടം ഇല്ലാതാക്കാൻ സാധിക്കും. ഇത്തരത്തിൽ ഭൂമി രാഷ്ട്രത്തിന്റെ സ്വത്താക്കുന്നത് സ്വകാര്യഭുവുടമകളുടെ കുത്തകയെ തുരങ്കം വയ്ക്കുകയും കാർഷികരംഗത്ത് കുടുതൽ ചിട്ടയായും പൂർണമായും മത്സരസ്വാതന്ത്ര്യം പ്രയോഗിക്കുന്നതിന് വഴിതെളിയിക്കുകയും ചെയ്യും. ഭൂമി ദേശസാൽക്കരിക്കണമെന്ന

Scanned by CamScanner

പുരോഗമനപരമായ ബൂർഷ്വാ ആവശ്യത്തെ ബൂർഷ്വാ തീവ്രവാദികൾ ചരിത്രത്തിൽ ആവർത്തിച്ച് ഉന്നയിച്ചിട്ടുള്ളതും അതുകൊണ്ടാണെന്ന് മാർക്സ് ചൂണ്ടിക്കാട്ടുന്നു. എന്നാൽ ബൂർഷ്വാസിയിൽ ഭൂരിപക്ഷവും ഈ ആവശ്യത്തിൽനിന്ന് ഭയന്നകന്നു മാറുന്നു. കാരണം ഇക്കാലത്ത് പ്രത്യേകിച്ച് പ്രധാനവും "ഉള്ളിൽ തട്ടുന്നതു"മായ മറ്റൊരു കുത്തകയെ–പൊതുവിൽ ഉൽപ്പാദനോപാധികളുടെ കുത്തകയെ–അത് വളരെയടുത്ത് "സ്പർശിക്കുന്നു." (മൂലധനത്തിന്മേലുള്ള ശരാശരി ലാഭനിരക്കിനെയും കേവലതറപ്പാട്ടത്തേയും സംബന്ധിച്ച തന്റെ സിദ്ധാന്തത്തെ അന്യാദൃശമാംവിധം ലളിതവും സംക്ഷിപ്തവും വ്യക്തവുമായ രീതിയിൽ 1862 ആഗസ്റ്റ് 2ന് എംഗൽസിനെഴുതിയ ഒരു കത്തിൽ മാർക്സ് വിശദീകരിക്കുന്നുണ്ട്. "ബ്രീഫ് വെഹ്സെൽ", മൂന്നാം വാല്യത്തിലെ 77–81 പേജുകളും അതിൽത്തന്നെ 86–87 പേജുകളിൽ കൊടുത്തിട്ടുള്ള 1862 ആഗസ്റ്റ് 9 ലെ കത്തും നോക്കുക.) തറപ്പാട്ടത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം, തൊഴിൽപ്പാട്ടം (കർഷകൻ ജന്മിയുടെ ഭൂമിയിൽ പണിയെടുത്തുകൊണ്ട് മിച്ചോല്പന്നമുണ്ടാക്കുമ്പോഴുള്ളത്) എങ്ങനെ ഉല്പന്നപ്പാട്ടം അല്ലെങ്കിൽ ഇനപ്പാട്ടം ആയും (കർഷകൻ സ്വന്തം ഭൂമിയിൽ മിച്ചോല്പന്നമുണ്ടാക്കുകയും "സാമ്പത്തികേതരമായ നിർബ്ബന്ധത്താൽ" അത് ജന്മിക്ക് വിട്ടുകൊടുക്കുകയും ചെയ്യുമ്പോഴുള്ളത്) പിന്നീട് പണപ്പാട്ടമായും (ചരക്കുല്പാദനത്തിന്റെ വളർച്ചയുടെ ഫലമായി ഇനപ്പാട്ടം പണമായി, ഉദാഹരണത്തിന് പ്രാചീനറഷ്യയിലെ ഒബ്രോക്കായി, മാറുമ്പോഴുള്ളത്) അവസാനം മുതലാളിത്തപാട്ടമായും (കർഷകന്റെ സ്ഥാനത്ത് കൂലിവേലക്കാരുടെ സഹായത്തോടെ കൃഷിചെയ്യുന്ന കാർഷികമുതലാളിമാർ വരുമ്പോഴുള്ളത്) രൂപാന്തരപ്പെടുന്നുവെന്നു കാണിച്ചുകൊണ്ടുള്ള മാർക്സിന്റെ വിശകലനം ശ്രദ്ധിക്കേണ്ടതും പ്രധാനവുമാണ്. "മുതലാളിത്തതറപ്പാട്ടത്തിന്റെ ഉത്ഭവത്തെ"ക്കുറിച്ചുള്ള ഈ വിശകലനത്തോടനുബന്ധിച്ച്. കൃഷിയിലുള്ള മുതലാളിത്തവളർച്ചയെക്കുറിച്ച് മാർക്സ് അവതരിപ്പിച്ചിട്ടുള്ള അഗാധമായ ഒട്ടേറെ ആശയങ്ങൾ ശ്രദ്ധാർഹമാണ് (റഷ്യയെപ്പോലുള്ള പിന്നോക്ക രാജ്യങ്ങൾക്ക് ഇത് വിശേഷിച്ചും പ്രധാനമാണ്). " ഇനപ്പാട്ടം പണപ്പാട്ടമായി മാറുന്നതിനെത്തുടർന്നു' മാത്രമല്ല അതിനുമുമ്പു പോലും, കൂലിക്കുവേണ്ടി പണിയെടുക്കുന്ന, നിർദ്ധനരായ ദിവസക്കൂലിക്കാരുടെ ഒരു വർഗം രൂപംകൊള്ളുന്നു. ഈ പുതിയ വർഗം അവിടെവിടെ മാത്രം പ്രത്യക്ഷപ്പെടുന്ന അവരുടെ ആവിർഭാവക്കാലത്ത്, കർഷകതൊഴിലാളികളെ സ്വന്തം ആവശ്യത്തിനായി ചൂഷണം ചെയ്യുകയെന്ന പതിവ് കൂടുതൽ നല്ല നിലയിൽ കഴിയുന്നവരും ഭൂവുടമയ്ക്ക് പാട്ടം കൊടുക്കാൻ ബാദ്ധ്യസ്ഥരുമായ ചില കർഷകർക്കിടയിൽ അവശ്യമായും വളർന്നു വരുന്നു. ഫ്യൂഡൽ കാലത്ത് കൂടുതൽ സമ്പന്നരായ അടിയാളന്മാർ സ്വന്തമയ്ക്കുവേണ്ടി തങ്ങളുടെ കീഴിലുള്ള അടിയാളന്മാരെ ഉപയോഗിച്ചു വന്നിരുന്നതുപോലെ തന്നെയാണിത്. ഇങ്ങനെ അവർ കുറെ സമ്പത്ത് കുമിച്ചുകൂട്ടാനും ഭാവിമുതലാളിമാരായി മാറാൻപോലുമുള്ള പ്രാപ്തി ക്രമേണ

Scanned by CamScanner

ആർജ്ജിക്കുന്നു. മുമ്പ് സ്വന്തമായി കൃഷിചെയ്ത് ഭൂമി കൈവശംവച്ചുകൊണ്ടിരുന്ന വർക്കിടയിൽ നിന്നുതന്നെ ഇങ്ങനെ മുതലാളികുടിയാനവന്മാരുടെ ഒരു വളർത്തുകേന്ദ്രം ജന്മമെടുക്കുന്നു. അവരുടെ വളർച്ചയാകട്ടെ, ഗ്രാമീണജില്ലകൾക്ക് വെളിയിലുള്ള മുതലാളിത്തോല്പാദന ത്തിന്റെ പൊതുവികാസമനുസരിച്ചാണ് നടക്കുന്നത്''(''മൂലധനം,'' വാള്യംIII, പേജ് 332)[30] ....കാർഷികജനതയിൽ ഒരു വിഭാഗത്തെ സ്വത്ത് പിടിച്ചെടുത്ത് നാട്ടുമ്പുറത്ത് നിന്ന് ആട്ടിയോടിക്കുന്നതുകൊണ്ട് തൊഴിലാളികളേയും അവരുടെ ഉപജീവനോപാധികളേയും പണിയെടുപ്പിക്കാനുള്ള സാമഗ്രികളും വ്യവസായമൂലധനത്തിന് വിട്ടുകിട്ടുന്നുവെന്നു മാത്രമല്ല; അത് ആഭ്യന്തരവിപണി സൃഷ്ടിക്കുകയും ചെയ്യുന്നു'("മൂലധനം," വാള്യം I, )പേജ് 778)[31]...."അതേ സമയം കർഷക ജനതയുടെ പാപ്പരത്തവും നാശവും മൂലധനത്തിനുവേണ്ടി ഒരു കരുതൽ തൊഴിൽസേന രൂപംകൊള്ളുന്നതിലേക്ക് വഴിതെളിയിക്കുന്നു. അതുകൊണ്ട് ഓരോ മുതലാളിത്ത രാജ്യത്തിലും "കർഷകജനതയുടെ ഒരു ഭാഗം നഗരത്തൊഴിലാളി വർഗമായി അഥവാ നിർമ്മാണ തൊഴിലാളിവർഗമായി (അതായത് കാർഷികജനവിഭാഗത്തിൽ പെടാത്തവരായി) മാറുന്നതിന്റെ വക്കത്ത് നിൽക്കുകയാണ്... കർഷകത്തൊഴിലാളി ഏറ്റവും കുറച്ച് കൂലി കിട്ടുന്ന നിലയിലെത്തുന്നു. ഒരു കാൽ പാപ്പരത്തത്തിന്റെ ചളിക്കുണ്ടിലാഴ്ത്തിക്കൊണ്ടാണ് അവൻ എപ്പോഴും നിൽക്കുന്നത്." ("മൂലധനം." വാള്യം I, പേജ് 668)[32], താൻ കൃഷിചെയ്യുന്ന ഭൂമിയിന്മേലുള്ള കർഷകന്റെ സ്വകാര്യ ഉടമയാണ് ചെറുകിട ഉൽപാദനത്തിന്റെ അടിത്തറയും അത് പുഷ്ടിപ്രാപിച്ച് ഒരു ക്ലാസിക്കൽ രൂപം കൈക്കൊള്ളാനുള്ള ഉപാധിയും. എന്നാൽ ഉൽപാദനത്തിന്റേയും സമൂഹത്തിന്റേയും സങ്കുചിതവും പ്രാകൃതവുമായ ചട്ടക്കൂടുമായി മാത്രമേ ഇത്തരത്തിലുള്ള ചെറുകിട ഉല്പാദനം പൊരുത്തപ്പെടുന്നുള്ളൂ. മുതലാളിത്തത്തിൻ കീഴിൽ "കർഷകരുടെ മേലുള്ള ചൂഷണം വ്യവസായത്തൊഴിലാളിവർഗത്തിന്റെ മേലുള്ള ചൂഷണത്തിൽ നിന്ന് രൂപത്തിൽ മാത്രമേ വിഭിന്നമായിട്ടുള്ളൂ. ചൂഷകശക്തി ഒന്നുതന്നെയാണ്: മൂലധനം. വ്യക്തികളായ മുതലാളിമാർ വ്യക്തികളായ കർഷകരെ ഒറ്റിയും അന്യായപ്പലിശയും മുഖേന ചൂഷണം ചെയ്യുന്നു; മുതലാളിവർഗം കർഷകവർഗത്തെ സർക്കാരിന്റെ നികുതികളിലൂടെ ചൂഷണം ചെയ്യുന്നു''(''ഫ്രാൻസിലെ വർഗസമരങ്ങൾ'') [33]. "കർഷകന്റെ കൈവശമുള്ള ചെറിയ തുണ്ട് ഇപ്പോൾ, ഭൂമിയിൽ നിന്ന് ലാഭവും പലിശയും പാട്ടവും ഈടാക്കാൻ മുതലാളിയെ അനുവദിക്കുന്ന ഒരു ഒഴിവ്കഴിവ് മാത്രമാണ്. കൂലി എങ്ങനെ മേടിക്കുമെന്ന കാര്യം മണ്ണിൽ പണിയെടുക്കുന്നവർതന്നെ നോക്കണം''(ബ്രൂമെയർ 18)[34] സാധാരണഗതിയിൽ കർഷകൻ മുതലാളിത്ത സമൂഹത്തിന് അതായത് മുതലാളി വർഗത്തിന് തന്റെ കൂലിയുടെ ഒരു ഭാഗം "അയർലണ്ടിലെ കുടിയാന്റെ നിലവാരത്തിലേക്ക്" അധഃപതിക്കുന്നു. "ഇതെല്ലാം ചെയ്യുന്നതോ, താൻ ഒരു സ്വകാര്യ ഉടമയാണെന്ന നാട്യത്തിലും" ("ഫ്രാൻസിലെ വർഗസ

Scanned by CamScanner

മരങ്ങൾ")[35] ചെറുകിട കർഷകർ മുന്തിനിൽക്കുന്ന രാജ്യങ്ങളിൽ, മുതലാളിത്തപരമായ ഉൽപാദനരീതിയുള്ള രാജ്യങ്ങളെ അപേക്ഷിച്ച് ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞിരിക്കാനുള്ള കാരണങ്ങളിലൊന്ന്" എന്താണ്?, ("മൂലധനം," വാല്യംIII, പേജ് 340)[36] ,കർഷകൻ സമുഹത്തിന് (അതായത് മുതലാളിവർഗത്തിന്) തന്റെ മിച്ചോല്പന്നത്തിന്റെ ഒരു ഭാഗം തത്തുല്യമായിട്ടൊന്നും ലഭിക്കാതെ വിട്ടുകൊടുക്കുന്നുവെന്നതാണത്. " അപ്പോൾ ഈ വിലക്കുറവ്(ഭക്ഷ്യ ധാന്യങ്ങളുടേയുംമറ്റു കാർഷികോല്പന്നങ്ങളുടേയും) ഉൽപാദകരുടെ ദാരിദ്ര്യത്തിന്റെ ഫലമാണ്.യാതൊരു കാരണവശാലും അത് അവരുടെ അധ്വാനത്തിന്റെ ഉൽപാദനക്ഷമതയുടെ ഫലമല്ല" ("മൂലധനം",വാല്യം III, പേജ് 340)[37] ചെറുകിട ഉല്പാദനത്തിന്റെ സാധാരണരുപമായ, ചെറിയതുണ്ടു ഭൂമി കൈവശം വയ്ക്കുന്ന സമ്പ്രദായം മുതലാളിത്തത്തിൻകീഴിൽ അധ:പതിക്കുകയും നിലംപരിശായി നശിക്കുകയും ചെയ്യുന്നു. "ചെറുകിട തുണ്ടുഭൂമികളുടെ ഉടമസ്ഥത അതിന്റെ സ്വഭാവം കൊണ്ടു തന്നെ അദ്ധ്വാനത്തിന്റെ സാമൂഹ്യോല്പാദനശക്തികളുടെ വളർച്ച, അദ്ധ്വാനത്തിന്റെ സാമൂഹ്യരൂപങ്ങൾ, മൂലധനത്തിന്റെ സാമൂഹ്യസാന്ദ്രീകരണം, വൻതോതിലുള്ള കന്നുകാലിവളർത്തൽ, ശാസ്ത്രത്തിന്റെ വർദ്ധമാനമായ പ്രയോഗം എന്നിവയെ ഒഴിച്ചുനിർത്തുന്നു. അന്യായപ്പലിശയും നികുതിവ്യവസ്ഥയും അതിനെ എവിടെയും പാപ്പരാക്കാതെ തരമില്ല. ഭൂമി വാങ്ങാൻവേണ്ടി ചെലവിടുന്ന മൂലധനം കൃഷി മെച്ചപ്പെടുത്താൻവേണ്ടി ഉപയുക്തമാകുന്നില്ല. ഉൽപാദനോപാധികളുടെ നിസ്സീമമായ ശിഥിലീകരണവും ഉല്പാദകരുടെതന്നെ ഒറ്റപ്പെടലും നടക്കുന്നു." (സഹകരണസംഘങ്ങൾ, അതായത് ചെറുകിടകർഷകരുടെ സമാജങ്ങൾ, ബൂർഷ്വാരീതിയിൽ അങ്ങേയറ്റം പുരോഗമനപരമായ ഒരു പങ്ക് വഹിക്കുമ്പോൾത്തന്നെ ഈ പ്രവണതയെ ദുർബ്ബലപ്പെടു ത്തുക മാത്രമേ ചെയ്യുന്നുള്ളു. ഇല്ലാതാക്കുന്നില്ല. ഈ സഹകരണ സംഘങ്ങൾ ധനികകർഷകർക്ക് വേണ്ടി പലതും ചെയ്യുമ്പോൾ ദരിദ്രരായ കർഷകബഹുജനങ്ങൾക്കുവേണ്ടി വളരെക്കുറച്ചേ ചെയ്യു ന്നുള്ളൂ. മിക്കവാറുമൊന്നും തന്നെ ചെയ്യുന്നില്ല എന്ന വസ്തുത മറക്കരുത്; പിന്നീട് ഈ സമാജങ്ങൾതന്നെ കൂലിവേലയെ ചൂഷണം ചെയ്യുന്നവയായിത്തീരുന്നു) "മാത്രമല്ല, മനുഷ്യന്റെ കഴിവ് വൻതോതിൽ പാഴായിപ്പോകുന്നു. ഉൽപാദനസാഹചര്യങ്ങൾ തുടർച്ചയായി അധ:പതിക്കലും ഉൽപാദനോപാധികളുടെ വിലകൂടിവരലും തുണ്ടുഭൂമികളുടെ ഉടമസ്ഥതയുടെ ഒരു അവശ്യനിയമമാണ്"[38]വ്യവസായത്തിലെന്ന പോലെ കൃഷിയിലും "ഉല്പാദകന്റെ രക്തസാക്ഷിത്വത്തിന്റെ" വിലകൊടുത്താണ് മുതലാളിത്തംഉല്പാദനപ്രക്രിയ രൂപാന്തരപ്പെടുത്തുന്നത്. "നാട്ടിൻപുറങ്ങളിലെ വേലക്കാർ വിശാലമായ പ്രദേശങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്നതുകൊണ്ട് അവരുടെ ചെറുത്തുനില്പുശക്തി തകർക്കപ്പെടുന്നു. അതേ സമയം പട്ടണങ്ങളിൽ പ്രവർത്തിക്കുന്ന വരുടെ ചെറുത്തുനില്പ് ശക്തി കേന്ദ്രീകരണംമൂലം വർദ്ധിക്കുന്നു.

Scanned by CamScanner

പട്ടണങ്ങളിലെ ആധുനികവ്യവസായങ്ങളിലെന്നപോലെ ആധുനികമായ മുതലാളിത്തകൃഷിയിലും ഉല്പാദനക്ഷമതയുടെ വർദ്ധനവും പ്രാവർത്തികമാക്കപ്പെടുന്ന അദ്ധ്വാനത്തിന്റെ അളവിലുള്ള വർദ്ധനവും നേടുന്നത് അദ്ധ്വാനശക്തിയെത്തന്നെ പാഴാക്കുകയും തൊഴിലാളികളെ രോഗത്തിനിരയാക്കുകയും ചെയ്തുകൊണ്ടാണ്. തന്നെയല്ല മുതലാളിത്തപരമായ കൃഷിയിലുള്ള പുരോഗതിയെല്ലാം തന്നെ തൊഴിലാളിയെ മാത്രമല്ല മണ്ണിനെക്കൂടി കവർച്ചചെയ്യുന്ന കലയിലുള്ള പുരോഗതിയാണ്... അതുകൊണ്ട് എല്ലാസമ്പത്തിന്റേയും ആദ്യത്തെ ഉറവിടങ്ങളായ മണ്ണിനെയും തൊഴിലാളിയേയും ഊറ്റിപ്പിഴിഞ്ഞെടുത്തുകൊണ്ടുമാത്രമാണ് മുതലാളിത്തോല്പാദനം സാങ്കേതികശാസ്ത്രത്തെ വികസിപ്പിക്കു കയും വിവിധപ്രക്രിയ യകളെ സാമൂഹ്യമായി ഒന്നിച്ചു സംയോജിപ്പി ക്കുകയും ചെയ്യുന്നത്"("മൂലധനം." വാള്യം I .13-ാംഅദ്ധ്യായത്തിന്റെ അവസാനം)

Scanned by CamScanner

# സോഷ്യലിസം

മുതലാളിത്തസമൂഹം സോഷ്യലിസ്റ്റ് സമൂഹമായി രൂപാന്തരപ്പെടുമെന്നത് അനിവാര്യമാണെന്ന നിഗമനത്തിൽ മാർക്സ് എത്തിച്ചേർന്നത് സമകാലീനസമൂഹത്തിന്റെ സാമ്പത്തികചലനനിയമത്തിൽനിന്നുമാത്രമാണ്; മറ്റൊന്നിൽനിന്നുമല്ല എന്ന് മുൻപറഞ്ഞതിൽനിന്ന് വ്യക്തമാണല്ലോ.പരസഹസ്രം രൂപങ്ങളിൽ പൂർവാധികം വേഗത്തിൽ പുരോഗമിക്കുകയും മാർക്സിന്റെ മരണശേഷമുള്ള അരനൂറ്റാണ്ടിനിടയ്ക്ക് വൻകിടോല്പാദനത്തിന്റേയും മുതലാളിത്ത കാർട്ടലുകളുടേയും സിൻഡിക്കേറ്റുകളുടേയും ട്രസ്റ്റുകളുടേയും വളർച്ചയിലും ധനമൂലധനത്തിന്റെ വ്യാപ്തിയുടേയും ശക്തിയുടേയും വമ്പിച്ച വർദ്ധനവിലും പ്രകടമായി വെളിപ്പെടുകയും ചെയ്തിട്ടുള്ള അദ്ധ്വാനത്തിന്റെ സമൂഹവൽക്കരണമാണ് സോഷ്യലിസത്തിന്റെ അനിവാര്യമായ ആഗമനത്തിന്റെ മുഖ്യഭൗതികാടിത്തറയായി ഭവിക്കുന്നത്. ഈ പരിവർത്തനത്തിന്റെ ബുദ്ധിപരവും ധാർമ്മികവുമായ പ്രേരകശക്തിയും അത് കായികമായി നടപ്പിൽ വരുത്തുന്നതും മുതലാളിത്തംതന്നെ പരിശീലനം നൽകുന്ന തൊഴിലാളിവർഗമാണ്. വിവിധവും ഉള്ളടക്കത്തിൽ അധികമധികം ബഹുമുഖവുമായ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്ന, ബൂർഷ്വാസിക്കെതിരായ തൊഴിലാളിവർഗത്തിന്റെ സമരം അനിവാര്യമായും തൊഴിലാളിവർഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കുന്നതിനെ ("തൊഴിലാളിവർഗസർവാധിപത്യം" ലാക്കാക്കിക്കൊണ്ടുള്ള ഒരു രാഷ്ട്രീയസമരമായിത്തീരുന്നു. ഉൽപാദനത്തിന്റെ സമൂഹവൽക്കരണം ഉൽപാദനോപാധികളെ സമൂഹത്തിന്റെ വകയാക്കി മാറ്റുന്നതിലേക്കും "സ്വത്തുപിടിച്ചെടുത്തവരുടെ സ്വത്ത് പിടിച്ചെടുക്കുന്നതിലേക്കും" വഴിതെളിക്കാതെ തരമില്ല. ഈ മാറ്റത്തിന്റെ നേരിട്ടുള്ള ഫലമായി അദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമത വമ്പിച്ച തോതിൽ വർദ്ധിക്കും, തൊഴിൽസമയം കുറയ്ക്കപ്പെടും, പ്രാകൃതവും ഒറ്റതിരിഞ്ഞുള്ളതുമായ ചെറുകിടോല്പാദനത്തിന്റെ അവശിഷ്ടങ്ങളുടെ, നാശാവശിഷ്ടങ്ങളുടെ സ്ഥാനത്ത് കൂട്ടായ, കൂടുതൽ മെച്ചപ്പെട്ട അദ്ധ്വാനം നിലവിൽ വരും. മുതലാളിത്തം കൃഷിയും വ്യവസായവും തമ്മിലുള്ള ബന്ധം പൂർണമായി ഛേദിക്കുന്നു. അതേസമയം അതിന്റെ ഏറ്റവും ഉയർന്ന വികാസഘട്ടത്തിൽ അത് ഈ ബന്ധത്തിന്റെ പുതിയ അംശങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിന്റേയും അതോടൊന്നിച്ച് കൂട്ടായ അദ്ധ്വാനത്തിന്റേയും

Scanned by CamScanner

ബോധപൂർവമായ പ്രയോഗത്തിലും ജനസംഖ്യയുടെ പുനർവിതരണ ത്തിലും (ഗ്രാമപ്രദേശങ്ങളുടെ അകൽച്ചയും ഒറ്റപ്പെടലും കാടത്തവും വൻനഗരങ്ങളിലെ വൻതോതിലുള്ള കൃത്രിമമായ ജനസാന്ദ്രതയും ഒരേ സമയത്ത് അവസാനിപ്പിച്ചുകൊണ്ടുള്ളതാണിത്)അധിഷ്ഠിത മായ, വ്യവസായവും കൃഷിയും തമ്മിലുള്ള യോജിപ്പിന്റെ അംശങ്ങളാ ണവ. ആധുനികമുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന രൂപങ്ങൾ പുതിയരൂപത്തിലുള്ള കുടുംബത്തിനും സ്ത്രീകളുടെ പദവിയിലും യുവതലമുറയെ വളർത്തിക്കൊണ്ടുവരുന്ന രീതിയിലും പുതിയസാ ഹചര്യങ്ങൾക്കും കളമൊരുക്കുന്നു. സ്ത്രീകളേയും കുട്ടികളേയും കൊണ്ട് പണിയെടുപ്പിക്കലും മുതലാളിത്തം പിതൃമേധാവിത്വപരമായ കുടുംബത്തിൽ വരുത്തുന്ന തകർച്ചയും ആധുനികസമൂഹത്തിൽ ഏറ്റവും ഭയങ്കരവും വിനാശകരവും ഗർഹണീയവുമായ രൂപങ്ങൾ അനിവാര്യമായും കൈക്കൊള്ളുന്നു. എങ്കിൽപോലും "......കുടുംബ വൃത്തത്തിന് വെളിയിലുള്ള ഉൽപാദനപ്രക്രിയയിൽ സ്ത്രീകൾക്കും യുവതീയുവാക്കൾക്കും ബാലികാബാലന്മാർക്കും ഒരു പ്രധാനപങ്ക് നൽകുന്നതിനാൽ ആധുനികവ്യവസായം കുടുംബത്തിന്റേയും സത്രീപുരുഷബന്ധങ്ങളുടേയുംകുടുതലയുർന്ന രൂപത്തിലുള്ള പുതിയൊരു സാമ്പത്തികാടിത്തറ സൃഷ്ടിക്കുന്നു. ട്യൂട്ടോണിക്-ക്രിസ്തീയരൂപത്തിലുള്ള കുടുംബം പരമവും അന്തിമവുമായ രൂപ മാണെന്ന് കരുതുന്നത്, പുരാതനറോമിലും പ്രാചീനഗ്രീസിലും പൗരാ സ്ത്യദേശത്തുമുണ്ടായിരുന്ന രൂപങ്ങൾക്ക്-ഒട്ടാകെ നോക്കുമ്പോൾ ഇവ ചരിത്രവികാസത്തിലെ തുടർച്ചയായ ഘട്ടങ്ങളെയാണ് കുറിക്കു ന്നതെന്ന് കൂട്ടത്തിൽ പറഞ്ഞു കൊള്ളട്ടെ-പ്രസ്തുതസ്വഭാവം ബാധക മാക്കുന്നതുപോലെ തന്നെ അസംബന്ധമാണെന്നതിനു സംശയമില്ല. മാത്രമല്ല, കൂട്ടായി പണിയെടുക്കുന്ന ഗ്രൂപ്പിൽ എല്ലാ പ്രായക്കാരുമായ സ്ത്രീപുരുഷന്മാർ ഉൾപ്പെട്ടിട്ടുണ്ടെന്ന വസ്തുത-ഉല്പാദനപ്രക്രിയ തൊഴിലാളിക്ക് വേണ്ടിയല്ല, തൊഴിലാളി ഉല്പാദന പ്രക്രിയയ്ക്കു വേണ്ടി നിലക്കൊള്ളുന്ന, സ്വയമേവ വളർന്നുവരുന്ന മൃഗീയമായ മുത ലാളിത്ത രൂപത്തിൽ ആ വസ്തുത നാശത്തിന്റേയും അടിമത്തത്തി ന്റേയും ഹാനികരമായ ഒരു ഉറവിടമാണെങ്കിൽക്കൂടി - അനുകൂല സാഹചര്യങ്ങളിൽ അനിവര്യമായും മനുഷ്യത്വപരമായ വികാസത്തി നുള്ള ഒരു ഉറവിടമായിത്തീരുന്നുവെന്ന കാര്യം വ്യക്തമാണ്" ("മൂലധനം വാള്യംI, 13-ാംഅദ്ധ്യായത്തിന്റെ അവസാനം). ഫാക്ടറി വ്യവസ്ഥയിൽ "ഭാവിവിദ്യാഭ്യാസത്തിന്റെ ബീജം" ദർശിക്കാവുന്ന താണ്. "ഒരു നിശ്ചിതവയസ്സിനുമേലുള്ള ഓരോ കുട്ടിയുടെ കാര്യ ത്തിലും, ഉല്പാദനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള മാർഗ ങ്ങളിലൊന്നെന്ന നിലയ്ക്ക് മാത്രമല്ല, പൂർണവളർച്ചയെത്തിയ മനു ഷ്യരെ സൃഷ്ടിക്കാനുള്ള ഏകമാർഗമെന്ന നിലയ്ക്കും ഉൽപാദനക്ഷമ മായ അദ്ധ്വാനവും പഠിത്തവും വ്യായാമവും കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള വിദ്യാഭ്യാസമാണത്" (മേൽപ്പറഞ്ഞ കൃതിയിൽനിന്നു തന്നെ) ദേശീയതയുടേയും ഭരണകൂടത്തിന്റേയും പ്രശ്നവും അതേ ചരിത്രപരമായ നിലപാടിൽനിന്നുകൊണ്ടാണ് മാർക്സിന്റെ സോഷ്യലിസം കാണുന്നത്-കഴിഞ്ഞ കാലത്തെ വ്യാഖ്യാനിക്കുക

യെന്ന അർത്ഥത്തിൽ മാത്രമല്ല, ഭാവിയെ നിർഭയമായി പ്രവചിക്കുകയും അത് നേടാൻ വേണ്ടി സുധീരമായ പ്രായോഗിക പ്രവർത്തനം നടത്തുകയും ചെയ്യുകയെന്ന അർത്ഥത്തിൽ. സാമൂഹ്യ വളർച്ചയിലെ ബൂർഷ്വാ ഘട്ടത്തിന്റെ അനിവാര്യസന്തതിയാണ്, അനിവാര്യരൂപമാണ്, രാഷ്ട്രങ്ങൾ. "രാഷ്ട്രത്തിനുള്ളിൽ രൂപംകൊള്ളാതെ," "ദേശീയ"മാകാതെ ("ആ വാക്കിന്റെ ബൂർഷ്വ അർത്ഥത്തിലല്ലെങ്കിലും") തൊഴിലാളിവർഗത്തിന് ശക്തിപ്രാപി ക്കാനും പക്വത വരാനും രൂപംകൊള്ളാനും സാധ്യമാകുമായിരുന്നില്ല. എന്നാൽ മുതലാളിത്തത്തിന്റെ വളർച്ച ദേശീയമായ അതിർത്തിവ രമ്പുകളെ അധികമധികം തകർക്കുകയും ദേശീയമായ അകൽച്ചയെ നശിപ്പിക്കുകയും ദേശീയവൈരങ്ങളുടെ സ്ഥാനത്ത് വർഗവൈരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, വികസിതമുതലാളിത്ത രാജ്യങ്ങളിൽ "പണിയെടുക്കുന്നവർക്കു രാജ്യമില്ലെ"ന്നതും പരിഷ്കൃതരാ ജ്യങ്ങളിലെങ്കിലുമുള്ള തൊഴിലാളികളുടെ "യോജിച്ച പ്രവർത്തനം" തൊഴിലാളി വർഗമോചനത്തിനുള്ള ആദ്യോപാധികളി ലൊന്നാണെ"ന്നതും (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ")[39] തികച്ചും പരമാർത്ഥമാണ്. സമൂഹത്തിന്റെ ഒരു നിശ്ചിത വികാസഘട്ടത്തി ലാണ്, സമൂഹം പരസ്പരം പൊരുത്തപ്പെടാത്ത വർഗങ്ങളായി പിളരുകയും, പ്രത്യക്ഷത്തിൽ സമൂഹത്തിന് മുകളിൽ നിൽക്കുന്നതും ഒരു പരിധിവരെ സമൂഹത്തിൽ നിന്ന് വേറിട്ടുനിൽ ക്കുന്നതുമായ ഒരു "അധികാരശക്തി"യെക്കൂടാതെ അതിന് നിലനിൽക്കാൻ വയ്യാതാവുകയും ചെയ്തപ്പോഴാണ്, ബലപ്രയോഗത്തിന്റെ സംഘടിതരൂപമായ ഭരണകൂടം നിലവിൽ വന്നത്. വർഗവൈരുദ്ധ്യങ്ങ ളിൽനിന്നും ഉടലെടുക്കുന്ന ഭരണകൂടം. "ഏറ്റവും പ്രബലവും സാമ്പത്തികമായി ആധിപത്യം വഹിക്കുന്നതുമായ വർഗത്തിന്റെ ഭരണകൂട" മായിത്തീരുന്നു. "ഭരണകൂടത്തിന്റെ മാധ്യമത്തിലൂടെ പ്രസ്തുതവർഗം രാഷ്ട്രീയാധിപത്യം വഹിക്കുന്ന വർഗം കൂടിയായിത്തീരുന്നു. അങ്ങനെ മർദ്ദിതവർഗത്തെ അമർത്തി വയ്ക്കാനും ചൂഷണം ചെയ്യാനും അതിന് പുതിയ ഉപാധികൾ ലഭി ക്കുന്നു. ഇങ്ങനെ, പ്രാചീനകാലത്തെ ഭരണകൂടം സർവോപരി അടിമ കളെ അടിച്ചമർത്തിവയ്ക്കാനുള്ള അടിമയുടമകളുടെ ഭരണകൂട മായിരുന്നു. കർഷക അടിയാളരെ അടിച്ചമർത്തിവയ്ക്കാനുള്ള ഭൂപ്രഭു ക്കളുടെ ഉപകരണമായിരുന്നു ഫ്യൂഡൽ ഭരണകൂടം. പ്രാതിനിധ്യ സ്വഭാവമുള്ള ആധുനിക ഭരണകൂടം കൂലിവേലയെ ചൂഷണം ചെയ്യാനുള്ള മൂലധനത്തിന്റെ ഉപകരണമാണ്" ("കുടുംബം, സ്വകാര്യ സ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം" എന്ന കൃതിയിൽ എംഗ ൽസ്. ഗ്രന്ഥകാരൻ തന്റേയും മാർക്സിന്റേയും അഭിപ്രായങ്ങൾ വിശദീകരിക്കുന്ന ഒരു കൃതിയാണിത്). ഏറ്റവും സ്വതന്ത്രവും പുരോഗമനപരവുമായ ബൂർഷ്വ ഭരണകൂടരൂപമായ ജനാധിപത്യറിപ്പ ബ്ലിക്കുപോലും ഈ വസ്തുത ഇല്ലാതാക്കുന്നില്ല. അതിന്റെ രൂപം (ഗവൺമെന്റും സ്റ്റോക്ക് എക്സ്ചേഞ്ചും തമ്മിലുള്ള ബന്ധം ഉദ്യോഗസ്ഥന്മാർക്കും പത്രങ്ങൾക്കും നേരിട്ടും അല്ലാതെയും കോഴകൊടുക്കൽ തുടങ്ങിയവ) മാറ്റുകമാത്രമേ ചെയ്യുന്നുള്ളൂ.

Scanned by CamScanner

വർഗങ്ങളില്ലാതാക്കുന്നതിലേക്കും വഴിതെളിക്കുന്നതിലൂടെ സോഷ്യലിസം തദ്വാര ഭരണകൂടമില്ലാതാക്കുന്നിലേക്കും വഴിതെളിക്കുന്നതാണ്. "ആന്റിഡ്യൂറിംഗ്" എന്ന കൃതിയിൽ എംഗൽസ് എഴുതുന്നു: " മുഴുവൻ സമൂഹത്തിന്റേയും പ്രതിനിധിയായി യഥാർത്ഥത്തിൽ മുന്നോട്ടുവന്നുകൊണ്ട് ഭരണകൂടം കൈക്കൊള്ളുന്ന ആദ്യത്തെ നടപടി-സമൂഹത്തിന്റെ പേരിൽ ഉൽപാദനോപാധികൾ കൈവശപ്പെടുത്തൽ-അതേ സമയം തന്നെ ഭരണകൂടമെന്ന നിലയ്ക്കുള്ള അതിന്റെ അവസാനത്തെ സ്വതന്ത്രനടപടിയാണ്. സാമൂഹ്യബന്ധങ്ങളിൽ ഭരണകൂടാധികാരം ഇടപെടുന്നത് ഓരോരോ മണ്ഡലങ്ങളിൽ അധികപ്പറ്റാവുകയും പിന്നീടത് നിലയ്ക്കുകയും ചെയ്യുന്നു. ആളുകളുടെ ഭരണത്തിന്റെ സ്ഥാനത്ത് കാര്യങ്ങളുടെ നിർവഹണവും ഉൽപാദനപ്രക്രിയയ്ക്ക് നേതൃത്വം നൽകലും നിലവിൽവരുന്നു. ഭരണകൂടം 'ഇല്ലാതാക്ക'പ്പെടുന്നില്ല. അത് കൊഴിഞ്ഞു പോവുന്നു"[40]. "അന്ന് ഉല്പാദകരുടെ യഥേഷ്ടവും തുല്യാടിസ്ഥാന ത്തിലുള്ളതുമായ കൂട്ടുകെട്ടിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം സംഘടിപ്പിക്കുന്ന സമൂഹം ഭരണകൂടയന്ത്രത്തെയാകെത്തന്നെ അതർഹിക്കുന്ന സ്ഥാനത്ത്— പ്രാചീന വസ്തുക്കൾ സൂക്ഷിക്കുന്ന കാഴ്ചബംഗ്ലാവിൽ' ചർകയുടേയും വെങ്കലമഴുവിന്റേയുമടുത്ത്-കൊണ്ടുപോയി വയ്ക്കും"("കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം" എന്നകൃതിയിൽ എംഗൽസ്)[41]

അവസാനമായി, സ്വത്ത് പിടിച്ചെടുത്തവരുടെ സ്വത്ത് പിടിച്ചെടുക്കുന്ന കാലഘട്ടത്തിൽ തുടർന്ന് നിലനിൽക്കുന്ന ചെറുകിട കർഷകരോടുള്ള മാർക്സിസ്റ്റ് സോഷ്യലിസത്തിന്റെ മനോഭാവത്തെ സംബന്ധിച്ച്, മാർക്സിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടുള്ള എംഗൽസിന്റെ ഒരു പ്രഖ്യാപനത്തെ പരാമർശിക്കേണ്ടിയിരിക്കുന്നു: "...നമ്മുടെ കയ്യിൽ ഭരണാധികാരം വരുമ്പോൾ, വൻകിട ഭൂവുടമകളുടെ കാര്യത്തിൽ ചെയ്യേണ്ടിവരുന്നതുപോലെ ചെറുകിട കർഷകരുടെ സ്വത്ത് (പ്രതിഫലം കൊടുത്തുകൊണ്ടായാലും അല്ലെങ്കിലും) ബലം പ്രയോഗിച്ച് പിടിച്ചെടുക്കുന്നതിനെപ്പറ്റി നാം ആലോചിക്കുകപോലും ചെയ്യുകയില്ല. ചെറുകിടകർഷകനെ സംബന്ധിച്ചിടത്തോളം, അവന്റെ സ്വകാര്യസ്ഥാപനവും സ്വകാര്യസ്വത്തും സഹകരണസ്ഥാപനങ്ങളിലേക്ക് മാറ്റുകയെന്നതായിരിക്കും നമ്മുടെ ആദ്യത്തെ കടമ. അതുതന്നെ ബലപ്രയോഗത്തിലൂടെയല്ല, മാതൃക കാട്ടിക്കൊണ്ടും ആവശ്യമായ സാമൂഹ്യസഹായം നൽകിക്കൊണ്ടും വേണം ചെയ്യാൻ. അപ്പോൾ അതു മൂലം ഭാവിയിലുണ്ടാകുന്ന മെച്ചങ്ങൾ ചെറുകിട കർഷകന് കാട്ടിക്കൊടുക്കാൻ നമ്മുടെ പക്കൽ തീർച്ചയായും വേണ്ടത്ര വകയുണ്ടവും. ഇന്നു തന്നെ അവനെ അവ വ്യക്തമായി കാണിച്ചു കൊടുക്കണം." (എംഗൽസ്, ഫ്രാൻസിലേയും ജർമ്മനിയിലേയും കർഷകപ്രശ്നം," പേജ്17. അലെക്സയെവിന്റെ പ്രസാധകത്വത്തിലുള്ള പതിപ്പ്: റഷ്യൻ പരിഭാഷയിൽ തെറ്റുകളുണ്ട്. മൂലകൃതി " ഡി നോയെ സൈറ്റ്" ലുണ്ട്.)[42]

Scanned by CamScanner

# തൊഴിലാളിവർഗസമരത്തിന്റെ അടവുകൾ

പഴയ ഭൗതികവാദത്തിന്റെ പ്രധാനതെറ്റുകളിലൊന്ന്- അതായത് പ്രായോഗികവിപ്ലവപ്രവർത്തനത്തിനുള്ള സാഹചര്യങ്ങൾ മനസ്സിലാക്കാനും അതിന്റെ പ്രാധാന്യം കാണാനുമുള്ള അതിന്റെ കഴിവുകേട്-1844-45 ൽത്തന്നെ പരിശോധിച്ച മാർക്സ്, തന്റെ താത്വിക പ്രവർത്തനത്തോടൊപ്പം, തൊഴിലാളിവർഗസമരത്തിന്റെ അടവുസംബന്ധമായ പ്രശ്നങ്ങളിൽ *നിരന്തരമായും അശ്രാന്തമായും* ശ്രദ്ധചെലുത്തി. അദ്ദേഹത്തിന്റെ *എല്ലാ കൃതികളിലും, പ്രത്യേകിച്ച്* 1913 ൽ നാലു വാള്യങ്ങളായി പ്രസിദ്ധീകരിച്ച, എംഗൽസുമായുള്ള അദ്ദേഹത്തിന്റെ കത്തിടപാടുകളിൽ, ഈ വിഷയത്തെ സംബന്ധിച്ച് വളരെയധികം വിവരങ്ങളുണ്ട്. അവയെല്ലാം ഇനിയും ശേഖരിക്കുകയോ സമാഹരിക്കുകയോ പരിശോധിക്കുകയോ പഠിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് ഈ വശത്തെകൂടാതെ ഭൗതികവാദം അസ്ഥിരവും ഏകപക്ഷീയവും നിർജ്ജീവവുമാണെന്ന് മാർക്സ് ന്യായമായും കരുതിയിരുന്നുവെന്ന വസ്തുത ഊന്നിപ്പറഞ്ഞുകൊണ്ട് അങ്ങേയറ്റം സാമാന്യമായും സംക്ഷിപ്ത മായും ചില കാര്യങ്ങൾ പറയുന്നതിൽ ഞങ്ങൾക്കിവിടെ ഒതുങ്ങിനിൽക്കേണ്ടിയിരിക്കുന്നു. തന്റെ ഭൗതിക – വൈരുദ്ധ്യാത്മകധാരണകൾക്ക് തികച്ചും അനുരൂപമായ വിധത്തിലാണ് അദ്ദേഹം തൊഴിലാളിവർഗത്തിന്റെ അടവുകളുടെ മൗലികകടമ നിർവചിച്ചത്. ഒരു സമുഹത്തിലെ എല്ലാ വർഗബന്ധങ്ങളേയും കുറിച്ചും അങ്ങനെ അതിന്റെ വസ്തുനിഷ്ഠമായ വികാസഘട്ടത്തെക്കുറിച്ചും മറ്റു സമുഹങ്ങളുമായുള്ള അതിന്റെബന്ധങ്ങളെക്കുറിച്ചുമുള്ള വസ്തുനിഷ്ഠമായ പരിഗണനയ്ക്ക് മാത്രമേ മുൻപന്തിയിൽ നിൽക്കുന്ന വർഗത്തിന്റെ ശരിയായ അടവുകൾക്ക് അടിത്തറയായി തീരാൻ കഴിയു. അതേസമയം എല്ലാ വർഗങ്ങളേയും രാജ്യങ്ങളേയും നിശ്ചലമെന്ന നിലയ്ക്കല്ല, ചലനാത്മകമായിട്ടാണ്, അതായത് സ്ഥാവരാസ്ഥയിലല്ല, ചലനാവസ്ഥയിലാണ് പരിശോധിക്കുന്നത് (ഒരോ വർഗത്തിന്റേയും നിലനില്പിനുള്ള സാമ്പത്തികസാഹചര്യങ്ങൾ ഈ ചലനനിയമങ്ങൾ നിർണ്ണയിക്കുന്നു.) ചലനം തന്റെ കഴിഞ്ഞ കാലത്തിന്റെ നിലപാടിൽനിന്ന് മാത്രമല്ല ഭാവിയുടെ നിലപാടിൽനിന്നു കുടി പരിഗണിക്കപ്പെടുന്നു. തന്നെയുമല്ല,സാവധാനത്തിലുള്ള മാറ്റം മാത്രമാണ് നടക്കുന്നതെന്ന വികൃതമായ "പരിണാമവാദപരമായ" ധാരണയനുസരിച്ചല്ല വൈരുദ്ധ്യാത്മകമായിട്ടാണ് മാർക്സ് അത്

Scanned by CamScanner

കാണുന്നത്: വമ്പിച്ച ചരിത്രസംഭവവികാസങ്ങളെ സംബന്ധിച്ചിടത്തോളം ഇരുപത് വർഷങ്ങൾ ഒരു ദിവസത്തിന് തുല്യമാണ്," മാർക്സ് എംഗൽസിനെഴുതി." എന്നാൽ പിന്നീട് ഇരുപത് വർഷങ്ങൾ ഒരൊറ്റ ദിവസത്തിനകത്ത് അടങ്ങിയിട്ടുള്ള ദിവസങ്ങൾ വരാവുന്നതാണ്" ("ബ്രീഫ്‌വെഹ്സെൽ." വാല്യം III , പേജ് 127)43. വികാസത്തിന്റെ ഒരോ ഘട്ടത്തിലും ഒരോ നിമിഷത്തിലും തൊഴിലാളിവർഗത്തിന്റെ അടവുകൾ മാനവചരിത്രത്തിന്റെ വസ്തുനിഷ്ഠമാംവിധം അനിവാര്യമായ വൈരുദ്ധ്യാത്മകതയെ കണക്കിലെടുക്കണം. ഒരു വശത്ത് അത് രാഷ്ട്രീയമാന്ദ്യത്തിന്റെ, അഥവാ മന്ദമായ, "സമാധാനപര"മെന്ന് പറയപ്പെടുന്ന, വികാസത്തിന്റെ ഘട്ടങ്ങളെ മുന്നണിവർഗത്തിന്റെ വർഗബോധവും കരുത്തും സമരശേഷിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തണം. മറുവശത്ത്,അത് പ്രവർത്തനമാകെ ഈ വർഗത്തിന്റെ നീക്കത്തിന്റെ "അന്തിമലക്ഷ്യ"ത്തിലേക്ക് നയിക്കണം."ഇരുപത് വർഷങ്ങൾ ഒരു ദിവസത്തിലടങ്ങുന്ന മഹത്തായ ദിനങ്ങളിൽ മഹത്തരമായ കടമകൾ നിറവേറ്റാനുള്ള പ്രായോഗികകഴിവ് ആ വർഗത്തിൽ സൃഷ്ടിക്കണം. ഇത് സംബന്ധിച്ച് മാർക്സിന്റെ വാദമുഖങ്ങളിൽ രണ്ടെണ്ണം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു: " തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യ" മെന്ന കൃതിയിൽ ഉന്നയിച്ചിട്ടുള്ള ആദ്യത്തെ വാദമുഖം തൊഴിലാളിവർഗത്തിന്റെ സാമ്പത്തിക സമരത്തേയും സാമ്പത്തികസംഘടനയേയും സംബന്ധിക്കുന്നതാണ്; കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യിൽ പ്രതിപാദിച്ചിട്ടുള്ള മറ്റേ വാദമുഖം തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയകടമകളെ സംബന്ധിക്കുന്നതാണ്. ആദ്യത്തെ വാദമുഖം ഇതാണ്:"വൻകിടവ്യവസായം അന്യോന്യം അറിഞ്ഞുകൂടാത്ത ആളുകളുടെ ഒരു സമൂഹത്തെ ഒരിടത്ത് കേന്ദ്രീകരിക്കുന്നു. മത്സരം അവരുടെ താല്പര്യങ്ങളെ വിഭിന്നമാക്കുന്നു. എന്നാൽ കൂലി നിലനിറുത്തുകയെന്നത് – തങ്ങളുടെ യജമാനനെതിരായ അവരുടെ ഈ പൊതുതാല്പര്യം – ചെറുത്തുനിൽക്കണമെന്ന പൊതുചിന്തയിൽ അവരെ ഒരുമിപ്പിക്കുന്നു; ഏകീകരിക്കുന്നു. ഒന്നിച്ചു നിൽക്കണമെന്ന ചിന്തയാണത്....... ആദ്യമാദ്യം ഒറ്റതിരിഞ്ഞുള്ള ഈ കൂട്ടുകെട്ടുകൾ ഗ്രൂപ്പുകളായിത്തീരുന്നു. എപ്പോഴും ഒന്നിച്ചു നിൽക്കുന്ന മൂലധനത്തിന്റെ മുമ്പിൽ സംഘടന നിലനിറുത്തുകയെന്നത് കൂലി നിലനിർത്തുന്നതിനേക്കാൽ അവർക്ക്, അതായത് തൊഴിലാളികൾക്ക്, ആവശ്യമായിത്തീരുന്നു... ഈ സമരത്തിൽ – ശരിക്കുമൊരു ആഭ്യന്തരയുദ്ധമാണത് – ആസന്നമായ പോരാട്ടത്തിനാവശ്യമായ എല്ലാ ഘടകങ്ങളും ഒന്നിച്ചുവരികയും വളർന്നുവരികയും ചെയ്യുന്നു. ഈയൊരു ഘട്ടത്തിലെത്തുന്നതോടെ സംഘടനയ്ക്ക് ഒരു രാഷ്ട്രീയസ്വഭാവം കൈവരുന്നു."44 വരുന്ന ഏതാനും ദശാബ്ദങ്ങളിലേക്കുള്ള, "ആസന്നമായ പോരാട്ട"ത്തിനുവേണ്ടി തൊഴിലാളിവർഗം ശക്തി സംഭരിക്കേണ്ട ആ നീണ്ട കാലഘട്ടത്തേക്ക് മുഴുവനുമുള്ള, സാമ്പത്തികസമരത്തിന്റേയും ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന്റേയും പരിപാടിയും അടവുമാണിത്.ബ്രിട്ടീഷ് തൊഴിലാളിപ്രസ്ഥാനത്തെക്കുറിച്ചുള്ള മാർക്സിന്റേയും എംഗൽസിന്റേയും നിരവധി പരാമർശങ്ങളോടൊപ്പം വേണം ഇത്

Scanned by CamScanner

കാണാൻ.വ്യാവസായിക "അഭിവൃദ്ധി" "തൊഴിലാളിവർഗത്തെ വിലയ്ക്കെടുക്കാനും" ("ബ്രിഫ്‌വെഹ്സെൽ," "വാള്യം I,പേജ് 136)[45] സമരത്തിൽ നിന്ന് അതിന്റെ ശ്രദ്ധ തിരിക്കാനുള്ള ശ്രമങ്ങളിലേക്ക് നയിക്കുന്നത്; ഈ അഭിവൃദ്ധി പൊതുവിൽ തൊഴിലാളികളുടെ വീര്യം കൊടുത്തുന്ന"ത് (വാള്യം IIപേജ് 218)[46] ; ബ്രിട്ടീഷ് തൊഴിലാളി "ബൂർഷ്വാ" ആയിത്തീരുന്നത്-"ബൂർഷ്വാസിയോടൊപ്പം ഒരു ബൂർഷ്വാ പ്രഭുവർഗവും ബൂർഷ്വാതൊഴിലാളിവർഗവുമുണ്ടായിരിക്കു കയെന്ന താണ് രാഷ്ട്രങ്ങളിൽ വച്ച് ഏറ്റവും ബൂർഷ്വായായ ഈ രാഷ്ട്രത്തിന്റെ അന്തിമലക്ഷ്യമെന്ന് തോന്നുന്നു"(വാള്യം II, പേജ് 290)[47]; അതിന്റെ "വിപ്ലവകരമായ ഊർജ്ജസ്വലത "വറ്റിപ്പോകുന്നത് (വാള്യം III, പേജ്124)[48] "തങ്ങൾക്ക് പ്രത്യക്ഷത്തിൽ പിടിപെട്ട ബൂർഷ്വാബാധയിൽ നിന്ന് ഇംഗ്ലീഷ് തൊഴിലാളികൾക്ക് സ്വയം വിമുക്തമാവാൻ" ഏറെക്കുറെ നീണ്ടൊരു കാലത്തേക്ക് കാത്തിരിക്കേണ്ടിവരുമെന്നത് (വാള്യം III, പേജ് 127)[49]; ബ്രിട്ടീഷ് തൊഴിലാളിപ്രസ്ഥാനത്തിന് "ചാർട്ടി സ്റ്റുകളുടെ വീര്യമില്ലെ" ന്നത്[50] (1866;വാള്യം III, പേജ് 305)[51]; ബ്രിട്ടീഷ് തൊഴിലാളിനേതാക്കൾ "ഒരു ബൂർഷ്വാതീവ്രവാദിയുടേയും തൊഴി ലാളിയുടേയും" നടുക്കു നിൽക്കുന്നതരക്കാരാവുന്നത്(ഹോളിയോക്കി നെക്കുറിച്ചുള്ള പരാമർശം, വാള്യംIV, പേജ്209)[52]; ബ്രിട്ടീഷ് കുത്തകമുലവും ആ കുത്തക നിലനിൽക്കുന്നേടത്തോളം കാലവും "ബ്രിട്ടീഷ് തൊഴിലാളി നിന്നിടത്ത്നിന്ന് അനങ്ങുകയില്ലെ"ന്നത് (വാള്യം IVപേജ് 433)[53]-ഇതേക്കുറിച്ചെല്ലാം അവർ പരാമർശിക്കുന്നുണ്ട്. തൊഴിലാളിപ്രസ്ഥാനത്തിന്റെ പൊതുഗതിയോടും (അതിന്റെ *പരിണതഫലത്തോടും*), അനുബന്ധിച്ചുള്ള സാമ്പത്തികസമരത്തിന്റെ അടവുകളെ ഇവിടെ പരിഗണിക്കുന്നത് അന്യാദൃശമാംവിധം വിപുലവും സമഗ്രവും വൈരുദ്ധ്യാത്മകവും യഥാർത്ഥത്തിൽ വിപ്ലവാത്മകവുമായ നിലപാടിൽ നിന്നുകൊണ്ടാണ്.

രാഷ്ട്രീയസമരത്തിന്റെ അടവുകൾ സംബന്ധിച്ച മൗലിക മായ മാർക്സിസ്റ്റ് തത്വം "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യിൽ പ്രതിപാ ദിക്കുന്നുണ്ട്: തൊഴിലാളിവർഗത്തിന്റെ അടിയന്തിരാവശ്യങ്ങൾ നേടാനും അവരുടെ താൽക്കാലികതാൽപര്യങ്ങൾ നടപ്പാക്കാനും വേണ്ടി കമ്മ്യൂണിസ്റ്റുകാർ പൊരുതുന്നു; എന്നാൽ അന്നന്നത്തെ പ്രസ്ഥാനത്തിനിടയിൽ അവർ ആ പ്രസ്ഥാനത്തിന്റെ ഭാവിതാൽപര്യ ങ്ങളേയും പ്രതിനിധീകരിക്കുന്നുണ്ട്; ശ്രദ്ധിക്കുന്നുണ്ട്"[54]. അതുകൊ ണ്ടാണ് മാർക്സ് 1848 ൽ പോളണ്ടിലെ "കാർഷികവിപ്ലവ"പ്പാർടിയെ "1846 ൽ ക്രാക്കോമിലെ കലാപമിളക്കിവിട്ട പാർടിയെ" പിന്താങ്ങിയത്. 1848 ലും 1849 ലും മാർക്സ് ജർമ്മനിയിൽ അങ്ങേയറ്റം വിപ്ലവകരമായി രുന്ന ജനാധിപത്യ പ്രസ്ഥാനത്തെ അനുകൂലിച്ചു.; അടവുകളെപ്പറ്റി അന്ന് പറഞ്ഞ കാര്യങ്ങളിൽനിന്നും അദ്ദേഹം ഒരിക്കലും പിൻവാങ്ങി യിട്ടില്ല.ജർമ്മൻ ബൂർഷ്വാസിയെ "ആരംഭംതൊട്ടുതന്നെ ജനങ്ങളെ വഞ്ചിക്കാനും"(കർഷകരുമായുള്ള സഖ്യംകൊണ്ടും മാത്രമേ ബൂർഷ്വാസിക്ക് അതിന്റെ കടമകളുടെ സമഗ്രമായ നിർവഹണം നേടാൻ കഴിയുമായിരുന്നുള്ളു)"പഴയ സമൂഹത്തിന്റെ കിരീടം വച്ച പ്രതിനിധികളുമായി സന്ധിചെയ്യാനും പ്രവണത കാണിക്കുന്ന" ഒരു

Scanned by CamScanner

ഘടകമായിട്ടാണ് അദ്ദേഹം കണ്ടത്. ബൂർഷ്വാജനാധിപത്യവിപ്ല വത്തിന്റെ കാലഘട്ടത്തിൽ ജർമ്മൻ ബൂർഷ്വാസി കൈക്കൊണ്ട വർഗനിലപാടിനെക്കുറിച്ചുള്ള തന്റെ വിശകലനത്തിന്റെ ഒരു സംഗ്രഹം മാർക്സ് നൽകിയിട്ടുള്ളത് ചുവടെ ചേർക്കുന്നു. സമൂഹത്തെ ചലനാ വസ്ഥയിൽ-അതും പുറകോട്ടുള്ള ചലനത്തിന്റെ ഭാഗത്തുനിന്നും മാത്രമല്ല കാണുന്നത്. ഭൗതികവാദത്തിന്റെ ഒരു മാതൃകയാണ് ഈ വിശകലനമെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. "ആത്മവിശ്വാസമോ ജനങ്ങളിൽ വിശ്വാസമോ ഇല്ല, മുകളിലുള്ളവരുടെ നേരെ മുറുമുറുക്കു കയും താഴെയുള്ളവരുടെ മുമ്പിൽ വിറകൊള്ളുകയും ചെയ്യുന്നു... ലോകകൊടുങ്കാറ്റ് കണ്ട് പേടിച്ചുവിരളുന്നു... യാതൊന്നിലും ഉന്മേഷ മില്ല, സർവയിടത്തുനിന്നും ആശയങ്ങൾ മോഷ്ടിക്കുന്നു... യാതൊരു മുൻകയ്യുമില്ല...അരോഗദൃഢഗാത്രരായ ഒരു ജനതയുടെ യുവസഹജ മായ ആദ്യത്തെ പ്രേരണകൾക്ക് വഴികാട്ടിക്കൊടുക്കാനും തിരിച്ചു വിടാനും വിധിക്കപ്പെട്ടവനായി സ്വയം കരുതുന്ന ഒരു അഭിശപ്തനായ വൃദ്ധൻ..."(നോയെ റൈനിഷെ ത് സൈറ്റുംഗ്", 1848 "ലിറ്ററാറിഷെർ നാഹ് ലസ്", വാല്യം III, പേജ് 212 നോക്കുക)[56]. സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതേണ്ടിവരുമെന്ന കേവലമൊരു സാദ്ധ്യതയേക്കാൾ അടിമത്തത്തോടുകൂടിയ സമാധാനം ബൂർഷ്വാസി കൂടുതൽ ഇഷ്ടപ്പെട്ടതുകൊണ്ടാണ് 1848 ലെ വിപ്ലവം പരാജയപ്പെട്ടതെന്ന് ഏതാണ്ട് ഇരുപത് വർഷങ്ങൾക്ക് ശേഷം എംഗൽസിനുള്ള ഒരു കത്തിൽ മാർക്സ് പ്രഖ്യാപിക്കുകയുണ്ടായി ("ബ്രീഫ്‌വെഹ് സെൽ," വാല്യം III,പേജ് 224),1848-49ലെ വിപ്ലവകാലഘട്ടം അവസാനിച്ചപ്പോൾ മാർക്സ് വിപ്ലവം കുട്ടിക്കളിയായിയെടുത്തുകൊ ണ്ടുള്ള എല്ലാ സംരംഭങ്ങളേയും എതിർക്കുകയും (ഷാപ്പറിനും വില്ലിഹിനുമെതിരായ അദ്ദേഹത്തിന്റെ പോരാട്ടം). "സമാധാനപര" മെന്ന് തോന്നിക്കുന്ന ഒരു മാർഗത്തിൽക്കൂടി പുതിയവിപ്ലവങ്ങൾക്ക് സന്നാഹങ്ങൾ നടത്തുന്ന പുതിയ കാലഘട്ടത്തിൽ പ്രവർത്തിക്കാൻ കഴിവുണ്ടായിരിക്കണമെന്ന് നിർബ്ബന്ധിച്ചു പറയുകയും ചെയ്തു. മാർക്സ് എങ്ങനെയാണ് ഈ പ്രവർത്തനത്തെ കണ്ടതെന്ന് പിന്തിരിപ്പത്തത്തിന്റെ അങ്ങേയറ്റം ഇരുണ്ട കാലഘട്ടമായ 1856ൽ ജർമ്മനിയിൽ നിലനിന്നിരുന്ന സ്ഥിതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലിൽനിന്ന് വെളിവാകുന്നതാണ്. "തൊഴിലാളിവർഗവിപ്ലവ ത്തിന് കർഷകയുദ്ധ ത്തിന്റെ ഒരു രണ്ടാം പതിപ്പുകൊണ്ട് പിന്തുണ നൽകാനുള്ള സാദ്ധ്യതയെ ആശ്രയിച്ചായിരിക്കും ജർമ്മനിയിൽ സർവതും നിലക്കൊള്ളുന്നത്." ("ബ്രിഫ് വെഹ്സെൽ." വാല്യംII, പേജ് 108)[57].ജർമ്മനിയിലെ ജനാധിപത്യ (ബുർഷ്വാ) വിപ്ലവം പൂർത്തിയാക്കാത്തിടത്തോളം കാലം മാർക്സ് സോഷ്യലിസ്റ്റ് തൊഴിലാളിവർഗത്തിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചത് കർഷകരുടെ ജനാധിപത്യപരമായ ഊർജ്ജസ്വലത വളർത്തുകയെന്ന അടവിലാണ്.ലസ്സാലിന്റെ മനോഭാവം "വസ്തുനിഷ്ഠമായി... തൊഴിലാളിപ്രസ്ഥാനത്തെയാകെ പ്രഷ്യയ്ക്ക് ഒറ്റു കൊടുക്ക"ലാണ് (വാല്യംIII, പേജ്210)[58] എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യുങ്കർമാരുടേയും പ്രഷ്യൻ ദേശീയവാദികളുടേയും പ്രവൃത്തികൾക്ക്

ലസ്സാൽ അരുനിന്നുവെന്നതായിരുന്നു ഇതിനുള്ള കാരണമെന്ന് കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ. "...ഏറിയകുറും കൃഷിപ്രധാനമായ ഒരു രാജ്യത്ത് വ്യാവസായികത്തൊഴിലാളിവർഗത്തിന്റെ പേരിൽ ബൂർഷ്വാസിയെ മാത്രം എതിർക്കുകയും നാടുവാഴി പ്രഭവർഗത്തിന്റെ ചാട്ടയടിയേറ്റ് കഴിയുന്ന ഗ്രാമീണതൊഴിലാളിവർഗത്തിന്റെ മേലുള്ള മാടമ്പിചൂഷണത്തെക്കുറിച്ച് ഒരക്ഷരംപോലും പറയാതിരിക്കുകയും ചെയ്യുന്നത് ഭീരുത്വമാണ്," (വാള്യം IIIപേജ്217)[59] എന്ന് തങ്ങൾ ഇറക്കാനുദ്ദേശിച്ചിരുന്ന ഒരു സംയുക്തപ്രസ്താവന സംബന്ധിച്ച് മാർക്സുമായി ആശയങ്ങൾ കൈമാറിക്കൊണ്ട് 1865 ൽ എംഗൽസ് എഴുതുകയുണ്ടായി. ജർമ്മനിയിലെ ബൂർഷ്വ-ജനാധിപത്യവിപ്ലവം പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുകയും പ്രഷ്യയിലേയും ആസ്ട്രീയ യിലേയും ചൂഷകവർഗങ്ങൾ അതിനെ *മുകളിൽനിന്ന* പുർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്ന 1864–1870 കാലഘട്ടത്തിൽ മാർക്സ് ബിസ്മാർക്കുമായി സല്ലപിച്ചുകൊണ്ടിരുന്ന ലസ്സാലിനെ അപലപിച്ചെന്നു മാത്രമല്ല, "ആസ്ട്രീയപ്രേമ"ത്തിലേക്കും വിഭാഗീയതാവാദത്തിന്റെ വക്കാലത്തുപിടിത്തത്തിലേക്കും ചാഞ്ഞുകൊണ്ടിരുന്ന ലീബ്ക് നെഹ്റ്റിന്റെ തെറ്റുകളെ ആവർത്തിച്ചു തിരുത്തുകകൂടി ചെയ്തു. ബിസ്മാർക്കിന്റെ നേരെയും ആസ്ട്രീയപ്രേമികളുടെ നേരെയും ഒരുപോലെ ദാക്ഷിണ്യം കാട്ടാത്ത ഒരു വിപ്ലകരമായ അടവുവേണമെന്നാണ് മാർക്സ് ആവശ്യപ്പെട്ടത്. "വിജയി"യായ പ്രഷ്യൻ യുങ്കറി[60]ന് അനുയോജ്യമാകാതെ, നേരേമറിച്ച് പ്രഷ്യൻ സൈനികവിജയങ്ങൾ സൃഷ്ടിച്ച *അടിസ്ഥാനത്തിൽ* അയാൾക്കെതിരായ വിപ്ലവസമരം ഉടനടി പുനരാരംഭിക്കുന്ന ഒരടവാണ് അദ്ദേഹം ആവശ്യപ്പെട്ടത് ("ബ്രിഫ് വെഹ്സെൽ വാള്യംIII, പേജ് 134, 136, 147, 179, 204, 210, 215, 418, 437, 440 441)[61] .1870 സെപ്തംബർ 9 ന് പുറപ്പെടുവിച്ച പ്രസിദ്ധമായ "ഇന്റർനാഷണലിന്റെ ഉൽബോധന"ത്തിൽ അകാലികമായ കലാപം നടത്തുന്നതിനെതിരെ ഫ്രഞ്ച് തൊഴിലാളിവർഗത്തെ മാർക്സ് താക്കീത് ചെയ്യുകയുണ്ടായി. എങ്കിലും കലാപം നടന്നപ്പോൾ (1871) "സ്വർഗകവാടങ്ങളെ ആക്രമിക്കുന്ന"(കുഗൽമാനുള്ള കത്ത് [62]) ബഹുജനങ്ങളുടെ വിപ്ലവകരമായ മുൻകയ്യിനെ മാർക്സ് ഉത്സാഹഭരിതനായി വാഴ്ത്തുകയാണ് ചെയ്തത്. മറ്റു പല അവസരങ്ങളിലുമെന്നപോലെ ഈ സ്ഥിതിയിൽ വിപ്ലവസമരം പരാജയമടഞ്ഞത് മാർക്സിസ്റ്റ് വൈരുദ്ധ്യാത്മകഭൗതികവാദത്തിന്റെ നിലപാടിൽ നിന്ന് നോക്കുമ്പോൾ തൊഴിലാളി വർഗസമരത്തിന്റെ പൊതുഗതിയേയും പരിണതഫലത്തേയും സംബന്ധിച്ചിടത്തോളം, എത്തിയേടത്തുനിന്ന് പിൻവാങ്ങുകയും പൊരുതാതെ കീഴടങ്ങുകയും ചെയ്യുന്നത്ര ഹാനികരമായിരുന്നില്ല. അത്തരത്തിലുള്ള ഒരു കീഴടങ്ങൽ തൊഴിലാളിവർഗത്തിന്റെ മനോവീര്യം കെടുത്തുകയും അതിന്റെ സമരശേഷിയെ തകർക്കുകയും ചെയ്യുമായിരുന്നു.രാഷ്ട്രീയമാന്ദ്യം നിലനിൽക്കുകയും ബൂർഷ്വാ നിയമവാഴ്ച പ്രാബല്യത്തിൽ വരികയും ചെയ്യുന്ന കാലഘട്ടത്തിൽ നിയമവിധേയമായ സമരോപാധികൾ

Scanned by CamScanner

ഉപയോഗിക്കേണ്ടതാണെന്ന് തികച്ചും മനസ്സിലാക്കിക്കൊണ്ട് മാർക്സ് "സോഷ്യലിസ്റ്റ് വിരുദ്ധനി യമം" [63] പാസ്സായതിനെത്തുടർന്നുള്ള 1877, 1878 എന്നീ വർഷങ്ങളിൽ മോസ്റ്റിന്റെ "വിപ്ലവപദപ്രയോഗങ്ങളെ " നിശിതമായി അപലപിക്കുകയുണ്ടായി. എന്നാൽ നിശ്ചയദാർഢ്യവും അചഞ്ചലതയും വിപ്ലവവീര്യ വും സോഷ്യലിസ്റ്റ് വിരുദ്ധനിയമത്തിന് മറുപടിയായി ഒരു നിയമവിരുദ്ധ സമരം തുടങ്ങാനുള്ള സന്നദ്ധതയും തൽക്ഷണം പ്രദർശിപ്പിക്കാതിരുന്ന ഔദ്യോഗിക സോഷ്യൽ ഡെമോക്രാറ്റിക്പാർടിയിൽ താൽക്കാലികമായി പ്രാബല്യത്തിൽ വന്ന അവസരവാദത്തേയും കൂടുതൽ നിശിതമായിട്ടല്ലെങ്കിൽ അത്രതന്നെ നിശിതമായി. അദ്ദേഹം അപലപിച്ചു("ബ്രീഫ് വെഹ്സെൽ", വാള്യം IVപേജ് 397, 404, 418, 422, 424, 424,64; സോർഗെയ്ക്കുള്ള കത്തുകൾകൂടി നോകുക)

1914 ജൂലായ്—നവംബർ
കാലത്ത് എഴുതിയത്

സമാഹൃതകൃതികൾ
5–ാം റഷ്യൻ പതിപ്പ്
വാള്യം 26
പേജ് 46–81

Scanned by CamScanner

# ഫ്രെഡറിക് എംഗൽസ്

എന്തൊരു യുക്തിത്തീപ്പന്തമാണ്
പൊലിഞ്ഞുപോയത്,
എന്തൊരു ഹൃദയമാണ്
സ്പന്ദിക്കാതായത്![65]

1895 ആഗസ്റ്റ് 5 ന് (പുതിയ കലണ്ടറനുസരിച്ച് ) ഫ്രെഡറിക് എംഗൽസ് ലണ്ടനിൽവച്ച് മൃതിയടഞ്ഞു. അദ്ദേഹത്തിന്റെ സുഹൃത്തായായിരുന്ന മാർക്സിനെ കഴിഞ്ഞാൽ (മാർക്സ് 1883-ൽ ചരമമടഞ്ഞു) ഏറ്റവും നല്ല പണ്ഡിതനും മുഴുവൻ നാഗരികലോകത്തിലേയും ആധുനികതൊഴിലാളിവർഗത്തിന്റെ ആചാര്യനുമായിരുന്നു അദ്ദേഹം. കാറൽ മാർക്സിനെയും ഫ്രെഡറിക് എംഗൽസിനെയും വിധി ഒന്നിച്ചുകൊണ്ടുവന്ന സമയം തൊട്ട് ഈ രണ്ട് സ്നേഹിതരും തങ്ങളുടെ ആയുഷ്കാലത്തെ പ്രവർത്തനം മുഴുവൻ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി ചെയ്തിട്ടുള്ളതെന്താണെന്ന് മനസ്സിലാക്കണമെങ്കിൽ സമകാലിക തൊഴിലാളിപ്രസ്ഥാനത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം മാർക്സിന്റെ അനുശാസനങ്ങൾക്കും പ്രവർത്തനത്തിനുമുള്ള പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായൊരു ധാരണ വേണം. തൊഴിലാളിവർഗവും അതിന്റെ ആവശ്യങ്ങളും ഇന്നത്തെ സാമ്പത്തികവ്യവസ്ഥയുടെ അവശ്യമായ ഒരു പരിണതഫലമാണെന്നും ആ വ്യവസ്ഥയും അതോടൊപ്പം ബൂർഷ്വാസിയും തൊഴിലാളിവർഗത്തെ അനിവാര്യമായി സൃഷ്ടിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നുവെന്നും ഇദംപ്രഥമമായി ചൂണ്ടിക്കാട്ടിയത് മാർക്സും എംഗൽസുമാണ്. ഉൽകൃഷ്ടചിത്തരായ വ്യക്തികളുടെ സദുദ്ദേശപരമായ ശ്രമങ്ങളല്ല, സംഘടിതതൊഴിലാളിവർഗത്തിന്റെ വർഗസമരമാണ് മാനവരാശിയെ, അതിനെ ഇന്നു പീഡിപ്പിക്കുന്ന ദോഷങ്ങളിൽനിന്നും കരകയറ്റാൻ പോകുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി. സോഷ്യലിസം സ്വപ്നദർശികളുടെ കണ്ടുപിടുത്തമല്ല. നേരേമറിച്ച് ആധുനികസമുഹത്തിലെ ഉല്പാദനശക്തികളുടെ വളർച്ചയുടെ അന്തിമലക്ഷ്യവും അവശ്യഫലവുമാണ്, എന്ന് തങ്ങളുടെ ശാസ്ത്രീയകൃതികളിൽ ആദ്യമായി വിശദീകരിച്ചത് മാർക്സും എംഗൽസുമാണ്. ഇതഃപര്യന്തമുള്ള ലിഖിത ചരിത്രമാകെത്തന്നെ വർഗസമരത്തിന്റെ ചരിത്രമാണ്, ഒന്നിനൊന്ന്

Scanned by CamScanner

വിവിധ ചില സാമൂഹ്യവർഗങ്ങൾ മറ്റുള്ളവയുടെ മേൽ നടത്തുന്ന ഭരണത്തിന്റേയും നേടുന്ന വിജയങ്ങളുടേയും ചരിത്രമാണ്. വർഗസമരത്തിന്റേയും വർഗാധിപത്യത്തിന്റേയും അടിത്തറകൾ–സ്വകാര്യസ്വത്തും അരാജകത്വരീതിയിലുള്ള സാമൂഹ്യോല്പാദനവും തിരോധനം ചെയ്യുന്നതുവരെ ഇത് തുടരുന്നതായിരിക്കും. ഈ അടിത്തറകൾ തകർക്കണമെന്ന് തൊഴിലാളിവർഗതാല്പര്യങ്ങൾ ആവശ്യപ്പെടുന്നു. അതുകൊണ്ട് അവയ്ക്കെതിരായിട്ടാണ് സംഘടിതതൊഴിലാളികളുടെ ബോധപൂർവമായ വർഗസമരം ലാക്കാക്കേണ്ടത്. ഓരോ വർഗസമരവും ഒരു രാഷ്ട്രീയസമരമാണ്.

തങ്ങളുടെ മോചനത്തിനുവേണ്ടി പൊരുതുന്ന എല്ലാ തൊഴിലാളികളും മാർക്സിന്റേയും എംഗൽസിന്റേയും ഈ വീക്ഷണങ്ങളെ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ 1840 കളിൽ ഈ രണ്ടു സ്നേഹിതരും അക്കാലത്തെ സോഷ്യലിസ്റ്റ് സാഹിത്യനിർമ്മാണത്തിലും സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളിലും പങ്കെടുത്തിരുന്നപ്പോൾ അവ തികച്ചും പുതുമയാർന്നതായിരുന്നു. രാഷ്ട്രീയസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിൽ, രാജാക്കന്മാരുടേയും പൊലീസിന്റേയും പുരോഹിതന്മാരുടേയും സ്വേച്ഛാധിപത്യത്തിനെതിരായ സമരത്തിൽ, മുഴുകിക്കൊണ്ട് ബൂർഷ്വാസിയുടേയും തൊഴിലാളിവർഗത്തിന്റേയും താല്പര്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം കാണാതിരുന്ന, കഴിവുള്ളവരും ഇല്ലാത്തവരുമായ, ചൊവ്വുള്ളവരും ഇല്ലാത്തവരുമായ, വളരെപ്പേർ അന്നുണ്ടായിരുന്നു.തൊഴിലാളികൾക്ക് ഒരു സ്വതന്ത്രസാമൂഹ്യശക്തിയായി പ്രവർത്തിക്കാൻ കഴിയുമെന്ന ആശയം അക്കൂട്ടർക്ക് ദഹിച്ചില്ല. മറുവശത്ത്, നിലവിലുള്ള സാമൂഹ്യക്രമത്തിന്റെ അന്യായതയെക്കുറിച്ച് ഭരണാധികാരികളേയും അധികാരിവർഗങ്ങളേയും ബോദ്ധ്യപ്പെടുത്തുകയേ വേണ്ടൂ. ഭൂമുഖത്ത് സമാധാനവും പൊതുക്ഷേമവും സ്ഥാപിക്കാൻ അപ്പോൾ എളുപ്പമായിരിക്കും എന്ന് വിചാരിച്ചിരുന്ന പല സ്വപ്നദർശികളുമുണ്ടായിരുന്നു. അവരിൽ ചിലർ പ്രതിഭാശാലികളുമായിരുന്നു. സമരം കൂടാതെ നേടാവുന്ന സോഷ്യലിസമാണ് അവർ സ്വപ്നം കണ്ടത്. അവസാനമായി, അക്കാലത്തെ ഏതാണ്ടെല്ലാ സോഷ്യലിസ്റ്റുകാരും പൊതുവിൽ തൊഴിലാളിസുഹൃത്തുക്കളും തൊഴിലാളിവർഗത്തെ ഒരു *വ്രണമായിട്ടാണ്* കരുതിപ്പോന്നത്. വ്യവസായവളർച്ചയോടൊപ്പം അത് വളർന്നു വരുന്നത് അവർ ഭീതിയോടെയാണ് നോക്കിക്കണ്ടത്. അതുകൊണ്ട്, അവരെല്ലാവരും തന്നെ വ്യവസായത്തിന്റേയും തൊഴിലാളിവർഗത്തിന്റേയും വളർച്ച തടയാനുള്ള, “ചരിത്രത്തിന്റെ ചക്രം” തടഞ്ഞുനിർത്താനുള്ള, മാർഗങ്ങൾ ആരാഞ്ഞു. തൊഴിലാളിവർഗത്തിന്റെ വളർച്ചയെക്കുറിച്ച് പൊതുവിലുണ്ടായിരുന്ന ഭീതിയിൽ മാർക്സും എംഗൽസും പങ്കുകൊണ്ടില്ല; നേരെമറിച്ച് അതിന്റെ തുടർച്ചയായ വളർച്ചയിൽ സർവ ആശയും അർപ്പിക്കുകയാണവർ ചെയ്തത്. തൊഴിലാളികളുടെ എണ്ണം കൂടുന്തോറും ഒരു വിപ്ലവവർഗമെന്ന നിലയിൽ അവരുടെ ശക്തി വർദ്ധിക്കുന്നു, സോഷ്യലിസം കൂടുതൽ ആസന്നവും സാധിതപ്രായവുമായിത്തീരുന്നു. തൊഴിലാളിവർഗത്തിന് മാർക്സും എംഗൽസും നൽകിയിട്ടുള്ള സേവനങ്ങളെ ഏതാനും വാക്കുകളിൽ ഇങ്ങനെ

Scanned by CamScanner

പറയാവുന്നതാണ്: സ്വയം അറിയാനും സ്വന്തം വർഗത്തെപ്പറ്റി സ്വയം ബോധവാന്മരാകാനും അവർ തൊഴിലാളിവർഗത്തെ പഠിപ്പിച്ചു. സ്വപ്നങ്ങളുടെ സ്ഥാനത്ത് അവർ ശാസ്ത്രത്തെ അവരോധിച്ചു.

എംഗൽസിന്റെ നാമവും ജീവിതവും ഒരോ തൊഴിലാളിയും അറിഞ്ഞിരിക്കേണ്ടത് ഇക്കാരണത്താലാണ്. ഞങ്ങളുടെ എല്ലാ പ്രസിദ്ധീകരണങ്ങളുമെന്നപോലെ റഷ്യൻ തൊഴിലാളികളുടെ വർഗബോധമുണർത്താൻ ഉദ്ദേശിച്ചിറക്കുന്ന ഈ ലേഖനസമാഹാരത്തിൽ ആധുനിക തൊഴിലാളിവർഗത്തിന്റെ മഹാന്മാരായ രണ്ട് ഗുരുനാഥന്മാരിലൊരാളായ ഫ്രെഡറിക് എംഗൽസിന്റെ ജീവിതത്തേയും പ്രവർത്തനത്തേയും കുറിച്ച് ഒരു ലഘുവിവരണം നൽകേണ്ടത് അക്കാരണത്താലാണ്.

എംഗൽസ് 1820-ൽ പ്രഷ്യൻരാജ്യത്തിലെ റൈൻ പ്രവശ്യയിലുള്ള ബാർമെൻ എന്ന പട്ടണത്തിൽ ജനിച്ചു.അദ്ദേഹത്തിന്റെ പിതാവ് ഒരു ഫാക്ടറിയുടമയായിരുന്നു. 1838 ൽ കുടുംബ പരിതഃസ്ഥിതികളുടെ നിർബ്ബന്ധം മൂലം എംഗൽസിന് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ ബ്രെമെനിലെ ഒരു വ്യാപാരസ്ഥാപനത്തിൽ ക്ലാർക്കായി ചേരേണ്ടിവരുന്നു. എംഗൽസിന് തന്റെ ശാസ്ത്രീയവും രാഷ്ട്രീയവുമായ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോകാൻ വ്യാപാരകാര്യങ്ങൾ ഒരു തടസ്സമായിരുന്നില്ല. ഹൈസ്ക്കൂളിൽവച്ചുതന്നെ അദ്ദേഹം സ്വേച്ഛാധിപത്യത്തേയും ഉദ്യോഗസ്ഥമേധാവികളുടെ ദുർഭരണത്തേയും വെറുക്കാൻ തുടങ്ങിയിരുന്നു.തത്വശാസ്ത്രപഠനം അദ്ദേഹത്തെ കൂടുതൽ മുന്നോട്ടു നയിച്ചു. അക്കാലത്ത് ഹെഗലിന്റെ അനുശാസനങ്ങളാണ് ജർമ്മൻ തത്വചിന്തയിൽ മുന്തിനിന്നിരുന്നത്. എംഗൽസ് അദ്ദേഹത്തിന്റെ അനുയായി ആയി.ഹെഗൽ സ്വേച്ഛാധിപത്യപരമായ പ്രഷ്യൻ സ്റ്റേറ്റിന്റെ ഒരു ആരാധകനായിരുന്നെങ്കിലും –അതിനെ സേവിച്ചുകൊണ്ട് ബർലിൻ സർവകലാശാലയിലെ ഒരു പ്രൊഫസറായിരുന്നു അദ്ദേഹം–ഹെഗലിന്റെ അനുശാസനങ്ങൾ വിപ്ലവകരമായിരുന്നു. മനുഷ്യന്റെ യുക്തിബോധത്തിലും അതിന്റെ അവകാശങ്ങളിലുമുള്ള ഹെഗലിന്റെ വിശ്വാസവും പ്രപഞ്ചം മാറ്റത്തിന്റേയും വികാസത്തിന്റേയും നിരന്തരമായ പ്രക്രിയയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണെന്ന ഹെഗലിയൻ തത്വചിന്തയുടെ മൗലികപ്രമേയവും ആ ബർലിൻ തത്വചിന്തകന്റെ ശിഷ്യരിൽ ചിലരെ–നിലവിലുള്ള സ്ഥിതി അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന ചിലരെ – ആ സ്ഥിതിക്കെതിരായ സമരവും, നിലവിലുള്ള അനീതികൾക്കും ദോഷങ്ങൾക്കുമെതിരായ സമരവും, നിതാന്തവികാസത്തിന്റെ സാർവത്രികനിയമത്തിൽ അധിഷ്ഠിതമാണെന്ന ആശയത്തിലേക്കെത്തിച്ചു. എല്ലാ വസ്തുക്കളും വികസിക്കുന്നുണ്ടെങ്കിൽ, ഒരു തരത്തിലുള്ള സ്ഥാപനങ്ങൾ മറ്റുള്ളവയക്ക് വഴിമാറിക്കൊടുക്കുന്നുണ്ടെങ്കിൽ, പിന്നെന്തുകൊണ്ട് പ്രഷ്യൻ രാജാവിന്റേയോ റഷ്യൻ സാറിന്റേയോ സ്വേച്ഛാധിപത്യവും ബഹുഭൂരിപക്ഷത്തിന്റെ ചെലവിൽ ഒരു നിസ്സാരന്യൂനപക്ഷം സമ്പന്നരാകുന്നതും ജനങ്ങളുടെ മേലുള്ള ബുർഷ്വാസിയുടെ ആധിപത്യവും എന്നെന്നേക്കുമായി തുടരണം? മനസ്സിന്റേയും ആശയങ്ങളുടേയും വികാസത്തെ

Scanned by CamScanner

ക്കുറിച്ചാണ് ഹെഗലിന്റെ തത്വശാസ്ത്രം പ്രതിപാദിച്ചത്; അത് ആശയ വാദപരമായിരുന്നു. മനസ്സിന്റെ വികാസത്തിൽനിന്ന് പ്രകൃതിയുടേയും മനുഷ്യന്റേയും മാനുഷികസാമൂഹ്യബന്ധങ്ങളുടേയും വികാസത്തെ അത് അനുമാനിച്ചെടുക്കുകയാണ് ചെയ്തത്. വികാസപ്രക്രിയ നിതാന്തമാണെന്ന ഹെഗലിന്റെ ആശയം നിലനിർത്തുമ്പോൾത്തന്നെ* മുൻകൂട്ടി ധരിച്ചുവച്ച ആശയവാദപരമായ ചിന്താഗതിയെ മാർക്സും എംഗൽസും തിരസ്ക്കരിച്ചു; ജീവിതത്തിലേക്ക് തിരിഞ്ഞപ്പോൾ, മനസ്സിന്റെ വികാസം പ്രകൃതിയുടെ വികാസത്തെ വിശദീകരിക്കുകയല്ല ചെയ്യുന്നത്, നേരേമറിച്ച് മനസ്സിനെക്കുറിച്ചുള്ള വിശദീകരണം പ്രകൃതിയിൽ നിന്നാണ്, പദാർത്ഥത്തിൽനിന്നാണ്, ലഭിക്കേണ്ടത് എന്നവർ കണ്ടു... ഹെഗലിൽ നിന്നും മറ്റ് ഹെഗലിയന്മാരിൽനിന്നും വ്യത്യസ്തമായി മാർക്സും എംഗൽസും ഭൗതികവാദികളായിരുന്നു. പ്രകൃതിയുടേതായ എല്ലാ പ്രതിഭാസങ്ങൾക്കുമിടയിൽ ഭൗതികകാരണങ്ങളുള്ളതുപോലെതന്നെ ഭൗതികശക്തികളുടെ, ഉൽപാദനശക്തികളുടെ, വളർച്ചയാണ് മാനവസമൂഹത്തിന്റെ വികാസത്തെ നിർണയിക്കുന്നതെന്ന് ലോകത്തേയും മാനവരാശിയേയും ഭൗതികവാദപരമായി പരിഗണിക്കുമ്പോൾ അവർ കണ്ടു. മാനുഷികാവശ്യങ്ങൾ നിറവേറ്റാനാവശ്യമായ സാധനങ്ങളുടെ ഉല്പാദനത്തിനിടയിൽ മനുഷ്യർ പരസ്പരം സ്ഥാപിക്കുന്ന ബന്ധങ്ങൾ ഉല്പാദനശക്തികളുടെ വളർച്ചയെ ആശ്രയിച്ചാണിരിക്കുക. സാമൂഹ്യജീവിതത്തിലെ എല്ലാ പ്രക്രിയകൾക്കും മാനുഷികാഭിലാഷങ്ങൾക്കും നിയമങ്ങൾക്കുമുള്ള വിശദീകരണം കിടക്കുന്നത് ഈ ബന്ധങ്ങളിലാണ്. ഉല്പാദനശക്തികളുടെ വളർച്ച സ്വകാര്യസ്വത്തിൽ അധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ ഉല്പാദനശക്തികളുടെ ഇതേ വളർച്ചതന്നെ ഭൂരിപക്ഷത്തേയും സ്വത്തില്ലാതാക്കുന്നുവെന്നും അത് ഒരു നിസ്സാര ന്യൂന്യൂന്യൂന്യൂനപക്ഷത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കുന്നുവെന്നും ഇപ്പോൾ നാം കാണുന്നു. അത് ആധുനികസാമൂഹ്യക്രമത്തിന്റെ അടിസ്ഥാനമായ സ്വത്തുടമ ഇല്ലാതാക്കുന്നു. സോഷ്യലിസ്റ്റുകാർ മുന്നിൽ വച്ചിട്ടുള്ള അതേ ലക്ഷ്യത്തിലേക്കാണ് അതുതന്നെ നീങ്ങുന്നത്. ഏത് സാമൂഹ്യശക്തിയ്ക്കാണ് ആധുനികസമൂഹത്തിൽ അതിനുള്ള നില കാരണം സോഷ്യലിസം കൈവരുത്തുന്നതിൽ താല്പര്യമുള്ളതെന്ന് മനസ്സിലാക്കുക, ആ ശക്തിയിൽ അതിന്റെ താല്പര്യങ്ങളേയും ചരിത്രപരമായ കടമയേയും കുറിച്ച് ബോധമുളവാക്കുക ഇത്ര-മാത്രമേ സോഷ്യലിസ്റ്റുകാർ ചെയ്യേണ്ടതേയുള്ളു. തൊഴിലാളിവർഗമാണ് ഈ ശക്തി. 1842-ൽ ഇംഗ്ലീഷ് വ്യവസായത്തിന്റെ കേന്ദ്രമായ മാഞ്ചസ്റ്ററിൽ സ്ഥിരതാമസമാക്കികൊണ്ട് തന്റെ പിതാവിന് ഓഹരിയുണ്ടായിരുന്ന ഒരു വ്യാപാര സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചപ്പോൾ എംഗൽസിന്

---

*തങ്ങളുടെ ബുദ്ധിപരമായ വികാസത്തിൽ മഹാന്മാരായ ജർമ്മൻ തത്വചിന്തകരോടും പ്രത്യേകിച്ച് ഹെഗലിനോടും തങ്ങൾ വളരെയേറെ കടപ്പെട്ടിട്ടുണ്ടെന്ന് മാർക്സും എംഗൽസും പലപ്പോഴും ചൂണ്ടിക്കാട്ടിയിരുന്നു. "ജർമ്മൻ തത്വശാസ്ത്രത്തെ കൂടാതെ ശാസ്ത്രീയ സോഷ്യലിസം ഒരിക്കലും ഉടലെടുക്കുമായിരുന്നില്ല" " എന്ന് എംഗൽസ് പറയുന്നു.

Scanned by CamScanner

ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തെ അറിയാൻ അവസരം കിട്ടി. എംഗൽസ് അവിടെ ഫാക്ടറി ആഫീസിൽ ഇരിക്കുക മാത്രമല്ല ചെയ്തത്. തൊഴിലാളികളെ തടുത്തുകുട്ടിയിരുന്ന ചാളകളിൽ അദ്ദേഹം ചുറ്റിനടന്നു. അവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും സ്വന്തം കണ്ണുകൾകൊണ്ട് കണ്ടു. എന്നാൽ സ്വന്തം നിരീക്ഷണങ്ങളിൽ അദ്ദേഹം ഒതുങ്ങിനിന്നില്ല. അദ്ദേഹം ബ്രിട്ടീഷ് തൊഴിലാളിവർഗത്തിന്റെ സ്ഥിതിയെകുറിച്ച് തനിക്കുമുമ്പ് വെളിപ്പെടുത്തപ്പെട്ട എല്ലാ വിവരങ്ങളും വായിക്കുകയും കയ്യിൽ കിട്ടാവുന്ന ഔദ്യോഗികരേഖകൾ മുഴുവൻ സശ്രദ്ധം പഠിക്കുകയും ചെയ്തു. ഈ പഠനങ്ങളുടേയും നിരീക്ഷണങ്ങളുടേയും ഫലമാണ് 1845ൽ പുറത്തുവന്ന "ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തിന്റെ സ്ഥിതി" എന്ന പുസ്തകം എഴുതുന്നതിലൂടെ എംഗൽസ് നൽകിയ പ്രധാനസേവനം എന്താണെന്ന് ഞങ്ങൾ നേരത്തേതന്നെ പറഞ്ഞു കഴിഞ്ഞു. എംഗൽസിനു മുമ്പുതന്നെ പലരും തൊഴിലാളിവർഗത്തിന്റെ കഷ്ടതകൾ വിവരിക്കുകയും അതിനെ സഹായിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയും ചെയ്തിരുന്നു. തൊഴിലാളിവർഗം കഷ്ടതയനുഭവിക്കുന്ന വർഗം *മാത്രമല്ലെന്ന്* അപമാനകരമായ സാമ്പത്തികനിലയാണ് യഥാർത്ഥത്തിൽ അതിനെ അപ്രതിരോദ്ധ്യമാംവണ്ണം മുന്നോട്ടു തള്ളിനീക്കുകയും അന്തിമമോചനത്തിനുവേണ്ടി പൊരുതാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നതെന്ന്, *ആദ്യമായി* പറഞ്ഞത് എംഗൽസാണ്. പൊരുതുന്ന *തൊഴിലാളി വർഗംസ്വയം സഹായിച്ചുകൊള്ളും.* തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയപ്രസ്ഥാനം തങ്ങളുടെ ഏക മോചനമാർഗം സോഷ്യലിസത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന നിഗമനത്തിൽ തൊഴിലാളികളെ അനിവാര്യമായും എത്തിക്കും. മറുഭാഗത്ത്, തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയസമരലക്ഷ്യമാകുമ്പോൾ മാത്രമേ സോഷ്യലിസം ഒരു ശക്തിയായിത്തീരു. ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തിന്റെ സ്ഥിതിയെക്കുറിച്ചുള്ള എംഗൽസിന്റെ പുസ്തകത്തിലെ പ്രധാന ആശയങ്ങൾ ഇതൊക്കെയാണ്. ചിന്തിക്കുകയും പൊരുതുകയും ചെയ്യുന്ന എല്ലാ തൊഴിലാളികളും ഈ ആശയങ്ങൾ ഇന്ന് സ്വീകരിക്കുന്നുണ്ടെങ്കിലും അന്നവ തികച്ചും പുതുതായിരുന്നു. ശ്രദ്ധയെ പിടിച്ചുനിറുത്തുന്ന ശൈലിയിൽ എഴുതിയിട്ടുള്ളതും ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തിന്റെ ശോച്യാവസ്ഥയുടെ അങ്ങേയറ്റം വിശ്വസനീയവും ഞെട്ടിപ്പിക്കുന്നതുമായ ചിത്രങ്ങൾ നിറഞ്ഞതുമായ ഒരു പുസ്തകത്തിലാണ് ഈ ആശയങ്ങൾ ഉന്നയിച്ചത്. മുതലാളിത്തത്തിന്റേയും ബുർഷ്വാസിയുടേയും നേർക്കുള്ള ഭയങ്കരമായ ഒരു കുറ്റാരോപണമായിരുന്നു ആ പുസ്തകം. അത് വമ്പിച്ച മതിപ്പുളവാക്കി. ആധുനികതൊഴിലാളിവർഗത്തിന്റെ സ്ഥിതിയെക്കുറിച്ചുള്ള ഏറ്റവും നല്ല ചിത്രീകരണമെന്ന നിലയ്ക്ക് എംഗൽസിന്റെ പുസ്തകം എവിടേയും ഉദ്ധരിക്കപ്പെടാൻ തുടങ്ങി. പരമാർത്ഥത്തിൽ, തൊഴിലാളിവർഗത്തിന്റെ കഷ്ടതകളെക്കുറിച്ച് ഇത്രത്തോളം മനസ്സിൽ തട്ടുന്നതും സത്യസന്ധവുമായ ഒരു ചിത്രീകരണം 1845 ന് മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല.

Scanned by CamScanner

എംഗൽസ് ഒരു സോഷ്യലിസ്റ്റായത് ഇംഗ്ലണ്ടിൽ വന്നതിനു ശേഷം മാത്രമാണ്. മാഞ്ചസ്റ്ററിൽ വച്ച് അദ്ദേഹം ഇംഗ്ലണ്ടിലെ തൊഴിലാളിപ്രസ്ഥാനത്തിൽ അന്ന് സജീവമായി പങ്കെടുത്തിരുന്നവരുമായ ബന്ധം സ്ഥാപിക്കുകയും ഇംഗ്ലീഷ് സോഷ്യലിസ്റ്റ് പ്രദ്ധീകരണങ്ങളിൽ എഴുതിത്തുടങ്ങുകയും ചെയ്തു. 1844 ൽ, ജർമ്മനിയിലേക്ക് മടങ്ങുന്നവഴി, പാരീസിൽവച്ച് അദ്ദേഹം മാർക്സുമായി പരിചയപ്പെട്ടു. നേരത്തെ തന്നെ അവർ തമ്മിൽ കത്തിടപാടുകൾ തുടങ്ങിയിരുന്നു. പാരീസിൽ വച്ച് ഫ്രഞ്ച് സോഷ്യലിസ്റ്റുകാരുടേയും ഫ്രഞ്ചു ജീവിതത്തിന്റേയും സ്വാധീനഫലമായി മാർക്സും ഒരു സോഷ്യലിസ്റ്റായിക്കഴിഞ്ഞിരുന്നു. ഇവിടെവച്ച് ഇരു സ്നേഹിതരും സംയുക്തമായി "വിശുദ്ധകുടുംബം, അഥവാ വിമർശനാത്മക വിമർശനവാദത്തെക്കുറിച്ചുള്ള ഒരു വിമർശനം" എന്നൊരു പുസ്തകമെഴുതി, "ഇംഗ്ലണ്ടിലെ തൊഴിലാളിവർഗത്തിന്റെ സ്ഥിതി" എന്ന കൃതിയേക്കാൾ ഒരു വർഷം മുമ്പിറങ്ങിയ ഈ പുസ്തകത്തിന്റെ അധികഭാഗവും എഴുതിയത് മാർക്സാണ്. വിപ്ലവാത്മകവും ഭൗതികവാദപരവുമായ സോഷ്യലിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ അതിലടങ്ങിയിട്ടുണ്ട്. അവയുടെ പ്രധാന ആശയങ്ങൾ മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ. തത്വചിന്തകന്മാരായ ബൗവർ സഹോദരന്മാർക്കും അവരുടെ അനുയായികൾക്കുള്ള് പരിഹാസപ്പേരാണ് "വിശുദ്ധകുടുംബം." എല്ലാ യാഥാർത്ഥ്യത്തിനും അതീതമായി, പാർടികൾക്കും രാഷ്ട്രീയത്തിനും അതീതമായി, നിൽക്കുന്നതും എല്ലാ പ്രായോഗികപ്രവർത്തനത്തേയും നിരസിക്കുന്നതും ചുറ്റുമുള്ള ലോകത്തേയും അതിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളേയും "വിമർശനപരമായി" ധ്യാനിക്കുകമാത്രം ചെയ്യുന്നതുമായ ഒരു വിമർശനമാണ് ഈ മാന്യന്മാർ, പ്രചരിപ്പിച്ചത്. ഈ മാന്യന്മാർ ബൗവർ സഹോദരന്മാർ, തൊഴിലാളിവർഗത്തെ വിമർശനദൃഷ്ടിയില്ലാത്ത ഒരു സമൂഹമായി അവജ്ഞാപൂർവം കരുതി. അസംബന്ധവും ഹാനികരവുമായ ഈ പ്രവണതയെ മാർക്സും എംഗൽസും വീറോടെ എതിർത്തു. യഥാർത്ഥത്തിലുള്ള ഒരു മനുഷ്യവ്യക്തിയുടെ പേരിൽ–ഭരണാധികാരിവർഗങ്ങളുടേയും ഭരണകൂടത്തിന്റേ ചവിട്ടടിയിൽ കഴിയുന്ന തൊഴിലാളിയുടെ പേരിൽ അവർ ധ്യാനത്തിനു പകരം കൂടുതൽ മെച്ചപ്പെട്ട ഒരു സാമൂഹ്യക്രമത്തിനുവേണ്ടി പൊരുതുകയാണ് വേണ്ടതെന്ന് ആവശ്യപ്പെട്ടു. ഈ സമരം നടത്താനുള്ള കഴിവും അതിൽ താല്പര്യവുമുള്ള ശക്തിയായി അവർ കണ്ടത് തീർച്ചയായും തൊഴിലാളിവർഗത്തെയാണ്. "വിശുദ്ധകുടുംബം" എന്ന പുസ്തകം പുറത്തുവരുന്നതിനുമുമ്പു തന്നെ മാർക്സിന്റേയും റുഗെയുടേയും "ദോയ്ച്-ഫ്രൻത്സ്യോസിഷെയാർബുക്കറി"ൽ എംഗൽസ് തന്റെ അർത്ഥശാസ്ത്രത്തെ സംബന്ധിച്ച നിരൂപണോപന്യാസങ്ങൾ"[67] പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹം അതിൽ സമകാലീക സാമ്പത്തികക്രമത്തിന്റെ പ്രധാനപ്രതിഭാസങ്ങളെ സോഷ്യലിസ്റ്റ് നിലപാടിൽനിന്ന് പരിശോധിക്കുകയും സ്വകാര്യസ്വത്തിന്റെ ആധിപത്യത്തിന്റെ അവശ്യമായ അനന്തരഫലങ്ങളായി അവയെ കാണുകയും ചെയ്തിരുന്നു. അർത്ഥശാസ്ത്രം

പഠിക്കാനുള്ള മാർക്സിന്റെ തീരുമാനത്തിനൊരു കാരണം നിസ്സംശയമായും എംഗൽസുമായുള്ള സമ്പർക്കമായിരുന്നു. മാർക്സിന്റെ കൃതികൾ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുള്ളത് ആ ശാസ്ത്രത്തിലാണല്ലോ.

1845 മുതൽ 1847 വരെ എംഗൽസ് ബ്രസൽസിലും പാരീസിലും താമസിച്ചുകൊണ്ട് ശാസ്ത്രീയപ്രവർത്തനവും അതോടൊപ്പം ബ്രസൽസിലും പാരീസിലുമുള്ള ജർമ്മൻ തൊഴിലാളികൾക്കിടയിൽ പ്രായോഗികപ്രവർത്തനവും നടത്തി. അവിടെവച്ച് മാർക്സും എംഗൽസും രഹസ്യമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ജർമ്മൻ കമ്മ്യൂണിസ്റ്റ് ലീഗുമായി ബന്ധം സ്ഥാപിക്കുകയും തങ്ങൾ ആവിഷ്ക്കരിച്ച സോഷ്യലിസത്തിന്റെ പ്രധാനതത്വങ്ങൾ വിശദീകരിക്കാൻ അതിനാൽ നിയോഗിക്കപ്പെടുകയും ചെയ്തു. മാർക്സും എംഗൽസും കൂടി എഴുതി 1848 ൽ പ്രസിദ്ധീകരിച്ച വിശ്രുതമായ "കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മാനി ഫെസ്റ്റോ" ഉണ്ടായതങ്ങനെയാണ്. ഈ കൊച്ചുപുസ്തകം ബൃഹദ്ഗ്രന്ഥത്തോളം വിലപ്പെട്ടതാണ്. അതിന്റെ സ്പിരിറ്റ് പരിഷ്കൃത ലോകത്ത് സംഘടിതരും പൊരുതുന്നവരു-മായിട്ടുള്ള മുഴുവൻ തൊഴിലാളിവർഗത്തിനും ഇപ്പോഴും പ്രചോദനവും മാർഗദർശനവും നൽകുന്നു.

ആദ്യം ഫ്രാൻസിൽ പൊട്ടിപ്പുറപ്പെടുകയും പിന്നീട് മറ്റ് പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളിലേക്ക് പടർന്നുപിടിക്കുകയും ചെയ്ത 1848 ലെ വിപ്ലവം മാർക്സിനേയും എംഗൽസിനേയും വീണ്ടും അവരുടെ ജന്മനാട്ടിലെത്തിച്ചു. അവിടെ, റൈനിഷ്പ്രഷ്യയിൽ, അവർ കൊളോണിൽ നിന്ന് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന, "നോയെ റൈനിഷെത് സൈറ്റുംഗ്" എന്ന ജനാധിപത്യസ്വഭാവമുള്ള പത്രത്തിന്റെ ചുമതല ഏറ്റെടുത്തു. റൈനിഷ്പ്രഷ്യയിലെ എല്ലാ വിപ്ലവ ജനാധിപത്യാഭിലാഷങ്ങളുടേയും ജീവനായിരുന്നു ഈ രണ്ടു സുഹൃത്തുക്കൾ. പ്രതിലോമശക്തികൾക്കെതിരായി, സ്വാതന്ത്ര്യത്തേയും ജനകീയതാല്പര്യങ്ങളേയും സംരക്ഷിക്കുന്നതിനുവേണ്ടി, അവർ അവസാനം വരെ പൊരുതി. നമുക്കറിവുള്ളതുപോലെ പ്രതിലോമശക്തികൾ വിജയം നേടി "നോയെ റൈനിഷെ ത് സൈറ്റുംഗ്" അടിച്ചമർത്തപ്പെട്ടു. ബഹിഷ്കൃതവാസത്തിനിടയിൽ പ്രഷ്യൻ പൗരത്വം നഷ്ടപ്പെട്ടിരുന്നു. മാർക്സിനെ നാടുകടത്തി. എംഗൽസ് ജനങ്ങളുടെ സായുധകലാപത്തിൽ പങ്കെടുക്കുകയും സ്വാതന്ത്ര്യത്തിനുവേണ്ടി മൂന്ന് പോരാട്ടങ്ങളിൽ പടവെട്ടുകയും കലാപകാരികളുടെ പരാജയത്തെത്തുടർന്ന് സ്വിറ്റ്സർലണ്ട് വഴി ലണ്ടനിലേക്ക് പലായനം ചെയ്യുകയും ചെയ്തു.

മാർക്സും ലണ്ടനിൽ സ്ഥിരതാമസമാക്കി. നാല്പതുകളിൽ താൻ പണിയെടുത്തിരുന്ന മാഞ്ചസ്റ്ററിലെ വ്യാപാരസ്ഥാപനത്തിൽ എംഗൽസ് താമസിയാതെ വീണ്ടും ക്ലാർക്കായി ചേരുകയും പിന്നീട് ഒരു ഓഹരിക്കാരനാവുകയും ചെയ്തു. 1870 വരെ അദ്ദേഹം മാഞ്ചസ്റ്ററിലും മാർക്സ് ലണ്ടനിലും താമസിച്ചു. എന്നാൽ അങ്ങേയറ്റം സജീവമായ ആശയവിനിമയം നടത്തുന്നതിന് അവർക്കിതൊരു തടസ്സമായിരുന്നില്ല. ഏതാണ്ടെല്ലാ ദിവസവും അവർ കത്തുകൾ കൈമാറി. ഈ

Scanned by CamScanner

കത്തിടപാടുകളിലൂടെ ഈ സ്നേഹിതരും തങ്ങളുടെ അഭിപ്രായ ങ്ങളും കണ്ടുപിടുത്തങ്ങളും കൈമാറുകയും ശാസ്ത്രീയസോഷ്യ ലിസം ആവിഷ്ക്കരിക്കുന്നതിലുള്ള സഹകരണം തുടർന്നുപോരിക യും ചെയ്തു. 1870ൽ എംഗൽസ് ലണ്ടനിലേക്ക് താമസം മാറ്റി. 1883ൽ മാർക്സ് മരണമടയുന്നതുവരെ അവരുടെ അങ്ങേയറ്റം ഊർജ്ജസ്വല തനിറഞ്ഞ ബുദ്ധിപരമായ കൂട്ടുജീവിതം തുടർന്നു. മാർക്സിന്റെ ഭാഗ ത്തുനിന്നും നമ്മുടെ യുഗത്തിലെ ഏറ്റവും മഹത്തായ അർത്ഥശാസ് ത്രഗ്രന്ഥമായ "മൂലധന"വും എംഗൽസിന്റെ ഭാഗത്തുനിന്നും വലുതും ചെറുതുമായ അനേകം കൃതികളുമാണ് അതിന്റെ ഫലമായിട്ട് ലഭിച്ചിട്ടുള്ളത്. മുതലാളിത്തസമ്പദ്വ്യവസ്ഥയുടെ സങ്കീർണപ്രതിഭാ സങ്ങളെ അപഗ്രഥിക്കുന്നതിലാണ് മാർക്സ് ഏർപ്പെട്ടത്. എംഗൽസാ കട്ടെ, ലളിതമായും പലപ്പോഴും വിവാദരൂപത്തിലും എഴുതപ്പെട്ട കൃതി കളിൽ കൂടുതൽ സാമാന്യസ്വഭാവത്തോടുകൂടി ശാസ്ത്രീയപ്രശ്നങ്ങ ളേയും കഴിഞ്ഞു പോയതും നിലവിലുള്ളതുമായ വിവിധപ്രതിഭാസ ങ്ങളേയും ചരിത്രത്തെ സംബന്ധിച്ച ഭൗതികവാദപരമായ ധാരണയു ടേയും മാർക്സിന്റെ സാമ്പത്തികസിദ്ധാന്തത്തിന്റേയും അടിസ്ഥാന ത്തിൽ കൈകാര്യം ചെയ്തു. എംഗൽസിന്റെ കൃതികളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു: ഡ്യൂറിംഗിനെതിരായ വിവാദരൂപത്തിലുള്ള ഒരു കൃതി (തത്വശാസ്ത്രത്തിന്റേയും പ്രകൃതിശാസ്ത്രത്തിന്റേയും സാമൂഹ്യശാസ്ത്രങ്ങളുടേയും തുറകളിലുള്ള അതിപ്രധാനമായ പ്രശ്നങ്ങളെ അതിൽ അപഗ്രഥിച്ചിട്ടുണ്ട്)*; "കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം" (റഷ്യനിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്; സെന്റ് പീറ്റേഴ്സ്ബർഗിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയത്; മൂന്നാം പതിപ്പ്,1895): "ലുദ്‌വിഗ് ഫോയർബാഹ്"[70] (റഷ്യൻ പരിഭാഷയും കുറിപ്പുകളും ജി. പ്ലെഹാനൊവിന്റേത്, ജനീവ, 1892): റഷ്യൻ ഗവൺമെന്റിന്റെ വിദേശനയത്തെക്കുറിച്ചുള്ള ഒരു ലേഖനം (ജനീവയിലെ "സൊത് സിയാൽ ദെമൊക്രാറ്റ്"ന്റെ ഒന്നും രണ്ടും ലക്കങ്ങളിൽ[71] റഷ്യൻപരിഭാഷ വന്നിട്ടുണ്ട്); പാർപ്പിടപ്രശ്നം സംബ ന്ധിച്ച ഒന്നാന്തരം ലേഖനങ്ങൾ[72]; അവസാനമായി, റഷ്യയുടെ സാമ്പത്തികവികാസത്തെ സംബന്ധിച്ച് ചെറുതെങ്കിലും വളരെ വിലപ്പെട്ട രണ്ടു ലേഖനങ്ങൾ("റഷ്യയെപ്പറ്റി ഫ്രെഡറിക് എംഗൽസ്", റഷ്യനിലേക്കുള്ള വിവർത്തനം സസൂലിച്ചിന്റേത്, ജനീവ, 1894)[73] "മൂലധന"ത്തിന്മേലുള്ള തന്റെ ബൃഹത്തായ പ്രവർത്തനത്തിന് അന്തിമരൂപം നൽകാൻ കഴിയുന്നതിനുമുമ്പ് മാർക്സ് ചരമമടഞ്ഞു. എന്നാൽ കരട് പൂർത്തിയായിക്കഴിഞ്ഞിരുന്നു.തന്റെ സ്നേഹിതന്റെ

---

*അത്ഭുതാവഹമാംവണ്ണം സമ്പുഷ്ടവും വിജ്ഞാനപ്രദവുമായ ഒരു പുസ്തകമാണിത്[68]. നിർഭാഗ്യവശാൽ, സോഷ്യലിസത്തിന്റെ വികാസത്തെക്കുറിച്ച് ചരിത്രപരമായ ഒരു രൂപരേഖ അടങ്ങുന്ന ചെറിയൊരു ഭാഗം മാത്രമേ റഷ്യനിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള ("ശാസ്ത്രീയ സോഷ്യലിസത്തിന്റെ വികാസം," രണ്ടാംപതിപ്പ്, ജനീവ, 1892)[69]

മരണാനന്തരം "മൂലധന"ത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ തയ്യാറാക്കി പ്രസിദ്ധം ചെയ്യുകയെന്ന ഭാരിച്ച ചുമതല എംഗൽസ് ഏറ്റെടുത്തു. അദ്ദേഹം രണ്ടാം വാല്യം 1885–ലും മൂന്നാം വാല്യം 1894–ലും പ്രസിദ്ധപ്പെടുത്തി (അദ്ദേഹത്തിന്റെ മരണംമൂലം നാലാം വാല്യം തയ്യാറായില്ല[74]).ഈ രണ്ടു വാല്യങ്ങളും തയ്യാറാക്കാൻ വമ്പിച്ച അദ്ധ്വാനം വേണ്ടിവന്നു. "മൂലധന"ത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ പ്രസിദ്ധീകരിച്ചതിലൂടെ എംഗൽസ് തന്റെ സുഹൃത്തായിരുന്ന മഹാപുരുഷന് ഗംഭീരമായ ഒരു സ്മാരകം ഉയർത്തുകയാണ് ചെയ്തതെന്നും ആ സ്മാരകത്തിൽ അദ്ദേഹം സ്വയമറിയാതെ തന്റെ പേർ മായാത്തവിധം കൊത്തിവച്ചിട്ടുണ്ടെന്നും ആസ്ട്രിയൻ സോഷ്യൽഡെമോക്രാറ്റായ ആഡ്ലർ പറഞ്ഞത് തികച്ചും ശരിയാണ്. വാസ്തവത്തിൽ "മൂലധന"ത്തിന്റെ ഈ രണ്ടു വാല്യങ്ങൾ രണ്ടാളുകളുടെ–മാർക്സിന്റേയും എംഗൽസിന്റേയും–കൃതിയാണ്, സൗഹൃദത്തിന്റെ ഹൃദയസ്പർശിയായ ദൃഷ്ടാന്തങ്ങൾ വിവരിക്കുന്ന പല ഐതിഹ്യങ്ങളുമുണ്ട്.മനുഷ്യസൗഹൃദത്തെക്കുറിച്ചുള്ള പ്രാചീനരുടെ ഏറ്റവും ഹൃദയസ്പർശകമായ കഥകളെപ്പോലും അതിശയിക്കുന്ന തരത്തിൽ അന്യോന്യം ബന്ധം പുലർത്തിപ്പോന്ന രണ്ടു പണ്ഡിതന്മാരും പോരാളികളുമാണ് തങ്ങളുടെ ശാസ്ത്രം സൃഷ്ടിച്ചതെന്ന് യൂറോപ്യൻ തൊഴിലാളിവർഗത്തിന് പറയാവുന്നതാണ്. മാർക്സ് കഴിഞ്ഞിട്ടാണ് തന്റെ സ്ഥാനമെന്ന് എംഗൽസ് എല്ലായ്പ്പോഴും കരുതിപ്പോന്നു. മൊത്തത്തിൽ അത് തികച്ചും ന്യായവുമായിരുന്നു."മാർക്സ് ജീവിച്ചിരുന്നപ്പോൾ ഞാൻ ഒരു പിൻപാട്ടുകാരനായിരുന്നു"[75] അദ്ദേഹം ഒരു പഴയ സുഹൃത്തിനെഴുതി. ജീവിച്ചിരിക്കുമ്പോൾ മാർക്സിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും പരേതനായ മാർക്സിന്റെ സ്മരണയോടുള്ള അദ്ദേഹത്തിന്റെ ആദരവും നിസ്സീമമായിരുന്നു. കടുത്ത പോരാളിയും ഉഗ്രനിഷ്ടയുള്ള ചിന്തകനുമായിരുന്ന ഈ മനുഷ്യന് ഗാഢമായി സ്നേഹിക്കുന്ന ഒരു ആത്മാവുണ്ടായിരുന്നു.

1848–49 ലെ പ്രസ്ഥാനത്തിനുശേഷം ബഹിഷ്കൃതവാസത്തിലായിരുന്ന മാർക്സും എംഗൽസും ശാസ്ത്രീയഗവേഷണത്തിൽ ഒതുങ്ങി നിന്നില്ല.1864 ൽ മാർക്സ് ഇന്റർനാഷണൽ വർക്കിംഗ്മെൻസ് അസോസിയേഷൻ സ്ഥാപിക്കുകയും ഒരു ദശാബ്ദക്കാലം മുഴുവൻ ആ സംഘടനയെ നയിക്കുകയും ചെയ്തു. എംഗൽസും അതിന്റെ കാര്യങ്ങളിൽ സജീവമായി പങ്കെടുത്തു. മാർക്സിന്റെ ആശയപ്രകാരം എല്ലാ രാജ്യങ്ങളിലേയും തൊഴിലാളികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഇന്റർനാഷണൽ അസോസിയേഷന്റെ പ്രവർത്തനത്തിന് തൊഴിലാളിപ്രസ്ഥാനത്തിന്റെ വികാസത്തെ സംബന്ധിച്ചിടത്തോളം വമ്പിച്ച പ്രാധാന്യമുണ്ടായിരുന്നു. എഴുപതുകളിൽ ഇന്റർനാഷണൽ അസോസിയേഷൻ പിരിച്ചുവിട്ടിട്ടും തൊഴിലാളിപ്രസ്ഥാനത്തെ ഒന്നിച്ചുകൊണ്ടുവരുന്നതിലുള്ള മാർക്സിന്റേയും എംഗൽസിന്റേയും പങ്ക് നിലച്ചില്ല. നേരേമറിച്ച്, തൊഴിലാളിപ്രസ്ഥാനത്തിന്റെ ആത്മീയനേതാക്കളെന്ന നിലയിൽ അവരുടെ പ്രാധാന്യം വർദ്ധിക്കുകയാണുണ്ടായതെന്ന് പറയാം. എന്തെന്നാൽ പ്രസ്ഥാനം തന്നെ അനുസ്യൂതം വളർ

Scanned by CamScanner

ന്നുകൊണ്ടിരുന്നു. മാർക്സിന്റെ *ചരമശേഷം എംഗൽസ്* ഒറ്റയ്ക്ക് യുറോപ്യൻ സോഷ്യലിസ്റ്റുകാരുടെ *ഉപദേഷ്ടാവും* നേതാവുമായി തുടർന്നു. ഗവൺമെന്റിന്റെ മർദ്ദനമുറകളുണ്ടായിട്ടും അതിവേഗ ത്തിലും അനവരതമായും ശക്തി വർദ്ധിച്ചുകൊണ്ടിരുന്ന ജർമ്മൻ സോഷ്യലിസ്റ്റുകാരും, തങ്ങളുടെ ആദ്യത്തെ *കാൽവെയ്പുകളെ* ക്കുറിച്ച് ഗാഢമായി ആലോചിക്കാനും *തുക്കിടനാക്കാനും* നിർബ്ബന്ധിത രായിരുന്ന, സ്പെയിൻകാരേയും റുമേനിയക്കാരേയും റഷ്യാക്കാരേയും പോലുള്ള പിന്നോക്കരാജ്യങ്ങളുടെ പ്രതിനിധികളും ഒരുപോലെ അദ്ദേഹത്തിന്റെ ഉപദേശവും മാർഗനിർദ്ദേശങ്ങളും ആരാഞ്ഞു. അവരെല്ലാവരും വാർദ്ധക്യത്തിലെത്തിയിരുന്ന എംഗൽസിന്റെ അറിവിന്റേയും അനുഭവത്തിന്റേയും സമ്പുഷ്ടമായ ശേഖരത്തെ പ്രയോജനപ്പെടുത്തി.

മാർക്സിനും എംഗൽസിനും റഷ്യൻ ഭാഷ വശമുണ്ടായി രുന്നു. അവർ റഷ്യൻ പുസ്തകങ്ങൾ വായിക്കുമായിരുന്നു. അവർ ഈ രാജ്യത്തിന്റെ കാര്യത്തിൽ സജീവമായ താല്പര്യമെടുക്കുകയും റഷ്യൻ വിപ്ലവപ്രസ്ഥാനത്തെ അനുഭാവപൂർവം ശ്രദ്ധിക്കുകയും റഷ്യൻ വിപ്ലവകാരികളുമായി ബന്ധം പുലർത്തുകയും ചെയ്തു. രണ്ടുപേരും സോഷ്യലിസ്റ്റുകാരായത് *ജനാധിപത്യവാദികളായ*തിനു ശേഷമാണ്. അതുകൊണ്ട് രാഷ്ട്രീയ സ്വേച്ഛാധിപത്യത്തോടുള്ള വെറുപ്പ് എന്ന ജനാധിപത്യ വികാരം അവരിൽ അത്യന്തം ഉൾക്കടമാ യിരുന്നു. രാഷ്ട്രീയസ്വേച്ഛാധിപത്യവും സാമ്പത്തികമർദ്ദനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച അഗാധമായ താത്വികധാരണ യോടൊപ്പം പ്രത്യക്ഷമായ ഈ രാഷ്ട്രീയവികാരവും അതിനുപുറമേ സമ്പുഷ്ടമായ ജീവിതാനുഭവവും മാർക്സിനേയും എംഗൽസിനേയും *രാഷ്ട്രീയമായി* അസാമാന്യമായ പ്രതികരണശക്തിയുള്ളവരാ ക്കിത്തീർത്തു. അതുകൊണ്ടാണ് പ്രബലമായ സാറിസ്റ്റ് ഗവൺമെന്റി നെതിരായി ഒരു പിടി റഷ്യൻ വിപ്ലവകാരികൾ നടത്തിയ ധീരോദാ ത്തസമരം സുപരീക്ഷിതരായ ഈ വിപ്ലവകാരികളുടെ ഹൃദയങ്ങളിൽ അങ്ങേയറ്റം സഹഭാവപൂർവമായ പ്രതിദ്ധ്വനി ഉളവാക്കിയത്. മറുഭാ ഗത്ത്, മിഥ്യയായ സാമ്പത്തികമെച്ചങ്ങളുടെ പേരിൽ, രാഷ്ട്രീയസ്വാത ന്ത്ര്യം നേടുകയെന്ന റഷ്യൻ സോഷ്യലിസ്റ്റുകാരുടെ അങ്ങേയറ്റം അടിയന്തരവും പ്രധാനവുമായ കടമയിൽ നിന്ന് അകന്നുമാറാനുള്ള പ്രവണതയെ അവർ സ്വാഭാവികമായും സംശയദൃഷ്ടിയോടെ വീക്ഷിച്ചു. സോഷ്യലിസ്റ്റ് വിപ്ലവമെന്ന മഹത്തായ ലക്ഷ്യത്തെ പ്രത്യ ക്ഷമായി വഞ്ചിക്കലാണതെന്നു പോലും അവർ കരുതി. "തൊഴിലാളി വർഗത്തിന്റെ മോചനം അതിന്റെ തന്നെ കൃത്യമായിരിക്കണം"[76] എന്ന് മാർക്സും എംഗൽസും നിരന്തരം പഠിപ്പിച്ചു. എന്നാൽ തങ്ങളുടെ സാമ്പത്തികമോചനത്തിനുവേണ്ടി പൊരുതുന്നതിന് തൊഴിലാളിവർഗം സ്വയം ചില രാഷ്ട്രീയാവകാശങ്ങൾ നേടേണ്ടതുണ്ട്.മാത്രമല്ല, റഷ്യയിൽ ഒരു രാഷ്ട്രീയവിപ്ലവം നടക്കുന്ന പക്ഷം പടിഞ്ഞാറൻ യുറോപ്പിലെ തൊഴിലാളിപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളവും അതിന്റെ പ്രാധാന്യം വമ്പിച്ചതായിരിക്കുമെന്ന് മാർക്സും എംഗൽസും വ്യക്തമായി കണ്ടു.

Scanned by CamScanner

ഏകാധിപത്യറഷ്യ എക്കാലത്തും പൊതുവിൽ യൂറോപ്യൻ പിന്തിരിപ്പത്വത്തിന്റെ നെടുംകോട്ടയായിരുന്നു. വളരെക്കാലത്തേക്ക് ജർമ്മനിയും ഫ്രാൻസും തമ്മിൽ ഭിന്നിപ്പിന്റെ വിത്തു വിതച്ച 1870 ലെ യുദ്ധത്തിന്റെ ഫലമായി റഷ്യ അനുഭവിച്ചുവന്ന അസാമാന്യമാംവണ്ണം അനുകൂലമായ സാർവദേശീയനില ഒരു പ്രതിലോമശക്തിയെന്ന നിലയ്ക്ക് ഏകാധിപത്യറഷ്യയുടെ പ്രാധാന്യം നിശ്ചയമായും വർദ്ധിപ്പിച്ചതേയുള്ളു. ഒരു സ്വതന്ത്രറഷ്യമാത്രമേ, പോളണ്ടുകാരേയോ ഫിൻലണ്ടുകാരേയോ ജർമ്മൻകാരേയോ അർമീനിയാക്കാരേയോ മറ്റേതെങ്കിലും ചെറുകിടരാഷ്ട്രങ്ങളേയോ മർദ്ദിക്കേണ്ടയാവശ്യമില്ലാത്ത, ഫ്രാൻസിനേയും ജർമ്മനിയേയും നിരന്തരം തമ്മിലടിപ്പിക്കേണ്ടയാവശ്യമില്ലാത്ത, ഒരു റഷ്യമാത്രമേ,യുദ്ധത്തിൽനിന്ന് വിടുതി നേടി സ്വച്ഛന്ദമായി ശ്വസിക്കുവാൻ ആധുനികയൂറോപ്പിനെ പ്രാപ്തമാക്കുകയും യൂറോപ്പിലെ എല്ലാ പിന്തിരിപ്പന്മാരേയും ബലഹീനമാക്കുകയും യൂറോപ്യൻ തൊഴിലാളിവർഗത്തെ ശക്തിപ്പെടുത്തുകയും ചെയ്യൂ. അതുകൊണ്ടാണ് പാശ്ചാത്യദേശത്തെ തൊഴിലാളിപ്രസ്ഥാനത്തിന് പുരോഗതി ഉണ്ടാവാൻ വേണ്ടികൂടി റഷ്യയിൽ രാഷ്ട്രീയസ്വാതന്ത്ര്യം സ്ഥാപിതമാകണമെന്ന് എംഗൽസ് ഉൽക്കടമായി ആഗ്രഹിച്ചത്.

ഒരു മഹനായ പോരാളിയും തൊഴിലാളിവർഗത്തിന്റെ ആചാര്യനുമായ ഫ്രെഡറിക് എംഗൽസിന്റെ സ്മരണയെ നമുക്ക് എക്കാലത്തും ആദരിക്കാം!

1895 ശരൽക്കാലത്ത്
എഴുതിയത്

സമാഹൃതകൃതികൾ
5–ാംറഷ്യൻപതിപ്പ്,
വാള്യം 2, പേജ് 5–14

# മാർക്സിസത്തിന്റെ മൂന്ന് ഉറവിടങ്ങളും മൂന്ന് ഘടകങ്ങളും"

പരിഷ്കൃതലോകമാസകലം തന്നെ മാർക്സിന്റെ സിദ്ധാന്തങ്ങൾ എല്ലാ ഔദ്യോഗിക-ലിബറൽ ബൂർഷ്വാ ശാസ്ത്രത്തിന്റേയും ഭാഗത്തുനിന്നും അങ്ങേയറ്റത്തെ വെറുപ്പും വിദ്വേഷവുമാണ് ഉളവാക്കുന്നത്.മാർക്സിസത്തെ ഒരു തരം "ദുഷിച്ച വിഭാഗീയ ശക്തി"യായി അത് കണക്കാക്കുന്നു.വ്യത്യസ്തമായൊരു മനോഭാവം പ്രതീക്ഷിക്കാവുന്നതുമല്ല.കാരണം വർഗസമരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സമൂഹത്തിൽ "നിഷ്പക്ഷമായ" ഒരു സാമൂഹ്യശാസ്ത്രം സാദ്ധ്യമല്ല. *എല്ലാ* ഔദ്യോഗിക-ലിബറൽ ശാസ്ത്രവും കൂലിയടിമത്തത്തെ *ന്യായീകരിക്കുമ്പോൾ* , മാർക്സിസം ആ അടിമത്തത്തിനെതിരായി നീക്കുപോക്കില്ലാത്ത സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. കൂലിയടിമത്തസമുഹത്തിൽ ശാസ്ത്രം നിഷ്പക്ഷമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നത്, മുലധനത്തിന്റെ ലാഭം കുറച്ചു കൊണ്ട് തൊഴിലാളികളുടെ കൂലി കൂട്ടേണ്ടതല്ലേ എന്ന പ്രശ്നത്തിൽ മുതലാളിമാരിൽനിന്ന് നിഷ്പക്ഷത പ്രതീക്ഷിക്കുന്നതുപോലെതന്നെ ബുദ്ധിശൂന്യമാംവണ്ണം ബാലിശമാണ്.

പക്ഷേ, അതു മാത്രവുമല്ല.അടച്ചുകെട്ടിയ, വളർച്ച മുട്ടിയ ഒരു സിദ്ധാന്തമെന്ന അർത്ഥത്തിൽ,ലോകനാഗരികതയുടെ വികാസപാതയിൽ നിന്ന് *മാറി* ഉടലെടുത്ത ഒരു സിദ്ധാന്തമെന്ന അർത്ഥത്തിൽ, മാർക്സിസത്തിൽ "സെക്ടേറിയനിസ"വുമായി സാദൃശമുള്ള യാതൊന്നുമില്ലെന്ന് തത്വശാസ്ത്രത്തിന്റെ ചരിത്രവും സാമൂഹ്യശാസ്ത്രത്തിന്റെ ചരിത്രവും തികച്ചും വ്യക്തമായി തെളിയിക്കുന്നുണ്ട്. നേരേ മറിച്ച് മനുഷ്യരാശിയുടെ സമുന്നതചിന്തകർ ഉന്നയിച്ചുകഴിഞ്ഞിരുന്ന ചോദ്യങ്ങൾക്ക് മറുപടികൾ നൽകിയെന്നതിലാണ് മാർക്സിന്റെ പ്രതിഭാശാലിത്വം സ്ഥിതി ചെയ്യുന്നത്. തത്വശാസ്ത്രത്തിന്റേയും സോഷ്യലിസത്തിന്റേയും ഏറ്റവും മഹാന്മാരായ പ്രതിനിധികളുടെ സിദ്ധാന്തങ്ങളുടെ നേരിട്ടുള്ള, ഉടനടിയുള്ള *തുടർച്ചയായിട്ടാണ്* അദ്ദേഹത്തിന്റെ സിദ്ധാന്തം രംഗത്തു വന്നത്.

മാർക്സിസ്റ്റ് സിദ്ധാന്തം സർവശക്തമാണ്; എന്തെന്നാൽ അത് സത്യമാണ്. അത് സമ്പൂർണവും സമഞ്ജസവുമാണ്. സർവവിധ അന്ധവിശ്വാസങ്ങൾക്കും പിന്തിരിപ്പത്വത്തിനും ബൂർഷ്വാ മർദ്ദന

Scanned by Cam S

ത്തിന്റെ നീതീകരണത്തിനും ബദ്ധവിരുദ്ധമായ ഒരു അവിഭക്തലോക വീക്ഷണം അത് മനുഷ്യർക്ക് നൽകുന്നു. ജർമ്മൻ തത്വശാസ്ത്രത്തിന്റേയും ഇംഗ്ലീഷ് അർത്ഥശാസ്ത്രത്തിന്റേയും ഫ്രഞ്ച് സോഷ്യലിസത്തിന്റേയും രൂപത്തിൽ പത്തൊമ്പതാം ശതകത്തിൽ മനുഷ്യൻ സൃഷ്ടിച്ച ഏറ്റവും മികച്ച സംഗതികളുടെ ന്യായാനുസൃതമായ പിൻഗാമിയാണത്.

മാർക്സിസത്തിന്റെ ഈ മൂന്ന് ഉറവിടങ്ങളേയും ഘടകങ്ങളേയുമാണ് നാം ചുരുക്കത്തിൽ പ്രതിപാദിക്കാൻ പോകുന്നത്.

## I

മാർക്സിസത്തിന്റെ തത്വശാസ്ത്രം *ഭൗതികവാദമാണ്.* അടിയുറച്ചതും എല്ലാ പ്രകൃതിശാസ്ത്രസിദ്ധാന്തങ്ങൾക്കും അനുസൃതമായിട്ടുള്ളതും അന്ധവിശ്വാസങ്ങൾക്കും മതഭ്രാന്തിനും മറ്റും എതിരായിട്ടുള്ളതുമായ ഒരേയൊരു തത്വശാസ്ത്രം ഭൗതികവാദമാണെന്ന് യൂറോപ്പിന്റെ ആധുനികചരിത്രത്തിലുടനീളം, പ്രത്യേകിച്ച് സർവവിധ മദ്ധ്യകാലാവശിഷ്ടങ്ങൾക്കെതിരായും സ്ഥാപനങ്ങളിലും ചിന്താഗതികളിലുമുള്ള അടിയാളത്തത്തിനെതിരായും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫ്രാൻസിൽ നടന്ന സമരത്തിനിടയ്ക്ക്, തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ജനാധിപത്യത്തിന്റെ ശത്രുക്കൾ എല്ലായ് പ്പോഴും ഭൗതികവാദത്തെ "ഖണ്ഡിക്കാനും" തുരങ്കം വയ്ക്കാനും വിലകെടുത്താനും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലായ്പ്പോഴും മതത്തെ ഫലത്തിൽ ന്യായീകരിക്കുകയോ അനുകൂ ലിക്കുകയോ ചെയ്യുന്ന ആശയവാദത്തിന്റെ വിവിധരൂപ ങ്ങൾക്കുവേണ്ടി വാദിക്കാനും പരമാവധി ശ്രമിച്ചിട്ടുള്ളത് അക്കാരണത്താലാണ്.

മാർക്സും എംഗൽസും തത്വശാസ്ത്രപരമായ ഭൗതികവാദത്തിനുവേണ്ടി ഉറച്ചുനിന്ന് വാദിക്കുകയും ആ അടിത്തറയിൽനിന്നുമുള്ള ഏതൊരു വ്യതിയാനവും എത്രത്തോളം അബദ്ധജടിലമാണെന്ന് ആവർത്തിച്ചാവർത്തിച്ച് തെളിയിക്കുകയും ചെയ്തു. എംഗൽസിന്റെ "ലുദ്‌വിഗ് ഫോയർബാഹ്" " ആന്റിഡ്യൂറിംഗ്" എന്നീ കൃതികളി[78] ലാണ് അവരുടെ വീക്ഷണങ്ങൾ അങ്ങേയറ്റം വ്യക്തമായും പൂർണമായും പ്രതിപാദിച്ചിട്ടുള്ളത്. "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" യെപ്പോലെതന്നെ വർഗബോധമുള്ള ഓരോ തൊഴിലാളിക്കും ആവശ്യമായ മാർഗദർശക ഗ്രന്ഥങ്ങളാണവ.

എന്നാൽ മാർക്സ് പതിനെട്ടാം നൂറ്റാണ്ടിലെ ഭൗതികവാദത്തിൽ തങ്ങിനിന്നില്ല. അദ്ദേഹം തത്വശാസ്ത്രത്തെ കൂടുതൽ ഉയർന്ന പടിയിലേക്ക് വളർത്തി. ജർമ്മൻ ക്ലാസിക്കൽ തത്വശാസ്ത്രത്തിന്റെ, പ്രത്യേകിച്ച് പിന്നീട് ഫോയർബാഹിന്റെ ഭൗതികവാദത്തിന് വഴിതെളിച്ച ഹെഗലിന്റെ സമ്പ്രദായത്തിന്റെ നേട്ടങ്ങളാൽ അദ്ദേഹം അതിനെ സമ്പുഷ്ടമാക്കി. *വൈരുദ്ധ്യാത്മകവാദമായിരുന്നു* ഇതിൽനിന്നുള്ള പ്രധാനനേട്ടം. ഏറ്റവും സമ്പൂർണവും അഗാധവും സമഗ്രവുമായ രൂപത്തിലുള്ള വികാസസിദ്ധാന്തമാണത്, ശാശ്വതമായി വികസിച്ചു

Scanned by CamScanner

കൊണ്ടിരിക്കുന്ന ഭൗതികപദാർത്ഥത്തിന്റെ പ്രതിഫലനമെന്ന നിലയിൽ മനുഷ്യവിജ്ഞാനത്തിന്റെ ആപേക്ഷികത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന സിദ്ധാന്തമാണത്. റേഡിയം, ഇലക്ട്രോണുകൾ,മൂലകങ്ങളുടെ രൂപാന്തരീകരണം എന്നിങ്ങനെയുള്ള പ്രകൃതിശാസ്ത്രത്തിന്റെ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങൾ, പഴകിദ്രവിച്ച ആശയവാദത്തിലേക്ക് "പുതുതായി"മടങ്ങിപ്പൊയ്ക്കൊണ്ടിരുന്ന ബുർഷ്വ തത്വശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾക്ക് വിപരീതമായി, മാർക്സിന്റെ വൈരുദ്ധ്യാത്മകഭൗതികവാദത്തെ അന്യാദൃശമാംവണ്ണം സ്ഥിരീകരിക്കുകയാണ് ചെയ്യുന്നത്.

മാർക്സ് തത്വശാസ്ത്രപരമായ ഭൗതികവാദത്തെ ആഴത്തിലും പരപ്പിലും പരമാവധി വികസിപ്പിക്കുകയും *മനുഷ്യസമൂഹത്തെക്കുറിച്ചുള്ള* അറിവിനെക്കൂടി ഉൾപ്പെടുത്തത്തക്കവിധത്തിൽ പ്രകൃതിയെക്കുറിച്ചുള്ള ബോധപ്രക്രിയയെ വിപുലപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയചിന്തയുടെ വലിയൊരു നേട്ടമാണ് അദ്ദേഹത്തിന്റെ *ചരിത്രപരമായ ഭൗതികവാദം.* ചരിത്രത്തേയും രാഷ്ട്രമീമാംസയേയും സംബന്ധിച്ച അഭിപ്രായങ്ങളിൽ മുമ്പ് നിലനിന്നിരുന്ന ചിന്താക്കുഴപ്പത്തിന്റേയും തന്നിഷ്ടത്തിന്റേയും സ്ഥാനത്ത്, ഉല്പാദനശക്തികളുടെ വളർച്ചയുടെ ഫലമായി ഒരു സാമൂഹ്യക്രമത്തിൽനിന്ന് കൂടുതലുയർന്ന മറ്റൊരു സാമൂഹ്യക്രമം എങ്ങനെ വളർന്നുവരുന്നുവെന്ന്-ഉദാഹരണത്തിന്, മുതലാളിത്തം എങ്ങനെ ഫ്യുഡലിസത്തിൽ നിന്ന് വളർന്നുവരുന്നുവെന്ന്-തെളിയിച്ചുകാട്ടുന്നു, പ്രകടമായ വിധത്തിൽ കെട്ടുറപ്പും ഐകരൂപ്യവുമുള്ള ഒരു ശാസ്ത്രീയസിദ്ധാന്തം ഉന്നയിക്കപ്പെട്ടു.

മനുഷ്യന്റെ ജ്ഞാനം അവനിൽനിന്ന് സ്വതന്ത്രമായി നിൽക്കുന്ന പ്രകൃതിയെ (അതായത്, വികസ്വരമായ പദാർത്ഥത്തെ) പ്രതിബിംബിപ്പിക്കുന്നതുപോലെതന്നെ, മനുഷ്യന്റെ *സാമൂഹ്യജ്ഞാനം* (അതായത്, തത്വശാസ്ത്രപരവും മതപരവും രാഷ്ട്രീയവും മറ്റുമായ അവന്റെ വിവിധ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും) സമൂഹത്തിന്റെ *സാമ്പത്തികവ്യവസ്ഥയെ* പ്രതിബിംബിക്കുന്നു. സാമ്പത്തികാടിത്തറയിന്മേലുള്ള ഉപരിഹർമ്മ്യമാണ് രാഷ്ട്രീയസ്ഥാപനങ്ങൾ. ഉദാഹരണത്തിന്, ആധുനിക യൂറോപ്യൻ ഭരണകൂടങ്ങളുടെ വിവിധ രാഷ്ട്രീയരൂപങ്ങൾ തൊഴിലാളിവർഗത്തിന്റെ മേലുള്ള ബൂർഷ്വാസിയുടെ ആധിപത്യം ശക്തിപ്പെടുത്താനാണ് ഉപകരിക്കുന്നതെന്ന് നാം കാണുന്നു.

മനുഷ്യരാശിക്ക്, വിശേഷിച്ച് തൊഴിലാളിവർഗത്തിന്, ശക്തിമത്തായ ജ്ഞാനസമ്പാദനോപകരണങ്ങൾ നൽകിയിട്ടുള്ള സമ്പൂർണമായ ഭൗതികവാദമാണ് മാർക്സിന്റെ തത്വശാസ്ത്രം.

## II

സാമ്പത്തികവ്യവസ്ഥയുടെ അടിത്തറയിന്മേലാണ് രാഷ്ട്രീയ ഉപരിഹർമ്മ്യം പടുത്തുയർത്തുന്നതെന്ന് അംഗീകരിച്ചുകൊണ്ട് മാർക്സ് ഏറ്റവുമധികം ശ്രദ്ധ വിനിയോഗിച്ചത് സാമ്പത്തികവ്യവസ്ഥ പഠിക്കുന്നതിലാണ്. മാർക്സിന്റെ മുഖ്യകൃതിയായ "മൂലധനം" ആധു

Scanned by CamScanner

നികസമൂഹത്തിലെ, അതായത് മുതലാളിത്തസമൂഹത്തിലെ, സാമ്പത്തികവ്യവസ്ഥ പഠിക്കുന്നതിനുവേണ്ടിയാണ് വിനിയോഗിച്ചിരിക്കുന്നത്.

മുതലാളിത്തരാജ്യങ്ങളിൽവച്ച് ഏറ്റവും വളർച്ചപ്രാപിച്ച ഇംഗ്ലണ്ടിലാണ് മാർക്സിനുമുമ്പ് ക്ലാസിക്കൽ അർത്ഥശാസ്ത്രം ആവിർഭവിച്ചത്, സാമ്പത്തികവ്യവസ്ഥയെ കുറിച്ചുള്ള ഗവേഷണങ്ങളിൽനിന്ന് ആഡംസ്മിത്തും ഡേവിഡ് റിക്കാർഡൊയും *മൂല്യത്തിന്നാസ്പദം അദ്ധ്വാനമാണെന്ന* സിദ്ധാന്തത്തിന്റെ അടിത്തറയിട്ടു. മാർക്സ് അവരുടെ പ്രവർത്തനം തുടർന്നുകൊണ്ടു പോയി. അദ്ദേഹം ആ സിദ്ധാന്തത്തിനുള്ള തെളിവ് നൽകുകയും അതിനെ അടിയുറച്ചു വികസിപ്പിക്കുകയും ചെയ്തു. ഏത് ചരക്കിന്റേയും മൂല്യം നിർണ്ണയിക്കുന്നത് അതിന്റെ ഉല്പാദനത്തിനായി ചെലവിടുന്ന,സാമൂഹ്യമായി ആവശ്യമായിട്ടുള്ള അദ്ധ്വാനസമയമാണെന്ന് അദ്ദേഹം തെളിയിച്ചു.

ബൂർഷ്വാ ധനശാസ്ത്രജ്ഞന്മാർ സാധനങ്ങൾ തമ്മിൽ ബന്ധം കണ്ടപ്പോൾ(ഒരു ചരക്ക് മറ്റൊന്നിനുവേണ്ടി കൈമാറുന്നത്) *മാർക്സ് ആളുകൾ തമ്മിലുള്ള ബന്ധം* വെളിപ്പെടുത്തി. ഉല്പാദനം നടത്തുന്ന വ്യക്തികൾ തമ്മിൽ കമ്പോളത്തിലൂടെയുണ്ടാകുന്ന ബന്ധത്തെയാണ് ചരക്ക് വിനിമയം പ്രകാശിപ്പിക്കുന്നത്. ഉല്പാദനം നടത്തുന്ന വ്യക്തികളുടെ സാമ്പത്തികജീവിതത്തെയാകെ അഭേദ്യമാം വണ്ണം ഒറ്റക്കെട്ടായി യോജിപ്പിച്ചുകൊണ്ട് ഈ ബന്ധം കൂടുതൽ കൂടുതൽ സുദൃഢമായിരുന്നുവെന്നതിലാണ് *പണത്തിന്റെ* പ്രാധാന്യം സ്ഥിതിചെയ്യുന്നത്. ഈ ബന്ധത്തിന്റെ കുറേക്കൂടി മുന്നോട്ടുള്ള വളർച്ചയെയാണ് *മൂലധനം* കുറിക്കുന്നത്; മനുഷ്യന്റെ അദ്ധ്വാനശക്തി ചരക്കായിത്തീരുന്നു. കൂലിവേലക്കാരൻ അവന്റെ അദ്ധ്വാനശക്തി ഭൂമിയുടേയും ഫാക്ടറികളുടേയും അദ്ധ്വാനോപകരണങ്ങളുടേയും ഉടമയ്ക്ക് വിൽക്കുന്നു. തൊഴിലാളി ദിവസത്തിന്റെ ഒരു ഭാഗം തന്റേയും തന്റെ കുടുംബത്തിന്റേയും നിലനില്പിനുവേണ്ടി ചെലവഴിക്കുമ്പോൾ (കൂലി) ശേഷം ഭാഗം അവൻ മുതലാളിക്കുവേണ്ടി അയാളുടെ ലാഭത്തിന്റെ ഉറവിടമായ മുതലാളിവർഗത്തിന്റെ സമ്പത്തിന്റെ *മിച്ചമൂല്യം* ഉണ്ടാക്കിക്കൊണ്ട് പ്രതിഫലമില്ലാതെ പണിയെടുക്കുന്നു.

മാർക്സിന്റെ സാമ്പത്തികസിദ്ധാന്തത്തിന്റെ മൂലക്കല്ലാണ് മിച്ചമൂല്യസിദ്ധാന്തം.

തൊഴിലാളിയുടെ അദ്ധ്വാനഫലമായി സൃഷ്ടിക്കപ്പെടുന്ന മൂലധനം തൊഴിലാളിയെ അമർത്തിഞെരിക്കുകയും ചെറുകിടസ്വത്തുടമകളെ പാപ്പരാക്കുകയും തൊഴില്ലാപ്പട സൃഷ്ടിക്കുകയും ചെയ്യുന്നു. വ്യവസായത്തിൽ വൻകിട ഉല്പാദനത്തിന്റെ വിജയം തൽക്ഷണം തന്നെ പ്രകടമാണ്. പക്ഷേ, കൃഷിയിലും ഇതേ പ്രതിഭാസം കാണാം. വൻകിട മുതലാളിത്തകൃഷിയുടെ മേന്മ വർദ്ധിക്കുന്നു, യന്ത്രോപയോഗം പെരുകുന്നു, പണമൂലധനത്തിന്റെ കെണിയിൽപ്പെട്ട കർഷകസമ്പദ്‌വ്യവസ്ഥ അതിന്റെ പിന്നോക്കനിലയിലുള്ള സാങ്കേതികനിലവാരത്തിന്റെ ഭാരത്തിനടിപെട്ട് അധ:പതിച്ച് നശിക്കുന്നു. ചെറുകിട ഉല്പാദനത്തിന്റെ അധോഗതി കൃഷിയിൽ വ്യത്യസ്തരൂപങ്ങൾ കൈക്കൊള്ളാറുണ്ട്. എങ്കിലും അധോഗതിയുണ്ടെന്നത് അവിതർക്കിതമായ

Scanned by CamScanner

വസ്തുതയാണ്.

ചെറുകിട ഉല്പാദനത്തെ നശിപ്പിച്ചുകൊണ്ട് മൂലധനം അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കും വൻകിടമുതലാളിമാരുടെ സംഘങ്ങളുടെ കുത്തക സ്ഥാപിക്കുന്ന തിലേക്കും വഴിതെളിക്കുന്നു. ഉല്പാദനം തന്നെ അധികമധികം സാമൂഹ്യമായി ത്തീരുന്നു. ലക്ഷോപലക്ഷം തൊഴിലാളികൾ ചിട്ടയോടുകൂടിയ ഒരു സാമ്പത്തികസംവിധാനത്തിനുള്ളിൽ പരസ്പരബദ്ധമാകുന്നു. എന്നാൽ ഈ കൂട്ടായ അദ്ധ്വാനത്തിന്റെ ഫലം ഒരു പിടി മുതലാളിമാർ സ്വായത്തമാക്കുകയാണ് ചെയ്യുന്നത്. ഉല്പാദനത്തിൽ അരാജകത്വം, കുഴപ്പങ്ങൾ, കമ്പോളങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ ജനസാമാന്യത്തിന്റെ നിലനിൽപ്പിന് വന്നു ചേരുന്ന അരക്ഷിതത്വം—ഇതെല്ലാം മൂർഛിക്കുന്നു.

മൂലധനത്തിന്മേലുള്ള തൊഴിലാളികളുടെ ആശ്രിതത്വം വർദ്ധിപ്പിക്കുന്നതിലൂടെ മുതലാളിത്തവ്യവസ്ഥ ഏകീകൃത തൊഴിലാളിവർഗത്തിന്റെ വമ്പിച്ച ശക്തി സൃഷ്ടിക്കുന്നു.

ഭ്രൂണരൂപത്തിലുള്ള ചരക്കുല്പാദന സമ്പദ്‌വ്യവസ്ഥയിൽ നിന്നും, ചരക്കുകൈമാറ്റവ്യവസ്ഥയിൽനിന്നും, അതിന്റെ ഏറ്റവും ഉയർന്ന രൂപങ്ങളിലേക്കുള്ള,വൻകിട ഉൽപാദനത്തിലേക്കുള്ള , മുതലാളിത്തത്തിന്റെ വളർച്ചയെ വരച്ചുകാട്ടി.

പഴയതും പുതിയതുമായ എല്ലാ മുതലാളിത്ത രാജ്യങ്ങളുടേയും അനുഭവം വർഷംതോറും അധികമധികം തൊഴിലാളികൾക്ക് ഈ മാർക്സിയൻ സിദ്ധാന്തത്തിന്റെ പരമാർത്ഥം വെളിപ്പെടുത്തിക്കൊടുക്കുന്നുണ്ട്.

മുതലാളിത്തം ലോകമാസകലം വിജയം വരിച്ചിരിക്കുന്നു, എന്നാൽ ഈ വിജയം മൂലധനത്തിന്റെ മേൽ തൊഴിലാളിവർഗം നേടാൻ പോകുന്ന വിജയത്തിന്റെ നാന്ദിയാണ്.

## III

ഫ്യൂഡലിസം നിഷ്ക്കാസനം ചെയ്യപ്പെടുകയും ലോകത്തിൽ *"സ്വതന്ത്രമായ"* മുതലാളിത്തസമൂഹം ആവിർഭവിക്കുകയും ചെയ്തപ്പോൾ, അദ്ധ്വാനിക്കുന്ന ജനങ്ങളെ മർദ്ദിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഒരു പുതിയ വ്യവസ്ഥയെയാണ് ആ സ്വാതന്ത്ര്യം കുറിക്കുന്നതെന്ന് തൽക്ഷണം തന്നെ വെളിവായി. ആ മർദ്ദനത്തിന്റെ പ്രതിഫലനമെന്ന നിലയ്ക്കും അതിനെതിരായ പ്രതിഷേധമെന്ന നിലയ്ക്കും അപ്പോൾത്തന്നെ വിവിധ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ രംഗത്തു വന്നു. എന്നാൽ, ആദികാലത്തെ സോഷ്യലിസം *സാങ്കല്പിക*സോഷ്യലിസമായിരുന്നു. അത് മുതലാളിത്തസമൂഹത്തെ വിമർശിച്ചു, അതിനെ അധിക്ഷേപിക്കുകയും അപലപിക്കുകയും ചെയ്തു, അതിനെ നശിപ്പിക്കുന്നതിനെക്കുറിച്ച് സ്വപ്നം കണ്ടു, കൂടുതൽ മികച്ച ഒരു ജീവിതക്രമത്തെ ഭാവനയിൽ കണ്ടു. ചൂഷണത്തിന്റെ അധാർമ്മികതയെക്കുറിച്ച് പണക്കാരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു.

എന്നാൽ സാങ്കല്പികസോഷ്യലിസത്തിന് യഥാർത്ഥപരിഹാരമാർഗം ചൂണ്ടിക്കാട്ടാൻ കഴിഞ്ഞില്ല. മുതലാളിത്തത്തിൻകീഴിൽ

Scanned by CamScanner

കൂലിയടിമത്തത്തിന്റെ യഥാർത്ഥസ്വഭാവം വിശദീകരിക്കാൻ അതിന് കഴിഞ്ഞില്ല. മുതലാളിത്തവളർച്ചയുടെ നിയമങ്ങളെ വെളിപ്പെടുത്താനോ പുതിയ സമൂഹത്തിന്റെ സ്രഷ്ടാവാകാനുള്ള കഴിവ് ഏത് *സാമൂഹ്യശക്തിക്കാണ് ഉള്ളതെന്ന്* ചൂണ്ടിക്കാട്ടാനോ അതിന് കഴിഞ്ഞില്ല.

അതേ സമയം തന്നെ, എല്ലാ വികാസത്തിന്റേയും അടിസ്ഥാനവും പ്രേരകശക്തിയും *വർഗങ്ങളുടെ സമരമാണെന്ന്,* ഫ്യൂഡലിസത്തിന്റേയും അടിയാളത്തത്തിന്റേയും പതനത്തെത്തുടർന്ന് യൂറോപ്പൊട്ടുക്കും, പ്രത്യേകിച്ച് ഫ്രാൻസിലും നടന്ന പ്രചണ്ഡമായ വിപ്ലവങ്ങൾ അധികമധികം വ്യക്തമായി വെളിപ്പെടുത്തി.

വാശിയേറിയ ചെറുത്തുനില്പിനെ എതിരിടാതെ നാടുവാഴിവർഗത്തിൽനിന്നും ഒരൊറ്റ രാഷ്ട്രീയസ്വാതന്ത്ര്യംപോലും നേടാൻ കഴിഞ്ഞില്ല.മുതലാളിത്തസമൂഹത്തിലെ വിവിധവർഗങ്ങൾ തമ്മിലുള്ള ജീവന്മരണ സമരം കൂടാതെ ഒരൊറ്റ മുതലാളിത്തരാജ്യംപോലും ഏറെക്കുറെ സ്വതന്ത്രവും ജനാധിപത്യപരവുമായ അടിസ്ഥാനത്തിൽ രൂപം കൊണ്ടില്ല,

ഇതിൽനിന്ന് ലോകചരിത്രം പഠിപ്പിക്കുന്ന പാഠം ആദ്യമായി അനുമാനിക്കുകയും ആ പാഠം അടിയുറച്ചു പ്രയോഗിക്കുകയും ചെയ്തുവെന്നതിലാണ് മാർക്സിന്റെ പ്രതിഭാശക്തി സ്ഥിതിചെയ്യുന്നത്. അദ്ദേഹത്തിന്റെ അനുമാനമാണ് *വർഗസമരസിദ്ധാന്തം.*

ജനങ്ങൾ എക്കാലത്തും രാഷ്ട്രീയത്തിൽ വഞ്ചനയ്ക്കും ആത്മവഞ്ചനയ്ക്കും ബുദ്ധിശൂന്യമാ വിധം ഇരയായിത്തീർന്നിട്ടുണ്ട്. ധാർമ്മികവും മതപരവും രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ പദപ്രയോഗങ്ങളുടേയും പ്രഖ്യാപനങ്ങളുടേയും വാഗ്ദാനങ്ങളുടേയും പിന്നിൽ ഏതെങ്കിലുമൊരു വർഗത്തിന്റെ *താല്പര്യങ്ങൾ* കണ്ടെത്താൻ പഠിക്കുന്നതുവരെ അവർ എല്ലായ്പ്പോഴും അങ്ങനെ ഇരയായിത്തീരുന്നതുമാണ്. പഴയ ഓരോ സ്ഥാപനവും, അതെത്രകണ്ട് കിരാതവും ജീർണിച്ചതുമായിക്കൊള്ളട്ടെ, ചില പ്രത്യേക ഭരണാധികാരിവർഗങ്ങളുടെ ശക്തികൾ മൂലമാണ് നടന്നുപോവുന്നതെന്ന് പരിഷ്ക്കാരങ്ങൾക്കും അഭിവൃദ്ധികൾക്കും വേണ്ടി വാദിക്കുന്നവർ മനസ്സിലാക്കാത്തിടത്തോളം കാലം പഴയ ക്രമത്തിന്റെ ആൾക്കാർ അവരെ എപ്പോഴും കബളിപ്പിക്കുന്നതാണ്. ആ വർഗങ്ങളുടെ ചെറുത്തുനില്പിനെ തകർക്കാൻ *ഒരേയൊരു* മാർഗമേയുള്ളു. പഴയത് തൂത്തുമാറ്റി പുതിയത് സൃഷ്ടിക്കാൻ കഴിയുന്നവയും സമൂഹത്തിലുള്ള നിലകാരണം അങ്ങനെ *ചെയ്യേണ്ടവയുമായ* ശക്തികളെ നമുക്ക് ചുറ്റുമുള്ള സമൂഹത്തിൽനിന്നുതന്നെ കണ്ടുപിടിക്കുകയും ആ ശക്തികളെ ഉദ്ബുദ്ധരാക്കി സമരത്തിനുവേണ്ടി സംഘടിപ്പിക്കുകയും ചെയ്യുകയെന്നതാണ് ആ മാർഗം.

ഇന്നേവരെ എല്ലാ മർദ്ദിതശക്തികളും അനുഭവിച്ചുപോന്നിരുന്ന ആത്മീയാടിമത്തത്തിൽനിന്ന് കരകയറാനുള്ള മാർഗം തൊഴിലാളിവർഗത്തിന് കാട്ടിക്കൊടുത്തിട്ടുള്ളത് മാർക്സിന്റെ തത്വശാസ്ത്രപരമായ ഭൗതികവാദം മാത്രമാണ്. പൊതുമുതലാളിത്തവ്യവസ്ഥയിൽ തൊഴിലാളിവർഗത്തിന്റെ യഥാർത്ഥ നിലയെന്താണെന്ന് വിശദീകരിച്ചി

Scanned by CamScanner

ട്ടുള്ളത് മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം മാത്രമാണ്.

ലോകമാസകലം–അമേരിക്ക മുതൽ ജപ്പാൻ വരെയും സ്വീഡൻ തൊട്ട് ദക്ഷിണാഫ്രിക്ക വരെയും – തൊഴിലാളിവർഗത്തിന്റെ സ്വതന്ത്രസംഘടനകൾ പെരുകിവരുന്നുണ്ട്. വർഗസമരം നടത്തുന്നതിലൂടെ തൊഴിലാളിവർഗത്തിന് പ്രബുദ്ധതയും പഠിപ്പും കൈവരുന്നുണ്ട്. ബൂർഷ്വാസമൂഹത്തിന്റെ മുൻവിധികളെ അത് ത്യജിച്ചുവരികയാണ്. അത് സ്വന്തം അണികളെ കൂടുതൽ ഭദ്രമായി നിർത്തുകയും നേട്ടങ്ങളുടെ തോതളക്കാൻ പഠിച്ചുവരികയും ചെയ്യുന്നുണ്ട്. സ്വന്തം ശക്തികളെ ഉരുക്ക് പോലുറപ്പിച്ചുകൊണ്ട് അത് അപ്രതിരോദ്ധ്യമാംവണ്ണം വളർന്നുവരികയാണ്.

"പ്രൊസ്വെഷ് ചേനിയെ", ലക്കം 3, മാർച്ച് 1913

സമാഹൃതകൃതികൾ അഞ്ചാം റഷ്യൻ പതിപ്പ്, വാള്യം 23, പേജ് 40–48

Scanned by CamScanner

# മാർക്സിസത്തിന്റെചരിത്രപരമായ വികാസത്തിന്റെ ചില സവിശേഷതകൾ

ഞങ്ങളുടെ തത്വസംഹിത-തന്നേയും തന്റെ വിഖ്യാത സുഹൃത്തിനേയും പരാമർശിച്ചുകൊണ്ട് എംഗൽസ് പ്രസ്താവിക്കുകയുണ്ടായി-ഒരു മാമൂൽപ്രമാണമല്ല; മറിച്ച്, പ്രവർത്തനത്തിനുള്ള ഒരു വഴികാട്ടിയാണത്. ചിരസ്മരണീയമായ ഈ പ്രസ്താവന, മാർക്സിസത്തെപ്പറ്റി പറയുമ്പോൾ പലപ്പോഴും ആളുകളുടെ ശ്രദ്ധയിൽ പെടാതെപോകുന്ന ഒരു പ്രത്യേകവശത്തെ ഏറ്റവും ശക്തമായ ഭാഷയിലും അർത്ഥപൗഷ്കല്യത്തോടുകൂടിയും ഊന്നുന്നുണ്ട്. അത് ശ്രദ്ധിക്കാത്തതുമൂലം, നാം മാർക്സിസത്തെ ഏകപക്ഷീയവും വളച്ചൊടിക്കപ്പെട്ടതും നിർജ്ജീവവുമായ എന്തോ ഒന്നാക്കി മാറ്റുകയാണ് ചെയ്യുന്നത്. അതുവഴി നാം അതിന്റെ മൗലിക സൈദ്ധാന്തിക തത്വങ്ങളെ—വൈരുദ്ധ്യവാദത്തെ,സർവസ്പർശിയും വൈരുദ്ധ്യസമ്പൂർണവുമായ ചരിത്രവികാസത്തെക്കുറിച്ചുള്ള സിദ്ധാന്തത്തെ—തുരങ്കം വയ്ക്കുകയാണ് ചെയ്യുന്നത്; അതു വഴി നാം കാലഘട്ടത്തിന്റെ നിശ്ചിത പ്രായോഗിക കടമകളുമായി— ഈ കടമകൾ ചരിത്രത്തിന്റെ ഓരോ വഴിത്തിരിവിലും മാറ്റത്തിന് വിധേയമായേക്കാം-അതിനുള്ള ബന്ധത്തെ തുരങ്കം വയ്ക്കുകയാണ് ചെയ്യുന്നത്.

അതെ, ഇന്ന് റഷ്യയിൽ മാർക്സിസത്തിന്റെ ഭാവിയിൽ തല്പരരായ ആളുകൾക്കിടയിൽ മാർക്സിസത്തിന്റെ ഈ പ്രത്യേക വശം ശ്രദ്ധിക്കാത്ത പലരേയും പലപ്പോഴും കാണാൻ കഴിയുന്നുണ്ട്. എന്നാൽ സമീപകാലത്ത് റഷ്യയിൽ വന്നിട്ടുള്ള മാറ്റങ്ങൾ സ്ഥിതിഗതികളെ പാടേ മാറ്റിമറിക്കുന്ന തരത്തിലുള്ളതാണെന്ന കാര്യം ഏതൊരാളിനും സ്പഷ്ടമായിരിക്കണം.സാമൂഹ്യവും രാഷ്ട്രീയവുമായ സ്ഥിതിഗതികളുടെ കാര്യമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. നടപടിയിലേക്ക് നീങ്ങുന്നതിനുള്ള സാഹചര്യങ്ങളും, അക്കാരണത്താൽ അതിന്റെ ലക്ഷ്യങ്ങളും എങ്ങനെയുള്ളതായിരിക്കുമെന്ന് പ്രത്യക്ഷമായും സത്വരമായും നിശ്ചയിക്കുന്നത് ഈ സ്ഥിതിഗതികളായിരിക്കുകയും ചെയ്യും. ലക്ഷ്യത്തെപ്പറ്റി പറയുമ്പോൾ പൊതുവും മൗലികവുമായ ലക്ഷ്യത്തെക്കുറിച്ചല്ല ഇവിടെ

Scanned by CamScanner

പരാമർശിക്കുന്നത്. വർഗങ്ങൾ തമ്മിലുള്ള അടിസ്ഥാനബന്ധങ്ങൾക്ക് മാറ്റം സംഭവിക്കാത്തിടത്തോളം കാലം ചരിത്രത്തിന്റെ വഴിത്തിരിവുകള നുസരിച്ച് ഈ ലക്ഷ്യത്തിന് മാറ്റം ഉണ്ടാവുകയില്ല. റഷ്യൻ സമുഹത്തിലെ വിവിധ വർഗങ്ങൾ തമ്മിലുള്ള മൗലിക ബന്ധത്തിലെന്നപോലെതന്നെ റഷ്യയിലെ സാമ്പത്തികമായ (സാമ്പത്തികം മാത്രമല്ല) പരിണാമത്തിന്റെ ഈ പൊതുപ്രവണത യ്ക്കും ഇക്കഴിഞ്ഞ ആറുവർഷത്തിടയിൽ വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്നത് തികച്ചും സപ്ഷ്ടമാണ്.

പക്ഷേ, ഉടനടിയുള്ള പ്രത്യക്ഷ നടപടിയുടെ ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം ഇക്കാലയളവിനിടയിൽ ഗണ്യമായ പല മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. വാസ്തവത്തിലുള്ള സാമുഹ്യ-രാഷ്ട്രീയ സ്ഥിതിഗതികളിലും മാറ്റം സംഭവിച്ചിട്ടുണ്ട്. തൽഫലമായി, മാർക്സിസം ഒരു ജീവനുള്ള തത്വസംഹിതയാകയാൽ അതിന്റെ പല വശങ്ങളും പ്രമുഖമായിത്തീരാതിരിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല.

ഈ ആശയം കുറേക്കൂടി വ്യക്തമാക്കാൻവേണ്ടി ഇക്കഴിഞ്ഞ ആറു സംവത്സരക്കാലത്ത് സാമുഹ്യവും രാഷ്ട്രീയവുമായ സ്ഥിതിയിൽ വന്നിട്ടുള്ള മാറ്റങ്ങളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. ഉടനടിതന്നെ രണ്ടു ത്രിവത്സരഘട്ടങ്ങൾ നമ്മുടെ ശ്രദ്ധയിൽപെടും. ആദ്യത്തേത് ഏതാണ്ട് 1907ലെ വേനലിനോടുകുടിയും, രണ്ടാമത്തേത് 1910 ലെ വേനലിനോടുകൂടിയും[79] അവസാനിക്കുന്നു.വെറും സൈദ്ധാന്തിക നിലപാടിൽനിന്ന് നോക്കിയാൽ ആദ്യത്തെ ത്രിവത്സരഘട്ടം റഷ്യയിലെ ഭരണകുടവ്യവസ്ഥയിൽ വന്നിട്ടുള്ള അടിസ്ഥാനപരമായ മാറ്റങ്ങളെയാണ് കുറിക്കുന്നത്. ഈ മാറ്റങ്ങളുടെ ഗതിക്ക് തീരെ നിരപ്പില്ലായിരുന്നുവെന്നതിൽ സംശയമില്ല. അങ്ങോട്ടുമിങ്ങോട്ടുമുള്ള അതിന്റെ ആട്ടം വളരെ വമ്പിച്ചതുമായിരുന്നു. " ഉപരിഘടന"യിൽ വന്ന ഈ മാറ്റങ്ങളുടെ സാമുഹ്യവും സാമ്പത്തികവുമായ അടിത്തറ ഏറ്റവും വിവിധങ്ങളായ മണ്ഡലങ്ങളിൽ റഷ്യൻ സമുഹത്തിൽപെട്ട എല്ലാ വർഗങ്ങളും നടത്തിയ പ്രവർത്തനമായിരുന്നു("ദുമ"[80]യ്ക്കകത്തും പുറത്തുമുള്ള പ്രവർത്തനം, പത്രങ്ങൾ,യുണിയനുകൾ, യോഗങ്ങൾ ആദിയായവ); ഈ പ്രവർത്തനം വളരെ പരസ്യവും ആരുടേയും ശ്രദ്ധയെ ആകർഷിക്കുന്നതും അഭുതപുർവമായ തോതിലുള്ളതുമായിരുന്നു.

രണ്ടാമത്തെ ത്രിവത്സരഘട്ടത്തെപ്പറ്റി പറഞ്ഞാൽ-വെറും സൈദ്ധാന്തികതലത്തിലുള്ള സമുഹവിജ്ഞാനപരമായ നിലപാടിൽ നിന്നാണ് ഇപ്പറയുന്നതെന്ന സംഗതി ഒരിക്കൽക്കൂടി ആവർത്തിച്ചുകൊള്ളട്ടെ- ഏതാണ്ട് സ്തംഭനത്തോളമെത്തിയ അത്യന്തം മന്ദഗതിയിലുള്ള ഒരു പരിണാമമായിരുന്നു ഈ ഘട്ടത്തിന്റെ പ്രത്യേകത. ഭരണകുടത്തിൽ ശ്രദ്ധേയമായ യാതൊരു മാറ്റവും ഉണ്ടായില്ല, മുൻകാലഘട്ടത്തിൽ വമ്പിച്ച പലനടപടികളും ഉണ്ടായ "അരങ്ങുകളിൽ"പലതിലും വർഗങ്ങളുടെ പരസ്യവും വൈവിധ്യമാർന്നതുമായ നടപടികളൊന്നും തന്നെ ഉണ്ടായില്ലെന്ന് പറയാം.

Scanned by CamScanner

റഷ്യ മുതലാളിത്ത പരിണാമത്തിന് വിധേയമായെന്നതാണ് ഈ രണ്ടു ഘട്ടങ്ങൾക്കുമുള്ള സാദൃശ്യത. ഈ സാമ്പത്തിക പരിണാമവും പലേ നാടുവാഴിത്ത മദ്ധ്യകാല സ്ഥാപനങ്ങളുടെ നിലനില്പും തമ്മിലുള്ള വൈരുദ്ധ്യം പിന്നെയും അവശേഷിച്ചു. ഈ വൈരുദ്ധ്യങ്ങൾ തേച്ചുമാച്ചുകളയപ്പെടുന്നതിനു പകരം അവ കൂടുതൽ വഷളാവുകയാണുണ്ടായത്. ചില സ്ഥാപനങ്ങൾക്ക് ഭാഗികമായ ബൂർഷ്വാ സ്വഭാവം വന്നതാണ് ഇതിനുള്ള കാരണം.

ആദ്യഘട്ടത്തിൽ മുന്തിനിന്നിരുന്ന ചരിത്രപ്രധാനമായ പ്രശ്നം സത്വരവും നിരപ്പില്ലാത്തതുമായ മേല്പറഞ്ഞ മാറ്റങ്ങൾ കൃത്യമായി എന്തു രൂപം കൈക്കൊള്ളുമെന്നതായിരുന്നുവെന്നതാണ് ഈ രണ്ടു ഘട്ടങ്ങളും തമ്മിലുള്ള വ്യത്യാസം.റഷ്യയുടെ പരിണാമത്തിന്റെ മുതലാളിത്തസ്വഭാവം കാരണം ഈ മാറ്റങ്ങൾ ബൂർഷ്വാ ഉള്ളടക്കത്തോടു കൂടിയതാകാതിരിക്കാൻ തരമുണ്ടായിരുന്നില്ല. പക്ഷേ, ബൂർഷ്വാസി തന്നെ പലതരമുണ്ടല്ലോ ഏറെക്കുറെ മിതവാദപരമായ ഒരു ലിബറലിസം പറഞ്ഞുനടക്കുന്ന മദ്ധ്യവർത്തികളും വൻകിടക്കാരുമായ ബൂർഷ്വാസിക്ക് അവരുടെ വർഗപരമായ സ്ഥാനം കൊണ്ടുതന്നെ പൊടുന്നനേയുള്ള മാറ്റങ്ങളെ പേടിയായിരുന്നു. അതിനാൽ, കാർഷിക ഘടനയിലെന്നപോലെ രാഷ്ട്രീയ "ഉപരിഘടന"യിലും പഴയ സ്ഥാപനങ്ങളുടെ വലിയ പലേ അവശിഷ്ടങ്ങളും നിലനിറുത്തുന്നതിനു വേണ്ടിയാണ് അവർ ശ്രമിച്ചിരുന്നത്. എന്നാൽ, "സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ച് " ഉപജീവനം നടത്തുന്ന കർഷകരുമായി വളരെയേറെ കെട്ടുപിണഞ്ഞു കിടക്കുന്ന നാട്ടിൻപുറത്തെ പെറ്റിബൂർഷ്വാസിയുടെ ശ്രമം മറ്റൊരുതരം ബൂർഷ്വാ പരിഷ്ക്കാരങ്ങൾക്ക് വേണ്ടി ആകാനേ വഴി ഉണ്ടായിരുന്നുള്ളു. ഈ പരിഷ്ക്കാരങ്ങളിൽ മദ്ധ്യകാലത്തിന്റെ അവശിഷ്ടങ്ങൾക്ക് വളരെക്കുറച്ചേ സ്ഥാനം ഉണ്ടാകുമായിരുന്നുള്ളു. തങ്ങൾക്ക് ചുറ്റും നടക്കുന്ന സംഗതികളെപ്പറ്റി ബോധപൂർവം മനസ്സിലാക്കിയിരുന്ന കൂലിവേലക്കാർ വ്യതിരിക്തങ്ങളായ ഈ രണ്ട് പ്രവണതകളോട് അവരുടേതായ ഒരു മനോഭാവം കൈക്കൊള്ളാതി രിക്കാനും തരമുണ്ടായിരുന്നില്ല. രണ്ട് പ്രവണതകളും ബൂർഷ്വാ വ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽതന്നെയുള്ളതായിരുന്നു. പക്ഷേ ആ വ്യവസ്ഥയുടെ തന്നെ തികച്ചും വ്യത്യസ്തങ്ങളായ രൂപങ്ങൾക്കും തികച്ചും വ്യത്യസ്തങ്ങളായ വികാസനിരക്കുകൾക്കും വ്യത്യസ്തമായ തോതിലുള്ള പുരോഗമനോന്മുഖ സ്വാധീനത്തിനും വേണ്ടിയാണ് അവ നിലക്കൊണ്ടിരുന്നത്.

ഇപ്രകാരം, ആദ്യഘട്ടം അടവിന്റെ പ്രശ്നങ്ങൾ എന്ന് സാധാരണ പറയാറുള്ള മാർക്സിസത്തിന്റെ ആ പ്രത്യേക പ്രശ്നങ്ങളെ അവശ്യം മുൻപന്തിയിലേക്ക് എടുത്തെറിഞ്ഞു. ഇത് യാദൃച്ഛികമായിരുന്നുമില്ല. "വേഹി"[8] യുടെ പല നിറക്കാരായ അനുയായികൾ കരുതുന്നതുപോലെ ഈ പ്രശ്നങ്ങളെച്ചൊല്ലിയുള്ള അഭിപ്രായവ്യത്യാസങ്ങളേയും തർക്കങ്ങളേയും "ബുദ്ധിജീവികളുടെ" തർക്കങ്ങളായി. പക്വതവന്നിട്ടില്ലാത്ത തൊഴിലാളിവർഗത്തിന്റെ മേൽ

Scanned by CamScanner

സ്വാധീനം കരസ്ഥമാക്കുന്നതിനുള്ള ഒരു പോരാട്ടമായി"... "ബുദ്ധിജീവികൾ തൊഴിലാളിവർഗവുമായി പൊരുത്തപ്പെടുന്നതിന്റെ" ഒരു നിദർശനമായി, കാണുന്നതിൽപരം വലിയൊരു തെറ്റുണ്ടാവാനില്ല. നേരേമറിച്ച്, തൊഴിലാളിവർഗം പക്വത നേടിക്കഴിഞ്ഞിരുന്നുവെന്നതാണ് വാസ്തവം. അതുകൊണ്ടാണ് റഷ്യയുടെ ബൂർഷ്വാ വികാസത്തിലെ രണ്ട് വിഭിന്നപ്രവണതകൾ തമ്മിലുള്ള ഈ സംഘട്ടനത്തെ വെറുതെ കൈയും കെട്ടി നോക്കിയിരിക്കാൻ ഈ വർഗത്തിന് കഴിയാതിരുന്നത്. ഈ വിഭിന്നപ്രവണതകൾക്ക് അനുരോധമായ (പ്രത്യക്ഷമോ പരോക്ഷമോ ആയി , അനുലോമമോ പ്രതിലോമമോ ആയ പ്രതിഫലനത്തിൽ) സൈദ്ധാന്തിക തത്വങ്ങൾ ആവിഷ്ക്കരിക്കുന്നതിൽനിന്ന് ഈ വർഗത്തിന്റെ പ്രത്യയശാസ്ത്രജ്ഞന്മാർക്ക് ഒഴിഞ്ഞുമാറാൻ കഴിയാതിരുന്നതും അതുകൊണ്ടു തന്നെയാണ്.

രണ്ടാം ഘട്ടത്തിൽ റഷ്യയിലെ ബൂർഷ്വാ വികാസത്തിന്റെ വിഭിന്ന പ്രവണതകൾ തമ്മിലുള്ള സംഘട്ടനമെന്നത് കാര്യപരിപാടിയിലെ ഒരു പ്രധാന ഇനമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, "മുരടന്മാർ"[82] ഈ രണ്ടു പ്രവണതകളേയും തകർത്തുതരിപ്പണമാക്കിയിരുന്നു അവ പുറകോട്ടടിക്കപ്പെടുകയും ഉള്ളിലേക്ക് തള്ളിനീക്കപ്പെടുകയും ചെയ്തിരുന്നു. തല്ക്കാലം ശ്വാസം മുട്ടുന്ന സ്ഥിതിയിലായിരുന്നു അവ. മദ്ധ്യകാല മുരടന്മാർ മുൻപന്തിയിൽ നിലയുറപ്പിക്കുക മാത്രമല്ല, ബൂർഷ്വാ സമൂഹത്തിൽപെട്ട വളരെ വലിയ വിഭാഗമാളുകളിൽ "വേഹി" പ്രചരിപ്പിച്ചിരുന്ന വികാരങ്ങൾ, വിഷാദത്തിന്റേയും മാപ്പുപറയലിന്റേയും ബോധം, കുത്തിവയ്ക്കുകയും ചെയ്തിരുന്നു. പഴയ വ്യവസ്ഥിതിയെ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച രണ്ട് രീതികൾ തമ്മിലുള്ള സംഘട്ടനത്തിനു പകരം ഒരുതരത്തിലുള്ള പരിഷ്ക്കാരവും ഗുണംപിടിക്കില്ലെന്ന ഒരു ചിന്താഗതിയും "പേടിച്ചുതലതാഴ്ത്തുന്നതിന്റേയും "പ്രായശ്ചിത്തത്തിന്റേയും ഒരു മനോഭാവവും സാമൂഹ്യവിരുദ്ധ തത്വസംഹിതകളോടുള്ള ഒരു ആസക്തിയും നിഗൂഢവാദത്തോടുള്ള ചായ്‌വും മറ്റുമാണ് തല ഉയർത്തിനിന്നിരുന്നത്.

വിസ്മയകരമാംവിധം പൊടുന്നനേയുള്ള ഈ മാറ്റം ആകസ്മികമായിരുന്നില്ല. ബാഹ്യസമർദ്ദത്തിന്റെ ഫലമായുള്ളതുമായിരുന്നില്ല അത്. തൊട്ടുമുമ്പത്തെ കാലഘട്ടം തലമുറകളായും നൂറ്റാണ്ടുകളായും രാഷ്ട്രീയപ്രശ്നങ്ങളിൽനിന്ന് വളരെ അകന്ന് അപരിചിതരെപ്പോലെ നിന്നിരുന്ന പല വിഭാഗക്കാരേയും ശക്തിയായി പിടിച്ചുകുലുക്കിയിരുന്നു. അതിനാൽ, "എല്ലാ മൂല്യങ്ങളേയും പറ്റിയുള്ള പുതിയൊരു വിലയിരുത്തലും" അടിസ്ഥാനപ്രശ്നങ്ങളെ പറ്റിയുള്ള പുതിയൊരു പഠനവും സിദ്ധാന്തത്തിലും പ്രാഥമികതത്വങ്ങളിലും രാഷ്ട്രീയത്തിന്റെ ഹരിശ്രീയിലുമുള്ള പുതിയൊരു താല്പര്യവും ഉണ്ടാവുകയെന്നത് സ്വാഭാവികവും അനിവാര്യവും മാത്രമായിരുന്നു. ദീർഘനിദ്രയിൽനിന്ന് പൊടുന്നനെ തട്ടിയുണർത്തപ്പെട്ടശേഷം അതിപ്രധാനങ്ങളായ പ്രശ്നങ്ങളെ

Scanned by CamScanner

അഭിമുഖീകരിക്കേണ്ടിവന്ന ജനലക്ഷങ്ങൾക്ക് വളരെക്കാലം അതേ നിലവാരത്തിൽതന്നെ തുടരാൻ കഴിയുമായിരുന്നില്ല. ശ്വാസം വിടാൻ തെല്ലൊരിട കൂടാതെ, പ്രാഥമിക പ്രശ്നങ്ങളിലേക്ക് മടങ്ങാതെ, അന്യാദൃശമായ അനുഭവസമ്പത്തുള്ള പാഠങ്ങൾ "ദഹിക്കാൻ" സഹായിക്കുന്നതും പതിന്മടങ്ങ് കൂടുതൽ ദൃഢമായും ബോധപൂർവവും ആത്മവിശ്വാസത്തോടും ഉറപ്പോടും കൂടിയും മുന്നോട്ട് മാർച്ച് ചെയ്യാൻ പഴയതിലും എത്രയോ കൂടുതൽ വിഭാഗം ബഹുജനങ്ങൾക്ക് സാദ്ധ്യതയുണ്ടാക്കുന്നതുമായ പുതിയൊരു പരിശീലനം കൂടാതെ, അവർക്ക് തുടരാൻ കഴിയുമായിരുന്നില്ല.

നാടിന്റെ ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിലും അടിയന്തര പരിഷ്ക്കാരങ്ങൾ വരുത്തുകയെന്നതായിരുന്നു ആദ്യഘട്ടത്തിൽ കാര്യപരിപാടിയിലെ മുഖ്യ ഇനം. എന്നാൽ, അനുഭവങ്ങളെപ്പറ്റി വിമർശനപരമായ പഠനം നടത്തുകയും കൂടുതൽ വ്യാപകമായ വിഭാഗമാളുകൾ ഈ അനുഭവങ്ങളെ സ്വാംശീക രിക്കുകയും അടിമണ്ണെന്നു പറയാവുന്ന ഉപസ്തര ങ്ങളിലേക്ക്, വിവിധ വർഗങ്ങളുടെ പിന്നണികളിലുള്ളവരിലേക്ക്, ഈ അനുഭവങ്ങൾ അരിച്ചിറങ്ങുന്നതിന് അവസരമുണ്ടാക്കുകയും ചെയ്യുകയെന്നതാ യിരുന്നു രണ്ടാം ഘട്ടത്തിൽ പ്രധാനമായിരുന്നത്. ചരിത്രപരമായ വികാസത്തിന്റെ വൈരുദ്ധ്യാത്മ കത അത്തരത്തി ലുള്ളതായിരുന്നു.

മാർക്സിസം നിർജീവമായ ഒരു മാമൂൽപ്രമാണമല്ല. പൂർണമാക്കപ്പെട്ട, തയ്യാർചെയ്ത മട്ടിലുള്ള, മാറ്റമില്ലാത്ത ഒരു തത്വസംഹിതയുമല്ല അത്. മറിച്ച്, പ്രവർത്തനത്തിനുള്ള സക്രിയമായൊരു വഴികാട്ടിയാണത്. അതുകൊണ്ടുതന്നെ, സാമൂഹ്യജീവിതത്തിലെ വിസ്മയാവഹമാംവിധം പൊടുന്നനേയുള്ള മാറ്റങ്ങൾ അതിൽ പ്രതിഫലിക്കാതിരിക്കാൻ തരമുണ്ടായിരുന്നില്ല. ആഴമേറിയ ശിഥിലീകരണത്തിലും അനൈക്യത്തിലുമാണ്, നാനാതരം ചാഞ്ചാട്ടങ്ങളിലാണ്, ചുരുക്കിപ്പറഞ്ഞാൽ, മാർക്സിസത്തിന്റെ ഗുരുതരമായ ആഭ്യന്തരക്കുഴപ്പത്തിലാണ്, ആ മാറ്റം ദൃശ്യമായത്. ഈ ശിഥിലീകരണത്തെ ശക്തിയായി ചെറുക്കുകയെന്നത്, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനായി ശക്തിയുക്തം അടിയുറച്ചുനിന്നു പോരാടുകയെന്നത്, വീണ്ടും കാര്യപരിപാടിയിലെ മുഖ്യ ഇനമായിത്തീർന്നു. തങ്ങളുടെ ലക്ഷ്യം ആവിഷ്ക്കരിക്കുമ്പോൾ മാർക്സിസത്തെ ഒഴിവാക്കാൻ സാദ്ധ്യമല്ലാത്ത വർഗങ്ങളിൽ പെട്ട വളരെ വലിയ വിഭാഗമാളുകൾ തൊട്ടുമുമ്പത്തെ ഘട്ടത്തിൽ അത്യന്തം ഏകപക്ഷീയവും അംഗഭംഗപ്പെടുത്തിയതുമായ രീതിയിൽ ആ തത്വസംഹിതയെ സ്വാംശീകരിച്ചിരുന്നു. അവർ ചില "മുദ്രാവാക്യങ്ങൾ", അടവിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച ചില ഉത്തരങ്ങൾ, ഉരുവിട്ടു പഠിച്ചിരുന്നു. പക്ഷേ, ഈ ഉത്തരങ്ങൾക്കുള്ള മാർക്സിസ്റ്റ് മാനദണ്ഡം എന്തെന്ന് മനസ്സിലാക്കാതെയാണ് അവരത് ഉരുവിട്ട് പഠിച്ചത്. സാമൂഹ്യജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിലുള്ള "മൂല്യങ്ങളുടെ 'യെല്ലാം വീണ്ടുമുള്ള വിലയിരുത്തൽ" മാർക്സിസത്തിന്റെ ഏറ്റവും അമൂർത്തവും സാമാന്യവുമായ

Scanned by CamScanner

തത്വശാസ്ത്ര ബാലപാഠങ്ങളുടെ "പുതുക്കലിന്" കാരണമായി, അത്യന്തം വിവിധങ്ങളായ ആശയവാദചായ്വുകളോടു കൂടിയ ബൂർഷ്വാ തത്വശാസ്ത്രത്തിന്റെ സ്വാധീനം മാർക്സിസ്റ്റുകൾക്കിടയിൽ പടർന്നുപിടിച്ച മാഹിസ്റ്റ് പകർച്ചവ്യാധിയിൽ പരക്കെ പ്രതിഫലിച്ചു. മനസ്സിലാക്കാതെയും ചിന്തിക്കാതെയും ഉരുവിട്ട്പഠിച്ച് ഹൃദിസ്ഥമാക്കിയ "മുദ്രാവാക്യ"ങ്ങളുടെ ആവർത്തനം പൊള്ളയായ ചപ്പടാച്ചികൾ വലിയതോതിൽ പ്രചരിക്കുന്നതിനുള്ള വഴിതെളിച്ചു. തെളിഞ്ഞതോ ഒളിഞ്ഞതോ ആയ "ഒത്സോവിസം"[83] പോലെ മാർക്സിസത്തിന് ഒരു തരത്തിലും നിരക്കാത്ത പെറ്റിബൂർഷ്വാ പ്രവണതകളിലോ മാർക്സിസത്തിന്റെ "നിയമപരമായ വകഭേദ"മെന്ന നിലയ്ക്കുള്ള ഒത്സോവിസത്തിന്റെ അംഗീകാരത്തിലോ ആണ് ഇത് പ്രായോഗികതലത്തിൽ പ്രകടമായത്.

മറുവശത്ത്, "വേഹി" എന്ന മാസികയുടെ മനോഗതി, ബൂർഷ്വാസിയിൽപെട്ട വളരെ വലിയ വിഭാഗമാളുകളെ കീഴ്പ്പെടുത്തിയിരുന്ന പരിത്യാഗമനോഭാവം, മാർക്സിസ്റ്റ് സിദ്ധാന്തത്തേയും പ്രയോഗത്തേയും "മിതവാദപരവും അപകടമില്ലാത്തതുമായ"മാർഗ്ഗങ്ങളിൽ ഒതുക്കിനിറുത്താൻ ആഗ്രഹിച്ചിരുന്ന പ്രവണതയിലും വഴിഞ്ഞൊഴുകാൻ തുടങ്ങി.മാർക്സിസത്തിന്റേതായി അതിൽ ശേഷിച്ചിരുന്നത് "ശ്രേണീബന്ധം", നായകത്വം" ആദിയായവയെപ്പറ്റിയുള്ള വാദങ്ങൾക്ക് മുടുപടമിടുന്നതിനുള്ള വായാടിത്തം മാത്രമായിരുന്നു. ഈ വാദങ്ങളാകട്ടെ ലിബറലിസത്തിന്റെ സ്പിരിറ്റ് വഴിഞ്ഞൊഴുകുന്നവയുമായിരുന്നു.

ഈ വാദമുഖങ്ങൾ പരിശോധിക്കാൻ ഉദ്ദേശിച്ചുള്ളതല്ല ഈ ലേഖനം. അവയെപ്പറ്റി വെറുതേയൊന്ന് ഓടിച്ചു പറയുന്നത് കൊണ്ടുതന്നെ മാർക്സിസം ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ ആഴത്തേയും ഇന്നത്തെ ആകെയുള്ള സാമ്പത്തിക–സാമൂഹ്യ സ്ഥിതിയുമായി അതിനുള്ള ബന്ധത്തേയും പറ്റി മുകളിൽ പ്രസ്താവിച്ച സംഗതികൾ തെളിയും. വെറുതേയങ്ങ് തട്ടിമാറ്റാൻ പറ്റുന്നവയല്ല ഈ പ്രതിസന്ധി ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ. വെറും വായാടിത്തത്തിലൂടെ ഈ പ്രശ്നങ്ങൾ അവസാനിപ്പിക്കാനുള്ള ശ്രമങ്ങളേക്കാൾ ദ്രോഹകരമോ തത്വദീക്ഷയില്ലാത്തതോ ആയ മറ്റൊരു സംഗതിയുമില്ല. മാർക്സിസത്തിന്റെ സൈദ്ധാന്തിക അടിത്തറയും അതിന്റെ അടിസ്ഥാനപ്രമാണങ്ങളും കാത്തുരക്ഷിക്കാൻ വേണ്ടി ഈ പ്രതിസന്ധിയുടെ ആഴവും അതിനെ ചെറുത്തു തോല്പിക്കേണ്ടതിന്റെ ആവശ്യകതയും ബോദ്ധ്യപ്പെട്ടിട്ടുള്ള എല്ലാ മാർക്സിസ്റ്റുകളേയും യോജിപ്പിച്ചണിനിരത്തുന്നതിന്റേത് പ്രാധാന്യമുള്ള മറ്റൊരു സംഗതിയും ഇന്നില്ല. മാർക്സിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ കടകവിരുദ്ധങ്ങളായ എതിർദിശകളിൽനിന്ന് വളച്ചൊടിക്കപ്പെടുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്.

ആദ്യത്തെ ത്രിവർഷ കാലഘട്ടം സാമൂഹ്യജീവിതത്തിൽ ബോധപൂർവം പങ്കെടുക്കാൻ വ്യാപകമായ വിഭാഗമാളുകളെ തട്ടി

ഉണർത്തുകയുണ്ടായി. ഈ വിഭാഗങ്ങളിൽ പെട്ട പലരും ഇപ്പോൾ ആദ്യമായി മാർക്സിസത്തെ പറ്റി മനസ്സിലാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ബൂർഷ്വാ പത്രങ്ങൾ ഇത് സംബന്ധിച്ച് പണ്ടെന്ന ത്തേയുംകാൾ തെറ്റായ ധാരണകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ പത്രങ്ങൾ കൂടുതൽ വ്യാപകമായി ഈ ധാരണകൾ പ്രചരിപ്പിക്കുന്നുമുണ്ട്. ഈ സാഹചര്യങ്ങളിൽ മാർക്സിസ്റ്റ് അണികളിൽ ശിഥിലീകരണം ഉണ്ടാകുന്നത് വലിയ ആപത്താണ്. അതുകൊണ്ട്, ഈ സന്ദർഭത്തിൽ ഇപ്രകാരമൊരു ശിഥിലീകരണം അനിവാര്യമായതിന്റെ കാരണങ്ങൾ മനസ്സിലാക്കിയിട്ട് ഈ ശിഥിലീകരണത്തിനെതിരായി അടിയുറച്ചുനിന്ന് പോരാടാൻവേണ്ടി തങ്ങളുടെ അണികൾ ഉറപ്പിക്കുകയെന്നതാണ് ആ വാക്കിന്റെ ഏറ്റവും പ്രത്യക്ഷവും കൃത്യവുമായ അർത്ഥത്തിൽ മാർക്സിസ്റ്റുകളുടെ ഇന്നത്തെ കടമ.

"സ്വെസ്ദ", ലക്കം 2,
ഡിസംബർ 23, 1910

സമാഹൃതകൃതികൾ
5-ാം റഷ്യൻ പതിപ്പ്
വാള്യം 20, പേജ് 84-89

Scanned by CamScanner

# കാറൽ മാർക്സിന്റെ സിദ്ധാന്തത്തിന്റെ ചരിത്രപരമായ ഭാഗധേയം [84]

ഒരു സോഷ്യലിസ്റ്റ് സമൂഹത്തിന്റെ ശില്പിയെന്ന നിലയ്ക്ക് തൊഴിലാളിവർഗത്തിനുള്ള ചരിത്രപ്രധാനമായ പങ്ക് എടുത്തുകാണിക്കുന്നുവെന്നതാണ് മാർക്സിന്റെ സിദ്ധാന്തത്തെ സംബന്ധിച്ചിടത്തോളം മുഖ്യസംഗതി. മാർക്സ് ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചതിനുശേഷം ലോകമൊട്ടാകെയുള്ള സംഭവഗതികൾ അത് ശരിവച്ചിട്ടുണ്ടോ?

മാർക്സ് അത് ആദ്യമായി ഉന്നയിച്ചത് 1844 ലാണ്. 1848 ൽ പ്രസിദ്ധീകൃതമായ മാർക്സിന്റേയും എംഗൽസിന്റേയും "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ " പ്രസ്തുതസിദ്ധാന്തത്തെ സമഗ്രമായ, ചിട്ടയായ,രൂപത്തിൽ പ്രതിപാദിച്ചു. അത്രയും നല്ലൊരു പ്രതിപാദനം ഇതുവരെ ഉണ്ടായിട്ടില്ല. അതിനുശേഷമുള്ള ലോകചരിത്രത്തെ പ്രധാനമായും മൂന്ന് കാലഘട്ടങ്ങളായി തിരിക്കാം:1) 1848 ലെ വിപ്ലവംതൊട്ട് പാരീസ്കമ്മ്യൂൺ (1871) വരെ; 2) പാരീസ് കമ്യൂൺ മുതൽ റഷ്യൻ വിപ്ലവം (1905)വരെ; 3) റഷ്യൻ വിപ്ലവത്തിനു ശേഷം.

ഈ മൂന്ന് കാലഘട്ടങ്ങളിലോരോന്നിലും മാർക്സിന്റെ സിദ്ധാന്തത്തിന്റെ ഭാഗധേയം എന്തായിരുന്നുവെന്നു നോക്കാം.

## I

ആദ്യത്തെ കാലഘട്ടത്തിന്റെ തുടക്കത്തിൽ മാർക്സിന്റെ സിദ്ധാന്തത്തിനായിരുന്നു മുൻതൂക്കമെന്ന് ഒരു തരത്തിലും പറയാൻ വയ്യ. സോഷ്യലിസത്തിന്റെ അസംഖ്യം വിഭാഗങ്ങളിൽ അഥവാ പ്രവണതകളിൽ ഒന്നു മാത്രമായിരുന്നു അത്. മുഖ്യമായും നമ്മുടെ നറോദിസ[85]വുമായി സാമ്യമുള്ള സോഷ്യലിസത്തിന്റെ രൂപങ്ങൾക്കായിരുന്നു മുൻതൂക്കം. ചരിത്രപരമായ വികാസത്തിന്റെ ഭൗതികാത്മകമായ അടിത്തറ മനസ്സിലാക്കാനും മുതലാളിത്തസമൂഹ ത്തിൽ ഓരോരോ വർഗങ്ങൾക്കുള്ള പങ്കും പ്രാധാന്യവും വേർതിരിച്ചുകാണാനുമുള്ള കഴിവ്കേട്, "ജനങ്ങളേ"യും "നീതി"യേയും " അവകാശ"ത്തേയും മറ്റും കുറിച്ചുള്ള കപടസോഷ്യലിസ്റ്റ് പദപ്രയോഗങ്ങളുടെ മറവിൽ ജനാധിപത്യ പരിഷ്ക്കാരങ്ങളുടെ ബുർഷ്വാസ്വഭാവത്തെ ഒളിച്ചുവയ്ക്കാൻ– ഇവയെല്ലാം ആ സോഷ്യലിസത്തിന്റെ പ്രത്യേകതകളായിരുന്നു.

മാർക്സിന് മുമ്പുണ്ടായിരുന്ന സോഷ്യലിസത്തിന്റെ ഈ

Scanned by CamScanner

ശബ്ദായമാനവും പൊങ്ങച്ചമാർന്നതുമായ സങ്കരരൂപങ്ങൾക്കേറ്റ മാരകമായൊരു പ്രഹരമായിരുന്നു 1848 ലെ വിപ്ലവം. ആ വിപ്ലവം എല്ലാ രാജ്യങ്ങളിലും *പ്രവർത്തനരംഗത്ത* ഇറങ്ങിയിരിക്കുന്ന സമൂഹത്തിലെ വ്യത്യസ്തവർഗങ്ങളെ വെളിപ്പെടുത്തി. 1848 ജൂണിലെ ദിവസങ്ങളിൽ പാരീസിലെ റിപ്പബ്ലിക്കൻ ബൂർഷ്വാസി തൊഴിലാളികളുടെ നേർക്ക് നടത്തിയ വെടിവയ്പോടെ സോഷ്യലിസ്റ്റ് സ്വഭാവമുള്ള *ഒരേയൊരു* കൂട്ടർ തൊഴിലാളിവർഗമാണെന്ന് അവസാനം തെളിഞ്ഞു. ലിബറൽ ബൂർഷ്വാസി ഏത് രൂപത്തിലുള്ള പിന്തിരിപ്പത്തത്തെക്കാളും നൂറിരട്ടി ഭയപ്പെട്ടത് ഈ വർഗത്തിന്റെ സ്വാതന്ത്ര്യത്തെയായിരുന്നു. ഭീരുക്കളായ ലിബറലുകൾ പിന്തിരിപ്പത്തത്തിന്റെ മുമ്പിൽ ഓച്ഛാനിച്ചു നിന്നു. ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങളുടെ നിർമാർജ്ജനംകൊണ്ട് കൃഷിക്കാർ തൃപ്തിപ്പെട്ടു. അവർ ക്രമസമാധാനപക്ഷക്കാരുടെ ഭാഗത്ത് ചേരുകയും വല്ലപ്പോഴും മാത്രം *തൊഴിലാളിവർഗ ജനാധിപത്യത്തിന്റേയും ബൂർഷ്വാ ലിബറലിസത്തിന്റേയും* ഇടയിൽ ആടിക്കളിക്കുകയും ചെയ്തു. വർഗ്ഗേതര സോഷ്യലിസത്തേയും വർഗ്ഗേതര രാഷ്ട്രീയത്തേയും സംബന്ധിച്ച എല്ലാ സിദ്ധാന്തങ്ങളും വെറും അസംബന്ധമാണെന്ന് തെളിഞ്ഞു.

പാരീസ് കമ്മ്യൂൺ (1871) ബൂർഷ്വാ പരിവർത്തനങ്ങളുടെ ഈ വികാസത്തെ പൂർത്തിയാക്കി. റിപ്പബ്ലിക്, അതായത് വർഗബന്ധങ്ങൾ അവയുടെ ഏറ്റവും നഗ്നമായ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ആ രാഷ്ട്രീയസംവിധാനരൂപം, അടിയുറച്ചത് തൊഴിലാളിവർഗത്തിന്റെ ധീരോദാത്തത ഒന്നുകൊണ്ടു മാത്രമാണ്.

മറ്റെല്ലാ യൂറോപ്യൻ രാജ്യങ്ങളിലും കുറേക്കൂടി സങ്കീർണവും അത്രത്തോളം പൂർത്തിയാവാത്തതുമായ സംഭവവികാസങ്ങൾ ഉളവാക്കിയത് അതേ ഫലംതന്നെയാണ്. അതായത് , അവിടങ്ങളിലും ഒരു ബൂർഷ്വാ സമൂഹം ഖണ്ഡിതമായും രൂപംകൊണ്ടു. വിപ്ലവങ്ങളുടേയും കോളിളക്കങ്ങളുടേയും കാലമായിരുന്ന ആദ്യത്തെ കാലഘട്ടത്തിന്റെ (1848–71) അവസാനത്തോടെ മാർക്സിനു മുമ്പുണ്ടായിരുന്ന സോഷ്യലിസം *മരിച്ചുകഴിഞ്ഞിരുന്നു.* സ്വതന്ത്ര തൊഴിലാളിവർഗ പ്പാർടികൾ–ഒന്നാം ഇന്റർനാഷണലും (1864–72) ജർമ്മൻ സോഷ്യൽഡെമോക്രാറ്റിക് പാർടിയും – ജന്മമെടുത്തു

## II

രണ്ടാമത്തെ കാലഘട്ടത്തെ (1872–1904) ഒന്നാമത്തേതിൽനിന്ന് വേർതിരിച്ചുനിർത്തിയത് അതിന്റെ "സമാധാനപരമായ" സ്വഭാവമായിരുന്നു. വിപ്ലവങ്ങളുടെ അഭാവമായിരുന്നു. പടിഞ്ഞാറൻ രാജ്യങ്ങൾ ബൂർഷ്വാ വിപ്ലവങ്ങൾ അവസാനിപ്പിച്ചുകഴിഞ്ഞിരുന്നു. കിഴക്കൻരാജ്യങ്ങൾ ഇനിയും ആ ഘട്ടത്തിലേക്ക് ഉയർന്നിട്ടുണ്ടായിരുന്നുമില്ല.

Scanned by CamScanner

വരാനിരിക്കുന്ന മാറ്റങ്ങൾക്കുള്ള "സമാധാനപരമായ" തയ്യാറെടുപ്പിന്റെ ഒരു കാലഘട്ടത്തിൽ പടിഞ്ഞാറൻ രാജ്യങ്ങൾ പ്രവേശിച്ചു മൗലികമായി തൊഴിലാളിവർഗസ്വഭാവമുള്ള സോഷ്യലിസ്റ്റ് പാർടികൾ എല്ലായിടത്തും രുപീകരിക്കപ്പെട്ടു. ബൂർഷ്വാ പാർലമെന്ററിവ്യവസ്ഥ ഉപയോഗപ്പെടുത്താനും സ്വന്തം ദിനപ്പത്രങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ട്രേഡ്യൂണിയനുകളും സഹകരണസംഘങ്ങളും സ്ഥാപിക്കാനും അവ പഠിച്ചു. മാർക്സിന്റെ സിദ്ധാന്തം പരിപൂർണ്ണവിജയം നേടുകയും *പടർന്നുപിടിക്കാൻ* തുടങ്ങുകയും ചെയ്തു. തൊഴിലാളിവർഗശക്തികളെ തിരഞ്ഞെടുത്ത് ഒരുക്കിനിറുത്തുകയും വരാനിരിക്കുന്ന പോരാട്ടങ്ങൾക്കു വേണ്ടി തയ്യാറെടുപ്പിക്കുകയും ചെയ്യുകയെന്ന പ്രക്രിയ പതുക്കെയാണെങ്കിലും നിരന്തരം പുരോഗമിച്ചു.

സൈദ്ധാന്തികതലത്തിൽ മാർക്സിസത്തിനുണ്ടായ വിജയം മൂലം അതിന്റെ ശത്രുക്കൾ മാർക്സിസ്റ്റുകാരുടെ വേഷംകെട്ടാൻ നിർബ്ബന്ധിതരായി എന്നതാണ് ചരിത്രത്തിന്റെ വൈരുദ്ധ്യാത്മകത. ഉള്ളു മുഴുവനും അഴുകിദ്രവിച്ച ലിബറലിസം സോഷ്യലിസ്റ്റ് *അവസരവാദത്തിന്റെ* രൂപത്തിൽ സ്വയം പുനരുദ്ധരിക്കാൻ ശ്രമിച്ചു. വലിയ പോരാട്ടങ്ങൾക്കുവേണ്ടി ശക്തികളെ സജ്ജീകരിക്കുന്ന കാലഘട്ടത്തെ ആ പോരാട്ടങ്ങളുടെ നിരാകരണമായി അവർ വ്യാഖ്യാനിച്ചു. കൂലിയടിമത്തത്തിനെതിരായി സമരം ചെയ്യുന്നതിനുള്ള അടിമകളുടെ സാഹചര്യങ്ങളിലുണ്ടായ അഭിവൃദ്ധിയുടെ അർത്ഥം അടിമകൾ തങ്ങളുടെ സ്വാതന്ത്ര്യാവകാശത്തെ ഏതാനും ചില്ലിക്കാശിനുവേണ്ടി വിൽക്കണമെന്നാണെന്ന് അവർ ധരിച്ചു. "സാമൂഹ്യസമാധാന" വും (അതായത് അടിമയുടമകളുമായുള്ള സമാധാനവും) വർഗസമരനിരാകരണവും മറ്റും അവർ ഭീരുത്വപൂർവ്വം പ്രചരിപ്പിച്ചു. സോഷ്യലിസ്റ്റുകാരായ പാർലമെന്റംഗങ്ങളുടേയും, തൊഴിലാളിപ്രസ്ഥാനത്തിലെ വിവിധ ഉദ്യോഗഭാരവാഹികളുടേയും, "സഹാനുഭാവികളായ"ബുദ്ധിജീവികളുടേയും ഇടയിൽ അവർക്ക് ധാരാളം അനുയായികളുണ്ടായിരുന്നു.

## III

എന്നാൽ "സാമൂഹ്യസമാധന"ത്തക്കുറിച്ചും "ജനാധിപത്യ" ത്തിൻകീഴിൽ കോളിളക്കങ്ങളുടെ ആവശ്യമില്ലായ്മയെക്കുറിച്ചും അവസരവാദികൾ സന്തോഷിച്ചു തുടങ്ങുമ്പോഴേക്ക് ലോകവ്യാപകമായ വമ്പിച്ച കോളിളക്കങ്ങളുടെ പുതിയൊരു ഉറവിടം ഏഷ്യയിൽ ജന്മമെടുത്തു. റഷ്യൻവിപ്ലവത്തെത്തുടർന്ന് തുർക്കിയിലും പേർഷ്യയിലും ചൈനയിലും വിപ്ലവങ്ങൾ നടന്നു. കോളിളക്കങ്ങളുടേതും യൂറോപ്പിൽ അവയുളവാക്കിയ "പ്രത്യാഘാതങ്ങളു"ടേതുമായ ഈ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. "പരിഷ്കൃത"ങ്ങളായ പല കഴുതപ്പുലികളും കടിച്ചുകീറാൻ വെമ്പുന്ന മഹത്തായ ചൈനീസ് റിപ്പബ്ലിക്കിന്റെ

Scanned by CamScanner

വിധി എന്തുതന്നെയായാലും, ഏഷ്യയിൽ പഴയ അടിയായ്മ പുന:സ്ഥാപിക്കാനോ ഏഷ്യൻ-അർദ്ധ ഏഷ്യൻ രാജ്യങ്ങളിലെ ബഹുജനങ്ങളുടെ ധീരോദാത്തമായ ജനാധിപത്യത്തെ തുടച്ചുകളയാനോ ഭൂമുഖത്തെ ഒരു ശക്തിക്കും സാദ്ധ്യമല്ല.

ബഹുജനസമരത്തിന്റെ തയ്യാറെടുപ്പിനും വികാസത്തിനുമുള്ള ഉപാധികളുടെ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാതിരുന്ന ചിലർ യുറോപ്പിൽ മുതലാളിത്തത്തിനെതിരായ നിർണ്ണായകസമരത്തിന് നീണ്ട കാലവിളംബമുണ്ടായപ്പോൾ നിരാശയ്ക്കും അരാജകത്വത്തിനും വശംവദരായി. അരാജകത്വപരമായ ആ നൈരാശ്യം ദീർഘവീക്ഷണത്തിന്റേയും മനക്കരുത്തിന്റേയും അഭാവത്തെ എത്രമാത്രം വെളിപ്പെടുത്തുന്നുണ്ടെന്ന് നാമിപ്പോൾ കാണുന്നുണ്ട്.

എൺപതുകോടി ജനസംഖ്യയുള്ള ഏഷ്യ യുറോപ്പിന്റെ അതേ ആദർശങ്ങൾക്കുവേണ്ടിയുള്ള സമരത്തിലേക്ക് ആകൃഷ്ടമായിരിക്കുന്നുവെന്ന വസ്തുത നമ്മിൽ നൈരാശ്യമല്ല, ശുഭപ്രതീക്ഷയാണ് ഉളവാക്കേണ്ടത്.

ലിബറലിസത്തിന്റെ നട്ടെല്ലില്ലായ്മയും നീചത്തവും, ജനാധിപത്യബഹുജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ അസാധാരണമായ പ്രാധാന്യവും,തൊഴിലാളിവർഗവും എല്ലാത്തരം ബുർഷ്വാസിയും തമ്മിലുള്ള പ്രകടമായ വേർതിരിവും ഏഷ്യൻ വിപ്ലവങ്ങളിലൂടെ നമുക്ക് വീണ്ടും കാണാൻ കഴിഞ്ഞിട്ടുണ്ട്. യുറോപ്പിലേയും ഏഷ്യയിലേയും അനുഭവത്തിനു ശേഷവും വർഗ്ഗേതരരാഷ്ട്രീയത്തെക്കുറിച്ചും വർഗ്ഗേതരസോഷ്യലിസ ത്തേക്കുറിച്ചും ആരെങ്കിലും സംസാരിക്കുന്നുണ്ടെങ്കിൽ അവരെ ഒരു കൂട്ടിലടച്ച് ആസ്ട്രേലിയൻ കങ്കാരുവിന്റെയോ അതുപോലുള്ള വല്ലതിന്റെയുമോ ഒപ്പം കാഴ്ചബംഗ്ലാവിൽ കൊണ്ടുവയ്ക്കേണ്ടതാണ്.

ഏഷ്യയുടെ പിന്നാലെ യുറോപ്പും ഇളകിത്തുടങ്ങിയിരിക്കുന്നു. അത് ഏഷ്യയുടെ മട്ടിലല്ലെന്നു മാത്രം. 1872–1904 ലെ "സമാധാനപരമായ" കാലഘട്ടം ഇങ്ങിനിവരാത്തവണ്ണം പോയിക്കഴിഞ്ഞിരിക്കുന്നു. ഉയർന്ന ജീവിതചെലവും ട്രസ്റ്റുകളുടെ തോന്നിയവാസവും മൂലം സാമ്പത്തികസമരം അഭൂതപൂർവമായ വിധത്തിൽ മൂർച്ഛിച്ചുവരികയാണ്. ലിബറലിസത്താൽ അങ്ങേയറ്റം ദുഷിപ്പിക്കപ്പെട്ട ബ്രിട്ടനിലെ തൊഴിലാളികൾപോലും ഇളകിത്തുടങ്ങിയിരിക്കുന്നു. അങ്ങേയറ്റം "മുരാച്ചി"യായ ഒരു ബുർഷ്വാ-യുങ്കർ രാജ്യമാണല്ലോ ജർമ്മനി. അവിടെപ്പോലും ഒരു രാഷ്ട്രീയപ്രതിസന്ധി വളർന്നുവരുന്നതാണ് നാം കാണുന്നത്. ഭ്രാന്തെടുത്ത ആയുധവൽക്കരണവും സാമ്രാജ്യത്വനയവും മൂലം ആധുനികയുറോപ്പ് "സാമൂഹ്യസമാധാന"ത്തെക്കാൾ ഒരു വെടിമരുന്നുകുഴലിനോട് സാദൃശ്യമുള്ള അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അതേസമയം, എല്ലാ ബുർഷ്വാ പാർടികളും നിരന്തരം ക്ഷയിച്ചുവരികയും തൊഴിലാളിവർഗം നിരന്തരം പക്വതയാർജ്ജിച്ചുവരികയും ചെയ്യുന്നു.

മാർക്സിസത്തിന്റെ ആവിർഭാവത്തിനുശേഷം ലോകചരിത്രത്തിലെ ഈ മൂന്ന് വലിയ കാലഘട്ടങ്ങളിലോരോന്നും അതിന് പുതിയ സ്ഥിരീകരണവും പുതിയവിജയങ്ങളും പ്രദാനം ചെയ്തിട്ടുണ്ട്.

Scanned by CamScanner

എന്നാൽ തൊഴിലാളിവർഗത്തിന്റെ സിദ്ധാന്തമെന്ന നിലയ്ക്ക് മാർക്സിസം ചരിത്രത്തിന്റെ വരും കാലഘട്ടത്തിൽ ഇതിലും വലിയ വിജയമാണ് കൈവരിക്കാൻ പോകുന്നത്.

"പ്രാവ്ദ," ലക്കം 50,
മാർച്ച് 1, 1913

സമാഹൃതകൃതികൾ
5-ാം റഷ്യൻ പതിപ്പ്
വാല്യം 23, പേജ് 1-4

Scanned by CamScanner

# മാർക്സിസവും റിവിഷനിസവും

ജ്യാമിതീയ സ്വയം പ്രമാണങ്ങൾ മനുഷ്യന്റെ താല്പര്യങ്ങളെ ബാധിക്കുമായിരുന്നെങ്കിൽ അവയെ ഖണ്ഡിക്കാൻ തീർച്ചയായും ശ്രമം നടക്കുമായിരുന്നുവെന്ന് സുവിദിതമായൊരു ചൊല്ലുണ്ട്. മതതത്വജ്ഞാനത്തിന്റെ പഴഞ്ചൻ മുൻവിധികളുമായി പൊരുത്തപ്പെടാത്ത പ്രാകൃതിക- ചരിത്രസിദ്ധാന്തങ്ങൾ ഏറ്റവും രൂക്ഷമായ എതിർപ്പുളവാക്കി, ഇന്നും ഉളവാക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട്, ആധുനികസമൂഹത്തിലെ മുന്നണിവർഗത്തെ ഉദ്ബുദ്ധമാക്കാനും സംഘടിപ്പിക്കാനും നേരിട്ടുപകരിക്കുന്നതും ആ വർഗത്തെനേരിടുന്നകടമകൾചുണ്ടിക്കാട്ടുന്നതും സാമ്പത്തിക വികാസത്തിന്റെ ഫലമായി ഇന്നത്തെ വ്യവസ്ഥയുടെ സ്ഥാനത്ത് പുതിയൊരു ക്രമം അനിവാര്യമായും ഉടലെടുക്കുമെന്ന് സ്ഥാപിക്കുന്നതുമായ മാർക്സിസ്റ്റ് സിദ്ധാന്തത്തിന് അതിന്റെ വികാസഗതിയിൽ മുന്നോട്ടുള്ള ഓരോ ചുവടിനുവേണ്ടിയും പൊരുതേണ്ടിവന്നതിൽ അത്ഭുതമില്ല,

സ്വത്തുടമവർഗങ്ങളിൽപ്പെട്ട യുവതലമുറയിൽ ചിന്താക്കുഴപ്പമുളവാക്കാനും ആഭ്യന്തര-വൈദേശിക ശത്രുക്കൾക്കെതിരെ "ഒരുക്കിനിർത്താനും" വേണ്ടിഔദ്യോഗിക പ്രൊഫസർമാർ ഔദ്യോഗികമായിപഠിപ്പിക്കുന്ന ബുർഷ്വാശാസ്ത്രത്തിന്റേയും തത്വശാസ്ത്രത്തിന്റേയും കാര്യം പറയേണ്ടതേയില്ല. ഈ ശാസ്ത്രം മാർക്സിസത്തിന്റെ പേരുപോലും കേൾക്കാൻഇഷ്ടപ്പെടുന്നില്ല. മാർക്സിസം ഖണ്ഡിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു, ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു, എന്നാണ് അത് പ്രഖ്യാപിക്കുന്നത്. സോഷ്യലിസത്തെ ഖണ്ഡിച്ചുകൊണ്ട് മേൽഗതി നേടാൻ നോക്കുന്ന യുവപണ്ഡിതന്മാരും പഴകിതേഞ്ഞിട്ടുള്ള സർവവിധ "തത്വസംഹിതകളു" ടേയും പാരമ്പര്യങ്ങൾ നിലനിർത്തുന്ന ജരബാധിതരായ വൃദ്ധന്മാരും തുല്യവീറോടെയാണ് മാർക്സിനെ എതിർക്കുന്നത്. മാർക്സിസത്തിന്റെ പുരോഗതി, തൊഴിലാളിവർഗത്തിനിടയിൽ അതിന്റെ ആശയങ്ങൾ പടർന്നുപിടിക്കുകയും വേരുന്നുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്ന വസ്തുത മാർക്സിസത്തിന്റെ നേർക്കുള്ള ഈ ബുർഷ്വാ ആക്രമണങ്ങളുടെ ആവൃത്തിയേയും തീവ്രതയേയും വർദ്ധിപ്പിക്കുന്നുണ്ടെന്നത് അനിവാര്യമാണ്. മാർക്സിസമാകട്ടെ, ഔദ്യോഗികശാസ്ത്രത്താൽ "നാമാവശേഷ"മാക്കുന്ന ഓരോ

Scanned by CamScanner

തവണയും കൂടുതൽ സുശക്തവും സുദൃഢവും ഊർജ്ജസ്വലവുമായി ത്തീരുകയാണ് ചെയ്യുന്നത്.

എന്നാൽ, തൊഴിലാളിവർഗ്ഗസമരവുമായി ബന്ധപ്പെട്ടതും മുഖ്യമായും തൊഴിലാളിവർഗമദ്ധ്യത്തിൽ പ്രചാരമുള്ളതുമായ സിദ്ധാന്തങ്ങൾക്കിടയിൽപ്പോലും ഒറ്റയടിക്ക് സ്ഥാനമുറപ്പിക്കാൻ മാർക്സിസത്തിന് ഒരിക്കലും കഴിഞ്ഞിട്ടില്ല. ഉടലെടുത്തതിനുശേഷം (1840–കൾ തൊട്ടിങ്ങോട്ട്) ആദ്യത്തെ അരനൂറ്റാണ്ടു കാലത്ത് മാർക്സിസം, മൗലികമായി അതിന് വിരുദ്ധമായിട്ടുള്ള സിദ്ധാന്തങ്ങളോട് മല്ലിടുന്നതിൽ മുഴുകിയിരുന്നു, നാല്പതുകളുടെ പ്രാരംഭവർഷങ്ങളിൽ മാർക്സും എംഗൽസും തത്വശാസ്ത്രപരമായ ആശയവാദത്തിന്റെ വീക്ഷണം വച്ചു പുലർത്തിയ തീവ്രവാദികളായ യുവഹെഗലിയന്മാരുമായുള്ള കണക്കുതീർത്ത് നാല്പതുകളുടെഅവസാനത്തിൽ സാമ്പത്തിക സിദ്ധാന്തത്തിന്റെ തുറയിലുള്ളസമരം–പ്രുദോനിസത്തിനെതിരായ സമരം– ആരംഭിച്ചു. 1848 ലെ പ്രചണ്ഡ വർഷത്തിൽ പ്രത്യക്ഷപ്പെട്ട പാർട്ടികളുടേയും സിദ്ധാന്തങ്ങളുടേയും നേർക്കുള്ള വിമർശനത്തോടെ ഈ സമരം അമ്പതുകളിൽ പൂർത്തിയായി. അറുപതുകളിൽ സമരം സാമാന്യസിദ്ധാന്തത്തിന്റെരംഗത്തുനിന്ന് പ്രായോഗിക തൊഴിലാളിപ്രസ്ഥാനത്തോടു കുടുതലടുത്ത ഒന്നിലേക്ക് നീങ്ങി–ഇന്റർനാഷണലിൽനിന്ന് ബക്കുനിനിസത്തെ പുറന്തള്ളുകയെന്നതിലേക്ക്. എഴുപതുകളുടെ തുടക്കത്തിൽ ചുരുങ്ങിയ കാലത്തേക്ക് പ്രുദോനിസ്റ്റായ മ്യൂൽബർഗറും 1870 കളുടെ ഉത്തരാർദ്ധത്തിൽ പോസിറ്റിവിസ്റ്റായ ഡ്യൂറിംഗും ജർമ്മനിയിലെ രംഗം കയ്യടക്കിയിരുന്നു. എന്നാൽ അതിനകംതന്നെ തൊഴിലാളിവർഗത്തിനിടയിൽ രണ്ടു കൂട്ടരുടേയും സ്വാധീനം തികച്ചും അപ്രധാനമായിത്തീർന്നു കഴിഞ്ഞിരുന്നു. തൊഴിലാളി പ്രസ്ഥാനത്തിലെ മറ്റെല്ലാ പ്രത്യയശാസ്ത്രങ്ങളുടേയും മേൽ മാർക്സിസം അവിതർക്കിതമായി വിജയം വരിച്ചുകൊണ്ടിരുന്നു.

തൊണ്ണൂറുകളോടെ ഈ വിജയം പ്രായേണ പൂർത്തിയായി. പ്രൂദോനിസത്തിന്റെ പാരമ്പര്യങ്ങൾ ഏറ്റവുമധികം കാലം പിടിച്ചുനിന്ന ലത്തീൻ രാജ്യങ്ങളിൽപോലും ഫലത്തിൽ മാർക്സിസ്റ്റ് അടിത്തറകളിന്മേലാണ് തൊഴിലാളിപ്പാർടികൾ അവയുടെ പരിപാടികളും അടവുകളും പടുത്തുയർത്തിയത്. പുനരുദ്ധരിക്കപ്പെട്ട തൊഴിലാളിപ്രസ്ഥാനത്തിന്റെ സാർവദേശീയ സംഘടന–ആനുകാലിക സാർവദേശീയ കോൺഗ്രസ്സുകളുടെ രൂപത്തിൽ–തുടക്കം തൊട്ടു തന്നെ മിക്കവാറും യാതൊരു എതിർപ്പും കൂടാതെ എല്ലാ പ്രധാനകാര്യങ്ങളിലും മാർക്സിസ്റ്റ് നിലപാട് അംഗീകരിച്ചു. എന്നാൽ മാർക്സിസം ഏറെക്കുറേസമഗ്രമായിരുന്ന വിരുദ്ധസംഹിതകളെ തുരത്തിക്കഴിഞ്ഞപ്പോൾ ആ തത്വസംഹിതകളിൽ പ്രകടമായിരുന്ന പ്രവണതകൾ മറ്റ് മാർഗങ്ങൾ ആരായാൻ തുടങ്ങി. സമരത്തിന്റെ രൂപങ്ങളും കാരണങ്ങളും മാറി. പക്ഷേ സമരം തുടർന്നു. മാർക്സിസത്തിന്റെ നിലനിൽപിന്റെ രണ്ടാം അർദ്ധശതകം (തൊണ്ണൂറുകളിൽ) ആരംഭിച്ചത് മാർക്സിസത്തിനകത്തു തന്നെയുള്ള ഒരു മാർക്സിസ്റ്റ് വിരുദ്ധപ്രവണ തയുടെ സമരത്തോടെയാണ്.

Scanned by CamScanner

ഒരു കാലത്ത് അടിയുറച്ച ഒരു മാർക്സിസ്റ്റ് ആയിരുന്ന ബേൺഷൈടന്റെ പേരാണ് ഈ പ്രവണത[86] യ്ക്ക് കിട്ടിയത്. കാരണം, അദ്ദേഹമാണ് ഏറ്റവും വലിയ ഒച്ചപ്പാടോടെ മുന്നോട്ടുവന്ന് മാർക്സിസത്തിൽ ഭേദഗതിവരുത്തുന്നതിനുവേണ്ടി, മാർക്സിസത്തെ തിരുത്തിയെഴുതുന്നതിനുവേണ്ടി, റിവിഷനിസത്തിനുവേണ്ടി, അങ്ങേയറ്റത്തെ നിശ്ചയദാർഢ്യത്തോടെ വാദിച്ചത്. നാടിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥമൂലം അടിയായ്മയുടെ അവശിഷ്ടങ്ങളാൽ ഞെരിച്ചമർത്തപ്പെട്ട കർഷകജനതയുടെ ബാഹുല്യംമൂലവും മാർക്സിസ്റ്റിതര സോഷ്യലിസം സ്വാഭാവികമായും ഏറ്റവുമധികകാലം പിടിച്ചുനിന്ന റഷ്യയിൽപോലും അത് നമ്മുടെ കൺമുമ്പിൽത്തന്നെ വ്യക്തമായും റിവിഷനിസമായി മാറിക്കൊണ്ടിരിക്കുകയാണ്. കാർഷികപ്രശ്നത്തിലും (എല്ലാ ഭൂമിയും മുനിസിപ്പാലിറ്റികളുടെ വകയാക്കണമെന്ന പരിപാടി) പരിപാടിയും അടവും സംബന്ധിച്ച പൊതുപ്രശ്നങ്ങളിലും നമ്മുടെ സോഷ്യൽ നറോദ്നിക്കുകൾ[87] അവരുടെ പഴയ സംഹിതയുടെ ജീർണ്ണിച്ച് കാലഹരണംവന്ന അവശിഷ്ടങ്ങളുടെ സ്ഥാനത്ത് 'ഭേദഗതി ചെയ്ത' മാർക്സിസത്തെ കൂടുതൽ കൂടുതൽ അവരോധിച്ചുവരികയാണ്. തനതായ ഒരു സമഗ്രസ്വഭാവമുണ്ടായിരുന്ന ആ പഴയ സംഗതി മൗലികമായും മാർക്സിസത്തിനെതിരായിരുന്നു.

മാർക്സിസത്തിനു മുമ്പുള്ളസോഷ്യലിസം പരാജയപ്പെട്ടിരിക്കുന്നു. സ്വന്തം കളരിയിൽ നിന്നുകൊണ്ടല്ല, മാർക്സിസത്തിന്റെ പൊതുകളരിയിൽ നിന്നുകൊണ്ട് റിവിഷനിസത്തിന്റെ രൂപത്തിലാണ് അതിപ്പോൾ സമരം തുടരുന്നത്.നമുക്കതുകൊണ്ട് റിവിഷനിസത്തിന്റെ പ്രത്യയശാസ്ത്രപരമായ ഉള്ളടക്കമെന്താണെന്ന് പരിശോധിക്കാം.

തത്വശാസ്ത്രത്തിന്റെ തുറയിൽ ബൂർഷ്വാ പ്രൊഫസർമാരുടെ"ശാസ്ത്ര"ത്തെയാണ് റിവിഷനിസം പിന്തുടർന്നത്. പ്രൊഫസർമാർ "കാന്റിലേക്ക് തിരിച്ചു" പോയപ്പോൾ റിവിഷനിസം അഭിനവ കാന്റിയന്മാ[88]രുടെ പുറകെ ഇഴഞ്ഞുനീങ്ങി. ദാർശനിക ഭൗതികവാദത്തിനെതിരെ പുരോഹിതന്മാർ ഒരായിരംതവണ പറഞ്ഞിട്ടുള്ള പൊള്ള വാക്കുകൾ പ്രൊഫസർമാർ ആവർത്തിച്ചു. റിവിഷനിസ്റ്റുകളാകട്ടെ സൗമനസ്യത്തോടെ പുഞ്ചിരിതൂകിക്കൊണ്ട് പിറുപിറുത്തു. ഭൗതികവാദം പണ്ടേ "ഖണ്ഡിക്കപ്പെട്ടിരിക്കുന്നു" വെന്ന് . ഏറ്റവും ഒടുവിലത്തെ "ഹാൻഡ്ബുക്കി"ൽ പറഞ്ഞിട്ടുള്ളത് പദാനുപദം ആവർത്തിക്കുകയാണ് അവർ ചെയ്തത്. പ്രൊഫസർമാർ ഹെഗലിനെ ഒരു "ചത്ത പട്ടി"[89] യായി പരിഗണിച്ചു. അവർ തന്നെ ആശയവാദം പ്രചരിപ്പിച്ചിരുന്നു. – ഹെഗലിന്റേതിനെക്കാൾ ആയിരം മടങ്ങ് ക്ഷുദ്രവും കഴമ്പില്ലാത്തതുമായ ആശയവാദമായിരുന്നു അതെന്നുമാത്രം. അതേ സമയം അവർ വൈരുദ്ധ്യവാദത്തിന്റെനേരെ അവജ്ഞയോടെ തോളിളക്കി. അവരുടെ പിന്നാലെ ചെന്ന റിവിഷനിസ്റ്റുകളാവട്ടെ, "കൗശലം നിറഞ്ഞ" (വിപ്ലവകരമായ) വൈരുദ്ധ്യവാദത്തിന്റെ സ്ഥാനത്ത് "ലളിതമായ" (സമാധാനപരമായ) ''പരിണാമ''ത്തെ പ്രതിഷ്ഠിച്ചുകൊണ്ട്, ശാസ്ത്രത്തെ തത്വശാസ്ത്രപരമായി ആഭാസപ്പെടുത്തുകയെന്ന ചെളിക്കുണ്ടിൽ

Scanned by CamScanner

ചെന്ന് ചാടുകയാണുണ്ടായത്. ആശയവാദപരവും "വിമർശനാത്മക" വുമായ തങ്ങളുടെ സംഹിതകളെ പ്രാബല്യത്തിലുള്ള മദ്ധ്യകാലിക "തത്വശാസ്ത്ര"വുമായി(അതായത്, മതതത്വചിന്തയുമായി) പൊരുത്തപ്പെടുത്തി ക്കൊണ്ട് പ്രൊഫസർമാർ ഔദ്യോഗികശംബളം പറ്റി. റിവിഷനിസ്റ്റുകളാകട്ടെ, മതത്തെ ഒരു "സ്വകാര്യവിഷയ" മാക്കാൻ ശ്രമിച്ചുകൊണ്ട് അവരോടടുത്തു– "സ്വകാര്യ"മെന്നത് ആധുനിക ഭരണകൂടവുമായുള്ള ബന്ധത്തിലല്ല, മുന്നണിവർഗത്തിന്റെ പാർട്ടിയുമായുള്ള ബന്ധത്തിൽ.

മാർക്സിനെ ഇത്തരത്തിൽ"ഭേദഗതി"ചെയ്യുന്നതിന്റെ യഥാർത്ഥ വർഗപ്രാധാന്യമെന്താണെന്ന് എടുത്തുപറയേണ്ടതില്ല. അത് സ്വയംവിദിതമാണ്. സാർവദേശീയ സോഷ്യൽഡെമോക്രാറ്റിക് പ്രസ്ഥാനത്തിൽ, റിവിഷനിസ്റ്റുകളുടെ അവിശ്വസനീയമായ പൊള്ളവാദങ്ങളെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ അടിയുറച്ച നിലപാടിൽനിന്നുകൊണ്ട് വിമർശിച്ച് ഒരേയൊരു മാർക്സിസ്റ്റ്, പ്ലെഹാനൊവായിരുന്നുവെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. അടവുകളെ സംബന്ധിച്ച പ്ലെഹാനൊവിന്റെ അവസരവാദത്തെ വിമർശിക്കുകയാണെന്ന വ്യാജേന പഴഞ്ചനും പിന്തിരിപ്പനുമായ തത്വശാസ്ത്രച്ചവറുകളെ അകത്തു കടത്തിവിടാനുള്ള തികച്ചും തെറ്റായ ശ്രമങ്ങൾ ഇക്കാലത്ത് നടക്കുന്നതുകൊണ്ടാണ് ഇക്കാര്യം വിശേഷിച്ചും ഊന്നിപ്പറയേണ്ടിയിരിക്കുന്നത്*

---

*ബൊഗ്ദാനൊവ്,ബസാറൊവ് തുടങ്ങിയവർ ചേർന്നെഴുതിയ "മാർക്സിസത്തിന്റെ തത്വശാസ്ത്രത്തെ സംബന്ധിച്ച പഠനങ്ങൾ"എന്ന പുസ്തകംനോക്കുക. ആ പുസ്തകത്തെപ്പറ്റി ചർച്ചചെയ്യാനുള്ള ഇടമല്ല ഇത്. അഭിനവ കാന്റിയന്മാരായ റിവിഷനിസ്റ്റുകളെപ്പറ്റി ഇവിടെ പറഞ്ഞിട്ടുള്ള *സർവ്വതും* അഭിനവ ഹ്യൂംപക്ഷക്കാരും അഭിനവ അർത്ഥശാസ്ത്രത്തിലേക്ക് കടക്കുമ്പോൾ, ഈ തുറയിൽ റിവിഷനിസ്റ്റുകൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ കൂടുതൽ സമഗ്രവും സാഹചര്യാസ്പദവുമായിരുന്നുവെന്ന് ആദ്യമേതന്നെ പറയേണ്ടിയിരിക്കുന്നു. "സാമ്പത്തിക വികാസത്തെ സംബന്ധിച്ച പുതിയ വിവരങ്ങൾ" നൽകി പൊതുജനത്തെ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ നടന്നു. കേന്ദ്രീകരണം, വൻകിട ഉല്പാദനം ചെറുകിട ഉല്പാദനത്തെ ആട്ടിപ്പുറത്താക്കൽ–ഇതൊന്നും കൃഷിയിൽ നടക്കുന്നേയില്ലെന്നും വ്യാപാരത്തിലും വ്യവസായത്തിലും തന്നെ അവ വളരെ സാവധാനത്തിലേ പുരോഗമിക്കുന്നുള്ളൂവെന്നും റിവിഷനിസ്റ്റുകൾ പറഞ്ഞു. സാമ്പത്തിക പ്രതിസന്ധികൾ ഇപ്പോൾ കൂടുതൽ വിരളവും ദുർബലവുമായിത്തീർന്നിട്ടുണ്ടെന്നും കാർട്ടെലുകളുടേയും ട്രസ്റ്റുകളുടേയും സഹായത്തോടെ മൂലധനത്തിന് ഒരുപക്ഷേ അവയെ നിശ്ശേഷം ഒഴിവാക്കാൻ കഴിഞ്ഞെന്നു വരുമെന്നും അവർ പറഞ്ഞു. വർഗവൈരങ്ങൾ കൂടുതൽ മയപ്പെടാനും അവയുടെ തീക്ഷ്ണത കുറയാനുമുള്ള പ്രവണത കാണുന്നതുകൊണ്ട് മുതലാളിത്തം "തകർച്ചയിലേക്ക് നീങ്ങുകയാണെന്ന സിദ്ധാന്തം" അബദ്ധമാണെന്ന് അവർ പറഞ്ഞു. അവസാന

Scanned by C... S...

മായി,മാർക്സിന്റെ മൂല്യസിദ്ധാന്തത്തെ ബം-ബവേർക്കിന്റെ വീക്ഷണ ത്തിനനുസൃതമായി തിരുത്തിയാൽ തെറ്റില്ലെന്നും അവർ പറഞ്ഞു.

ഈ പ്രശ്നങ്ങളിൽ റിവിഷനിസ്റ്റുകൾക്കെതിരായി നടന്ന സമരം, ഇരുപതുവർഷം മുമ്പ് ഡ്യൂറിംഗുമായുള്ള എംഗൽസിന്റെ വിവാദത്തോളംതന്നെ, സാർവദേശീയ സോഷ്യലിസത്തിൽ സൈദ്ധാന്തികചിന്തയുടെ ഫലപ്രദമായ പുനരുത്ഥാനത്തിൽ കലാശിച്ചു. വസ്തുതകളുടേയും കണക്കുകളുടേയും സഹായത്തോടെ റിവിഷനിസ്റ്റുകളുടെ വാദമുഖങ്ങൾ വിശകലനം ചെയ്യപ്പെട്ടു. ആധുനിക ചെറുകിട ഉല്പാദനത്തിന്റെ ഒരു വശ്യമായ ചിത്രം വരച്ചുകാട്ടുകയെന്നതാണ് റിവിഷനിസ്റ്റുകൾ ചിട്ടയായി ചെയ്യുന്നതെന്ന് സ്ഥാപിക്കപ്പെട്ടു. വൻകിട *ഉല്പാദനത്തിന്* ചെറുകിട ഉല്പാദനത്തെ അപേക്ഷിച്ച് സാങ്കേതികവും വാണിജ്യപരവുമായ മേന്മ വ്യവസായത്തിൽ മാത്രമല്ല കൃഷിയിലുമുണ്ടെന്ന് അനിഷേധ്യമായ വസ്തുതകളാൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചരക്കുല്പാദനം താരതമ്യേന വളരെക്കുറച്ചേ കൃഷിയിൽ വളർന്നിട്ടുള്ളു. ലോകസമ്പദ്വ്യവസ്ഥയിലെ *വിനിമയ* പ്രക്രിയയിലേക്ക് കൃഷി ക്രമേണ വലിച്ചിടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് സൂചിപ്പിക്കുന്ന പ്രത്യേകശാഖകൾ(ചിലപ്പോൾപ്രവർത്തനങ്ങൾപോലും) കാർഷികരംഗത്ത് കണ്ടെത്താൻ ഇന്നത്തെ സ്ഥിതിവിവരക്കണക്ക് വിദഗ്ധന്മാരും ധനശാസ്ത്രജ്ഞന്മാരും പൊതുവെ അത്ര സമർത്ഥരല്ല.ഭക്ഷണക്രമം നിരന്തരം വഷളാക്കൽ, ഒരിക്കലും മാറാത്ത പട്ടിണി, തൊഴിൽദിവസം ദീർഘിപ്പിക്കൽ, കന്നുകാലികളുടെ ഗുണവും സംരക്ഷണവുംമോശമാക്കൽ, എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രകൃതിസഹജമായ സമ്പദ് വ്യവസ്ഥയുടെ നാശാവശിഷ്ടങ്ങളിന്മേൽ ചെറുകിട ഉല്പാദനം നിലനിൽക്കുന്നത്. ഒറ്റവാക്കിൽ പറഞ്ഞാൽ, മുതലാളിത്തപരമായ നിർമ്മാണ തൊഴിലിനെതിരെ കൈത്തൊഴിലുൽപാദനം പിടിച്ചുനിന്ന അതേ മാർഗ്ഗങ്ങളിലൂടെ ശാസ്ത്രത്തിലും സാങ്കേതിക്വിദ്യയിലുമുള്ള ഓരോ മുന്നേറ്റവും മുതലാളിത്തസമൂഹത്തിൽ ചെറുകിട ഉല്പാദനത്തിന്റെ അടിത്തറകളെ അനിവാര്യമായും നിർദ്ദാക്ഷിണ്യമായും തുരങ്കംവച്ചുകൊണ്ടിരിക്കുകയാണ്. പലപ്പോഴും കുഴഞ്ഞുമറിഞ്ഞതും സങ്കീർണവുമായ ഈ പ്രക്രിയയുടെ എല്ലാ രൂപങ്ങളും അന്വേഷിച്ചു പഠിക്കുകയെന്നതാണ്. മുതലാളിത്തത്തിൻകീഴിൽ പിടിച്ചുനിൽക്കാൻ സാദ്ധ്യമല്ലെന്നും മുതലാളിത്തത്തിൻകീഴിൽ ഒറ്റതിരിഞ്ഞ കൃഷിപ്പണി വ്യർത്ഥമാണെന്നും കർഷകൻ തൊഴിലാളിയുടെ നിലപാട് സ്വീകരിക്കേണ്ടതാവശ്യമാണെന്നും ചെറുകിട ഉല്പാദകന് കാണിച്ചുകൊടുക്കുകയെന്നതാണ്, സോഷ്യലിസ്റ്റ് അർത്ഥശാസ്ത്രത്തിന്റെ കടമ. മുതലാളിത്തത്തെ മൊത്തത്തിൽ കണക്കിലെടുക്കാതെ ഏകപക്ഷീയമായി തിരഞ്ഞെടുത്ത വസ്തുതകളെ ആധാരമാക്കി ഉപരിപ്ലവമായി സാമാന്യതത്വങ്ങൾ ആവിഷ്ക്കരിച്ചുവെന്നതാണ് റിവിഷനിസ്റ്റുകൾ ഈ പ്രശ്നത്തിൽ ശാസ്ത്രീയാർത്ഥത്തിൽ ചെയ്ത അപരാധം.വിപ്ലവകാരിയായ തൊഴിലാളിയുടെ വീക്ഷണം സ്വീകരിക്കാൻ നിർബ്ബന്ധിക്കുന്നതിനു പകരം ചെറുകിടസ്വത്തുടമയുടെ മനോഭാവം (അതായത്, ബൂർഷ്വാസിയുടെ മനോഭാവം) സ്വീകരിക്കാൻ അവർ കല്പിച്ചുകൂട്ടിയാണെ

Scanned by CamScanner

ങ്കിലും അല്ലെങ്കിലും കർഷകരെ അനിവാര്യമായും ക്ഷണിച്ചു അഥവാ പ്രേരിപ്പിച്ചു, എന്നതാണ് രാഷ്ട്രീയ വീക്ഷണകോണിലൂടെ നോക്കിയാൽ അവർ ചെയ്ത അപരാധം.

ബെർക്ക്ലിപക്ഷക്കാരുമായ 'പുതിയ" റിവിഷനിസ്റ്റുകൾ[30] ക്കു കൂടി സാരാംശത്തിൽ ബാധകമാണെന്ന് വളരെ അടുത്ത ഭാവിയിൽത്തന്നെ ഒരു ലേഖനപരമ്പരവഴിയോ ഒരു പ്രത്യേക ലഘുലേഖ വഴിയോ ഞാൻ സ്ഥാപിക്കുന്നതാണെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളു.

സാമ്പത്തികപ്രതിസന്ധികളെ സംബന്ധിച്ച സിദ്ധാന്തത്തിന്റേയും തകർച്ചാസിദ്ധാന്തത്തിന്റേയും കാര്യത്തിൽ റിവിഷനിസത്തിന്റെ സ്ഥിതി ഇതിലും കഷ്ടമാണ്. ഏതാനും വർഷത്തെ വ്യാവസായിക മുന്നേറ്റത്തിന്റേയും സമ്പൽസമൃദ്ധിയുടേയും സ്വാധീനത്തിൽപ്പെട്ട് മാർക്സിന്റെ സിദ്ധാന്തത്തിന്റെ അടിത്തറകളെ ഉടച്ചുവാർക്കണമെന്ന് ചിന്തിക്കാൻ ആളുകൾക്ക് വളരെ കുറച്ച് കാലത്തേക്കേ സാധിച്ചുള്ളു. അത് തന്നെ, തീരെ ദീർഘദൃഷ്ടിയില്ലാത്തവർക്കുമാത്രം. സാമ്പത്തിക പ്രതിസന്ധികളുടെ കാലം കഴിഞ്ഞുപോയില്ലെന്നും സമ്പൽസമൃദ്ധിയെത്തുടർന്ന് പ്രതിസന്ധിയുണ്ടാവുന്നെണ്ടെന്നുമുള്ള യാഥാർത്ഥ്യങ്ങൾ വളരെ വേഗം റിവിഷനിസ്റ്റുകൾക്ക് വ്യക്തമാക്കിക്കൊടുത്തു. ഓരോ പ്രത്യേക പ്രതിസന്ധിയുടേയും രൂപത്തിലും ക്രമത്തിലും പൊതുചിത്രത്തിലും മാറ്റമുണ്ടാകുന്നുണ്ട്. പക്ഷേ, പ്രതിസന്ധികൾ മുതലാളിത്തവ്യവസ്ഥയുടെ ഒരു അനിവാര്യ ഘടകമായിത്തുടരുന്നു. ഉല്പാദനത്തെ ഏകീകരിക്കുമ്പോൾത്തന്നെ കാർട്ടെലുകളും ട്രസ്റ്റുകളും ഉല്പാദനത്തിലെ അരാജകത്വത്തേയും തൊഴിലാളിവർഗത്തിന്റെ അരക്ഷിതാവസ്ഥയേയും മുലധനമർദ്ദനത്തേയും എല്ലാവർക്കും സപ്ഷടമായി കാണത്തക്കവണ്ണം മൂർച്ഛിപ്പിക്കുകയും അങ്ങനെ വർഗവൈരങ്ങളെ അഭുതപൂർവമായ തോതിൽ തീവ്രമാക്കുകയും ചെയ്തു. ഒറ്റൊയ്ക്കൊറ്റയ്ക്കുള്ള രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധികൾ എന്ന അർത്ഥത്തിലും മുഴുവൻ മുതലാളിത്ത വ്യവസ്ഥയടേയും പരിപൂർണ്ണ തകർച്ച എന്ന അർത്ഥത്തിലും മുതലാളിത്തം തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് വിശേഷിച്ചും വ്യക്തമാക്കിയിട്ടുള്ളത്, അതുതന്നെ വിശേഷിച്ചും വിപുലമായതോതിൽ വ്യക്തമാക്കിയിട്ടുള്ളത്. പുതിയ പടുകുറ്റൻ ട്രസ്റ്റുകളല്ലാതെ മറ്റൊന്നുമല്ല. അമേരിക്കയിൽ ഈയിടെയുണ്ടായ ധനകാര്യപ്രതിസന്ധി, യുറോപ്പൊട്ടുക്ക് ഭയങ്കരമായി വർദ്ധിച്ചിട്ടുള്ള തൊഴിലില്ലായ്മ (ഒരു വ്യവസായികപ്രതിസന്ധി ആസന്നമാണെന്നതിന്റെ ലക്ഷണങ്ങൾ പലതും കാണുന്നു ണ്ടെന്ന കാര്യം പിന്നെ പറയാനില്ലല്ലൊ)-ഇതിന്റെയെല്ലാം ഫലമായി റിവിഷനിസ്റ്റുകളുടെ സമീപകാല "സിദ്ധാന്തങ്ങളെ" സകലരും മറന്നുപോയിരിക്കുകയാണ്. പല റിവിഷനിസ്റ്റുകളും തന്നെ മറന്നെന്നാണ് തോന്നുന്നത്. എങ്കിലും ബുദ്ധിജീവികളുടെ ഈ സ്ഥിരതയില്ലായ്മ തൊഴിലാളിവർഗത്തിന് നൽകിയ പാഠങ്ങൾ മറന്നുകൂടാ.

Scanned by CamScanner

മൂല്യസിദ്ധാന്തത്തെസംബന്ധിച്ചാണെങ്കിൽ, ബൊം–ബവേർക്കിന്റെ മട്ടിലുള്ള അങ്ങേയറ്റം അവ്യക്തമായ ചില സൂചനകളും നെടുവീർപ്പുകളുമൊഴിച്ചാൽ, റിവിഷനിസ്റ്റുകൾ യാതൊന്നും സംഭാവനചെയ്തിട്ടില്ല. ശാസ്ത്രീയചിന്തയുടെ വികാസത്തിൽ യാതൊരു മുദ്രയും പതിപ്പിച്ചിട്ടില്ല.

രാഷ്ട്രീയത്തിന്റെ തുറയിൽ റിവിഷനിസം മാർക്സിസത്തിന്റെ അടിത്തറയെ –അതായത് വർഗസമരസിദ്ധാന്തത്തെ – തിരുത്തിയെഴുതാൻ യഥാർത്ഥത്തിൽ ശ്രമം നടത്തുക തന്നെചെയ്തു. രാഷ്ട്രീയ സ്വാതന്ത്ര്യവും ജനാധിപത്യവും സാർവത്രികവോട്ടവകാശവും വർഗസമരത്തിനുള്ള അടിസ്ഥാനമില്ലാതാക്കിയിരിക്കുന്നുവെന്നും പണിയെടുക്കുന്നവർക്ക് നാടില്ലെന്ന "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യിലെ പഴയ പ്രമേയത്തെ അവാസ്തവമാക്കിയിരിക്കുന്നുവെന്നും അവർ പറഞ്ഞു. ജനാധിപത്യവ്യവസ്ഥയിൽ "ഭൂരിഭക്ഷഹിതം" നടപ്പാകുന്നവെന്നതു കൊണ്ട് ഭരണകൂടത്തെ വർഗഭരണത്തിന്റെ ഉപകരണമായി കരുതാനോ പിന്തിരിപ്പന്മാർക്കെതിരെ പുരോഗമനോന്മുഖരും സാമൂഹ്യ പരിഷ്ക്കരണവാദികളുമായ ബൂർഷ്വാസിയുമായി സഖ്യമുണ്ടാക്കുന്നതിനെ നിരാകരിക്കാനോ പാടില്ലെന്ന് അവർ പറഞ്ഞു.

റിവിഷനിസ്റ്റുകളുടെ ഈ വാദമുഖങ്ങൾ ഏറെക്കുറെ അടുക്കും ചിട്ടയുമുള്ള ഒരു വീക്ഷണക്രമമായിക്കഴിഞ്ഞിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല.പഴക്കമേറിയതും സുവിദിതവുമായ ലിബറൽ ബൂർഷ്വാ വീക്ഷണഗതിയല്ലാതെ മറ്റൊന്നുമല്ല ഇത്. വോട്ടവകാശവും രാജ്യഭരണത്തിൽ പങ്കെടുക്കാനുള്ള അവകാശവും യാതൊരു വ്യത്യാസവുമില്ലാതെ എല്ലാ പൗരന്മാർക്കുമുള്ളതുകൊണ്ട് ബൂർഷ്വാപാർലമെന്ററി സമ്പ്രദായം വർഗങ്ങളേയും വർഗവിഭജനങ്ങളേയും നശിപ്പിക്കുന്നുവെന്ന് ലിബറലുകാർ എന്നും പറഞ്ഞിട്ടുള്ളതാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ യൂറോപ്പിന്റെ ചരിത്രമാകെയും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ റഷ്യൻ വിപ്ലവത്തിന്റെ ചരിത്രമാകെയും ഇത്തരം വീക്ഷണങ്ങൾ എത്രമാത്രം അസംബന്ധമാണെന്ന് വ്യക്തമായി കാട്ടിത്തരുന്നു. "ജനാധിപത്യപരമായ" മുതലാളിത്തത്തിന്റെ സ്വാതന്ത്ര്യത്തിൻകീഴിൽ സാമ്പത്തിക വൈജാത്യങ്ങൾ കുറയുകയല്ല, ഗുരുതരമാവുകയും കൊടുമ്പിരിക്കൊള്ളുകയുമാണ് ചെയ്യുന്നത്. ഏറ്റവും ജനാധിപത്യപരമായ ബൂർഷ്വാ റിപ്പബ്ലിക്കുകൾപോലും വർഗമർദ്ദനത്തിനുള്ള ഉപകരണങ്ങളാണ്. അവയുടെ ഈ സഹജസ്വഭാവത്തെ പാർലമെന്ററിസമ്പ്രദായം ഇല്ലാതാക്കുകയല്ല, തുറന്നുകാട്ടുകയാണ് ചെയ്യുന്നത്. മുമ്പ് രാഷ്ട്രീയസംഭവങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നവരേക്കാൾ എത്രയോ കൂടുതൽ വിപുലമായ തോതിൽ ബഹുജനങ്ങളെ ഉദ്ബുദ്ധരാക്കാനും സംഘടിക്കാനും സഹായിച്ചുകൊണ്ട് പാർലമെന്ററി സമ്പ്രദായം ഉപകരിക്കുന്നത് പ്രതിസന്ധികളും രാഷ്ട്രീയവിപ്ലവങ്ങളും ഇല്ലാതാക്കാനല്ല, നേരേമറിച്ച് അത്തരം വിപ്ലവങ്ങൾക്കിടയിൽ ആഭ്യന്തരയുദ്ധത്തെ പരമാവധി മൂർച്ഛിപ്പിക്കാനാണ്. ഈ മൂർച്ഛിപ്പിക്കൽ എത്രമാത്രം അനിവാര്യമായിട്ടാണ് സംഭവിക്കുന്നതെന്ന് 1871 വസന്തത്തിൽ പാരീസിൽ നടന്ന

Scanned by CamScanner

സംഭവങ്ങളും1905 ഹേമന്തത്തിൽ റഷ്യയിൽ നടന്ന സംഭവങ്ങളും[91] ആവുന്നത്ര വ്യക്തമായി കാണിച്ചുതന്നിട്ടുണ്ട്. തൊഴിലാളിവർഗപ്രസ്ഥാനത്തെ അടിച്ചമർത്തനായി ഫ്രഞ്ച് ബൂർഷ്വാസി നിമിഷനേരം പോലും ശങ്കിച്ചുനിൽക്കാതെ മുഴുവൻ രാഷ്ട്രത്തിന്റേയും ശത്രുവുമായി–സ്വന്തം രാജ്യത്തെ നശിപ്പിച്ച വിദേശസൈന്യവുമായി–കരാറിലേർപ്പെടുകയാണ് ചെയ്തത്. പാർലമെന്ററിവ്യവസ്ഥയിലും ബൂർഷ്വാ ജനാധിപത്യത്തിലും അനിവാര്യമായും അന്തർലീനമായിട്ടുള്ള വൈരുദ്ധ്യാത്മകത, ബഹുജനങ്ങളുടെ ബലപ്രയോഗം വഴി മുമ്പത്തേതിലും കൂടുതൽ നിശിതമായ വിധത്തിൽ തർക്കം തീരുമാനിക്കപ്പെടുന്നതിലേക്ക് വഴിതെളിക്കുന്നു. ഈ വൈരുദ്ധ്യാത്മകത മനസ്സിലാക്കാത്തവർക്ക് ഈ പാർലമെന്ററി സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ തത്വനിഷ്ഠയോടെ പ്രചരണവും പ്രക്ഷോഭവും നടത്താനോ ഇത്തരം "തർക്കങ്ങളിൽ" വിജയകരമായി പങ്കെടുക്കാൻ തൊഴിലാളി ബഹുജനങ്ങളെ യഥാർത്ഥത്തിൽ തയ്യാറെടുപ്പിക്കാനോ ഒരിക്കലും സാദ്ധ്യമാവുകയില്ല. പടിഞ്ഞാറൻ രാജ്യങ്ങളിൽ സോഷ്യൽ പരിഷ്ക്കരണവാദികളായ ലിബറലുകളുമായും റഷ്യൻ വിപ്ലവത്തിനിടയ്ക്ക് ലിബറൽ പരിഷ്ക്കരണവാദികളുമായും (കാഡറ്റുകൾ[92]) ഉണ്ടാക്കിയിട്ടുള്ള സഖ്യങ്ങളുടേയും കരാറുകളുടേയും കൂട്ടുകെട്ടുകളുടേയും അനുഭവം ഒരു കാര്യം വിശ്വസനീയമാംവണ്ണം തെളിയിച്ചു കാട്ടിയിട്ടുണ്ട്: ഈ കരാറുകൾ ബഹുജനബോധത്തിന്റെ മൂർച്ച കുറയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഏറ്റവും കുറച്ച് സമരശേഷിയും ഏറ്റവുമധികം ചാഞ്ചാട്ടവും വഞ്ചനയും കാട്ടുന്നവരുമായി പോരാളികളെ കൂട്ടിയിണക്കിക്കൊണ്ട് അവ ബഹുജനസമരത്തിന്റെ യഥാർത്ഥ പ്രാധാന്യം കൂട്ടുകയല്ല കുറയ്ക്കുകയാണ് ചെയ്യുന്നത്. വിപുലവും യഥാർത്ഥത്തിൽ ദേശവ്യാപകവുമായ തോതിൽ റിവിഷനിസ്റ്റ് രാഷ്ട്രീയ അടവുകൾ പ്രയോഗിച്ചുനോക്കിയിട്ടുള്ള ഏറ്റവും വലിയ പരീക്ഷണമാണ് ഫ്രാൻസിലെ മില്യെറാനിസം. [93] റിവിഷനിസത്തെക്കുറിച്ച് അതിൽനിന്ന് പ്രായോഗികമായി ലഭിച്ച വിലയിരുത്തൽ ലോകമാസകലമുള്ള തൊഴിലാളിവർഗം ഒരിക്കലും മറക്കുകയില്ല.

റിവിഷനിസത്തിന്റെ സാമ്പത്തിക – രാഷ്ട്രീയപ്രവണതകൾക്ക് സ്വാഭാവികമായും അനുപൂരകമായിട്ടുള്ള ഒന്നായിരുന്നു സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ അന്തിമലക്ഷ്യത്തോടുള്ള അതിന്റെ മനോഭാവം. "പ്രസ്ഥാനമാണ് സർവതും. അന്തിമലക്ഷ്യം ഒന്നുമല്ല"– ബേൺഷ്ടൈന്റെ ഈ മുദ്രാവാക്യം അനേകം സുദീർഘപ്രസംഗങ്ങളേക്കാൾ ഭംഗിയായി റിവിഷനിസത്തിന്റെ സാരാംശം വെളിപ്പെടുത്തുന്നുണ്ട്. ഓരോ സന്ദർഭവും നോക്കി അപ്പോൾ നയം തീരുമാനിക്കുക, അതാത് കാലത്തെ സംഭവവികാസങ്ങളും ക്ഷുദ്രമായ രാഷ്ട്രീയത്തിന്റെ തിരിമറികളുമായി പൊരുത്തപ്പെട്ടുപോവുക, തൊഴിലാളിവർഗത്തിന്റെ പ്രാഥമികതാല്പര്യങ്ങളും മുതലാളിത്തവ്യവസ്ഥയുടെയാകെ, മുതലാളിത്തപരിണാമത്തിന്റെയാകെ, മൗലികമായ സവിശേഷതകളും വിസ്മരിക്കുക. ഉള്ളതോ ഉണ്ടെന്ന് സങ്കല്പിക്കുന്നതോ ആയ താല്ക്കാലികമെച്ചങ്ങൾക്ക് വേണ്ടി ഈ പ്രാഥമിക താല്പര്യങ്ങളെ ബലികഴിക്കുക–ഇതാണ് റിവിഷനിസത്തിന്റെ നയം.

Scanned by CamScanner

ഈ നയം അസംഖ്യം വിവിധരൂപങ്ങൾ കൈക്കൊണ്ടേക്കാമെന്നത് അതിന്റെ സ്വഭാവത്തിൽനിന്നുതന്നെ സിദ്ധമാണ്. ഏറെക്കുറേ "പുതുതായ" ഓരോ പ്രശ്നവും, ഏറെക്കുറേ അപ്രതീക്ഷിതമായും മുൻകൂട്ടി കാണാതെയും നടക്കുന്ന ഓരോ സംഭവവും മൗലികമായ വികാസഗതിയിൽ അത് ഏറ്റവും നിസ്സാരമായ തോതിലും ഏറ്റവും കുറഞ്ഞ കാലത്തേക്കും മാത്രമേ മാറ്റം വരുത്തുന്നുള്ളുവെങ്കിൽപോലും—ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള റിവിഷനിസത്തിന് എപ്പോഴും ഇടനൽകുന്നത് അനിവാര്യമാണ്.

ആധുനികസമൂഹത്തിൽ റിവിഷനിസത്തിനുള്ള വർഗവേരുകളാണ് അതിന്റെ അനിവാര്യതയെ നിർണ്ണയിക്കുന്നത്, റിവിഷനിസം ഒരു സാർവദേശീയപ്രതിഭാസമാണ്. ജർമ്മനിയിൽ യഥാസ്തികരും[94] ബേൺഷൈടൻപക്ഷക്കാരും, ഫ്രാൻസിൽ ഗേദിസ്റ്റുകളും ജൊറേസിസ്റ്റുകളും (ഇപ്പോൾ വിശേഷിച്ച് ബ്രുസിസ്റ്റുകളും)[95], ഗ്രേറ്റ് ബ്രിട്ടനിൽ സോഷ്യൽ ഡെമോക്രാറ്റിക് ഫെഡറേഷനും ഇൻഡിപ്പെൻഡന്റ് ലേബർ പാർട്ടിയും[96], ബൽജിയത്തിൽ ബ്രുക്കറും വൻഡർവെൽഡെയും[97] ഇറ്റലിയിൽ ഇന്റഗ്രലിസ്റ്റുകളും[98], പരിഷ്ക്കരണവാദികളും, റഷ്യയിൽ ബോൾഷെവിക്കുകളും മെൻഷെവിക്കുകളും[99] ഇവർ തമ്മിലുള്ള ബന്ധം—ഈ രാജ്യങ്ങളിലെയെല്ലാം ഇന്നത്തെ സ്ഥിതിയിലെ ദേശീയസാഹചര്യങ്ങളും ചരിത്രപരമായ ഘടകങ്ങളും എത്രതന്നെ വൈവിധ്യമാർന്നതായാലും ശരി–സാരാംശത്തിൽ എല്ലായിടത്തും ഒരു പോലെയാണെന്നതിനെക്കുറിച്ച് ചിന്താശക്തിയും അല്പമെങ്കിലും വിവരവുമുള്ള ഒരൊറ്റ സോഷ്യലിസ്റ്റിനും നേരിയൊരു സംശയംപോലുമുണ്ടാവില്ല. യഥാർത്ഥത്തിൽ, ഇന്നത്തെ സാർവ്വദേശീയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനകത്തെ ഈ "ചേരിതിരിവ്" ലോകത്തുള്ള വിവിധരാജ്യങ്ങളിലെല്ലാംതന്നെ *ഒരേ* വഴിക്കാണ് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഒരൊറ്റ സാർവദേശീയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനകത്ത് വിവിധ രാജ്യങ്ങളിലെ വിഭിന്ന പ്രവണതകൾ പരസ്പരം പൊരുതിക്കൊണ്ടിരുന്ന മുപ്പതോ നാല്പതോ വർഷത്തിനുമുമ്പുള്ള സ്ഥിതിയെ അപേക്ഷിച്ച് വമ്പിച്ചൊരു പുരോഗതിയെയാണ് ഇത് കുറിക്കുന്നത്. "വിപ്ലവസിൻഡിക്കലിസ"[100] ത്തിന്റെ രൂപത്തിൽ ലത്തീൻ രാജ്യങ്ങളിൽ ഉയർന്നുവന്നിട്ടുള്ള "ഇടതുപക്ഷത്തുനിന്നുള്ള റിവിഷനിസ"വും മാർക്സിസത്തിൽ "ഭേദഗതി" വരുത്തിക്കൊണ്ട് അതുമായി പൊരുത്തപ്പെട്ടുവരികയാണ്. തെറ്റായി ധരിക്കപ്പെട്ട മാർക്സിന്റെ നിലപാടിൽ നിന്നുകൊണ്ട് ശരിയായി ധരിക്കപ്പെട്ട മാർക്സിന്റെ നേരെ ഇറ്റലിയിലെ ലബ്രിയോളയും ഫ്രാൻസിലെ ലഗർദേലും പലപ്പോഴും ഉദ്ബോധനങ്ങൾ നടത്താറുണ്ട്.

ഈ റിവിഷനിസത്തിന്റെ പ്രത്യയശാസ്ത്രപരമായ ഉള്ളടക്കത്തെ വിശകലനം ചെയ്യുന്നതിലേക്ക് കടക്കാൻ നമുക്കിപ്പോൾ നിർവ്വാഹമില്ല. അവസരവാദപരമായ റിവിഷനിസം വളർന്നിട്ടുള്ളതിന്റെ അടുത്തെങ്ങും അത് ഇനിയും എത്തിയിട്ടില്ല. അത് ഇനിയും സാർവ്വദേശീയമായിട്ടില്ല. ഒരൊറ്റ രാജ്യത്തും അത് ഒരു സോഷ്യലിസ്റ്റ് പാർടിയോട് പ്രായോഗികരംഗത്ത് ഒരു

Scanned by CamScanner

പോരാട്ടമെങ്കിലും നടത്തി ജയിച്ചിട്ടില്ല. അതുകൊണ്ട്, മുകളിൽ വിവരിച്ച "വലതുപക്ഷത്തുനിന്നുള്ള റിവിഷനിസ"ത്തിൽ നാം ഒതുങ്ങിനിൽക്കുകയാണ്.

മുതലാളിത്തസമുഹത്തിൽ അത് അനിവാര്യമാകുന്നത് എന്തുകൊണ്ടാണ്?അത് മുതലാളിത്തവളർച്ചയുടെ ദേശീയസവിശേഷതകളെക്കാളും തോതുകളേക്കാളും കുടുതൽ അഗാധമാകാൻ കാരണമെന്താണ്? ഏതൊരു മുതലാളിത്തരാജ്യത്തും തൊഴിലാളി വർഗത്തോടൊപ്പം തന്നെ പെറ്റിബുർഷ്വാസിയുടെ—ചെറുകിട സ്വത്തുടമകളുടെ-വിപുലമായ ഒരു വിഭാഗം എപ്പോഴുമുണ്ടെന്നതാണ് കാരണം. മുതലാളിത്തം ഉത്ഭവിച്ചതും സദാ ഉത്ഭവിച്ചുകൊണ്ടിരിക്കുന്നതും ചെറുകിട ഉല്പാദനത്തിൽ നിന്നാണ്. മുതലാളിത്തം അനിവാര്യമായും പല പുതിയ "ഇടത്തരം വിഭാഗ"ങ്ങളേയും വീണ്ടും വീണ്ടും സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. (ഫാക്ടറികളുടെ അനുബന്ധങ്ങൾ, വീട്ടിൽവച്ചു ചെയ്യുന്ന ചില്ലറപ്പണികൾ, സൈക്കിൾ വ്യവസായംപോലെയും മോട്ടോർവാഹനവ്യവസായം പോലെയുമുള്ള വൻകിടവ്യവസായങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ രാജ്യത്തുടനീളം ചിന്നിച്ചിതറിക്കിടക്കുന്ന ചെറുകിട . വർക്ക്ഷോപ്പുകൾ തുടങ്ങിയവ). ഈ പുതിയ ചെറുകിട ഉല്പാദകർ തൊഴിലാളിവർഗത്തിന്റെ അണികളിലേക്ക് വീണ്ടും വലിച്ചെറിയപ്പെടുന്നുണ്ടെന്നതും അത്രതന്നെ അനിവാര്യമാണ്. വിശാലമായ തൊഴിലാളിപ്പാർട്ടികളുടെ അണികളിൽ പെറ്റിബൂർഷ്വാലോകവീക്ഷണംവീണ്ടും വീണ്ടും തലപൊക്കുമെന്നതും തികച്ചും സ്വാഭവികമാണ്. ഇത് അങ്ങിനെ ആയിരിക്കുമെന്നത്, തൊഴിലാളിവർഗവിപ്ലവത്തിൽ നടക്കുന്ന ഭാഗ്യവിപര്യയങ്ങളുടെ സമയം വരെ എപ്പോഴും അങ്ങിനെതന്നെയായിരിക്കുമെന്നത്, തികച്ചും സ്വാഭാവികമാണ്. കാരണം അതുപോലൊരു വിപ്ലവം നടത്താൻ ജനസംഖ്യയിലെഭുരിപക്ഷത്തേയും "തികച്ചും" തൊഴിലാളിവർഗമാക്കി മാറ്റിയേ കഴിയു എന്ന് കരുതുന്നത് ഗുരുതരമായ ഒരു തെറ്റായിരിക്കും. നമുക്കിപ്പോൾ പ്രത്യയശാസ്ത്രത്തിന്റെ രംഗത്തു മാത്രം പലപ്പോഴും അനുഭവപ്പെടുന്ന കാര്യങ്ങൾ, അതായത് മാർക്സിന് സൈദ്ധാന്തിക ഭേദഗതികൾ വരുത്തുന്നതു സംബന്ധിച്ച തർക്കങ്ങൾ, പ്രായോഗിക രംഗത്ത് ഇപ്പോൾ തൊഴിലാളിപ്രസ്ഥാനത്തിലെ ഒറ്റപ്പെട്ട, രണ്ടാംകിട പ്രാധാന്യമുള്ള പ്രശ്നങ്ങളിൽ മാത്രംറിവിഷനിസ്റ്റുകളുമായുള്ള അടവുകളെസ്സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങളായും ആ അടിസ്ഥാനത്തിലുള്ള ഭിന്നിപ്പുകളായും പൊന്തിവരുന്ന കാര്യങ്ങൾ -ഇവ, താരതമ്യപ്പെടുത്താനാവാത്തവിധം കുടുതൽ വിപുലമായ തോതിൽ തൊഴിലാളിവർഗത്തിന് അനുഭവപ്പെടാതെ തരമില്ല. തൊഴിലാളിവർഗവിപ്ലവം എല്ലാതർക്കപ്രശ്നങ്ങളേയും മൂർചിഛിപ്പിക്കുമ്പോഴായിരിക്കും അത് സംഭവിക്കുക. ആ വിപ്ലവം അന്ന്, ബഹുജനങ്ങളുടെ പെരുമാറ്റത്തെ നിർണ്ണയിക്കുന്നതിൽ ഏറ്റവും അടിയന്തിരപ്രാധാന്യ മുള്ളകാര്യങ്ങളിൽ എല്ലാ അഭിപ്രായവ്യത്യാസങ്ങളേയും കേന്ദ്രീകരിക്കുന്നതാണ്.സമരത്തിന്റെ ചൂടിൽ ശത്രുക്കളേയും മിത്രങ്ങളേയും വേർതിരിച്ചറിയണമെന്നത്, ശത്രുവിന്റെ മേൽ നിർണ്ണായകമായ

Scanned by CamScanner

പ്രഹരങ്ങളേല്പിക്കാൻ വേണ്ടി കൊള്ളരുതാത്ത ബന്ധുക്കളെ തഴഞ്ഞുകളയണമെന്നത് ആവശ്യമാക്കിത്തീർക്കുന്നതാണ്.

വിപ്ലവകരമായ മാർക്സിസം പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ റിവിഷനിസത്തിനെതിരായി നടത്തിയ ആശയസമരം തൊഴിലാളിവർഗത്തിന്റെ വമ്പിച്ച വിപ്ലവപ്പോരാട്ടങ്ങളുടെ മുന്നോടി മാത്രമാണ്. പെറ്റിബൂർഷ്വാസി എന്തെല്ലാം ചാഞ്ചാട്ടങ്ങളും ദൗർബ്ബല്യങ്ങളും പ്രകടിപ്പിച്ചാലും അതൊന്നും വകവയ്ക്കാതെ തൊഴിലാളിവർഗം അതിന്റെ ലക്ഷ്യത്തിന്റെ പരിപൂർണ്ണ വിജയത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്

1908 മാർച്ചിൽ
എഴുതിയത്

സമാഹൃതകൃതികൾ
5–ാം റഷ്യൻ പതിപ്പ്
വാള്യം 17, പേജ് 17–26

Scanned by CamScanner

# കുറിപ്പുകൾ

1 എംഗൽസ്, "ലുദ്‌വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിന്റെ അന്ത്യവും ." അദ്ധ്യായം

2 " ഗ്രനാത്തിന്റെ സർവവിജ്ഞാനനിഘണ്ടു"വിന് 1914-ൽ എഴുതിയ ഈ ലേഖനത്തിന്റെ അവസാനത്തിൽ മാർക്സിസ്റ്റ് കൃതികളുടേയും മാർക്സിസത്തെക്കുറിച്ചുള്ള കൃതികളുടെയുംഒരു പട്ടിക ലെനിൻ കൊടുത്തിരുന്നു. ഈ സമാഹാരത്തിൽ അത് ചേർത്തിട്ടില്ല.

3 "മോസെൽ പത്രലേഖകന്റെ ന്യായീകരണം" എന്ന മാർക്സിന്റെ ലേഖനത്തെക്കുറിച്ചാണ് പരാമർശം.

4 മാർക്സ്, "ഹെഗലിന്റെ അവകാശദർശനത്തെക്കുറിച്ചുള്ള വിമർശനം", മുഖവുര.

5 പ്രൂദോനിസം— മാർക്സിസത്തിനെതിരായ ഒരു പെറ്റിബൂർഷ്വാ സോഷ്യലിസ്റ്റ് പ്രവണത. ഫ്രാൻസിലെ അരാജകവാദത്തിന്റെ പ്രത്യയശാസ്ത്രജ്ഞനായ പ്രൂദോനിൽനിന്നാണ് അതിന് ഈ പേർ കിട്ടിയത്. വൻകിട മുതലാളിത്ത സ്വത്തുടമസ്ഥതയെ പെറ്റിബൂർഷ്വാ നിലപാടുകളിൽനിന്നു വിമർശിച്ച പ്രൂദോൻ ചെറുകിട സ്വകാര്യ സ്വത്തുടമസ്ഥതയ്ക്ക് സ്ഥിരപ്രതിഷ്ഠ നൽകുന്നതിനെപ്പറ്റി സ്വപ്നം കണ്ടു. അദ്ദേഹം തൊഴിലാളിവർഗത്തിന്റെ ചരിത്രപരമായ പങ്ക് മനസ്സിലാക്കിയില്ല.വർഗസമരത്തോടും തൊഴിലാളിവർഗവിപ്ലവത്തോടും തൊഴിലാളിവർഗത്തിന്റെ സർവാധിപത്യത്തോടും അദ്ദേഹം നിഷേധാത്മക മനോഭാവം കൈക്കൊണ്ടു. അരാജകവാദപരമായ നിലപാടിൽ നിന്നുകൊണ്ട് ഭരണകൂടത്തിന്റെ ആവശ്യകതയെ നിഷേധിച്ചു. ഒന്നാം ഇന്റർനാഷണലിനെ തങ്ങളുടെ സ്വാധീനത്തിൽ കൊണ്ടുവരാനുള്ള പ്രാദോനിസ്റ്റുകളുടെ ശ്രമങ്ങൾക്കെതിരായി മാർക്സും എംഗൽസും നീക്കുപോക്കില്ലാതെ സമരംചെയ്തു. "തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം" എന്ന കൃതിയിൽ മാർക്സ് പ്രൂദോനിസത്തെ നിലംപരിശാക്കി. ഒന്നാം ഇന്റർനാഷനലിൽ മാർക്സും എംഗൽസും അവരുടെ സഹപ്രവർത്തകരും നടത്തിയ വാശിയേറിയ സമരത്തിന്റെ ഫലമായി മാർക്സിസം പ്രൂദോനിസത്തിന്റെ മേൽ പരിപൂർണ്ണവിജയം കൈവരിച്ചു.

6. 1848 ഫെബ്രുവരിയിൽ ഫ്രാൻസിൽ നടന്ന വിപ്ലവത്തെക്കുറിച്ചാണ് പരാമർശം

Scanned by CamScanner

7 1848 മാർച്ചിൽ ജർമ്മനിയിലും ആസ്ട്രിയയിലും ആരംഭിച്ച ബൂർഷ്വാവിപ്ലവം

8 1848ലെ വിപ്ലവം ഏർപ്പെടുത്തിയ ഭരണഘടനയുടെ വ്യവസ്ഥകളെ റിപ്പബ്ലിക്കിന്റെ പ്രസിഡന്റും നിയമസഭയിലെ ഭൂരിപക്ഷവും ലംഘിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് "മല"(Montagne) എന്ന പെറ്റിബൂർഷ്വാപാർടിപാരീസിൽസംഘടിപ്പിച്ച ബഹുജനപ്രകടനത്തെക്കുറിച്ചാണ് പരാമർശം.ഗവൺമെന്റ് പ്രകടനക്കാരെ പിരിച്ചുവിട്ടു.

9 1913 സെപ്തംബറിൽ ജർമ്മനിയിൽനിന്ന് നാലു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച മാർക്സ്-എംഗൽസ് കത്തിടപാടുകളുടെ സമാഹാരത്തെയാണ് ലെനിൻ ഉദ്ദേശിക്കുന്നത്.

10 " Allgemeine Zeitung-നെതിരായ എന്റെ കേസ്" എന്ന പേരിൽ ബോണപ്പാർടിസ്റ്റ് ഏജന്റായ കെ.ഫോഗ്ത് എഴുതിവിട്ട അപവാദപരമായ ലഘുലേഖയ്ക്ക് മറുപടിയായി മാർക്സ് എഴുതിയ "ഹെർ ഫോഗ്ത്" എന്ന ലഘുലേഖ.

11 "ഇന്റർനാഷനൽ വർക്കിംഗ്മെൻസ് അസോസിയേഷന്റെ ഉപക്രമാഭ്യർത്ഥന"യെക്കുറിച്ചാണ് പരാമർശം.

12 *പാരീസ് കമ്മ്യൂൺ* — തൊഴിലാളിവർഗവിപ്ലവം 1871 മാർച്ച് 18ന് പാരീസിൽ സ്ഥാപിച്ച തൊഴിലാളിവർഗ ഗവൺമെന്റ്. ലോകചരിത്രത്തിൽ തൊഴിലാളിവർഗസർവാധിപത്യത്തിന്റെ ആദ്യത്തെ അനുഭവം. 72 ദിവസം, അതായത് 1871 മേയ് 28-ാം തീയതി വരെ,കമ്മ്യൂൺ നിലനിന്നു.

13 *ബക്കുനിനിസ്റ്റുകൾ* – അരാജകവാദത്തിന്റെ പ്രത്യയശാസ്ത്രജ്ഞനായ എം.എ.ബക്കുനിന്റെ നാമം ധരിക്കുന്ന പ്രവണതയുടെ പക്ഷക്കാർ.

തൊഴിലാളിപ്രസ്ഥാനത്തെ സംബന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തത്തിനും അടവിനുമെതിരായി ബക്കുനിനിസ്റ്റുകൾ വാശിയോടെ പൊരുതി. തൊഴിലാളിവർഗസർവാധിപത്യമുൾപ്പെടെ എല്ലാത്തരം ഭരണകുടത്തേയും നിഷേധിക്കലും തൊഴിലാളിവർഗത്തിന്റെ ആഗോളചരിത്രപ്രധാനമായ പങ്ക് മനസ്സിലാക്കാതിരിക്കലുമാണ് ബക്കുനിനിസത്തിന്റെ മുഖ്യപ്രമേയങ്ങൾ."സമുന്നത" വ്യക്തികളടങ്ങുന്ന ഒരുരഹസ്യവിപ്ലവസംഘം, ഉടനടിതന്നെ ഭരണകുടത്തെ നിഷ്ക്കാസനം ചെയ്യുന്ന ഒരു ജനകീയകലാപത്തിന് നേതൃത്വം നൽകണമെന്നായിരുന്നു ബക്കുനിനിസ്റ്റുകളുടെ അഭിപ്രായം. ഗൂഢാലോചനകളും സത്വരകലാപങ്ങളും ഭീകരപ്രവർത്തനവുമെന്ന അവരുടെ അടവ് അതിസാഹസികവും സായുധകലാപത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് സിദ്ധാന്തത്തിന് എതിരുമായിരുന്നു.

ഒന്നാം ഇന്റർനാഷണലിന്റെ നേതൃസ്ഥാനം കരസ്ഥമാക്കാൻ വേണ്ടി ബക്കുനിൻ യാതൊരു തത്വദീക്ഷയുമില്ലാതെ മാർക്സിനെതിരായി സമരംചെയ്തു. സംഘടനാവിരുദ്ധ പ്രവർത്തനങ്ങളെ മുൻനിർത്തി ബക്കുനിനെ 1872 ൽ ഹേഗിൽ ചേർന്ന കോൺഗ്രസ്സിൽ വച്ച് ഒന്നാം ഇന്റർനാഷനലിൽനിന്ന് പുറത്താക്കി.

14 എംഗൽസിന്റെ "ആന്റിഡ്യൂറിംഗി"ന്റെ ഒന്നാം അദ്ധ്യായം

Scanned by CamScanner

(പൊതുപരാമർശങ്ങൾ) നേക്കുക.

15 *അജ്ഞേയവാദം*— പ്രപഞ്ചം അജ്ഞേയമാണെന്നും മനഷ്യന്റെ ബുദ്ധിക്കു പരിമിതിയുണ്ടെന്നും സംവേദനങ്ങൾക്കപ്പുറത്തുള്ള യാതൊന്നും അറിയാൻ അതിനു സാധ്യമല്ലെന്നും കരുതുന്ന ഒരു സിദ്ധാന്തം. അജ്ഞേയവാദംതന്നെ പല രൂപങ്ങളിലുണ്ട്. ഒരു കൂട്ടർ ഭൗതികപ്രപഞ്ചത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നുണ്ട്, എന്നാൽ അതിനെ അറിയാൻ സാദ്ധ്യമല്ലെന്ന് അവർ വിശ്വസിക്കുന്നു.വേറൊരു കൂട്ടരാവട്ടെ, ഭൗതികപ്രപഞ്ചത്തിന്റെ അസ്തിത്വത്തെത്തന്നെ നിഷേധിക്കുന്നു. തങ്ങളുടെ സംവേദനങ്ങൾക്കപ്പുറത്ത് എന്തെങ്കിലും നിലനിൽക്കുന്നുണ്ടോയെന്ന് അറിയാൻ മനുഷ്യന് സാദ്ധ്യമല്ലെന്നതാണ് അതിനു കാരണമായി അവർ പറയുന്നത്. കാന്റ് ഇതിലാദ്യത്തെ വിഭാഗത്തിലും ഹ്യൂം രണ്ടാമത്തെ വിഭാഗത്തിലും പെടുന്നു.

വിമർശനവാദം— തന്റെ ആശയവാദ ദർശനത്തിന് കാന്റ് നൽകിയ പേര് . മനുഷ്യന്റെ സംജ്ഞാന ക്ഷമതയെക്കുറിച്ചുള്ള വിമർശനമാണ് അതിന്റെ മുഖ്യലക്ഷ്യം. വസ്തുക്കളുടെ സത്ത അറിയാൻ മനുഷ്യബുദ്ധിക്ക് സാദ്ധ്യമല്ലെന്ന നിഗമനത്തിലാണ് തന്റെ വിമർശനത്തിന്റെ ഫലമായി കാന്റ് എത്തിച്ചേർന്നത്.

*പോസിറ്റിവിസം* — "അതൊരു ദയനീയമായ അവിയലാണ്, തത്വശാസ്ത്രത്തിൽ ഓരോ പ്രത്യേകപ്രശ്നത്തിലും ഭൗതികവാദ സരണിയേയും ആശയവാദസരണിയേയും കൂട്ടിക്കുഴയ്ക്കുന്ന ഒരു നിന്ദ്യമായ നടുനിലകക്ഷിയാണ്" എന്നാണ് ഈ ദാർശനികസരണിയെപ്പറ്റി ലെനിൻ പറഞ്ഞിരിക്കുന്നത്.-

16 . എംഗൽസിന്റെ "ലുദ്‌വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിന്റെ അന്ത്യവും''എന്ന കൃതിയുടെ രണ്ടാം അദ്ധ്യായം നോക്കുക.

17 എംഗൽസ്, "ആന്റിഡ്യൂറിംഗ്", അദ്ധ്യായം 11: മുന്ന് പതിപ്പുകൾക്കുള്ള മുഖവുരകൾ ; പൊതുപരാമർശങ്ങൾ.

18 എംഗൽസ്, "ലുദ്‌വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിന്റെ അന്ത്യവും ", അദ്ധ്യായം 4. അദ്ധ്യായം 1.

19 എംഗൽസ്,"ആന്റിഡ്യുറിംഗ്",അദ്ധ്യായം1. പൊതുപരാമർശങ്ങൾ.

20 എംഗൽസ്, "ലുദ് വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിന്റെ അന്ത്യവും ", അദ്ധ്യായം 2.

21 മാർക്സ്, "മൂലധനം", വാള്യം I അദ്ധ്യായം 15: യന്ത്രങ്ങളും ആധുനികവ്യവസായവും ഖണ്ഡം 1: യന്ത്രങ്ങളുടെ വികാസം.

22 *രാജാധികാരപുനഃസ്ഥാപനം* (റെസ്റ്റൊറേഷൻ) -1792 ലെ ഫ്രഞ്ച്

Scanned by CamScanner

ബുർഷ്വാ വിപ്ലവത്തെത്തുടർന്ന് നിഷ്ക്കാസിതമായ ബൂർബോൻ രാജകുടുംബം വീണ്ടും അധികാരത്തിലിരുന്ന കാലഘട്ടം (1814–1830.

23 മാർക്സ്, എംഗൽസ്, "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ", അദ്ധ്യായം 1: ബുർഷ്വാസിയും തൊഴിലാളിവർഗവും

24 മാർക്സ്, " മൂലധനം", വാള്യം I അദ്ധ്യായം 1—ചരക്കുകൾ; ഖണ്ഡം 4: ചരക്കുകളുടെ മിഥ്യാസങ്കല്പരൂപവും അതിന്റെ രഹസ്യവും.

25 മാർക്സ്, "അർത്ഥശാസ്ത്രത്തെക്കുറിച്ചുള്ള സൂക്ഷ്മനിരൂപണം", അദ്ധ്യായം 1: ചരക്കുകൾ.

26 മാർക്സ്, "മൂലധനം", വാള്യം I, ഭാഗം രണ്ട്: പണം മൂലധനമായി മാറുന്നു; അദ്ധ്യായം 6: അദ്ധ്വാനശക്തി വാങ്ങലും വിൽക്കലും.

27 മാർക്സ്, "മൂലധനം",ട്ടി?

28 മാർക്സ് "മൂലധനം," വാള്യം I, ആദിമമെന്ന് പറയപ്പെടുന്ന സഞ്ചയം", മുതലാളിത്തസഞ്ചയത്തിന്റെ ചരിത്രപരമായ പ്രവണത,"

29 *മാർജിനൽ ഉപയോഗിതാസിദ്ധാന്തം* — മൂല്യത്തിന് നിദാനം അദ്ധ്വാനമാണെന്ന മാർക്സിന്റെ സിദ്ധാന്തത്തിന് ബദലായി കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ആസ്ട്രിയൻ സരണിക്കാർ എന്ന പേരിൽ അറിയപ്പെടുന്നവർ മുന്നോട്ടു വച്ച സിദ്ധാന്തം.ഗ്രാമ്യ അർത്ഥശാസ്ത്രത്തിന്റെ ഒരു വകഭേദമാണ് ഈ സരണി. എന്നാൽ അതിന്റെ ചില പ്രതിനിധികളിൽ നിന്ന് വ്യത്യസ്തമായി, ഒരു ചരക്കിന്റെ വെറും ഉപയോഗിതയല്ല, മനുഷ്യന്റെ ഏറ്റവും കുറച്ച് അടിയന്തരമായ ആവശ്യത്തെ നിറവേറ്റുന്ന ആ ചരക്കിന്റെ അവസാനമാത്രയുടെ (മാർജിനലായതിന്റെ) ഉപയോഗിതയാണ് അതിന്റെ മൂല്യത്തെ നിർണയിക്കുന്നതെന്ന് ഈ സരണിക്കാർ വിശ്വസിച്ചു. മാർജിനൽ ഉപയോഗിതാസിദ്ധാന്തവും ആസ്ട്രിയൻ സരണിക്കാരുടെ ധനശാസ്ത്രപരവും തത്വശാസ്ത്ര പരവുമായ പ്രമേയങ്ങളൊട്ടൊകയും മുതലാളിത്തത്തിൻകീഴിലുള്ള ചൂഷണത്തിന്റെ സ്വഭാവത്തെ മൂടിവയ്ക്കാനുള്ള ഒരു ശ്രമമായിരുന്നു.

30 മാർക്സ്, "മൂലധനം", വാള്യം,III ഭാഗം,6, അദ്ധ്യായം 47: മുതലാളിത്ത തറപ്പാട്ടത്തിന്റെ ഉല്പത്തി; ഖണ്ഡം 4: പണരൂപത്തിലുള്ള പാട്ടം.

31 മാർക്സ്, "മൂലധനം", വാള്യം,I ഭാഗം8: ആദിമമെന്ന് പറയപ്പെടുന്ന സഞ്ചയം;അദ്ധ്യായം30: കാർഷികവിപ്ലവം വ്യവസായത്തിലുളവാക്കിയ പ്രത്യാഘാതം.

32 മാർക്സ്, 'മൂലധനം", വാള്യം I, ഭാഗം7, അദ്ധ്യയം 25:

Scanned by CamScanner

മുതലാളിത്തപരമായ സഞ്ചയത്തിന്റെ പൊതുനിയമം; ഖണ്ഡം 4: സാപേക്ഷമിച്ച ജനസംഖ്യയുടെ വിവിധരൂപങ്ങൾ.

33 മാർക്സ്, "ഫ്രാൻസിലെ വർഗസമരങ്ങൾ, 1848–1850–", അദ്ധ്യായം 3.

34 മാർക്സ്, "ലൂയി ബോണപ്പാർട്ടിന്റെ ബ്രുമെയർ 18", അദ്ധ്യായം 7

35 മാർക്സ്, " ഫ്രാൻസിലെ വർഗസമരങ്ങൾ, 1848—1850", അദ്ദ്യായം 3

36 മാർക്സ്, "മൂലധനം", വാല്യം,III അദ്ധ്യായം47: മുതലാളിത്ത തറപ്പാട്ടത്തിന്റെ ഉല്പത്തി; ഭാഗം 6: തറപ്പാട്ടത്തിലേക്കുള്ള മിച്ചലാഭത്തിന്റെ രുപപരിവർത്തനം.

37 മാർക്സ്, "മൂലധനം", ടി.

38 മാർക്സ്, "മുലധനം", വാല്യം III അദ്ധ്യായം47 : മുതലാളിത്ത തറപ്പാട്ടത്തിന്റെ ഉല്പത്തി", ഖണ്ഡം 5: പങ്കുപാട്ടവും തുണ്ടുഭുമികളിൽ കർഷകർക്കുള്ള സ്വത്തവകാശവും

39 മാർക്സ്, എംഗൽസ്, "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ", അദ്ധ്യായം 2: തൊഴിലാളിവർഗവും കമ്മ്യുണിസ്റ്റുകാരും

40 എംഗൽസ്, " ആന്റിഡ്യൂറിംഗ്", ഭാഗം III :സോഷ്യലിസം അദ്ധ്യായം1.

41 എംഗൽസ്, "കുടുംബം, സ്വകാര്യസ്വത്ത്, ഭരണകുടം എന്നിവയുടെ ഉത്ഭവം", അദ്ധ്യായം 9

42 എംഗൽസ്, "ഫ്രാൻസിലേയും ജർമ്മനിയിലേയും കർഷകപ്രശ്നം", അദ്ധ്യായം 2.

43 1863 ഏപ്രിൽ 9–ന് മാർക്സ് എംഗൽസിനെഴുതിയ കത്ത് നേക്കുക.

44 മാർക്സ്, "തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം", 5

45 1851 ഫെബ്രുവരി 5–ന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക

46 1857 ഡിസംബർ 17–ന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക.

47 1858 ഒക്ടോബർ 7–ന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക.

Scanned by CamScanner

48 1863 ഏപ്രിൽ 8–ന് എംഗൽസ് മാർക്സിനെഴുതിയ കത്ത് നോക്കുക.
49 1863 ഏപ്രിൽ 9–ന് മാർക്സ് എംഗൽസിനെഴുതിയ കത്തു നോക്കുക

50 *ചാർട്ടിസം*—1830—40' കളിൽ ഇംഗ്ലണ്ടിലുണ്ടായ. ചരിത്രത്തിലെ ആദ്യത്തെ തൊഴിലാളിവർഗബഹുജനപ്രസ്ഥാനം, സാർവത്രിക വോട്ടവകാശം തുടങ്ങിയ ആവശ്യങ്ങളടങ്ങുന്ന ഒരു ജനകീയചാർട്ടർ ആ പ്രസ്ഥാനക്കാർ പ്രസിദ്ധീകരിക്കുകയും അവയ്ക്കുവേണ്ടി പൊരുതുകയും ചെയ്തു. കുറെ വർഷങ്ങളടുപ്പിച്ച് ദശലക്ഷക്കണക്കിന് തൊഴിലാളികളും കൈവേലക്കാരും പങ്കെടുത്ത യോഗങ്ങളും പ്രകടനങ്ങളും രാജ്യത്തൊട്ടാകെ നടന്നു. ആ പ്രസ്ഥാനം അടിച്ചമർത്തപ്പെട്ടെങ്കിലും സാർവദേശീയ തൊഴിലാളിപ്രസ്ഥാനത്തിന്റെ അനന്തരവികാസഗതിയിൽ ചാർട്ടിസം ചെലുത്തിയ സ്വാധീനം അനല്പമായിരുന്നു.2

51 1866 ഏപ്രിൽ 2 ന് മാർക്സ് എംഗൽസിനെഴുതിയ കത്തു നോക്കുക.

52 1869 നവംബർ 19 ന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക.

53 1881 ആഗസ്റ്റ് 11–ാംന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക.

54 മാർക്സ്, എംഗൽസ്, "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ", അദ്ധ്യായം 6

55 1815 തൊട്ട് ആസ്ട്രിയയുടേയും പ്രഷ്യയുടേയും റഷ്യയുടേയും സംയുക്തനിയന്ത്രണത്തിലായിരുന്ന ക്രാക്കൊവ് റിപ്പബ്ലിക്കിൽ നടന്ന ദേശീയവിമോചന ജനാധിപത്യകലാപത്തെക്കുറിച്ചാണ് പരാമർശം. കലാപകാരികൾ സ്ഥാപിച്ച ദേശീയഗവൺമെന്റ് ഫ്യൂഡൽ തൊഴിൽ സേവനം നിർത്തലാക്കിക്കൊണ്ടും ഭൂമി സൗജന്യമായി കൃഷിക്കാർക്ക് വിട്ടുകൊടുക്കാമെന്ന ഉറപ്പു നൽകിക്കൊണ്ടും ഒരു പ്രകടന പ്രത്രിക പുറപ്പെടുവിക്കുകയുണ്ടായി. മറ്റ് വിജ്ഞാപനങ്ങൾ വഴി അത് ദേശീയപണിശാലകൾ സ്ഥാപിക്കുന്നതായും അവയിലെ കൂലി നിരക്കുകൾ വർദ്ധിപ്പിക്കുന്നതായും പൗരസമത്വം ഏർപ്പെടുത്തുന്നതായും പ്രഖ്യാപിച്ചു. എങ്കിലും അധികം താമസിയാതെ കലാപം അടിച്ചമർത്തപ്പെട്ടു.

56 മാർക്സ്, "ബുർഷ്വാസിയും പ്രതിവിപ്ലവവും", അദ്ധ്യായം 2.

57 1856 ഏപ്രിൽ 16–ന് മാർക്സ് എംഗൽസിനെഴുതിയ കത്തു നോക്കുക.

Scanned by CamScanner

58 1865 ജനുവരി 27–ന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക.
59 1865 ഫെബ്രുവരി 5–ന് എംഗൽസ് മാർക്സിനെഴുതിയ കത്തു നോക്കുക

60 *യുങ്കർ* —പ്രഭുവർഗത്തിൽപ്പെട്ട പ്രഷ്യൻ ഭുവുടമ.
61 1863 ജൂൺ 11 1863 നവംബർ 24, 1864 സെപ്തംബർ 4, 1865 ജനുവരി
62 1871 ഏപ്രിൽ 12 ന്മാർക്സ് കുഗൽസ്മാന് എഴുതിയ കത്തു നോക്കുക
27, 1867 ഒക്ടോബർ 22, 1867 ഡിസംബർ 6, എന്നീ തീയതികളിൽ എംഗൽസ് മാർക്സിനെഴുതിയ കത്തുകളും 1863 ജൂൺ 12, 1864 ഡിസംബർ 10, 1865 ഫെബ്രുവരി 3, 1867 ഡിസംബർ 17, എന്നീ തിയതികളിൽ മാർക്സ് എംഗൽസിനെഴുതിയ കത്തുകളും നോക്കുക.
63 *സോഷ്യലിസ്റ്റ് വിരുദ്ധനിയമം* ——ജർമ്മനിയിലെ തൊഴിലാളിപ്രസ്ഥാനത്തേയും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തേയും അടിച്ചമർത്താൻ വേണ്ടി ബിസ്മാർക്കിന്റെ ഗവൺമെന്റ് 1878 ൽ ഏർപ്പെടുത്തിയ നിയമം. ഈ നിയമമനുസരിച്ച് സോഷ്യൽ ഡെമോക്രാറ്റിക് പാർടിയുടെ എല്ലാസംഘടനകളും തൊഴിലാളികളുടെ ബഹുജനസംഘടനകളും തൊഴിലാളിപ്പത്രങ്ങളും നിരോധിക്കപ്പെട്ടു. സോഷ്യലിസ്റ്റ് സാഹിത്യം കണ്ടുകെട്ടപ്പെട്ടു. സോഷ്യൽഡെമോക്രാറ്റുകാർ വേട്ടയാടപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. കുടുതൽ കുടുതൽ ശക്തിപ്പെട്ടുവന്ന തൊഴിലാളിപ്രസ്ഥാനത്തിന്റെ സമർദ്ദഫലമായി 1890–ൽ പ്രസ്തുതനിയമം റദ്ദാക്കി.

64 1877 ജുലൈ 23, 1877 ആഗസ്റ്റ് 1, 1879 സെപ്തംബർ 10 എന്നീ തീയതികളിൽ മാർക്സ് എംഗൽസിനെഴുതിയ കത്തുകളും 1879 ആഗസ്റ്റ് 20, 1879 സെപ്തംബർ 9, എന്നീ തീയതികളിൽ എംഗൽസ് മാർക്സിനെഴുതിയ കത്തുകളും നോക്കുക.

65 റഷ്യൻ കവി എൻ.എ നെക്രാസൊവ് (1821—1877)എഴുതിയ "ദൊബ്രൊലുബൊവിന്റെ സ്മരണയ്ക്ക്" എന്ന കവിതയിലെ വരികൾ.
66 എംഗൽസ്, "ജർമ്മനിയിലെ കർഷകയുദ്ധം" എന്ന കൃതിക്കുള്ള മുഖവുര.

67 ("ജർമ്മൻ-ഫ്രഞ്ച് ശബ്ദകോശം എന്ന പത്രികയെക്കുറിച്ചാണ് പരാമർശം. "അർത്ഥശാസ്ത്രനിരുപണത്തിന്റെ രുപരേഖകൾ " എന്ന പേരിൽ എംഗൽസ് എഴുതിയ ഒരു ലേഖനം അതിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

68 എംഗൽസിന്റെ "ആന്റിഡ്യുറിംഗ് " എന്ന കൃതിയെക്കുറിച്ചാണ് പരാമർശം.

69 " ആന്റിഡ്യുറിംഗി" ലെ മുന്ന് അദ്ധ്യായങ്ങളുടെ

Scanned by CamScanner

അടിസ്ഥാനത്തിലുള്ള " സോഷ്യലിസം—സാങ്കല്പികവും ശാസ്ത്രീയവും" എന്ന എംഗൽസിന്റെ കൃതിയുടെ റഷ്യൻ പതിപ്പ് 1892—ൽ പ്രസിദ്ധീകരിച്ചത് ഈ പേരിലാണ്.5

70 എംഗൽസ്, "ലുദ്‌വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിന്റെ അന്ത്യവും. "

71 "സൊത്സിയാൽ ദെമൊക്രാറ്റി'ന്റെ ആദ്യത്തെ രണ്ട് ലക്കങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട " റഷ്യൻ സാറിസത്തിന്റെ വിദേശനയം" എന്ന എംഗൽസിന്റെ ലേഖനത്തെക്കുറിച്ചാണ് പരാമർശം.

"സൊത്സിയാൽ ദെമൊക്രാറ്റ്"—1890—92 കാലത്ത് റഷ്യൻ മാർക്സിസ്റ്റുകളുടെ "തൊഴിലാളി വിമോചന "ഗ്രൂപ്പ് ലണ്ടനിൽനിന്നും ജനീവയിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ സാഹിത്യ-രാഷ്ട്രീയ സമീക്ഷ. റഷ്യയിൽ മാർക്സിസ്റ്റാശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചു. ആകെ നാലു ലക്കങ്ങളിറങ്ങി.

72 " പാർപ്പിടപ്രശ്നം " എന്ന എംഗൽസിന്റെ ലേഖനത്തെക്കുറിച്ചാണ് പരാമർശം.

73 " റഷ്യയിലെ സാമൂഹ്യബന്ധങ്ങളെപ്പറ്റി" എന്ന എംഗൽസിന്റെ ലേഖനവും അതിനുള്ള അനുബന്ധവും "റഷ്യയെപ്പറ്റി ഫ്രെഡറിക് എംഗൽസ്" (ജനീവ, 1894) എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു.

74 എംഗൽസിന്റെ നിർദ്ദേശത്തിനനുസൃതമായി "മൂലധനത്തിന്റെ നാലാം വാള്യം " എന്ന് ലെനിൻ പരാമർശിക്കുന്നത് 1862—63-ൽ മാർക്സ് എഴുതിയ "മിച്ചമൂല്യസിദ്ധാന്തങ്ങൾ" എന്ന കൃതിയെയാണ്. "മൂലധന"ത്തിന്റെ രണ്ടാം വാള്യത്തിനുള്ള മുഖവുരയിൽ എംഗൽസ് എഴുതി: "രണ്ടും മൂന്നും വാള്യങ്ങളിൽ പ്രതിപാദിച്ചുകഴിഞ്ഞിട്ടുള്ള നിരവധി ഭാഗങ്ങൾ വിട്ടുകളഞ്ഞുകൊണ്ട് ഈ കയ്യെഴുത്തുപ്രതിയുടെ വിമർശനപരമായ ഭാഗം 'മൂലധന'ത്തിന്റെ നാലാം വാള്യമായി പ്രസിദ്ധീകരിക്കണമെന്നാണ് എന്റെ ഉദ്ദേശം." എന്നാൽ നാലാം വാള്യം പ്രസ്സിലേക്കയക്കുന്നതിന് തയ്യാറാക്കാൻ കഴിയുംമുമ്പ് എംഗൽസ് അന്തരിച്ചു.. "മിച്ചമൂല്യസിദ്ധാന്തങ്ങൾ" ആദ്യമായി എഡിറ്റുചെയ്ത് 1905 ലും 1910 ലും ജർമ്മൻ ഭാഷയിൽ പ്രസിദ്ധപ്പെടുത്തിയത് കൗടസ്കിയാണ്. മാർക്സിസത്തിന്റെ പല പ്രമേയങ്ങളും അതിൽ വളച്ചൊടിക്കപ്പെട്ടിരുന്നു. 1955—61 ൽ സി.പി.എസ്സ്.യു കേന്ദ്രകമ്മിറ്റിയുടെ കീഴിലുള്ള മാർക്സിസം—ലെനിനിസം ഇൻസ്റ്റിറ്റ്യൂട്ട് "മിച്ചമൂല്യസിദ്ധാന്തങ്ങൾ" ("മൂലധന"ത്തിന്റെ നാലാം വാള്യം) പ്രസിദ്ധീകരിച്ചു. 1862—63 ലെ കയ്യെഴുത്ത്പ്രതി അനുസരിച്ചുള്ള ആദ്യത്തെ പതിപ്പായിരുന്നു അത്.

75 1884 ഒക്ടോബർ 15 ന് എംഗൽസ് വൈ.എഫ്.ബേക്കറിന് എഴുതിയ കത്ത്.

76 മാർക്സ്, "ഇന്റർനാഷനൽ വർക്കിംഗ് മെൻസ് അസോസിയേഷന്റെ

Scanned by CamScanner

നിയമാവലി'';എംഗൽസ്, "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യുടെ 1890—ലെ ജർമ്മൻ പതിപ്പിനുള്ള മുഖവുര

77 മാർക്സിന്റെ മുപ്പതാം ചരമവാർഷികത്തിൽ ലെനിൻ എഴുതിയ ലേഖനമാണ് ഇത്.

78 എംഗൽസിന്റെ "ലുദ്വിഗ് ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ തത്വശാസ്ത്രത്തിന്റെ അന്ത്യവും", എംഗൽസിന്റെ ''ആന്റിഡ്യൂറിംഗ്", മാർക്സിന്റേയും എംഗൽസിന്റേയും "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" എന്നീ കൃതികളെക്കുറിച്ചാണ് പരാമർശം.

79 റഷ്യയിലെ ബുർഷ്വാജനാധിപത്യവിപ്ലവത്തിന്റെ കാലഘട്ടമായിരുന്ന 1900-1907 ന്റേയും വിപ്ലവത്തിന്റെ പരാജയത്തെത്തുടർന്ന് നിലവിൽ വന്ന പിന്തിരിപ്പൻ വാഴ്ചയുടെ കാലഘട്ടമായ 1907—1910 നേയുമാണ് ലെനിൻ പരാമർശിക്കുന്നത്.

80 *ദുമ* — 1905—07ലെ വിപ്ലവത്തിന്റെ ഫലമായി സാറിസ്റ്റ്റഷ്യയിൽ വിളിച്ചുകൂട്ടപ്പെട്ട ജനപ്രതിനിധിസഭ. ഔപചാരികമായി ദുമ നിയമനിർമ്മാണസഭയായിരുന്നെങ്കിലും ഫലത്തിൽ അതിന് യാതൊരു അധികാരവുമില്ലായിരുന്നു.ദുമയിലേക്കുള്ള തിരഞ്ഞെടുപ്പ് നേരിട്ടുള്ളതോ തുല്യാടിസ്ഥാനത്തിലുള്ളതോ സാർവത്രികമോ ആയിരുന്നില്ല.

81 ''*വേഹി* —പ്രതിവിപ്ലവ ലിബറൽ ബുർഷ്വാസിയെ പ്രതിനിധീകരിച്ച പ്രമുഖ പത്രലേഖരുടെ ഒരു ലേഖനസമാഹാരം. 1909 ൽ മോസ്ക്കോയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ആ ലേഖനങ്ങളിൽ അവർ റഷ്യൻ വിമോചനപ്രസ്ഥാനത്തിന്റെ വിപ്ലവജനാധിപത്യ പാരമ്പര്യങ്ങളെ താറടിച്ചുകാണിക്കാൻ ശ്രമിക്കുകയും 1905-ലെ വിപ്ലവപ്രസ്ഥാനത്തെ അപലപിക്കുകയും ''ബയനറ്റുകളും ജയിലുകളും കൊണ്ട്" ബുർഷ്വാസിയെ "ജനരോഷ"ത്തിൽനിന്ന് രക്ഷിച്ചതിന് സാറിസ്റ്റ് ഗവൺമെന്റിനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

82 പിന്തിരിപ്പൻ ഭുവുടമകളിൽപ്പെട്ട അങ്ങേയറ്റത്തെ വലതുപക്ഷക്കാരെ വിശേഷിപ്പിക്കാൻ റഷ്യൻ രാഷ്ട്രീയസാഹിത്യത്തിൽ ഉപയോഗിച്ചുവന്ന പേര്.

83 ''*ഒത്സോവിസം*" ("ഒത്സൊസ്വാത്"(തിരിച്ചുവിളിക്കുക)എന്ന റഷ്യൻ വാക്കിൽനിന്നു വന്നത്)—1905-07-ലെ വിപ്ലവത്തിന്റെ പരാജയത്തെത്തുടർന്ന് ഒരു വിഭാഗം ബോൾഷെവിക്കുകളുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട ഒരു അവസരവാദപ്രവണത. പിന്തിരിപ്പത്തിന്റെ സാഹചര്യങ്ങളിൽ പാർടി നിയമവിരുദ്ധപ്രവർത്തനം മാത്രമേ നടത്താവൂ എന്ന് ഒത്സോവിസ്റ്റുകൾ പ്രഖ്യാപിച്ചു. ദുമയിൽനിന്ന്

Scanned by CamScanner

സോഷ്യൽഡെമോക്രാറ്റിക് പ്രതിനിധികളെ തിരിച്ചുവിളിക്കണമെന്നും നിയമവിധേയവും അർദ്ധനിയമവിധേയവുമായ എല്ലാ സംഘടനകളിലേയും പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്നും അവർ ആവശ്യപ്പെട്ടു. പാർടിയുടെ എല്ലാ പ്രവർത്തനവും നിയമവിരുദ്ധ സംഘടനയുടെ ചട്ടക്കൂടിനുള്ളിൽ കേന്ദ്രീകരിക്കണമെന്നായിരുന്നു അവരുടെ അഭിപ്രായം.

ഒത്സോവിസ്റ്റുകൾ പാർടിക്ക് വലിയ ദ്രോഹം ചെയ്തു. പാർടി ബഹുജനങ്ങളിൽനിന്ന് വേറിട്ട് പോകുന്നതിലേക്കും പാർടിയെ പുതിയൊരു വിപ്ലവമുന്നേറ്റത്തിനു ശക്തി സംഭരിക്കാൻ കഴിവില്ലാത്ത ഒരു സെക്ടേറിയൻ സംഘടനയാക്കി മാറ്റുന്നതിലേക്കുമാണ് അവരുടെ നയം വഴിതെളിച്ചത് .

84 മാർക്സിന്റെ മുപ്പതാം ചരമവാർഷികത്തോടനുബന്ധിച്ചാണ് ലെനിൻ ഈ ലേഖനമെഴുതിയത്.

85 *നറോദിസം* 1860'കളുടെ അവസാനത്തിലും 70'കളുടെ തുടക്കത്തിലും റഷ്യൻ വിപ്ലവപ്രസ്ഥാനത്തിലുണ്ടായിരുന്ന ഒരു പെറ്റിബൂർഷ്വാ പ്രവണത. റഷ്യയിലെ മുതലാളിത്തം ഒരു "യാദൃച്ഛിക" പ്രതിഭാസമാണെന്നും അതിനാൽ തൊഴിലാളിവർഗത്തിന്റെ വികാസം ഉണ്ടാവുകയില്ലെന്നും നറോദ്നിക്കുകൾ വാദിച്ചു. അവർ വിപ്ലവത്തിന്റെ മുഖ്യശക്തി കർഷകരാണെന്ന് വിശ്വസിക്കുകയും കർഷകകമ്മ്യൂണിനെ സോഷ്യലിസത്തിന്റെ ബീജകേന്ദ്രമായി കരുതുകയും ചെയ്തു.

നറോദ്നിക്കുകളുടെ സോഷ്യലിസം സാങ്കല്പികസോഷ്യലിസമായിരുന്നു. അവർ സമൂഹത്തിന്റെ വസ്തുനിഷ്ഠവികാസത്തിന് പകരം ദിവാസ്വപ്നങ്ങളേയും സദ്വാഞ്ഛകളേയുമാണ് അവലംബമായെടുത്തത്.

സ്വേച്ഛാധിപത്യവാഴ്ചയ്ക്കെതിരായി കർഷകരെ സമരരംഗത്തിറക്കാൻവേണ്ടി നറോദ്നിക്കുകൾ നാട്ടുമ്പുറങ്ങളിലേക്ക്, "നറോദിന്റെ" (അതായത്, ജനങ്ങളുടെ—അങ്ങിനെയാണ് അവർക്ക് നരോദ്നിക്കുകൾ എന്ന പേർ കിട്ടിയത്) അടുത്തേക്ക്, പോയെങ്കിലും അവർക്ക് യാതൊരു പിന്തുണയും ലഭിച്ചില്ല.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സോഷ്യലിസ്റ്റ് റവലൂഷണറികളും മറ്റ് പെറ്റിബൂർഷ്വാ പാർടികളും നറോദ്നിക്കുകളുടെ ആശയങ്ങൾ അംഗീകരിച്ചു.

86 ബേൺഷ്ടൈനിസംസോഷ്യൽഡെമോക്രസിയിലെ ഒരു മാർക്സിസ്റ്റ് വിരുദ്ധ അവസരവാദപ്രവണത.19-ാം നൂറ്റാണ്ടൊടുവിൽ ജർമ്മനിയിൽ ആവിർഭവിച്ച ഈ പ്രവണതയക്ക് അതിന്റെ പേർ കിട്ടിയത് റിവിഷനിസത്തിന്റെ ഏറ്റവും കടുത്ത വക്താവായ എഡ്വാർഡ് ബേൺഷ്ടൈനിൽനിന്നാണ്.

1896-98 ൽ ജർമ്മൻ സോഷ്യൽഡെമോക്രാറ്റിക് പാർടിയുടെ

Scanned by CamScanner

താത്വികമുഖപത്രമായ "നോയെ സൈറ്റ്" ബേൺഷടൈന്റെ ഒരു ലേഖനപരമ്പര പ്രസിദ്ധീകരിക്കുകയുണ്ടായി. വിപ്ലവ മാർക്സിസത്തിന്റെ ദാർശനികവും സാമ്പത്തികവും രാഷ്ട്രീയവുമായ അടിസ്ഥാനപ്രമാണങ്ങൾ തിരുത്തിയെഴുതണമെന്ന പരസ്യമായ ഒരു ആഹ്വാനമാണ് അവയിലടങ്ങിയിരുന്നത്. വർഗസമരം, മുതലാളിത്തത്തിന്റെ നാശത്തിന്റെ അനിവാര്യത, സോഷ്യലിസ്റ്റ് വിപ്ലവം, തൊഴിലാളിവർഗസർവാധിപത്യം, എന്നിവയെക്കുറിച്ചുള്ള മാർക്സിസ്റ്റ് അനുശാസനങ്ങളെ ബേൺഷെടൻ നിഷേധിച്ചു. തൊഴിലാളി പ്രസ്ഥാനത്തിന്റെ ഒരേയൊരു കടമ മുതലാളിത്തത്തിൻകീഴിൽ തൊഴിലാളി കളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനെ ലാക്കാക്കിയുള്ള പരിഷ്ക്കാരങ്ങൾക്കുവേണ്ടിയുള്ള സമരമാണെന്ന് കരുതിയ ബേൺഷടൈൻ "പ്രസ്ഥാനമാണ് എല്ലാം, അന്തിമലക്ഷ്യം ഒന്നുമല്ല" എന്ന അവസരവാദപരമായ ഫോർമുല മുന്നോട്ടു വച്ചു. ബേൺഷെ്ടന്റേയും അനുയായികളുടേയും സൈദ്ധാന്തിക വീക്ഷണങ്ങളും അവസരവാദപരമായ പ്രായോഗികപ്രവർത്തനങ്ങളും തൊഴിലാളി വർഗത്തിന്റെ താല്പര്യങ്ങളെ പ്രത്യക്ഷമായി വഞ്ചിക്കുന്നതിലാണ് ചെന്നെത്തിയത്.

87 *സോഷ്യലിസ്റ്റ് റവലുഷണറികൾ* – വിവിധ നറോദ്നിക്ക് ഗ്രുപ്പുകളും വൃത്തങ്ങളും ലയിച്ചുചേർന്നതിന്റെ ഫലമായി 1901 അവസാനത്തിലും 1902 ആരംഭത്തിലും റഷ്യയിൽ രൂപീകൃതമായ ഒരു പെറ്റിബൂർഷ്വാ പാർടി. നറോദിസത്തിന്റേയും റിവിഷനിസത്തിന്റെയും സമ്മിശ്രമായിരുന്നു സോഷ്യലിസ്റ്റ് റവലുഷണറികളുടേയും വീക്ഷണം. അവർ തൊഴിലാളിവർഗവും ചെറുകിട സ്വത്തുടമകളും തമ്മിലുള്ള വ്യത്യാസം കണ്ടില്ല. കർഷകർക്കിടയിലെ വർഗപരമായ ചേരിതിരിവുകളും വൈരുദ്ധ്യങ്ങളും മുടിവെച്ചു, വിപ്ലവത്തിൽ തൊഴിലാളിവർഗത്തിനുള്ള നേതൃത്വപരമായ പങ്ക് നിഷേധിച്ചു. സ്വേച്ഛാധിപത്യ വാഴ്ചയ്ക്കെതിരായ മുഖ്യസമരമാർഗമായി അവർ കൈക്കൊണ്ട വ്യക്തിപരമായ ഭീകരപ്രവർത്തനമെന്ന അടവ് വിപ്ലവപ്രസ്ഥാനത്തിന് വമ്പിച്ച ഹാനി വരുത്തിവയ്ക്കുകയും വിപ്ലവസമരത്തിനുവേണ്ടി ബഹുജനങ്ങളെ സംഘടിപ്പിക്കുകയെന്ന ജോലി കൂടുതൽ വിഷമകരമാക്കിത്തീർക്കുകയും ചെയ്തു.

ഭൂമിയിൽ സ്വകാര്യസ്വത്തുടമസ്ഥത അവസാനിപ്പിക്കുക, ഭൂമി കമ്മ്യൂണിന്റെ വരുതിയിലാക്കുകയും കർഷകർക്കിടയിൽ തുല്യമായി പങ്കിടുകയും ചെയ്യുക–ഇതായിരുന്നു സോഷ്യലിസ്റ്റ് റവലുഷണറികളുടെ കാർഷിക പരിപാടി. ഈ നടപടികൾക്ക് അവർ ഭൂമിയുടെ "സമൂഹവൽക്കരണ" മെന്നു പേരിട്ടു. എന്നാൽ അവരുടെ പരിപാടിയുടെ സാക്ഷാൽക്കരണം സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തെ കുറിക്കുകയില്ലെന്ന് ലെനിൻ ചൂണ്ടിക്കാട്ടി. കാരണം, ഭൂമിയിൽ മാത്രം സ്വകാര്യസ്വത്തുടമസ്ഥത അവസാനിപ്പിക്കുന്നതിലൂടെ മൂലധനവാഴ്ചയോ ബഹുജനദാരിദ്ര്യമോ ഇല്ലായ്മചെയ്യാൻ സാദ്ധ്യമല്ല. മൂലധനത്തെ സമൂഹവൽക്കരിക്കാതെ ഭൂമി "സമൂഹവൽക്കരിക്കാ"മെന്ന ആശയവും മൂലധനത്തേയും ചരക്കുല്പാദന വ്യവസ്ഥയേയും നിലനിർത്തിക്കൊണ്ട് സമത്വീകരണാടി

Scanned by CamScanner

സ്ഥാനത്തിലുള്ള വസ്തുനടപ്പ് കൈവരുത്താമെന്ന ആശയവും ചിന്താക്കുഴപ്പമല്ലാതെ മറ്റൊന്നുമല്ലെന്ന് ലെനിൻ പറഞ്ഞു.

88 *അഭിനവകാന്റിയന്മാർ*–19–ം നൂറ്റാണ്ടിന്റെ നടുവിൽ ജർമ്മനിയിൽ ഉയർന്നുവന്ന ഒരു ദാർശനികപ്രവണത. "കാന്റിലേക്കു മടങ്ങുക" എന്ന മുദ്രവാക്യം മുന്നോട്ടുവച്ചുകൊണ്ട് അഭിനവകാന്റിയന്മാർ കാന്റിന്റെ ആശയവാദത്തെ പുനരുജ്ജീവിപ്പിക്കുകയും വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരമായ ഭൗതികവാദത്തിനെതിരായി പൊരുതുകയും ചെയ്തു. ജർമ്മൻ സോഷ്യൽഡെമോക്രാറ്റിക് പാർടിയിലെ അഭിനവകാന്റിയന്മാർ (ബേൺഷ്ടൈൻ, ഷ്മിഡ്ത്ത് തുടങ്ങിയവർ) മാർക്സിസ്റ്റ് തത്വശാസ്ത്രത്തേയും സാമ്പത്തികശാസ്ത്രത്തേയും വർഗസമരത്തെക്കുറിച്ചും തൊഴിലാളി വർഗസർവാധിപത്യത്തെക്കുറിച്ചുമുള്ള മാർക്സിന്റെ സിദ്ധാന്തങ്ങളേയും തിരുത്തിയെഴുതി.

89. "മൂലധന"ത്തിന്റെ ഒന്നാം വാല്യം, രണ്ടാം ജർമ്മൻ പതിപ്പിനുള്ള അനന്തരക്കുറിപ്പ്.

90. ഇതു കഴിഞ്ഞ് അധികം താമസിയാതെയാണ് "ഭൗതികവാദവും അനുഭവമാത്ര വിമർശനവാദവും" എന്ന ഗ്രന്ഥം ലെനിൻ എഴുതിയത്. അത് 1909 മേയിൽ പ്രസിദ്ധീകൃതമായി. പ്രസ്തുതഗ്രന്ഥത്തിൽ ലെനിൻ ബൊഗ്ദാവിനേയും മറ്റു റിവിഷനിസ്റ്റുകളെയും അവരുടെ ദാർശനികാചര്യന്മാരായ അവനാറിയസ്സിനേയും മാഹിനേയും നിശിതമായി വിമർശിക്കുകയുണ്ടായി. അദ്ദേഹം മാർക്സിസത്തിന്റെ സൈദ്ധാന്തിക അടിസ്ഥാനപ്രമാണങ്ങളെ ഉയർത്തിപ്പിടിക്കുകയും കൂടുതൽ വികസിപ്പിക്കുകയും ചെയ്തു. എംഗൽസിന്റെ മരണശേഷം ശാസ്ത്രരംഗത്ത്, സർവ്വോപരി പ്രകൃതിശാസ്ത്രങ്ങളുടെ തുറയിൽ, ഉണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങൾക്കും അദ്ദേഹം ഭൗതികവാദപരമായ ഒരു സാമാന്യവൽക്കരണം നൽകി.

91. 1871 ലെ പാരീസ് കമ്മ്യൂണിനെപ്പറ്റിയും, 1905–07–ലെ റഷ്യൻ വിപ്ലവത്തിന്റെ പരമോന്നതഘട്ടത്തെക്കുറിച്ചുകൊണ്ട് 1905 ഡിസംബറിൽ മോസ്ക്കോയിലും മറ്റു നഗരങ്ങളിലും നടന്ന സായുധകലാപത്തെപ്പറ്റിയുമാണ് പരാമർശം.

92 *കാഡറ്റുകൾ* (കോൺസ്റ്റിറ്റ്യൂഷനൽ ഡെമോക്രാറ്റിക് പാർടി)–റഷ്യയിലെ ലിബറൽ രാജാധിപത്യബൂർഷ്വാസിയുടെ പ്രമുഖകക്ഷി. 1905 ഒക്ടോബറിൽ രൂപീകൃതമായി. ബൂർഷ്വാസിയുടേയും ഭൂവുടമകളുടേയും ബൂർഷ്വാബുദ്ധിജീവികളുടേയും പ്രതിനിധികളാണ് അതിലുണ്ടായിരുന്നത്.

93. *മില്യെറാനിസം* –സോഷ്യൽഡെമോക്രാറ്റിക് പ്രസ്ഥാനത്തിനകത്തെ ഒരു അവസരവാദപ്രവണത. 1899–ൽ ഫ്രാൻസിലെ പിന്തിരിപ്പൻ ബൂർഷ്വാ ഗവൺമെന്റിൽ ചേരുകയും അതിന്റെ ജനവിരുദ്ധനയങ്ങളെ പിന്താങ്ങുകയും ചെയ്ത ഫ്രഞ്ച് സോഷ്യലിസ്റ്റും പരിഷ്ക്കരണവാദിയുമായ മില്യെറാനിൽനിന്നാണ്

Scanned by CamScanner

ഈ പ്രവണതയക്ക് അതിന്റെ പേര് കിട്ടിയത്. മില്യെറാനിസം വിശ്വാസ വഞ്ചനയെ കുറിക്കുന്ന റിവിഷനിസമാണെന്ന് ലെനിൻ ചൂണ്ടിക്കാട്ടി. ബൂർഷ്വാഗവൺമെന്റുകളിൽ പങ്കെടുക്കുന്ന പരിഷ്കരണവാദികളായ സോഷ്യലിസ്റ്റുകൾ മുതലാളിമാരുടെ കുതന്ത്രങ്ങൾക്കുള്ള മുടുപടമായും പ്രസ്തുതഗവൺമെന്റുകൾക്ക് ബഹുജനങ്ങളെ കബളിപ്പിക്കാനുള്ള സൗകര്യപ്രദമായ ഒരു ആയുധമായുമാണ് വർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

94. *യാഥാസ്ഥിതികർ*-മാർക്സിസത്തെ തിരുത്തിയെഴുതുന്നതിനെ എതിർത്ത ജർമ്മൻ സോഷ്യൽഡെമോക്രാറ്റുകാരെക്കുറിച്ചാണ് പരാമർശം.

95. *ഗേദിസ്റ്റുകൾ*-ജൂൾ ഗേദിന്റേയും പോൾ ലഫാർഗിന്റേയും അനുയായികൾ. 19-ാം നൂറ്റാണ്ടൊടുവിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർടിയിലുണ്ടായിരുന്ന ഒരു വിപ്ലവമാർക്സിസ്റ്റ് പ്രവണതയെയാണ് അവർ കുറിച്ചത്.

1901 ൽ ഗേദിന്റെ നേതൃത്വത്തിലുള്ള വിപ്ലവവർഗസമരാനുകൂലികൾ ഫ്രാൻസിലെ സോഷ്യലിസ്റ്റ് പാർടി രൂപീകരിച്ചു (അതിന്റെ സ്ഥാപകന്റെ നാമത്തെ ആസ്പദമാക്കി ആ പാർടിയിലെ അംഗങ്ങൾ ഗേദിസ്റ്റുകളെന്ന പേരിൽ അറിയപ്പെട്ടു).

1905 ൽ ഗേദിസ്റ്റുകൾ പരിഷ്കരണവാദസ്വഭാവമുള്ള ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർടിയുമായി ഒന്നിച്ചു ചേർന്നു.

*ജൊറേസിസ്റ്റുകൾ* - ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ പരിഷ്കരണവാദ വലതുപക്ഷത്തിന്റെ നേതാവായ ജാൻ ജൊറേസിന്റെ അനുയായികൾ. 1902 ൽ അവർ പരിഷ്കരണവാദ സ്വഭാവമുള്ള ഫ്രഞ്ച് സോഷ്യലിസ്റ്റ്പാർടി രൂപീകരിച്ചു.

*ബ്രുസിസ്റ്റുകൾ* (സാദ്ധ്യതാവാദികൾ) (ബ്രൂസ്സ്, മലോൺ തുടങ്ങിയവർ)-1880' കളിൽ ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ ഉയർന്നുവെന്ന ഒരു പെറ്റിബൂർഷ്വാ പരിഷ്കരണവാദ പ്രവണത. തൊഴിലാളിവർഗത്തിന് ഒരു വിപ്ലവപരിപാടിയും വിപ്ലവകരമായ അടവും ആവശ്യമില്ലെന്ന് വാദിച്ച സാദ്ധ്യതാവാദികൾ തൊഴിലാളി പ്രസ്ഥാനത്തിന്റെ സോഷ്യലിസ്റ്റ് ലക്ഷ്യങ്ങളുടെനേരെ കണ്ണടയ്ക്കുകയും തൊഴിലാളികളുടെ സമരത്തെ "സാദ്ധ്യമായ" തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്തണമെന്ന് ശഠിക്കുകയും ചെയ്തു.(അങ്ങിനെയാണ് അവർക്ക് ഈ പേര് വന്നത്)

പിൽക്കാലത്ത് ഈ സാദ്ധ്യതാവാദികളിൽ ഭൂരിപക്ഷം പേരും പരിഷ്ക്കരണവാദസ്വഭാവമുള്ള ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർടിയിൽ ചേർന്നു.

96 *സോഷ്യൽഡെമോക്രാറ്റിക് ഫെഡറേഷൻ* - 1884 ൽ ഇംഗ്ലണ്ടിൽ സ്ഥാപിതമായി. പരിഷ്കരണവാദികൾക്കും അരാജകത്വ വാദികൾക്കും പുറമേ, ബ്രിട്ടീഷ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇടതുപക്ഷമായി വർത്തിച്ച, മാർക്സിസ്റ്റനുകൂലികളായ വിപ്ലവസോഷ്യൽഡെമോക്രാറ്റുകാരും അതിലുണ്ടായിരുന്നു. 1907 ൽ ഈ സംഘടന സോഷ്യൽഡെമോക്രാറ്റിക് പാർടി എന്ന പേര്

Scanned by CamScanner

സ്വീകരിച്ചു. 1911 ൽ അതും ഇൻഡിപ്പെൻഡന്റ് ലേബർ പാർടിയിലെ ഇടതുപക്ഷവും ലയിച്ചുചേർന്നതിന്റെ ഫലമായി ബ്രിട്ടീഷ് സോഷ്യലിസ്റ്റ് പാർടി രൂപീകൃതമായി. 1920 ൽ ഗ്രേറ്റ് ബ്രിട്ടനിലെ കമ്മ്യൂണിസ്റ്റ് പാർടി രൂപീകരിക്കുന്നതിൽ ഈ പാർടിയും കമ്മ്യൂണിസ്റ്റ് ഐക്യഗ്രൂപ്പും സുപ്രധാനമായ ഒരു പങ്ക് വഹിക്കുകയുണ്ടായി.

*ഇൻഡിപ്പെൻഡന്റ് ലേബർ പാർടി* – 1893 ൽ സ്ഥാപിതമായ ബ്രിട്ടനിലെ ഒരു പരിഷ്ക്കരണവാദിസംഘടന, "പുതിയ ട്രേഡ് യൂണിയനുകളി" ലേയും ഏതാനും പഴയ ട്രേഡ് യൂണിയനുകളിലേയും അംഗങ്ങളും ബുദ്ധിജീവികളുടേയും പെറ്റിബൂർഷ്വാസിയുടേയും പ്രതിനിധികളുമാണ് അതിലുണ്ടായിരുന്നത്. ബൂർഷ്വാ പരിഷ്കരണവാദനയം അനുവർത്തിച്ചുവന്ന ഈ കക്ഷി അതിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചത് പാർലമെന്ററി രൂപത്തിലുള്ള സമരത്തിലും ലിബറൽ പാർടിയുമായി പാർലമെന്ററി കരാറുകളിലേർപ്പെടുന്നതിലുമായിരുന്നു. "യഥാർത്ഥത്തിൽ ബൂർഷ്വാസിയെ എപ്പോഴും ആശ്രയിച്ചുനിന്നിട്ടുള്ള" ഒരു പാർടിയായിട്ടാണ് ലെനിൻ അതിനെ വിശേഷിപ്പിച്ചത്. അത് "സ്വതന്ത്രമായിട്ടുള്ളത് സോഷ്യലിസത്തിൽ നിന്നു മാത്രമാണെ"ന്നും ലിബറലിസത്തോട് അതിന് വളരെയേറെ ആശ്രിതത്വമുണ്ടെ"ന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

97 ബൽജിയൻ വർക്കേഴ്സ് പാർടിയിൽ ബ്രൂക്കറും അദ്ദേഹത്തിന്റെ പക്ഷക്കാരും സോഷ്യലിസ്റ്റുകൾ പിന്തിരിപ്പൻ ബൂർഷ്വാ ഗവൺമെന്റുകളിൽ പങ്കെടുക്കുന്നതിനെ എതിർക്കുകയും ബൽജിയൻ റിവിഷനിലിസ്റ്റുകളുടെ നേതാവായ വാൻഡർവെൽഡെയ്ക്കെതിരായി പോരാടുകയും ചെയ്തു.

98 *ഇൻറഗ്രലിസ്റ്റുകൾ* –"ഇൻറഗ്രൽ"(സമഗ്ര) സോഷ്യലിസ സിദ്ധാന്തക്കാർ, പെറ്റിബൂർഷ്വാസോഷ്യലിസത്തിന്റെ ഒരു വകഭേദത്തെകുറിച്ച ഇവരുടെ നേതാവ് എൻറിക്കൊ ഫെറി ആയിരുന്നു. അങ്ങേയറ്റത്തെ അവസരവാദപരമായ നിലപാടെടുക്കുകയും പിന്തിരിപ്പൻ ബൂർഷ്വാസിയുമായി സഹകരിക്കുകയും ചെയ്ത പരിഷ്കരണവാദികൾക്കെതിരായി 1900'കളിൽ അവർ പല പ്രശ്നങ്ങളിലും സമരം ചെയ്തു.

99 *ബോൾഷെവിക്കുകളും മെൻഷെവിക്കുകളും* – റഷ്യൻ സോഷ്യൽഡെമോക്രാറ്റുകാർ. 1903 ൽ നടന്ന രണ്ടാം കോൺഗ്രസ്സിൽ വച്ച് ആർ.എസ്സ്. ഡി. എൽ.പി. രണ്ടായി പിളർന്നു. ലെനിന്റെ അനുകൂലികളായ അടിയുറച്ച വിപ്ലവകാരികൾ ഒരു പക്ഷവും അവസരവാദികൾ മറുപക്ഷവുമായി.

പാർടിയുടെ കേന്ദ്രമുഖപത്രങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിപ്ലവസോഷ്യൽഡെമോക്രാറ്റുകൾക്ക് വോട്ടുകളുടെ ഭൂരിപക്ഷവും (റഷ്യനിൽ "ബോൾഷിൻസ്ത്വൊ") കിട്ടി. അങ്ങിനെയാണ് അവർക്ക് ബോൾഷെവിക്കുകളെന്നും മെൻഷെവിക്കുകളെന്നും പേരുകൾ കിട്ടിയത്.

മെൻഷെവിക്കുകൾ പാർടിയുടെ വിപ്ലവപരിപാടിയേയും വിപ്ലവത്തിൽ തൊഴിലാളിവർഗനേതൃത്വത്തേയും തൊഴിലാളി-കർഷകസഖ്യത്തേയും എതിർത്തു. ലിബറൽ ബൂർഷ്വാസിയുമായി

Scanned by CamScanner

സഖ്യമുണ്ടാക്കുന്നതിനെ അവർ അനുകൂലിച്ചു. 1917 ലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തെത്തുടർന്ന് അവർ സോവിയറ്റ് ഭരണത്തിനെതിരായ പ്രതിവിപ്ലവസമരത്തിൽ പങ്കെടുത്തു.

100 *"വിപ്ലവസിൻഡിക്കലിസം"* – 19–ാം നൂറ്റാണ്ടൊടുവിൽ ഏതാനും പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനത്തിൽ ഉയർന്നുവന്ന ഒരു പെറ്റിബൂർഷ്വാ അർദ്ധ—അരാജകവാദ പ്രവണത.

തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയസമരത്തിന്റേയും പാർടിയുടെ നേതൃത്വപരമായ പങ്കിന്റേയും തൊഴിലാളിവർഗ സർവാധിപത്യത്തിന്റേയും ആവശ്യകതയെ സിൻഡിക്കലിസ്റ്റുകൾ നിഷേധിച്ചു. വിപ്ലവം നടത്താതെ, തൊഴിലാളികളുടെ പൊതുപണി മുടക്കിലൂടെ ട്രേഡ്യൂണിയനുകൾക്ക് (സിൻഡിക്കേറ്റുകൾക്ക്) മുതലാളിത്തത്തെ അട്ടിമറിക്കാനും ഉല്പാദനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാനും കഴിയുമെന്ന് അവർ വിശ്വസിച്ചു.

Scanned by CamScanner

# നാമസൂചിക

ആഡ്ലർ, വിക്ടർ (Adler, 1852–1918)– ആസ്ട്രീയൻ സോഷ്യൽഡെമോക്രാറ്റിക് പാർടിയുടെ നേതാക്കളിലൊരാൾ. 1880–90 കളിൽ എംഗൽസുമായി സമ്പർക്കം പുലർത്തിയെങ്കിലും എംഗൽസിന്റെ മരണശേഷം അവസരവാദിയായി.

ആവലിംഗ്, എലിയനോർ (Aveling, 1855–1898)– ബ്രിട്ടനിലും, സാർവദേശീയ തലത്തിലുമുള്ള തൊഴിലാളിപ്രസ്ഥാനത്തിലെ പ്രമുഖ പങ്കാളി, കാറൽ മാർക്സിന്റെ കനിഷ്ഠപുത്രി, ബ്രിട്ടീഷ് സോഷ്യലിസ്റ്റായ എഡ്വാർഡ് ആവലിംഗിന്റെ പത്നി.

എപ്പിക്യൂറസ് (Epicurus, കി. മു ഉദ്ദേശം 341–270)– പ്രാചീന യവനദാർശനികൻ, ഭൗതികവാദി, നിരീശ്വരവാദി.

എംഗൽസ്, ഫ്രെഡറിക് (Engels, 1820–1895)– ശാസ്ത്രീയ കമ്മ്യൂണിസത്തിന്റെ സ്ഥാപകരിലൊരാൾ, കാറൽ മാർക്സിന്റെ സുഹൃത്തും സഹപ്രവർത്തകനും, സാർവദേശീയ തൊഴിലാളിവർഗത്തിന്റെ ആചാര്യൻ.

കാന്റ്, ഇമാനുവൽ (Kant, 1724–1804)– ജർമ്മൻ ദാർശനികൻ, ജർമ്മൻ ക്ലാസിക്കൽ ആശയവാദത്തിന്റെ സ്ഥാപകൻ, ആശയവാദത്തിന്റെയും ഭൗതികവാദത്തിന്റെയും ഒരു സങ്കലനമാണ് കാന്റിന്റെ സംജ്ഞാനസിദ്ധാന്തം.

കുഗൽമാൻ, ലുദ്‌വിഗ് (Kugelmann, 1830–1902) – ജർമ്മൻ സോഷ്യൽഡെമോക്രാറ്റ്, മാർക്സിന്റെ സുഹൃത്ത്. 1848–49–ൽ ജർമ്മനിയിൽ നടന്ന വിപ്ലവത്തിലെ പങ്കാളി. 1862 തൊട്ട് 1874 വരെ മാർക്സുമായി എഴുത്തുകുത്തു നടത്തുകയും ജർമ്മനിയിലെ സ്ഥിതിയെപ്പറ്റി അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

ഗിസൊ, ഫ്രാൻസ്വാ പേർ ഗിയോം (Guizot, 1787–1874) ഫ്രഞ്ച് ചരിത്രകാരനും രാജ്യതന്ത്രജ്ഞനും, വൻകിടബൂർഷ്വാസിയുടെ താല്പര്യങ്ങളെ പ്രകാശിപ്പിച്ചു. – 21

ഗേദ്, ജൂൺ (Gursde, 1845–1822)– ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെയും രണ്ടാം ഇന്റർനാഷണലിന്റെയും നേതാക്കളിലൊരാൾ.

ജൊറേസ്, ജാൻ (Jauries 1859–1914) – ഫ്രാൻസിലും സാർവദേശീയതലത്തിലുള്ള സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവ്. "ലുമാനിത്തെ" യുടെ സ്ഥാപകനും പത്രാധിപരും. ഫ്രഞ്ച്

Scanned by CamScanner

സോഷ്യലിസ്റ്റ് പാർടിയുടെ പരിഷ്ക്കരണവാദ വലതുപക്ഷത്തിന്റെ നേതാവ്. അതേസമയം സൈനികവാഴ്ചയ്ക്കെതിരെ വീറോടെ പൊരുതി. സൈനികമേധാവികളുടെ വാടകഘാതകനാൽ ഒന്നാം ലോകയുദ്ധത്തിനു തൊട്ടു മുമ്പ് കൊലചെയ്യപ്പെട്ടു.

ഡ്യൂറിംഗ് യൂഗൻ (Diihring, 1833–1921)– ജർമ്മൻ ദാർശനികനും ധനശാസ്ത്രജ്ഞനും, പോസിറ്റിവിസത്തിന്റേയും അതിഭൗതികവാദപരമായ ഭൗതികവാദത്തിന്റേയും ആശയവാദത്തിന്റെയും ഒരു സമ്മിശ്രമായിരുന്നു ഡ്യൂറിംഗിന്റെ തത്വശാസ്ത്രവീക്ഷണം.

ത്യെറി, ഒഗ്യുസ്റ്റെൻ (Thierry, 1795–1856)– റെസ്റ്റൊറേഷൻ കാലത്തെ ഫ്രഞ്ച് ചരിത്രകാരൻ. ചരിത്രത്തിൽ വർഗസമരങ്ങളുടെ വമ്പിച്ച പങ്ക് തന്റെ കൃതികളിൽ എടുത്തുകാട്ടി.

ത്യെർ, അഡോൽഫ് (Thier, 1797-1877) ഫ്രഞ്ച് രാജ്യതന്ത്രജ്ഞനും ചരിത്രകാരനും. ആഭ്യന്തര യുദ്ധത്തിന്റെ മുഖ്യസംഘാടകരിലൊരാൾ. പാരീസ് കമ്മ്യൂണിന്റെ ഘാതകൻ.

പ്രുദോൻ, പ്യെർ ജോസേഫ് (Proudhon, 1809-1865) – ഫ്രഞ്ച് പത്രലേഖകൻ. ധനശാസ്ത്രജ്ഞൻ. സാമുഹ്യ ശാസ്ത്രജ്ഞൻ. പെറ്റിബൂർഷ്വാസിയുടെ പ്രത്യയശാസ്ത്രജ്ഞൻ. അരാജകവാദത്തിന്റെ സ്ഥാപകരിലൊരാൾ.

പ്ലെഹാനൊവ്, ഗിയോർഗി വലന്തീനൊവിച്ച് (1856–1918) – റഷ്യയിലും സാർവദേശീയ തലത്തിലുമുള്ള തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാവ്. റഷ്യയിൽ ആദ്യമായി മാർക്സിസം പ്രചരിപ്പിച്ചയാൾ.

ആർ.എസ്സ്.ഡി.എൽ.പിയുടെ രണ്ടാം കോൺഗ്രസ്സിനു (1903) ശേഷം അവസരവാദമായി അനുരഞ്ജനമെന്ന നിലപാടെടുക്കുകയും പിന്നീട് മെൻഷെവിക്കുകളുടെ കൂടെ ചേരുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെ അനുകുലിച്ചില്ലെങ്കിലും സൊവിയറ്റ് ഭരണത്തിനെതിരായ സമരത്തിൽ പങ്കെടുത്തില്ല.

ഫോഗ്റ്റ്, കാറൽ (Vogtt, 1817–1895)– ജർമ്മൻ പ്രകൃതിശാസ്ത്രജ്ഞൻ. ഗ്രാമ്യഭൗതികവാദത്തിന്റെ മുഖ്യപ്രതിനിധികളിലൊരാൾ. പെറ്റിബുർഷ്വാ ജനാധിപത്യവാദി. തൊഴിലാളിവർഗവിപ്ലവകാരികൾക്കെതിരായി അപവാദപ്രചരണം നടത്തി.

ഫോയർബാഹ്, ലുദ്‌വിഗ് (Feuerbach, 1804–1872)–ജാർമ്മൻ ദാർശനികൻ. ഭൗതികവാദിയും നിരീശ്വരകവാദിയും. അദ്ദേഹത്തിന്റെ ദാർശനികവാദം പരിമിതവും ധ്യാനാത്മകവുമായിരുന്നെങ്കിലും അത് മാർക്സിറ്റ്തത്വശാസ്ത്രത്തിന്റെ സൈദ്ധാന്തികാടിത്തറകളിലൊന്നായിരുന്നു.

ബക്കുനിൻ, മിഹയിൽ അലക്ന്ദ്രോവിച്ച് (1814–1876) – റഷ്യൻ വിപ്ലവകാരി. ആശയവാദത്തിന്റെ പ്രത്യയശാസ്ത്രജ്ഞൻ. 1848–49 ൽ ജർമ്മനിയിൽ നടന്ന വിപ്ലവത്തിലെ സജീവപങ്കാളി. ഒന്നാം ഇന്റർനാഷനലിലെ അംഗം. അതിൽ മാർക്സിനും എംഗൽസിനുമെതിരായി പിളർപ്പൻ പ്രവർത്തനങ്ങൾ നടത്തുകയും സാർവദേശീയ തൊഴിലാളിപ്രസ്ഥാനത്തിന്റെ നേതൃത്വം കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്തു. പിളർപ്പൻ പ്രവർത്തനങ്ങളെ മുൻനിരത്തി 1872–ൽ ഇന്റർനാ

Scanned by CamScanner

ഷണലിൽനിന്നു പുറത്താക്കപ്പെട്ടു.

ബസാറൊവ് (റുദ്നെവ്, വ്ളദീമിർ അലക്സാന്ദ്രൊവിച്ച്, 1874–1939)– റഷ്യൻ സോഷ്യൽഡെമോക്രാറ്റ്, ധനശാസ്ത്രജ്ഞൻ, തത്വശാസ്ത്രജ്ഞൻ, ആശയവാദപരമായ നിലപാടിൽനിന്ന് മാർക്സിസ്റ്റ് തത്വശാസ്ത്രത്തെ തിരുത്തിയെഴുതാൻ ശ്രമിച്ചവരിലൊരാൾ.

ബിസ്മാർക്ക്, ഓട്ടോ എഡ്വാർഡ് ലയൊപ്പോൾഡ് (Bismarck, 1815–1898)– പ്രഷ്യയിലേയും ജർമ്മനിയിലേയും രാജ്യതന്ത്രജ്ഞനും നയതന്ത്രജ്ഞനും. പ്രഷ്യയുടെ നേതൃത്വത്തിൽ ജർമ്മനിയുടെ ഏകീകരണം ബലാൽക്കാരമായി നടപ്പാക്കി. 1871–ൽ ജർമ്മൻ സാമ്രാജ്യത്തിന്റെ ചാൻസലറായി. തുടർന്നുള്ള ഇരുപതു വർഷം ജർമ്മനിയുടെ ആഭ്യന്തര–വൈദേശിക നയത്തിനൊട്ടാകെ നേതൃത്വം നൽകി. 1878 ൽ സോഷ്യലിസ്റ്റ് വിരുദ്ധനിയമം ഏർപ്പെടുത്തിയെങ്കിലും തൊഴിലാളി പ്രസ്ഥാനത്തെ അടിച്ചമർത്താനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. 1890–ൽ ആ നിയമം റദ്ദാക്കപ്പെട്ടു.

ബെൺഷ്ടൈൻ, എഡ്വാർഡ് (Bernstein, 1850–1932)– ജർമ്മൻ സോഷ്യൽഡെമോക്രസിയിലേയും രണ്ടാം ഇന്റർനാഷണലിലേയും അവസരവാദപക്ഷത്തിന്റെ നേതാവ്. റിവിഷനിസത്തിന്റെ സൈദ്ധാന്തികൻ.

ബെം–ബാവേർക്ക്, യൂഗൻ (Bohm-Bawerk, 1851–1914)– ധനശാസ്ത്രജ്ഞൻ. അർത്ഥശാസ്ത്രത്തിൽ "ആസ്ട്രീയൻ സരണി"യുടെ ഒരു പ്രതിനിധി.

ബേർക്കലി, ജോർജ്ജ് (Berkeley, 1685–1753)–ബ്രിട്ടീഷ് ദാർശനികൻ, ആത്മനിഷ്ഠ ആശയവാദി, ബെർക്ക്ലിയുടെ തത്വശാസ്ത്രം ബുർഷ്വാതത്വശാസ്ത്രത്തിലെ ഏതാനും പ്രവണതകളുടെ ഉറവിടമായി വർത്തിച്ചു.

ബൊഗ്ദാനൊവ്, മലിനോവ്സ്കി, അല്സാണ്ടർ അലക്സാൺഡ്രെവിച്ച് (1873–1828)–റഷ്യൻ സോഷ്യൽഡെമോക്രാറ്റ്. സാമൂഹ്യശാസ്ത്രജ്ഞൻ, ധനശാസ്ത്രജ്ഞൻ, ദാർശനികൻ, ആത്മനിഷ്ഠ ആശയവാദപരമായ മാഹിസ്റ്റ് ദർശനത്തിന്റെ ഒരു വകഭേദമായ "ഇന്ദ്രിയാനുഭവിക അദ്വൈതവാദം" എന്നൊരു തത്വശാസ്ത്രവ്യവസ്ഥ സ്വന്തമായി ആവിഷ്ക്കരിക്കാൻ ശ്രമിച്ചു.

ബൗവർ, എഡ്ഗാർ (Bauer, 1820–1886)–ജർമ്മൻ പത്രലേഖകൻ, ബ്രൂനോ ബൗവറുടെ സഹോദരൻ.– 53.

ബൗവർ, ബ്രൂനോ (Bauer, 1809–1822)–ആശയവാദിയായ ജർമ്മൻ ദാർശനികൻ. യുവഹെഗലിയന്മാരുടെ കൂട്ടത്തിലെ ഒരു പ്രമുഖൻ. "വിശുദ്ധകുടുംബം, അഥവാ വിമർശനാത്മകവിമർശനത്തെക്കുറിച്ചുള്ള വിമർശനം. ബ്രനോ ബൗവർ പ്രഭൃതികൾക്കെതിരെ" (1844)എന്ന കൃതിയിലും "ജർമ്മൻ പ്രത്യയശാസ്തം" (1845–46) എന്ന കൃതിയിലും മാർക്സും എംഗൽസും ബൗവറുടെ ആശയവാദവീക്ഷണങ്ങളെ വിമർശിച്ചു.

ബ്രൂക്കർ, ലൂയി ഡി (Broukere, 1870–1951)– ബൽജിയൻ

Scanned by CamScanner

വർക്കേഴ്സ് പാർടിയുടെ ഒരു നേതാവും സൈദ്ധാന്തികനും. 1914 വരെ അതിന്റെ ഇടതുപക്ഷത്തിന്റെ നേതാവ്.

ബ്രുസ്സ്, പോൾ ലുയി മാരി (Brousse, 1844–1912)–ഫ്രഞ്ച് സോഷ്യലിസ്റ്റ്, പാരീസ് കമ്മ്യൂണിലെ പങ്കാളി. കമ്മ്യൂണിന്റെ പതനത്തിനുശേഷം സ്പെയിനിലും പിന്നീട് സ്വിറ്റ്സർലണ്ടിലും കുടിയേറിപ്പാർത്തു. പ്രവാസകാലത്ത് ബക്കുനിനുമായി പരിചയപ്പെടുകയും അരാജകവാദികളുടെ കൂടെ ചേരുകയും ചെയ്തു. 80'കളുടെ തുടക്കത്തിൽ ഫ്രാൻസിൽ മടങ്ങിവന്നപ്പോൾ വഴക്കേഴ്സ് പാർടിയിൽ ചേരുകയും മാർക്സിസ്റ്റ് പ്രവണതയ്ക്കെതിരെ വീറോടെ പൊരുതുകയും ചെയ്തു. സാദ്ധ്യതാവാദികളുടെ ഒരു സൈദ്ധാന്തികനും നേതാവുമായി.

ബ്യുഹ്നർ, ഫ്രീഡ്രിഹ് (Buchner, 1824–1899)–ജർമ്മൻ ദാർശനികൻ. ഗ്രാമ്യഭൗതികവാദത്തിന്റെ പ്രമുഖപ്രതിനിധികളിലൊരാൾ.

മദ്സീനി, ജുസെപ്പെ (Mazzini, 1805–1872)–ഇറ്റാലിയൻ ദേശീയവിമോചനപ്രസ്ഥാനത്തിന്റെ നേതാക്കളിലൊരാൾ. ഒരു സ്വതന്ത്ര ബൂർഷ്വാറിപ്പബ്ലിക്കെന്ന നിലയ്ക്ക് ഇറ്റലിയുടെ ഏകീകരണം "താഴെനിന്ന്" തുടങ്ങുകയെന്നൊരു പരിപാടി മുന്നോട്ടുവച്ചു. സായുധകലാപത്തെ മുഖ്യസമരമാർഗമായി കരുതി. ഗൂഢാലോചനയുടെ അടവ് സ്വീകരിക്കുകയും കർഷകരുടെ താല്പര്യങ്ങളെ അവഗണിക്കുകയും ചെയ്തു. "തൊഴിലാളി-മുതലാളിസഹകരണ"ത്തിലൂടെ തൊഴിലാളി പ്രശ്നം പരിഹരിക്കാനുള്ള ഉട്ട്യോപ്യൻ പെറ്റിബൂർഷ്വാ പദ്ധതി പ്രചരിപ്പിച്ചു.

മാഹ്, ഏർണസ്റ്റ് (Mach, 1838–1916)–ആസ്ട്രിയൻ ഭൗതികശാസ്ത്രജ്ഞനും തത്വശാസ്ത്രജ്ഞനും. ആത്മനിഷ്ഠ ആശയവാദ മാഹിന്റെ തത്വശാസ്ത്രത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു വിമർശനവും അദ്ദേഹത്തിന്റെ മുഖ്യകൃതികളുടെ ഒരു അപഗ്രഥനവും ലെനിന്റെ "ഭൗതികവാദവും ഇന്ദ്രിയാനുഭവിക വിമർശനവാദവും" എന്ന കൃതിയിലടങ്ങിയിട്ടുണ്ട്.

മാർക്സ്, ഫോൺ വെസ്റ്റ്ഫാലെൻ, ജെന്നി (Marx, von Westphalen, 1814–1881)–കാറൽ മാർക്സിന്റെ പത്നിയും സുഹൃത്തും സഹായിയും.

മാർക്സ്, കാറൽ (Marx, 1818–1883)–ശാസ്ത്രീയ കമ്മ്യൂണിസത്തിന്റെ സ്ഥാപകൻ. സാർവദേശീയതൊഴിലാളിവർഗത്തിന്റെ ആചാര്യൻ.

മാർക്സ്, ഹൈൻറിഹ് (Marx, 1782–1838) – കാറൽ മാർക്സിന്റെ പിതാവ്, അഭിഭാഷകൻ. പിന്നീട് ട്രീറിലെ നീതിന്യായ കൗൺസലർ. ഉല്പതിഷ്ണു.

മിന്യെ, ഫ്രൻസ്വാ ഒഗുസ്റ്റ് (Mignet, 1796–1884)–ഉല്പതിഷ്ണുവായ ഒരു ഫ്രഞ്ച് ചരിത്രകാരൻ.

മില്യെറാൻ, അലക്സാണ്ടർ എത്യെൻ (Millerand, 1859–1943)–ഫ്രഞ്ച് രാഷ്ട്രീയനേതാവ്. '90–കളിൽ സോഷ്യലിസ്റ്റുകാരുടെ കൂടെചേർന്നു. ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ

Scanned by CamScanner

അവസരവാദിപക്ഷത്തിനു നേതൃത്വം നൽകി. 1899-ൽ പിന്തിരിപ്പൻ ബൂർഷ്വാഗവൺമെന്റിൽ ചേർന്നു.

മൊലെഷോട്ട്, യാകൊബ് (Moleschott, 1822-1893)- ഭാഷാശാസ്ത്രജ്ഞൻ, ഗ്രാമ്യഭൗതികവാദത്തിന്റെ മുഖ്യപ്രതിനിധികളിലൊരാൾ.

മോസ്റ്റ്, യോഹൻ യോസിഫ് (Most, 1846-1906)-ജർമ്മൻ സോഷ്യൽഡെമോക്രാറ്റ്. പിന്നീട് അരാജകവാദി. 1878-ൽ സോഷ്യലിസ്റ്റ് വിരുദ്ധനിയമം ഏർപ്പെടുത്തിയതിനെത്തുടർന്ന് ലണ്ടനിലേക്കും പിന്നീട് യു. എസ്സ്. ഏ യിലേക്കും കുടിയേറിപ്പാർത്തു. അവിടെ അരാജകവാദത്തിന്റെ പ്രചരണം തുടർന്നു.

മ്യൂൾബർഗർ, ആർതൻ (Mulberger, 1877-1959)-ജർമ്മൻ പത്രലേഖകൻ, പ്രസിദ്ധോനിസ്റ്റ്, മാർക്സിസത്തെ വിമർശിച്ചു.

ലഗാർദെൽ, യൂബർ (Lagardelle, 1874-1958)-ഫ്രഞ്ച് രാഷ്ട്രീയനേതാവ്, അരാജകവാദി, സിൻഡിക്കലിസ്റ്റ്. ഫ്രാൻസിനെ അരാജകവാദ-സിൻഡിക്കലിസത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങളുടെ കർത്താവ്.

ലഫാർഗ്, ലോറ (Lafargue, 1845-1911)-ഫ്രാൻസിലെ തൊഴിലാളിപ്രസ്ഥാനത്തിലെ പങ്കാളി. കാറൽ മാർക്സിന്റെ പുത്രി. പോൾ ലഫാർഗിന്റെ പത്നി.

ലബ്രിയോള, അർതുറോ (Labriola, 1873-1959)-ഇറ്റാലിയൻ രാഷ്ട്രീയനേതാവ്, നിയമജ്ഞൻ. ധനശാസ്ത്രജ്ഞൻ. ഇറ്റാലിയിലെ സിൻഡിക്കലിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാക്കളിലൊരാൾ. സിൻഡിക്കലിസത്തിന്റെ സിദ്ധാന്തത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങളുടെ കർത്താവ്, അവയിൽ മാർക്സിസത്തിന്റെ "തെറ്റുതിരുത്താൻ" ശ്രമിച്ചു.

ലസ്സാർ ഫെർഡിനാൻഡ് (Lassale, 1825-1864) - ജർമ്മൻ പെറ്റിബൂർഷ്വാ സോഷ്യലിസ്റ്റ്. ജർമ്മൻ തൊഴിലാളികളുടെ ജനറൽ അസോസിയേഷന്റെ സ്ഥാപകരിലൊരാൾ (1863). ആ സംഘടനയുടെ സ്ഥാപനം തൊഴിലാളിപ്രസ്ഥാനത്തിന് ഗുണകരമായിരുന്നു. എന്നാൽ അതിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ലസ്സാൽ അതിനെ അവസരവാദപരമായ വഴിയിലൂടെ നയിച്ചു.

ലീബ്ക് നെഹ്റ്റ്, വിൽഹെം, (Liebknecht, 1826-1900)- ജർമ്മനിയിലും സാർവദേശീയതലത്തിലുമുള്ള തൊഴിലാളി പ്രസ്ഥാനത്തിന്റെ ഒരു നേതാവ്. ജർമ്മൻ സോഷ്യൽഡെമോക്രാറ്റിക്ക് പാർടിയുടെ സ്ഥാപകനേതാക്കളിലൊരാൾ. ഒന്നാം ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങളിലും രണ്ടാം ഇന്റർനാഷണൽ സംഘടിപ്പിക്കുന്നതിലും സജീവമായി പങ്കെടുത്തു-45.

ലോങ്കെ, ജെന്നി (Longuet, 1844-1883) - സാർവദേശീയതൊഴിലാളിപ്രസ്ഥാനത്തിലെ പങ്കാളി. കാറൽ മാർക്സിന്റെ മുത്ത മകൾ, ഫ്രഞ്ച് തൊഴിലാളിപ്രസ്ഥാനത്തിന്റെ പ്രമുഖനേതാവായ ഷാറൽ ലോങ്കെയുടെ പത്നി.

ലോങ്കെ, ഷാറൽ (Longuet, 1839-1903) - ഫ്രഞ്ച് തൊഴിലാളി

Scanned by CamScanner

പ്രസ്ഥാനത്തിലെ നേതാവ്. പത്രപ്രവർത്തകൻ. കുറെ വർഷം ഒന്നാം ഇന്റർനാഷണലിന്റെ ജനറൽ കൗൺസിൽ അംഗമായിരുന്നു. 1880 നുശേഷം സാദ്ധ്യതാവാദിയായി.

ലോങ്കെ, ഴാൻ (Longuet, 1876-1938)-ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർടിയുടേയും രണ്ടാം ഇന്റർനാഷലിന്റേയും ഒരു നേതാവ്. പത്രലേഖകൻ. കാറൽ മാർക്സിന്റെ പുത്രിയായ ജെന്നി മാർക്സിന്റെ പുത്രൻ.

വൻഡർവെൽഡെ, എമിൽ (Vandervelde, 1866-1938)- ബൽജിയൻ വർക്കേഴ്സ് പാർടിയുടെ നേതാവ്. രണ്ടാം ഇന്റർനാഷനലിന്റെ സാർവദേശീയ സോഷ്യലിസ്റ്റ് ബ്യൂറോയുടെ ചെയർമാൻ, അങ്ങേയറ്റം അവസരവാദപരമായ നിലപാടെടുത്തു.

വില്ലിഹ്, ഔഗുസ്ത് (Willich, 1810-1878)-പ്രഷ്യൻ ഓഫീസർ, കമ്മ്യൂണിസ്റ്റ് ലീഗ് അംഗം. 1850-ൽ ലീഗിൽനിന്ന് ഭിന്നിച്ചുപോയ സെക്ടേറിയൻ അതിസാഹസിക വിഭാഗത്തിന്റെ നേതാക്കളിലൊരാൾ.

വെസ്റ്റ് ഫാലെൻ - മാർക്സ്, ജെന്നി നോക്കുക

വെസ്റ്റ്ഫാലെൻ, ഫെർഡിനാൻഡ് ഓട്ടൊ (Westphale, 1799-1876)-പ്രഷ്യൻ രാഷ്ട്രതന്ത്രജ്ഞൻ. രാജാധിപത്യവാദി. മാർക്സിന്റെ പത്നിയായ ജെന്നി വെസ്റ്റ്ഫാലെന്റെ സഹോദരൻ. 1850-58-ൽ ആഭ്യന്തകാര്യമന്ത്രി. പിന്തിരിപ്പൻ നയം അനുവർത്തിച്ചു.

ഷാപ്പർ, കാറൽ (Schapper, 1812-1870)-ജർമ്മനിയിലും സാർവദേശീയതലത്തിലുമുള്ള തൊഴിലാളിപ്രസ്ഥാനത്തിലെ പങ്കാളി. കമ്മ്യൂണിസ്റ്റ് ലീഗിന്റെ കേന്ദ്രക്കമ്മിറ്റി അംഗം. 1848-49 ലെ വിപ്ലവത്തിൽ പങ്കെടുത്തു. 1850ൽ ലീഗിന്റെ സെക്ടേറിയൻ-അതിസാഹസി കവിഭാഗത്തിന്റെ നേതാക്കളിലൊരാൾ. സ്വന്തം തെറ്റു മനസ്സിലാക്കി 1856-ൽ വീണ്ടും മാർക്സും എംഗൽസുമായി സഹകരിച്ചു.

ഷ്ടൈയിൻ ലോറന്റ്സ്, ഫോൻ (Stein, 1815-1890)-ജർമ്മൻ നിയമജ്ഞൻ. ചരിത്രകാരൻ. ഗ്രാമ്യധനശാസ്ത്രജ്ഞൻ. ആശയവാദത്തിന്റേയും ഭൗതികവാദത്തിന്റേയും സമ്മിശ്രമായ ലോക വീക്ഷണം വച്ചുപുലർത്തി.

സസുലിച്ച്, വേര ഇവാനൊവ്ന (1848-1919)-റഷ്യയിലെ നറോദ്നിക് പ്രസ്ഥാനത്തിലേയും പിന്നീട് സോഷ്യൽ ഡെമോക്രാറ്റിക് പ്രസ്ഥാനത്തിലേയും സജീവപ്രവർത്തക. പിൽക്കാലത്ത് മെൻഷെവിക്ക് നിലപാടെടുത്തു.

സോർഗെ, ഫ്രീദ്രിഹ് അഡോൾഫ് (Sorge, 1828-1906)-ജർമ്മൻ സോഷ്യലിസ്റ്റ്. അമേരിക്കയിലും സാർവദേശീയ തലത്തിലുമുള്ള തൊഴിലാളി-സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഒരു പ്രമുഖനേതാവ്. മാർക്സിന്റേയും എംഗൽസിന്റേയും സുഹൃത്തും സഹപ്രവർത്തകനും.

സ്മിത്ത്, ആഡം (Smith, 1723-1790) -ബ്രിട്ടീഷ് ധനശാസ്ത്രജ്ഞൻ, ക്ലാസിക്കൽ ബൂർഷ്വാ അർത്ഥശാസ്ത്രത്തിന്റെ പ്രമുഖപ്രതിനിധികളിലൊരാൾ.

Scanned by CamScanner

ഹക്സ്‌ലി, തോമസ് ഹെൻറി (Huxley, 1825–1895)–ബ്രിട്ടീഷ് പ്രകൃതിശാസ്ത്രജ്ഞൻ. തത്വശാസ്ത്രത്തിൽ ആത്മനിഷ്ഠ ആശയവാദിയായ ഹ്യൂമിന്റെ ശിഷ്യനായി സ്വയം കരുതി. എങ്കിലും മൂർത്തമായ പ്രകൃതിശാസ്ത്രപ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഭൗതികവാചകമായ നിലപാടെടുത്തു.

ഹെഗൽ, ഗിയോർഗ് വിൽഹെം ഫ്രീഡ്രിഹ് (Hegel, 1770–1831)–സമുന്നത ജർമ്മൻ ദാർശനികൻ. വസ്തുനിഷ്ഠ ആശയവാദി. ആശയവാദപരമായ അടിസ്ഥാനത്തിൽ വൈരുദ്ധ്യാത്മക വികാസത്തെക്കുറിച്ചുള്ള സിദ്ധാന്തത്തെ ഗാഢമായും സർവതോമുഖമായും ആവിഷ്ക്കരിച്ചു. ഹെഗലിന്റെ ആശയവാദപരമായ വൈരുദ്ധ്യവാദത്തെ ഉടച്ചുവാർത്തുകൊണ്ടാണ് മാർക്സും എംഗൽസും ഭൗതികവാദപരമായ വൈരുദ്ധ്യവാദത്തിനു രൂപം നൽകിയത്.

ഹോളേ്യാക്ക്, ജോർജ്ജ് ജേക്കബ് (Holyoake, 1817–1906)–ബ്രിട്ടീഷ് സഹകാരി. പരിഷ്കരണവാദി.

ഹ്യൂം, ഡേവിഡ് (Hume, 1711–1776) –ബ്രിട്ടീഷ് ദാർശനികൻ. ആത്മനിഷ്ഠ ആശയവാദി, അജ്ഞേയവാദി.

റിക്കാർഡൊ, ഡേവിഡ് (Ricardo, 1772–1823)–ബ്രിട്ടീഷ് ധനശാസ്ത്രജ്ഞൻ, ക്ലാസിക്കൽ ബൂർഷ്വാ അർത്ഥശാസ്ത്രത്തിന്റെ പ്രമുഖ പ്രതിനിധികളിലൊരാൾ.

റുഗെ, ആർനോൽഡ് (Ruge, 1802–1880)– ജർമ്മൻ പത്രലേഖകൻ. യുവഹെഗലിയൻ.

റോഡ്ബെർടുസ് - യാഗെറ്റ്സൊവ്, യോഹൻ കാറൽ (Rodbertus-Jagetzon. 1805–1875)–ജർമ്മൻ ഗ്രാമ്യധനശാസ്ത്ര ജ്ഞൻ.

Scanned by CamScanner

# വി.ഐ. ലെനിൻ

# കാറൽ മാർക്സും അദ്ദേഹത്തിന്റെ സിദ്ധാന്തവും

*ലോകത്തെവിടെയും*
*പോരാട്ടഭൂമികളിൽ പൊരുതുന്ന*
*മനുഷ്യർ തങ്ങളുടെ മാർഗദർശകരായി*
*മാർക്സിനെയും എംഗൽസിനെയും ലെനിനെയും*
*പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു; അവരുടെ*
*കൃതികൾ വീണ്ടും സജീവമായി ചർച്ചചെയ്യപ്പെടുന്നു.*
*ലോകമെങ്ങും മാർക്സിസ്റ്റ് ക്ലാസിക്കുകളുടെ സ്വീകാര്യത*
*അനുദിനം വർദ്ധിച്ചുവരുന്നു.*

₹80

MYTHRI
മൈത്രി ബുക്സ്
തിരുവനന്തപുരം
വായനയിലെ വിപ്ലവം

Scanned by CamScanner